

A CMI Tri Monthly Magazine

ഏപ്രിൽ 2019

# ബേസ്റൗമ

ഉയരങ്ങളിലെ ദർശന വീട്

## സഭ പുതിയ കാലഘട്ടത്തിലേക്ക്

ജോയി പീറ്റർ

## വി. ചാവറ കുര്യാക്കോസച്ചൻ പൊതുസമൂഹത്തിന്റെ കാഴ്ച്ചയിൽ

ആനന്ദ് ജി.

## മൂന്നാം ലോക മിഷൻ

### ലാറ്റിൻ അമേരിക്കൻ ചിത്രങ്ങൾ

സെബിൻ ബാബു

## ആഫ്രിക്കൻ അരികിടങ്ങളിലേയ്ക്ക്

നിർമ്മൽ പ്രശാന്ത്

## പ്രളയകാലം പഠിപ്പിച്ചത്

ജോസഫ് .കെ





# എഡിറ്റോറിയൽ

ബേസ്റൗമ എന്ന സുറിയാനി പദത്തിന്റെ അർത്ഥം ഉയരങ്ങളിലെ ഭവനം എന്നാണ്. സി എം ഐ സഭയുടെ സ്ഥാപക പിതാക്കന്മാർ ചേർന്ന് മാന്നാനത്തെ ആദ്യ സന്ന്യാസഭവനത്തിന് "ബേസ്റൗമ"എന്ന് നാമകരണം ചെയ്യുമ്പോൾ അത് ഒരു വലിയ ദർശനത്തിന്റെ അടയാളപ്പെടുത്തലായി മാറുകയായിരുന്നു. സ്ഥലപരമായ ഉയരത്തെക്കാൾ ഉപരി ദാർശനീകമായ ഔന്നത്യം അതിൽ സൂചിതമാക്കപ്പെട്ടിട്ടുണ്ട്. അത് വലിയൊരു ആത്മീയമുന്നേറ്റത്തിന്റെ വിശുദ്ധ ഭൂമികയാണ് വിഭാവനം ചെയ്തത്. ഉയർന്ന ചിന്തയും ധ്യാനവും തപസും കർമപഥത്തെ പ്രദീപ്തമാക്കുന്ന ഇടം. മലമുകളിൽ പണിത പ്രകാശം ചൊരിഞ്ഞു നിൽക്കുന്ന ഭവനം. കാലാതീതമായ ഒരു ദർശനത്തിന്റെ പ്രതിഷ്ഠാപനം കൂടിയായിരുന്നത്. അതുകൊണ്ടു തന്നെ കാലഘട്ടങ്ങൾ എത്രമാറി വന്നിട്ടും പുതിയ പുതിയ അർത്ഥതലങ്ങളിലേക്ക് സംക്രമിക്കപ്പെടുന്ന ദർശന സാധ്യതയായി അത് പരിണമിച്ചുകൊണ്ടേയിരിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലെ കേരള ചരിത്ര പശ്ചാത്തലം വിലയിരുത്തുമ്പോൾ, അക്കാലഘട്ടത്തിലെ സാമാന്യ പട്ടക്കാരുടെ ജീവിത രീതികളിൽ നിന്നും ഏറെ വേറിട്ടു നിൽക്കുന്ന ഏതദ്ദേശിയ പൗരോഹിത്യ സന്യാസത്തിന്റേതായ ഒരു തപസുഭവനം എന്നത് തികച്ചും വ്യത്യസ്തവും വേറിട്ടതുമായ മറ്റൊരു ദർശന വഴിയുടെ തുടക്കം തന്നെയായിരുന്നു. സാമൂഹികവും ജാതീയവും സാമ്പത്തികവുമായി ഉച്ചനീചത്വങ്ങൾ കൊടികുത്തിവാണിരുന്ന ഒരു കാലഘട്ടത്തിൽ, മൂന്ന് വിശുദ്ധ വൈദീകർ സ്വയ വിശുദ്ധീകരണത്തിനും സമൂഹത്തിന്റെ ഏറിയ നന്മകൾക്കും വേണ്ടി ഉയർന്നു ചിന്തിക്കുകയും സന്യാസത്തിന്റെ സമ്പൂർണ സമർപ്പണത്തിലേയ്ക്ക് തങ്ങളുടെ ജീവിതത്തെ മാറ്റി പ്രതിഷ്ഠിക്കുകയും ചെയ്യുകയാണ്. ആത്മ സംശുദ്ധീകരണത്തിലൂടെ ആർജിതമായ കരുത്തുകൊണ്ട് അന്ധകാരത്തിലാണ്ടു കിടന്ന കേരള സമൂഹത്തെ അവർ കൈപിടിച്ചുയർത്തുകയാണ്.

ഈ ആത്മീയ മുന്നേറ്റത്തിന്റെ നെടുനായകത്വം വഹിച്ചു കൊണ്ട് കേരള സഭയെ വിപ്ലവാത്മകമായ മാറ്റങ്ങളിലൂടെ മുന്നോട്ടു നയിക്കാൻ ദൈവം നിയോഗിച്ച പുണ്യയോഗിയായിരുന്നു വി. ചാവറകുര്യാക്കോസ് ഏലിയാസച്ചൻ. ആ കാലഘട്ടത്തിൽ ചിന്തിക്കുവാനോ മനസ്സിലാക്കുവാനൊ കഴിയാത്ത വിധം വ്യതിരിക്തവും വിപ്ലവാത്മകവുമായിരുന്നു ചാവറയച്ചന്റെ കർമപഥം. കാലമേറെയെടുത്തു കേരള സഭ ആ വന്ദ്യ പിതാവിന്റെ ജീവിത തപസ്യയെ മനസ്സിലാക്കുവാനും ആഴത്തിൽ ഉൾക്കൊള്ളുവാനും. എന്നാൽ അന്നു മുതൽ അദ്ദേഹത്തെ പിൻചെല്ലുവാനാഗ്രഹിച്ചു മാന്നാനത്തെ തപസു ഭവനത്തിലേയ്ക്ക് വന്നുകൊണ്ടിരുന്ന സന്ന്യാസാർത്ഥികളുടെ അനസ്യൂത പ്രവാഹം ഇന്നും നിലക്കാതെ കൂടുതൽ ശോഭയോടെ തുടർന്നുകൊണ്ടേയിരിക്കുന്നു. അവർ ഏറ്റെടുത്തിരിക്കുന്ന ആത്മീയ സാമൂഹിക വിദ്യാഭ്യാസ, കലാ സാംസ്കാരിക മേഖലകളിലെല്ലാം ഈ ബേസ്റൗമ ദർശനത്തിന്റെ ഔന്നത്യവും വ്യത്യസ്തതയും നിറഞ്ഞു നിൽക്കുന്നുണ്ട്. സമർപ്പിത വൈദീകരുടെ വലിയ സമൂഹമായി അത് ഇന്നു വളർന്നു പന്തലിച്ച് ലോകത്തിന്റെ നാനാ ഭാഗങ്ങളിലായി ഊർജ്ജസ്വലതയോടെ സുവിശേഷത്തിന് സാക്ഷ്യം വഹിച്ചു കൊണ്ടിരിക്കുന്ന ആത്മീയ മുന്നേറ്റമായി മാറിക്കഴിഞ്ഞിരിക്കുന്നു.

'ബേസ്റൗമ' ഒരു പുതിയ സംസ്കൃതിയുടെ പര്യായം കൂടിയാണ്. നവീനവും ഉന്നതവുമായ ആത്മബോധത്തെയും ജീവിതചര്യകളേയും തപസിന്റെ അരൂപിയിൽ കണ്ടെടുക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒന്ന്. സ്വയം രൂപപ്പെടുത്തിയെടുക്കുന്ന ആത്മവിചാരങ്ങളിൽനിന്ന് ഉദ്ദീപ്തമാകുന്ന കർമ്മമണ്ഡലങ്ങളെ കാലോചിതമായി സന്നിവേശിപ്പിക്കുവാനും അത് സാമാന്യ ജനത്തിന്റെ സമഗ്ര നവോത്ഥാനത്തിനായി പങ്കുവെയ്ക്കപ്പെടാനും ധൈര്യപ്പെടുത്തുന്ന ഒരു സ്നേഹ സംസ്കൃതി. വി. ചാവറയച്ചൻ പകർന്നു നൽകിയ ഈ വേറിട്ട സംസ്കൃതി ഉൾക്കൊണ്ടു കൊണ്ട് ലോകത്തിന്റെ പുതിയ പുതിയ അതിരുകളിലേയ്ക്ക് സധൈര്യം യാത്ര ചെയ്യുവാനുള്ള ഉൾവിളിയും കരുത്തുമാണ് ആർജിതമാകേണ്ടത്. ബേസ്റൗമ നമുക്ക് ഉയർന്നു ചിന്തിക്കുവാനും ധ്യാനപ്പെടുവാനും കർമപദ്ധതികളെ തപസ്സാക്കി മാറ്റാനുമുള്ള ചാലകശക്തിയായി പരിണമിക്കട്ടെ.

ചീഫ് എഡിറ്റർ

# അകം


06 മാന്നാനം കുന്നിൽ നിന്ന് എത്ര ദൂരം...
ആനന്ദ് ജി.

13 ആത്മാർപ്പണത്തിന്റെ പടവുകൾ കടന്ന്
ലോറൻസ്

17 സഭ പുതിയ കാലഘട്ടത്തിലേക്ക്
ജോയി പീറ്റർ

24 വി. ചാവറ കുര്യാക്കോസച്ചൻ പൊതുസമൂഹത്തിന്റെ കാഴ്ച്ചയിൽ
സെബിൻ ബാബു

29 അതിർവരമ്പുകൾ കടന്ന്... പിന്നെയും...
ജെയിംസ്

33 പുതിയ ചക്രവാളങ്ങൾ പുതിയ കർമ്മഭൂമികൾ
ലാലിച്ചൻ പി. വി.

44





മിഷൻ ഇക്വഡോർ ശുശ്രൂഷയുടെ നാനാർത്ഥങ്ങൾ
ജോഷ്വ ഫിലിപ്പ്

70





പ്രളയകാലം പഠിപ്പിച്ചത്
ജോസഫ് .കെ



പുസ്തകം: 1 / ലക്കം: 1

A CMI Tri Monthly Magazine ഏപ്രിൽ 2019

ഉയരങ്ങളിലെ ദർശന വീട്

Chavara Hills, Kakkanad, Post Box 3105
Kochi - 682030, Kerala, India

**പത്രാധിപസമിതി**
റവ. ഡോ. പോൾ അച്ചാണ്ടി സി.എം.ഐ
പ്രയോർ ജനറൽ
സെബാസ്റ്റ്യൻ തെക്കേടത്ത് സി.എം.ഐ
സി. എ. പ്രമോദ് ബാബു
**ചീഫ് എഡിറ്റർ**
അനിൽ പുതുപ്പറമ്പിൽ സി എം ഐ
**എഡിറ്റർ**
ജോയി പീറ്റർ

**സബ് എഡിറ്റർ**
സുധി സി. ജെ
**ലേ-ഔട്ട്**
ജിജോ വി. ചാക്കോ
**ഡി റ്റി പി**
ഷെറിൻ തോമസ്
**പ്രൂഫ്**
ജോയി പീറ്റർ

36 മിഷൻ മൂന്നാം ലോകം
വരുൺ തോമസ്

38 പെറു മിഷൻ
സുധി സി. ജെ

41 അർജന്റീനയിലൂടെ
ആനന്ദ് ജി.

47 ആമസോൺ തീരത്ത് പ്രകാശം പരത്തുന്നവർ
ജെയിസൺ തോമസ്

57 ഉപവിശാലയിലെ സ്നേഹഗാഥ
അരുണിമ ജോസ്

61 ഭവനങ്ങളുണ്ടാകുന്നത്...
സി. എ. പ്രമോദ് ബാബു

73 ആശ്വാസത്തിന്റെ സ്നേഹതുരുത്തുകൾ
കിരൺ വി.

75 സ്നേഹം . ഒരു നദിപോലെ
സോളമൻ സേവ്യർ

79 ലത്തൂർ മുതൽ ഓഖി വരെ
സുദീപ് കെ.

83 ആത്മീയതയുടെ നിറവ്
ഷിനു ജോൺ

88 ചരിത്രം സൃഷ്ടിച്ച വിദ്യാഭ്യാസ വിപ്ലവം
ദീപക് ജോയ്

92 വിദ്യാഭ്യാസ വളർച്ചയിലെ നാഴികക്കല്ലുകൾ
ജിതിൻ ജെ.



52 ആഫ്രിക്കൻ അരികിടങ്ങളിലേയ്ക്ക് നിർമ്മൽ പ്രശാന്ത്



65 മനസ്സ് തൊട്ടപ്പോൾ മാഞ്ഞ മൂടൽമഞ്ഞ് ഡോ. ശ്രീജിത് ജി.



# മാന്നാനം കുന്നിൽ നിന്ന് എത്ര ദൂരം...

ആനന്ദ് ജി.

അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.' (മർക്കോ 16:15). 'നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവയ്ക്കുക സാധ്യമല്ല. വിളക്കുകൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല. പീഠത്തിൻമേലാണ് വയ്ക്കുക. അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകുന്നു. അപ്രകാരം, മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ

പ്രകാശിക്കട്ടെ.' (മത്താ 5: 14 –16).

1831 ൽ കോട്ടയത്തെ മാന്നാനം കുന്നിൻ മുകളിലാണ് പിൽക്കാലത്ത് കേരളത്തിലും കേരളത്തിനു പുറത്തും ചരിത്രപരവും വിപ്ലവകരവുമായ ഒട്ടേറെ മാറ്റങ്ങൾക്കു തുടക്കം കുറിച്ച, ലോകത്തിന്റെ മുക്കിലും മൂലയിലും വരെ സ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും ദൗത്യവുമായി പടർന്നുപന്തലിച്ച, കാർമലൈറ്റ്സ് ഓഫ് മേരി ഇമാക്കുലേറ്റ് എന്ന സി എം ഐ സഭയുടെ ആരംഭം. ഭാരതത്തിലെ ആദ്യത്തെ തദ്ദേശിയ സന്യാസ സഭയായിരുന്നു അത്.

വാസ്തവത്തിൽ 1820 കളിൽ തന്നെ അങ്ങനെയൊരു പ്രേഷിതസഭ - സന്യാസ സമൂഹം - വിശ്വാസതീക്ഷ്ണതയിലുരുകിയ രണ്ട് വൈദികശ്രേഷ്ഠൻമാരുടെയും ഒരു ശെമ്മാശന്റെയും ഒരു അൽമായ സഹോദരന്റെയും സമർപ്പിത വേലകളിലൂടെയും ചിന്തകളിലൂടെയും മദ്ധ്യ കേരളത്തിൽ ഉരുത്തിരിഞ്ഞിരുന്നു. പാലയ്ക്കൽ തോമസ് മല്പാനും പോരൂക്കര തോമസ് മല്പാനുമായിരുന്നു ആ വൈദികശ്രേഷ്ഠർ. ശെമ്മാശൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും (1829 കളുടെ ആദ്യപാതിയിൽ അദ്ദേഹം ശെമ്മാശനായിരുന്നു. 1829 ലാണ് വൈദികപട്ടം സ്വീകരിക്കുന്നത്).

പോരൂക്കരയച്ചന്റെ കൂട്ടുകാരനും ഇടവകക്കാരനുമായ ബ്രദർ ജേക്കബ് കണിയാന്തറയായിരുന്നു കൂട്ടത്തിലുണ്ടായിരുന്ന നാലാമത്തെയാളായ അൽമായ സഹോദരൻ.

അതിനു മുൻപ് 19-ാം നൂറ്റാണ്ടിന്റെ ആരംഭം വരെ ഇന്ത്യയിലെ മാർത്തോമാ ക്രിസ്ത്യൻ സമുദായത്തിന് സന്യാസ ജീവിതം നയിക്കുന്നതിനെ കുറിച്ചുള്ള വ്യവസ്ഥാപിതമായ ഒരുവിധ മാതൃകകളൊ, കുലങ്കഷമായ ഏതെങ്കിലും വിധത്തിലുള്ള ആലോചനകളൊ, ഒന്നുമുണ്ടായിരുന്നില്ല. ഭാരതീയമായ വിവിധ സന്യാസ രീതികളും ചില പടിഞ്ഞാറൻ മാതൃകകളും അവ്യക്ത പശ്ചാത്തലമായി ഉണ്ടായിരുന്നെങ്കിലും ഒരു ക്രിസ്ത്യൻ സന്യാസ സംഘത്തെക്കുറിച്ചുള്ള മൂർത്തമായ സങ്കല്പങ്ങളൊന്നും അതുവരെ രൂപമാർജിച്ചിരുന്നില്ല. ഒറ്റപ്പെട്ടതും ദുർബലവുമായ ചില ശ്രമങ്ങൾ പലയിടങ്ങളിൽ നിന്നും പലപ്പോഴായി ഉണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം പ്രായോഗികമായി സാക്ഷാത്കാരത്തിലെത്തും മുൻപെ ശിഥിലമായിപ്പോവുകയായിരുന്നു.

അവിടെയാണ് 19-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മാർത്തോമാ സഭയിൽ സന്യാസ സംസ്ഥാപനത്തെ കുറിച്ചുള്ള ആലോചനകൾക്ക് വീണ്ടും ജീവൻ വയ്ക്കുന്നതും കർമ വഴികളിൽ ദൈവസാന്നിദ്ധ്യവും മനസിൽ ആത്മീയതയും നിറഞ്ഞ പാലയ്ക്കൽ തോമസ് മല്പാൻ, തോമസ് പോരൂക്കരയച്ചൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്നീ മൂന്നു പ്രേഷിതാക്കളിൽ ദൈവം ആ ചരിത്ര ദൗത്യം ഏല്പിക്കുന്നതും 1831 മെയ് 11ന് മാന്നാനം കുന്നിൻ മുകളിൽ ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസ സഭയായി സി എം ഐ സ്ഥാപിക്കപ്പെടുന്നതും.

ചാവറയച്ചനും സംഘവും ചേർന്ന് സ്ഥാപിച്ച ഈ സന്യാസപ്രസ്ഥാനം മാന്നാനം കുന്നിൻ മുകളിലായത് ഒട്ടും ആകസ്മികമായിരുന്നില്ല. ഉന്നതങ്ങളിലുള്ള ഭവനത്തെ (ബേസ്റൗമ) എന്നും കുർബാനയിലൂടെ ആഘോഷിക്കുന്നവരാണ് തങ്ങളുടെ ഭവനം ഉന്നതങ്ങളിലായിരിക്കണമെന്ന് ഭൗതികമായും ആഗ്രഹിച്ചത്. ഈ ഉന്നതമായ വീട് ദർശനവീടായിരുന്നു. ഈ കൊവേന്തയെ കുറിച്ചുള്ള കാഴ്ചപ്പാട് മനുഷ്യന്റെ സൂത്രമെന്നതിനെക്കാൾ ദൈവത്തിന്റെ ഉപദേശപ്രകാരമായിരുന്നെന്ന് ചാവറയച്ചൻ തന്നെ പിന്നീട് രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ (സന്യാസ സമൂഹത്തിന്റെ) ലക്ഷ്യം സ്വന്തം ആത്മരക്ഷയോ ലോകത്തിൽ നിന്നുള്ള ഒളിച്ചോട്ടമോ അയിരുന്നില്ല. മറിച്ച് സന്യാസം കൊണ്ട് സ്വന്തം ജീവിതത്തെ വിശുദ്ധീകരിച്ചിട്ട് കൂടപ്പിറപ്പുകളെയും ഉയരത്തിലേക്ക് ഉയർത്തുന്നു. ഉയരം എന്നാൽ സ്വർഗദർശനത്തിലേക്ക്. ഉയർന്ന സ്വപ്നത്തിലേക്ക്. പുതിയ മാനവികതയിലേക്ക്. ധന്യതയിലെത്തിയ ആൾ താഴെ വന്ന് സാധാരണ മനുഷ്യരെയും ധന്യതയിലേക്കുയർത്തുന്നു. അതായിരുന്നു പുതിയ സന്യാസ സഭയുടെ ലക്ഷ്യം. അത് ചരിത്രത്തിൽ നിന്നുള്ള രക്ഷപ്പെടലല്ല, ചരിത്രത്തിലുള്ള ഇടപെടലായിരുന്നു. അക്ഷരാർത്ഥത്തിൽ ചരിത്രം സൃഷ്ടിക്കലായിരുന്നു. അതായിരുന്നു പിന്നീട് സംഭവിച്ചതും.

1831 ൽ അമലോത്ഭവ മാതാവിന്റെ ദാസ സംഘമായി രൂപം കൊണ്ട സന്യാസ സഭ 1860 ൽ യൂറോപ്പിലെ കർമലീത്ത നിഷ്പാദുക സംഘത്തിന്റെ (ഒസിഡി) ഭാഗമായി കർമലീത്ത നിഷ്പാദുക

> “ 1831 ൽ കോട്ടയത്തെ മാന്നാനം കുന്നിൻ മുകളിലാണ് പിൽക്കാലത്ത് കേരളത്തിലും കേരളത്തിനു പുറത്തും ചരിത്രപരവും വിപ്ലവകരവുമായ ഒട്ടേറെ മാറ്റങ്ങൾക്കു തുടക്കം കുറിച്ച, ലോകത്തിന്റെ മുക്കിലും മൂലയിലും വരെ സ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും ദൗത്യവുമായി പടർന്നുപന്തലിച്ച, കാർമലൈറ്റ്സ് ഓഫ് മേരി ഇമാക്കുലേറ്റ് എന്ന സി എം ഐ സഭയുടെ ആരംഭം.

മൂന്നാം സംഘം (കസിമൂസ) എന്ന് പേര് മാറി. 1885 ൽ ഈ സന്യാസ സഭയ്ക്ക് പൊന്തിഫിക്കൽ അംഗീകാരം ലഭിച്ചു. 1958 ൽ കാർമലൈറ്റ്സ് ഓഫ് മേരി ഇമാക്കുലേറ്റ് (സി എം ഐ) എന്ന ഇപ്പോഴത്തെ പേര് സ്വീകരിച്ചു. 1967 ൽ പൊന്തിഫിക്കൽ എക്സാംപ്ഷൻ ലഭിച്ചു.

1831 മെയ് 11 ന് സന്യാസ സഭയും തുടർന്ന് ആശ്രമവും നിലവിൽ വന്ന് ഏറെ താമസിയാതെ 1833 മുതൽ മാന്നാനം കുന്നിൽ തന്നെ സെമിനാരിയും ആരംഭിച്ചു. ആദ്യം രണ്ടു വിദ്യാർത്ഥികളോടെ ആരംഭിച്ച സെമിനാരി കാലാന്തരത്തിൽ മലങ്കര സഭയുടെ പൊതുസെമിനാരിയായി രൂപാന്തരപ്പെട്ടു. ഏറെക്കാലം അത് അങ്ങനെ തന്നെ തുടർന്നു.

1841 ൽ പാലയ്ക്കൽ മല്പാനച്ചന്റെയും 1846 ൽ പോരുക്കര അച്ചന്റെയും മരണശേഷം തുടർന്ന് ചാവറ അച്ചൻ തന്നെയായിരുന്നു ആജീവനാന്തം മാന്നാനം സെമിനാരിയുടെ മല്പാനും റെക്ടറും. മാന്നാനം സെമിനാരി പര്യാപ്തമല്ലാതെ വന്നപ്പോൾ 1866 ൽ വാഴക്കുളത്തും 1868 ൽ എൽത്തുരുത്തിലും 1872 ൽ പുളിങ്കുന്നിലും അതാതു സ്ഥലത്തെ ആശ്രമങ്ങളുടെ മേൽനോട്ടത്തിൽ സെമിനാരികൾ സ്ഥാപിച്ചു. പിന്നീട് വരാപ്പുഴയിൽ പുത്തൻപള്ളി സെമിനാരി വരുന്നതുവരെ മാന്നാനം പൊതു സെമിനാരിയായി നിലനിന്നു.

മാന്നാനത്ത് 1831 മെയ് 11 ന് സന്യാസ ഭവനത്തിന്റെയും പള്ളിയുടെയും ശിലാസ്ഥാപന കർമ്മം സ്തബിലീനി മെത്രാന്റെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട ശേഷം, മാന്നാനത്ത് താമസിച്ച് ആശ്രമത്തിന്റെയും പള്ളിയുടെയും നിർമാണ നടപടികൾ നിർവഹിച്ചത് മുഖ്യമായും ചാവറയച്ചനായിരുന്നു. പാലയ്ക്കലച്ചനും പോരുക്കരയച്ചനും പ്രായത്തിന്റെയും ജോലി സന്നദ്ധതയുടെയും പശ്ചാത്തലത്തിൽ സ്ഥാപനനിർമാണത്തിലേക്ക് അത്രമേൽ കടന്നുവരാനിടയായില്ല.

“ ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടി പ്രവർത്തനങ്ങൾ നടത്തുന്നതിൽ ചാവറയച്ചനിൽ ജന്മനാതന്നെ ഒരു തൃഷ്ണ ഉണ്ടായിരുന്നു. ആ തീക്ഷ്ണത പിന്നീട് സഹസന്യാസിമാരിലേക്കും വ്യാപിച്ചു. അക്കാലത്ത് ദേവാലയങ്ങളിൽ വളരെ വിരളമായെ പ്രസംഗങ്ങൾ നടത്തിയിരുന്നുള്ളൂ. തന്നിമിത്തം ഉണ്ടായിരുന്ന ഭക്തിമാന്ദ്യം എവിടെയും ദൃശ്യമായിരുന്നു.

പാലയ്ക്കലച്ചന്റെയും പോരുക്കര അച്ചന്റെയും മരണത്തോടെ സന്യാസ സഭ പൂർണമായും ചാവറയച്ചന്റെ ചുമതലയിലായി. അഗാധമായ പ്രാർത്ഥനകളും പഠനങ്ങളും പഠിപ്പിക്കലും സുവിശേഷ പ്രഭാഷണങ്ങളും മറ്റനേകം സാമൂഹിക പ്രവർത്തനങ്ങളുമായി തുടക്കം മുതലെ ആത്മീയതയുടെ വഴിയിൽ അച്ചൻ ഏകനായി സഞ്ചരിച്ചു. എന്നും എപ്പോഴും കൂടെയുള്ള അചഞ്ചലമായ ദൈവവിശ്വാസം ഒന്നു മാത്രം കൈമുതലാക്കി.

വളർന്നു വികസിക്കാൻ പോകുന്ന ഒരു സന്യാസ സമൂഹത്തിന് വ്യക്തമായൊരു ജീവിതക്രമം ചിട്ടപ്പെടുത്തുക, ഒരു പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്യുക, അതെല്ലാം ലിഖിതമായ നിയമാവലിയാക്കി രേഖപ്പെടുത്തുക തുടങ്ങി അത്യന്തം ദുഷ്കരവും സങ്കീർണവുമായ ചുമതലകളാണ് സഭയുടെ സ്ഥാപനത്തിനു ശേഷം ചാവറയച്ചൻ നിർവഹിച്ചത്. സാർവലൗകികമായ ആത്മീയസത്തയും ഭാരതീയമായ ആത്മീയദർശനവും ചേർന്ന് സമഗ്രവും സവിശേഷവുമായ ഒരു കർമ-ധ്യാന പദ്ധതിയാണ് സി എം ഐ സഭയ്ക്കു വേണ്ടി ചാവറയച്ചൻ വിഭാവനം ചെയ്തത്.

**അജപാലന ശുശ്രൂഷയുടെ തുടക്കം**

മാന്നാനത്തെ ആശ്രമത്തിൽ നിന്നും സെമിനാരിയിൽ നിന്നുമാണ് സി എം ഐ സഭയുടെ അജപാലന ശുശ്രൂഷയുടെ തുടക്കം. 1833 ൽ തന്നെ ആശ്രമത്തിൽ സന്യാസികൾ ഒന്നിച്ചു താമസിക്കാൻ തുടങ്ങിയിരുന്നു. തുടക്കത്തിൽ മാന്നാനത്തും സമീപപ്രദേശങ്ങളിലും താമസിക്കുന്നവരുടെ ആത്മീയാവശ്യങ്ങളാണ് ആശ്രമത്തിൽ നിന്ന് നിറവേറ്റിയിരുന്നത്. തുടർന്ന് വിവിധ ഇടവകകളിൽ നിന്നുള്ള ആവശ്യമനുസരിച്ച് അവിടങ്ങളിൽ പോയി ധ്യാനപ്രസംഗങ്ങൾ നടത്തിത്തുടങ്ങി.

ഇത് ക്രമേണ ഒന്നിനൊന്ന് വർദ്ധിച്ചുകൊണ്ടിരുന്നു. സി എം ഐ സന്യാസ വൈദികരുടെ ആത്മീയ ശുശ്രൂഷകളുടെയും ധ്യാനപ്രസംഗങ്ങളുടെയും മഹത്വം കേട്ടറിഞ്ഞ് കൂടുതൽ കൂടുതൽ ഇടവകകളിൽ നിന്ന് ഇതിനായി ആവശ്യങ്ങൾ വന്നുതുടങ്ങി.

ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടി പ്രവർത്തനങ്ങൾ നടത്തുന്നതിൽ ചാവറയച്ചനിൽ ജന്മനാതന്നെ ഒരു തൃഷ്ണ ഉണ്ടായിരുന്നു. ആ തീക്ഷ്ണത പിന്നീട് സഹസന്യാസിമാരിലേക്കും വ്യാപിച്ചു. അക്കാലത്ത് ദേവാലയങ്ങളിൽ വളരെ വിരളമായെ പ്രസംഗങ്ങൾ നടത്തിയിരുന്നുള്ളൂ. തന്നിമിത്തം ഉണ്ടായിരുന്ന ഭക്തിമാന്ദ്യം എവിടെയും ദൃശ്യമായിരുന്നു. അവിടെയാണ് ആത്മീയത നിറഞ്ഞുനിന്നിരുന്ന ചാവറയച്ചന്റെയും സി എം ഐ സഭയിലെ മറ്റംഗങ്ങളുടെയും ശുശ്രൂഷയും ധ്യാനപ്രസംഗങ്ങളും ഒന്നിനൊന്ന് ശ്രദ്ധേയമായി തീർന്നത്. അതിലേക്ക് കൂടുതൽ കൂടുതൽ ആളുകൾ ആകർഷിക്കപ്പെട്ടത്.

ചാവറയച്ചൻ നാടാകെ ചുറ്റിനടന്ന് പള്ളികളിൽ പ്രസംഗിച്ചു. വിദൂരങ്ങളിൽ പോലും പ്രശംസിക്കപ്പെടുന്ന ഒരു സവിശേഷതയാണ് ഈ പ്രസംഗങ്ങളിൽ നിന്നും ഉൽഭൂതമായത്. പുളിങ്കുന്നിൽ നടത്തിയ ധ്യാനയോഗത്തിന്റെ ഫലം സമീപ സ്ഥലങ്ങളിലേക്കു പോലും വ്യാപിക്കുകയുണ്ടായി എന്ന് ചാവറയച്ചന്റെ ജീവചരിത്രത്തിൽ ഫാ. വലേരിയൻ സിഡി പറയുന്നുണ്ട്.

> “അജപാലന ശുശ്രൂഷയുടെ ഈ ഒന്നാം ഘട്ടത്തിൽ തന്നെ മാന്നാനത്ത് മറ്റൊന്നുകൂടി സംഭവിക്കുന്നുണ്ട്. അത് 1946 ൽ ചാവറയച്ചൻ അവിടെ സ്ഥാപിച്ച സംസ്കൃത സ്കൂളാണ്. സ്കൂളിന്റെ പ്രവർത്തനം പിന്നീട് പലവിധ കാരണങ്ങളാലും നിലച്ചുപോയെങ്കിലും അന്നത്തെ ആ സ്കൂൾ കെട്ടിടം ഇന്നും അവിടെ സംരക്ഷിക്കപ്പെടുന്നുണ്ട്.


### സംസ്കൃത സ്കൂൾ

അജപാലന ശുശ്രൂഷയുടെ ഈ ഒന്നാം ഘട്ടത്തിൽ തന്നെ മാന്നാനത്ത് മറ്റൊന്നുകുടി സംഭവിക്കുന്നുണ്ട്. അത് 1946 ൽ ചാവറയച്ചൻ അവിടെ സ്ഥാപിച്ച സംസ്കൃത സ്കൂളാണ്. സ്കൂളിന്റെ പ്രവർത്തനം പിന്നീട് പലവിധ കാരണങ്ങളാലും നിലച്ചുപോയെങ്കിലും അന്നത്തെ ആ സ്കൂൾ കെട്ടിടം ഇന്നും അവിടെ സംരക്ഷിക്കപ്പെടുന്നുണ്ട്.

കേരളത്തിൽ പിൽക്കാലത്തുണ്ടായ വിദ്യാഭ്യാസവിപ്ലവത്തിനും കേരളീയ നവോത്ഥാനത്തിനും നാന്ദി കുറിച്ച സംഭവമായിരുന്നു 1946 ലെ സംസ്കൃത സ്കൂൾ സ്ഥാപനം. ഭാഷ, വർഗവിവേചനത്തിന്റെയല്ല. വർഗസമന്വയത്തിന്റെ ഉപകരണമാണെന്ന് സംസ്കൃത സ്കൂൾ സ്ഥാപിക്കുക വഴി ചാവറയച്ചൻ സമൂഹത്തെ പഠിപ്പിച്ചു. തൃശൂരിൽ നിന്ന് വാര്യർ സമുദായത്തിൽപെട്ട ഒരു വാദ്ധ്യാരെ വരുത്തിയായിരുന്നു സംസ്കൃത സ്കൂളിൽ അദ്ധ്യാപകനായി നിയമിച്ച് ആ ഭാഷ പഠിപ്പിച്ചത്.

വേദഭാഷയായ സംസ്കൃതം ജാതിഭേദമില്ലാതെ അവിടെ പഠിപ്പിക്കാനാരംഭിച്ചു. ആശ്രമത്തിലെ അന്തേവാസികൾക്കു പുറമെ സമീപ പ്രദേശങ്ങളിലുള്ളവർക്കും അവിടെ പ്രവേശനം നൽകി. വിപ്ലവകരമായ ഈ നടപടിയുടെ തുടർച്ചയായിരുന്നു പിന്നീട് 'പള്ളിക്കൊരു പള്ളിക്കൂടം' എന്ന ചാവറയച്ചന്റെ ചരിത്രപ്രസിദ്ധവും ചരിത്രം സൃഷ്ടിച്ചതുമായ പ്രഖ്യാപനം. കേരളത്തിൽ പിന്നീട് ഉണ്ടായ വിദ്യാഭ്യാസ





വിപ്ലവത്തിനും ഈ രംഗത്ത് ഇന്നു കാണുന്ന വളർച്ചയ്ക്കും പുരോഗതിക്കും തുടക്കമിട്ടതും കാരണമായി തീർന്നതും ആ പ്രഖ്യാപനവും അതേ തുടർന്നുള്ള നടപടികളുമാണ്.

**ദളിതരിലേക്കും ദരിദ്രരിലേക്കും**

സംസ്കൃത വിദ്യാലയ സ്ഥാപനത്തിന്റെ ആദ്യപാദത്തിലെ വിജയം ചാവറയച്ചനെ കൂടുതൽ പ്രവർത്തന നിരതനാക്കി. ധ്യാനപ്രസംഗങ്ങൾക്കൊപ്പം തന്നെ മാന്നാനം കുന്നിന്റെ ചുറ്റുപാടും താമസിക്കുന്ന ദളിതരിലേക്കും ദരിദ്രരിലേക്കും അദ്ദേഹവും സി എം ഐ സഭയും നീങ്ങിത്തുടങ്ങി. ദളിതരിൽ വിശ്വാസ പ്രേഷിതത്വം നിറവേറ്റാനും അവരുടെ സർവതല സ്പർശിയായ പുരോഗതിക്കും വേണ്ടി യത്നിച്ചു തുടങ്ങി. സമൂഹവുമായുള്ള അവരുടെ ഇടപെടലിനു വഴിയൊരുക്കി.

അതുവരെ പൊതുസമൂഹവുമായി യാതൊരു ബന്ധവും ദളിതർക്കോ, ദരിദ്രർക്കോ ഉണ്ടായിരുന്നില്ല. സമൂഹത്തിൽ അവർ ഒന്നുമായിരുന്നില്ല. സഹസ്രാബ്ദങ്ങളായി രാജ്യത്തു നിലനിന്നു വന്ന ജാതിഭേദ

> “ സംസ്കൃത വിദ്യാലയ സ്ഥാപനത്തിന്റെ ആദ്യപാദത്തിലെ വിജയം ചാവറയച്ചനെ കൂടുതൽ പ്രവർത്തന നിരതനാക്കി. ധ്യാനപ്രസംഗങ്ങൾക്കൊപ്പം തന്നെ മാന്നാനം കുന്നിന്റെ ചുറ്റുപാടും താമസിക്കുന്ന ദളിതരിലേക്കും ദരിദ്രരിലേക്കും അദ്ദേഹവും സി എം ഐ സഭയും നീങ്ങിത്തുടങ്ങി. ദളിതരിൽ വിശ്വാസ പ്രേഷിതത്വം നിറവേറ്റാനും അവരുടെ സർവതല സ്പർശിയായ പുരോഗതിക്കും വേണ്ടി യത്നിച്ചു തുടങ്ങി.

രിച്ച് ജാതിയിൽ ആ ശ്രേണി യിൽ താണവർ എന്ന് കരുത പ്പെടുകയും മേൽജാതിക്കാരുടെ മേൽക്കോയ്മയ്ക്കും ചൂഷണ ത്തിനും മർദ്ദനത്തിനും വിധേയ രായി അസ്വതന്ത്രരും അശരണ രുമായി കഴിയുകയുമായിരുന്നു അതുവരെ ദളിത് വിഭാഗങ്ങൾ. അവർക്കിടയിലേക്കാണ് ചാവറ യച്ചനും സി എം ഐ സഭയും തുടർന്ന് കടന്നു ചെന്നത്.

ദളിതരിൽ വിശ്വാസ പ്രേഷിതത്വം നിറവേറ്റാനും അവരെ വിശ്വാസത്തിലേക്കു കൊണ്ടുവരാനും അജപാലന ശുശ്രൂഷയുടെ തുടക്കം മുതലെ സി എം ഐ സഭ ശ്രദ്ധിച്ചിരു ന്നു. ആ ദൗത്യം ഏറെ ശ്രദ്ധി ക്കപ്പെട്ടു. അതുകൊണ്ടുതന്നെ പിന്നീടു വന്ന കൊവേന്തകളോ ടെല്ലാം ചേർന്ന് ദളിതരുടെ ഉന്ന മനത്തിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്ന കൂടുതൽ പ്രവർത്തനങ്ങളുണ്ടായി. മാതൃഭ വനമായ മാന്നാനത്തും ഭവനങ്ങളായ വാഴക്കുളം, എൽത്തുരുത്ത്, അമ്പഴക്കാട്, മുത്തോലി, പുളിങ്കുന്ന്, ചെത്തി പ്പുഴ, പുതുപ്പള്ളി തുടങ്ങിയവ യോടനുബന്ധിച്ചും അവയുടെ ആരംഭകാലം മുതൽ തന്നെ ദളിതർക്ക് ക്രൈസ്തവതത്വ ങ്ങൾ ഉപദേശിച്ചുകൊടുക്കുന്ന തിനും അവരെ സമുദ്ധരിക്കുന്ന തിനുമുള്ള സംവിധാനങ്ങൾ പ്രാപ്യമായിരുന്നു.

മാന്നാനത്ത് ആശ്രമത്തോട് ചേർന്ന് ദളിതർക്കു വേണ്ടി ഒരു ഇടവക തന്നെ സ്ഥാപിച്ചു. ഇന്നും അവിടെ ആശ്രമത്തോട് ചേർന്നുള്ളത് ദളിത് ഇടവകയാ ണ്. അവിടെയുള്ള കുന്നേൽ പള്ളി കൂടാതെ ആർപ്പൂക്കര തുരുത്തുമാലിയിൽ ഒരു കപ്പേ ളയും ദളിതർക്കു വേണ്ടി സ്ഥാപിക്കപ്പെട്ടു. ദളിതർക്ക് വിദ്യാഭ്യാസം നൽകാനും ശ്രമ ങ്ങളുണ്ടായി. മാന്നാനത്ത് ആശ്രമത്തോടനുബന്ധിച്ച് സ്ഥാപിച്ച മലയാളം പ്രൈമറി സ്കൂളിൽ ദളിതരടക്കം എല്ലാ വിഭാഗങ്ങൾക്കും പ്രവേശനം നൽകി വിദ്യ അഭ്യസിപ്പിച്ചു.

ദളിതരെ എഴുതാനും വായിക്കാനും പ്രാപ്തിയുള്ളവ രാക്കി. അവരിൽ അറിവിന്റെ അടിത്തറ സൃഷ്ടിച്ചു. അതു തന്നെ വലിയൊരു വിപ്ലവമായി രുന്നു.

അന്ന് സി എം ഐ സഭ കൈക്കൊണ്ട ശ്രമങ്ങളുടെ പ്രതിഫലനമാണ് ഇന്ന് കേരള ത്തിലെ ദളിത് സമൂഹത്തിൽ കാണാൻ കഴിയുന്ന സാമൂഹ്യ, വിദ്യാഭ്യാസ വളർച്ചയും ഉയർച്ച യും.

1846 ൽ മാന്നാനത്ത് ചാവറ യച്ചൻ സെന്റ് ജോസഫ്സ് പ്രസ് എന്ന മുദ്രണാലയം സ്ഥാപിച്ചതാണ് ചരിത്രപരമായ മറ്റൊന്ന്. തിരുവിതാംകൂറിൽ അന്ന് രണ്ട് അച്ചുകൂടങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു; ആംഗ്ലിക്കൻ മിഷനറിയായ ബെഞ്ചമിൻ ബെയ്‌ലി കോട്ട യത്ത് സ്ഥാപിച്ച സി എം എസ് പ്രസ്സും തിരുവനന്തപുരത്ത് മഹാരാജാവിന്റെ ഉടമസ്ഥതയി ലുള്ള സർക്കാർ അച്ചുകൂടവും. മൂന്നാമത്തേതും തദ്ദേശീയമായി ആദ്യത്തേതുമായിരുന്നു ചാവറ യച്ചൻ സ്ഥാപിച്ച സെന്റ് ജോസഫ്സ് പ്രസ്. ഇവിടെ നിന്നാണ് പിന്നീട് ഇന്ന് നിലവി ലുള്ള മലയാളത്തിലെ ആദ്യ പത്രമായ 'ദീപിക' (അന്നത്തെ നസ്രാണി ദീപിക) പുറത്തു വരുന്നത്.

ഈ പ്രവർത്തന ങ്ങൾക്കെല്ലാം ഇടയിൽ തന്നെ പള്ളികളിലെ ധ്യാനപ്രസംഗ ങ്ങളും തുടർന്നുകൊണ്ടിരുന്നു. ഇടവകകൾ ആവശ്യമുള്ളപ്പോ ഴെല്ലാം സി എം ഐ വൈദി കരെ പ്രസംഗത്തിനു വിളിക്കും. അത് അനുസരിച്ച് വൈദികർ പള്ളികളിൽ പോയി പ്രസംഗി ക്കും. വിശ്വാസികളുടെ ആത്മീ യാവശ്യങ്ങൾ നിറവേറ്റും.

ഇന്നത്തെ പോലെയല്ല അന്ന്. യാതൊരു സഞ്ചാരസൗ കര്യങ്ങളുമില്ല. വാർത്താവിനി മയ സംവിധാനങ്ങളില്ല. കാൽന ടയായും വഞ്ചികളിലും വള്ള ങ്ങളിലുമൊക്കെ സഞ്ചരിച്ചു മാണ് ഏറെ കഷ്ടപ്പെട്ട് സി എം ഐ സന്യാസ വൈദികർ അന്ന് പള്ളികളിൽ പോയി ധ്യാനപ്രസംഗങ്ങൾ നടത്തിയി രുന്നത്. സ്ഥലത്തെത്തുമ്പോൾ അവിടത്തെ വികാരിയച്ചൻ പള്ളി മണിയടിച്ച് വിശ്വാസി കളെ വിളിച്ചുകൂട്ടും. തുടർന്ന് സി എം ഐ അച്ചൻ ധ്യാനപ്ര സംഗം നടത്തും. ആർക്കെ ങ്കിലും ആത്മീയാവശ്യങ്ങളു ണ്ടെങ്കിൽ അതും നിറവേറ്റും.

അമ്പഴക്കാട്, മുത്തോലി തുടങ്ങി നിരവധി സ്ഥലങ്ങളിൽ ഇങ്ങനെയാണ് അന്ന് സി എം ഐ വൈദികർ അജപാലന ശുശ്രൂഷ നടത്തിയിരുന്നത്. ആളുകൾക്ക് ഇത് പ്രയോജന പ്പെട്ടു. കേട്ടറിഞ്ഞ് കൂടുതൽ കൂടുതൽ സ്ഥലങ്ങളിലേക്ക് സി എം ഐ വൈദികർ ക്ഷണിക്ക പ്പെട്ടു. അവിടെയെല്ലാം അവർ പോയി ധ്യാനപ്രസംഗങ്ങൾ നട ത്തി. ആത്മീയ ശുശ്രൂഷകൾ നൽകി.

ഈ നന്മയുടെ വെളിച്ചത്തി

> “ ഇന്നത്തെ പോലെയല്ല അന്ന്. യാതൊരു സഞ്ചാരസൗകര്യങ്ങളുമില്ല. വാർത്താവിനിമയ സംവിധാനങ്ങളില്ല. കാൽനടയായും വഞ്ചികളിലും വള്ളങ്ങളിലുമൊക്കെ സഞ്ചരിച്ചുമാണ് ഏറെ കഷ്ടപ്പെട്ട് സിഎംഐ സന്യാസ വൈദികർ അന്ന് പള്ളികളിൽ പോയി ധ്യാന പ്രസംഗങ്ങൾ നടത്തിയിരുന്നത്. സ്ഥലത്തെത്തുമ്പോൾ അവിടത്തെ വികാരിയച്ചൻ പള്ളി മണിയടിച്ച് വിശ്വാസികളെ വിളിച്ചുകൂട്ടും.

ലാണ് സി എം ഐ സഭയ്ക്ക് പിന്നീട് ഓരോ സ്ഥലത്തും ആശ്രമങ്ങൾ സ്ഥാപിക്കാൻ സാധിച്ചത്. ഓരോ പ്രദേശത്തേയും ആത്മീയവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി ആ പ്രദേശത്തുള്ളവർ സി എം ഐ സഭയെ അങ്ങോട്ടു ക്ഷണിക്കുകയായിരുന്നു. എൽത്തുരുത്ത്, വാഴക്കുളം, മുത്തോലി, അമ്പഴക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ ആശ്രമങ്ങൾ വരുന്നത് അങ്ങനെയാണ്.

തൃശൂർ ജില്ലയിലാണ് എൽത്തുരുത്ത് ആശ്രമം. അവിടത്തുകാർ ആവശ്യപ്പെട്ടതനുസരിച്ചാണ് 1858 ൽ അവിടെ ആശ്രമം സ്ഥാപിച്ചത്. തുടർന്ന് സെമിനാരിയും സ്ഥാപിക്കപ്പെട്ടു. ദക്ഷിണ പ്രദേശങ്ങളിൽ മാന്നാനം എന്ന പോലെ കാലക്രമേണ എൽത്തുരുത്ത് ഉത്തരകേരളത്തിലെ ഒരു കത്തോലിക്കാ കേന്ദ്രമായി തീർന്നു.

1859 ൽ വാഴക്കുളത്ത് ആശ്രമം സ്ഥാപിച്ചു. ഇവിടെയും സെമിനാരി വന്നു, 1866 ൽ. അമ്പഴക്കാട് ആശ്രമം 1868 ലാണ് സ്ഥാപിക്കപ്പെടുന്നത്. ശേഷിച്ച ആശ്രമങ്ങൾ 1870–1885 കാലത്ത് നിലവിൽ വന്നു.

നേരത്തെ പറഞ്ഞ പോലെ, ഓരോ സ്ഥലത്തെയും ആശ്രമം സ്ഥാപിക്കാൻ അവിടെയുള്ളവർ സി എം ഐ സഭയെ അങ്ങോട്ട് ക്ഷണിക്കുകയായിരുന്നു. അമ്പഴക്കാട് ആശ്രമ സ്ഥാപനത്തിന് കണിച്ചായി എന്നയാളുടെ ഭാഗത്തു നിന്ന് ആദ്യം കുറെയൊക്കെ തടസ്സങ്ങളും എതിർപ്പുകളും ഉണ്ടായെങ്കിലും പിന്നീട് അതേ വ്യക്തി തന്നെ ഒരു പ്രദേശം മുഴുവൻ ആശ്രമ സ്ഥാപനത്തിന് വിട്ടുനൽകുകയായിരുന്നു.

ചാവറ പിതാവിന്റെ ഒരു ആപ്തവാക്യമുണ്ട്. സന്യാസ വൈദികർ സ്വന്തം ആത്മരക്ഷയ്ക്കും മറ്റുള്ളവരുടെ ആത്മരക്ഷയ്ക്കും വേണ്ടി പ്രവർത്തിക്കണം. മറ്റുള്ളവരുടെ ആത്മരക്ഷയ്ക്കു വേണ്ടി പ്രവർത്തിക്കുന്നതിലൂടെ സ്വന്തം ആത്മരക്ഷ കൈവരിക്കണം. ഈ ആപ്തവാക്യത്തോടെയാണ് അന്നും ഇന്നും സി എം ഐ സഭ മുന്നോട്ടു പോകുന്നത്.

ആത്മീയരംഗത്ത് കേരളത്തിൽ ദിവ്യകാരുണ്യഭക്തിയും മാതാവിനോടുള്ള ഭക്തിയും തിരുകുടുംബ ഭക്തിയും വർദ്ധിപ്പിച്ചു എന്നതാണ് ചാവറയച്ചനെ കുറിച്ച് എടുത്തു പറയേണ്ട മറ്റൊരു വസ്തുത. സെമിനാരി വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ പൂർണ ദിവ്യകാരുണ്യ ഭക്തനും മാതൃഭക്തനുമായിരുന്നു അദ്ദേഹം. അതാണ് പിന്നീട് കൂടുതൽ പ്രചരിപ്പിക്കപ്പെട്ടത്. കേരള സഭയിൽ നാല്പത് മണി ആരാധനയ്ക്ക് തുടക്കമിട്ടതും അത് വ്യാപിപ്പിച്ചതും ചാവറയച്ചനാണ്.

ഇതിനെല്ലാം ഇടയിൽ തന്നെ കേരളത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസിനീ സഭയ്ക്കും അദ്ദേഹം തുടക്കം കുറിച്ചു. 1866 ൽ സി എം സി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന കോൺഗ്രിഗേഷൻ ഓഫ് ദി മദർ ഓഫ് കാർമൽ എന്ന സന്യാസിനീ സമൂഹം കൂനമ്മാവിൽ ജനിച്ചു.

“ 1871 ൽ ചാവറ പിതാവ് ഈ ലോകത്തോട് വിടപറഞ്ഞു. പിതാവിന്റെ മരണത്തിനു ശേഷം അവശേഷിച്ചവർ സമർപ്പണബുദ്ധിയോടെ, വർദ്ധിതവീര്യത്തോടെ തങ്ങളിൽ ഏല്പിക്കപ്പെട്ട ദൗത്യവുമായി മുന്നോട്ടുപോയി. സഭാ ദൗത്യത്തിന് അവർ സ്ഥാപിച്ച അടിസ്ഥാനശിലയും ചട്ടക്കൂടും സുഘടിതമായിരുന്നു.

റോക്കോസ് ശീശ്മയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അത് പരിഹരിക്കാൻ ചാവറയച്ചൻ നടത്തിയ ശ്രമങ്ങളും ഒടുവിൽ അത് പരിഹരിച്ചതുമാണ് മറ്റൊന്ന്. സുറിയാനി സഭയ്ക്ക് സ്വന്തം മെത്രാനുണ്ടാകണമെന്ന ആവശ്യവും തുടർന്നുണ്ടായ സംഭവവികാസങ്ങളുമാണ് ആ കാലഘട്ടത്തിലെ വേറൊന്ന്. അതിന്റെ പേരിൽ 'ഏഴ് വ്യാകുലങ്ങൾ' എന്ന് പറയുന്നതുപോലുള്ള സംഭവങ്ങളും ഉണ്ടായി.

1871 ൽ ചാവറ പിതാവ് ഈ ലോകത്തോട് വിടപറഞ്ഞു. പിതാവിന്റെ മരണത്തിനു ശേഷം അവശേഷിച്ചവർ സമർപ്പണബുദ്ധിയോടെ, വർദ്ധിതവീര്യത്തോടെ തങ്ങളിൽ ഏല്പിക്കപ്പെട്ട ദൗത്യവുമായി മുന്നോട്ടുപോയി. സഭാ ദൗത്യത്തിന് അവർ സ്ഥാപിച്ച അടിസ്ഥാനശിലയും ചട്ടക്കൂടും സുഘടിതമായിരുന്നു. അചഞ്ചലമായിരുന്നു ഓരോ ഗുരുവര്യനും ശിഷ്യരിലേക്കു പകർന്നു നൽകിയ വിശ്വാസ തീക്ഷ്ണതയും ദിശാബോധവും. അവരുടെ സ്വപ്നങ്ങളും അവയുടെ സാക്ഷാത്കാരങ്ങളും അവരുടേതായിരുന്നില്ല, സർവശക്തനായ ദൈവത്തിന്റേതായിരുന്നു. ഇന്നും അങ്ങനെ തന്നെ.

ആദ്യം സ്ഥാപിച്ച കൊവേന്തകളോടെ, ആദ്യകാലത്തെ അതേ അവസ്ഥകളോടെ, പ്രവർത്തനങ്ങളോടെ 1950 കൾ വരെ കാര്യമായ യാതൊരു മാറ്റങ്ങളുമില്ലാതെ സി എം ഐ സഭ തുടർന്നു. 1950 ൽ മുന്നൂറിനടുത്ത് സന്യാസ വൈദികരാണ് സി എം ഐ സഭയിൽ ഉണ്ടായിരുന്നത്. എന്നാൽ 1950 കൾ മുതൽ സഭയിൽ മാറ്റങ്ങളുടെയും വിസ്മയിപ്പിക്കുന്ന വളർച്ചയുടെയും കാലമാരംഭിക്കുകയായിരുന്നു. ■



# ആത്മാർപ്പണത്തിന്റെ പടവുകൾ കടന്ന്

ലോറൻസ്

1950 കൾ ആയപ്പൊഴേയ്ക്കും സിഎം ഐ സഭ വളർച്ചയുടെ മറ്റൊരു കാലഘട്ടത്തിലേക്ക് പ്രവേശിക്കുകയായിരുന്നു. പ്രവാചകദൗത്യത്തിന്റെ ഉന്നതമായ ദർശനങ്ങളോടെ മാന്നാനത്ത് തുടക്കമിട്ട സിഎം ഐ സഭ ഇക്കാലമായപ്പൊഴേയ്ക്കും പ്രേഷിതാഭിമുഖ്യത്തിന്റേയും സാംസ്കാരിക സമന്വയത്തിന്റെയും പുത്തൻ തുറവികളും ഉയർന്നതും വിശാലവുമായ വീക്ഷണവും സ്വയം രൂപപ്പെടുത്തിയെടുത്തു കഴിഞ്ഞിരുന്നു. തത്ഫലമായി സഭയുടെ മിഷൻ പ്രവർത്തനങ്ങൾ മെല്ലെ കേരളത്തിനു പുറത്തേയ്ക്ക് വ്യാപിച്ചു തുടങ്ങി. 1955 ൽ സി എം ഐ സഭയുടെ സെമിനാരി വിദ്യാർത്ഥികൾക്കും മറ്റിതര സഭകളുടെ സെമിനാരി പരിശീലനങ്ങൾക്കും വാതിൽ തുറന്നിട്ടു കൊണ്ട് ബാംഗ്ലൂരിൽ ധർമാരാം കോളേജ് സ്ഥാപിതമായി. പേരിൽ സൂചിതമായിരിക്കുന്നതുപോലെതന്നെ എല്ലാ നന്മകളേയും ഉൾക്കൊള്ളുന്ന ആരാമമായി ആത് മാറുകയായിരുന്നു.

സി എം ഐ സഭയുടെ ഉത്തരേന്ത്യയിലെ ആദ്യത്തെ മിഷനായ ചാന്ദാ മിഷൻ 1962 ൽ



ആരംഭിക്കുന്നതോടെ സഭ അജ പാലനശുശ്രൂഷയുടെ പുതിയ വാതായനങ്ങൾ സധൈര്യം തുറക്കുകയാണ്. ഈ കാൽവ യ്പ്പുകളൊക്കയും ഏറെ പ്രാധാ ന്യത്തോടെ തന്നെ മനസ്സിലാ ക്കേണ്ടതുണ്ട് . ഔന്നിത്യം നിറഞ്ഞ ആത്മീയ ദർശനത്തോ ടെയും വ്യതിരക്തമായ വീക്ഷ ണത്തോടെയും സി എം ഐ സഭ ഇത്തരം മേഖലകളിലേക്ക് അതിന്റെ പ്രേഷിത പ്രവർത്തന ങ്ങളെ വ്യപിപ്പിക്കുന്നത് സെക്കന്റ് വത്തിക്കാൻ കൗൺസിലിനു മുമ്പായിരുന്നു. വത്തിക്കൻ കൗൺലിൽ, ആഗോള കത്തോലിക്കാ സഭ യുടെ വാതിലുകൾ ലോകത്തി നുമുന്നിൽ വിശാലമായി തുറ ന്നിടുന്നതിനുമുമ്പ് തന്നെ ധീര മായ പ്രേഷിത പ്രവർത്തന തീരുമാനങ്ങളിലേയ്ക്ക് സി എം ഐ സഭയെ ഇപ്രകാരം നയി ച്ചത് ആരംഭത്തിൽ തന്നെ സഭ കൈമുതലാക്കിയ ബേസ്റൗമ ദർശനത്തിന്റെ നിരന്തരമായ അനുധ്യാനം തന്നെയായണ്.

### ഛാന്ദാ മിഷൻ

1950 കളുടെ രണ്ടാം പാതിയിൽ അവസാനത്തോടെ തന്നെ കേര ളത്തിനു പുറത്ത് അങ്ങനെ യൊരു മിഷൻ തുടങ്ങാൻ ശ്രമ ങ്ങൾ ആരംഭിച്ചിരുന്നു. അതിന്റെ സാക്ഷാത്കാരമായി രുന്നു 1962 ലെ ഛാന്ദാ മിഷൻ.

1950 ൽ മുന്നൂറ് അംഗങ്ങൾ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് 1990 കളിൽ എത്തുമ്പോൾ സഭാംഗങ്ങളുടെ എണ്ണം 1000 കവിഞ്ഞിരുന്നു. വളർച്ചയുടെ ഗതി അതിൽ നിന്നു തന്നെ വ്യക്തം. 2019 ലെ കണക്കനുസ രിച്ച് സി എം ഐ സഭയിൽ നിന്ന് മെത്രാൻ പദവിയി ലേയ്ക്ക് ഉയർത്തപ്പെട്ട 10 മെത്ര ന്മാരും പൗരോഹിത്യം സ്വീക രിച്ച് സഭയുടെ അംഗങ്ങളായ 1957 വൈദികരും 18 സന്ന്യാസ സഹോദരന്മാരും വ്രതം ചെയ്ത് പഠനം നടത്തുന്ന 467 ശെമ്മാശൻമാരും അസ്പാ രൻസും നൊവിസസുമായി പരിശീലനം നടത്തുന്ന 700 – ഓളം സന്ന്യാസാർത്ഥികളുമാ ണുള്ളത്.

### ഛാന്ദായ്ക്കു മുൻപും ശ്രമങ്ങൾ

ഛാന്ദാ മിഷൻ തുടങ്ങുന്ന തിനു മുൻപു തന്നെ ഝാർഖ ണ്ഡിൽ റെയ്ഗാർഡ് അംബികാ പൂരിൽ സി എം ഐ സഭ മിഷൻ പ്രവർത്തനങ്ങൾ തുട ങ്ങിയിരുന്നു. അവിടത്തെ ലാറ്റിൻ ബിഷപ് സി എം ഐ വൈദികരെ അങ്ങോട്ടു ക്ഷണിച്ചുകൊണ്ടു പോയി പ്രവർത്തനം തുടങ്ങുകയായിരു ന്നു.

പൂർണമായും ആദിവാസി മേഖലയാണ് ഝാർഖണ്ഡ് സ്റ്റേറ്റിന്റെ ഏറിയ പങ്കും. തീർത്തും അവികസിത പ്രദേശ ങ്ങൾ. ആരും എത്തിനോ ക്കാത്ത വന മേഖലകൾ. ഒട്ടേറെ ത്യാഗങ്ങൾ സഹിച്ചാണ് അന്ന് അവിടെ സി എം ഐ സന്യാസ വൈദികർ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. അന്ന് അവിടെയുണ്ടായിരുന്ന വർ കേരളത്തിൽ സി എം ഐ സഭാ ആസ്ഥാനത്തേക്ക് അയച്ച കത്തുകളിൽ തന്നെ അവർ അനുഭവിച്ചിരുന്ന ത്യാഗത്തി ന്റെയും കഷ്ടതകളുടെയും ചിത്രങ്ങളുണ്ട്. കൊടുംതണു പ്പിലും ഏറിയ കഷ്ടതകൾക്കിട യിലുമായിരുന്നു അവിടെ മിഷൻ പ്രവർത്തനം. പിന്നീട് ബിഷപ് മാറി പുതിയ ആൾ വന്നു. പുതിയവർക്ക് സി എം ഐ വൈദികരുടെ ത്യാഗ പൂർണമായ മിഷൻ പ്രവർത്തന ങ്ങളിലൊന്നും വലിയ താല്പ ര്യമുണ്ടായിരുന്നില്ല. അതോടെ അവിടെ മിഷൻ പ്രവർത്തനം നടത്തിയിരുന്നവർ നാട്ടിലേക്ക് തിരിച്ചു പോന്നു.

ഝാർഖണ്ഡിലെ മിഷൻ പ്രവർത്തനങ്ങളുടെ വെളിച്ചത്തി ലാണ് പിന്നീട് മഹാരാഷ്ട്ര യിലെ ഛാന്ദായിലേക്ക് അന്നത്തെ ബോംബെ ആർച്ച് ബിഷപ് ഡോ. യൂജിൻ ഡിസൂസ സി എം ഐ സഭയെ ക്ഷണിക്കുന്നത്. ബിഷപ് യൂജിൻ തുടർന്ന് അതിരൂപത യിൽ നിന്ന് നേരിട്ട് റോമിലേക്ക് കത്തെഴുതി അവിടെ പ്രോപ്പ ഗാന്ത വഴിയായിരുന്നു സി എം ഐ വൈദികരുടെ സേവനം ഛാന്ദായിലേക്ക് ആവ



ശ്യപ്പെട്ടത്; അപേക്ഷിച്ചത്. റോം (പ്രോപ്പഗാന്ത) അതിന് അനുമതി നൽകി. അങ്ങനെ സി എം ഐ ഛാന്ദാ മിഷൻ തുടങ്ങി.

തുടർന്ന് നോർത്ത് ഇന്ത്യയിൽ നാല് മിഷനുകൾ കൂടി സി എം ഐ സഭയ്ക്ക് ഉണ്ടായി. യു.പിയിലെ ബിജ്നോർ, മദ്ധ്യപ്രദേശിലെ ഭോപ്പാൽ, ഗുജറാത്തിലെ രാജ്കോട്ട്, ഛത്തീസ്ഗഢിലെ ജഗ്ദൽപൂർ മിഷനുകൾ. ഛാന്ദാ ഉൾപ്പെടെ അങ്ങനെ നോർത്ത് ഇന്ത്യയിൽ അഞ്ച് മിഷനുകളായി. അതോടെ സി എം ഐ സഭയ്ക്ക് ഒന്നുകൂടി ഉണർവായി. അംഗബലം 300-ൽ നിന്ന് 1000 കവിയുന്നത് ഈ കാലയളവിലാണ്.

സി എം ഐ പ്രിയോർ ജനറൽ ഫാ.പോൾ ആച്ചാണ്ടി ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായിട്ടുണ്ട്. "സന്യാസ സമൂഹത്തിന്റെ സജീവമായ നിലനില്പിന് അടിയുറച്ച സന്യാസ വ്രത സമർപ്പണവും നിരന്തരമായ മിഷനറി പ്രവർത്തനങ്ങളുമാണ് വേണ്ടത്. എങ്കിലേ സഭയ്ക്ക് കാലോചിതമായ ആത്മീയ ഉണർവ് ഉണ്ടാകൂ." ഒരുപാട് കാലത്തെ അദ്ധ്വാനം, പ്രാർത്ഥന, ആത്മാർപ്പണം ഇവയുടെയെല്ലാം ഫലമായാണ് മുൻപറഞ്ഞ ഓരോ മിഷനുകളും ഉണ്ടായതും നിലനിന്നതും വളർന്നതും. ആരുമാരും തിരിഞ്ഞു നോക്കിടാത്ത, അവഗണനയുടെ പരകോടിയിൽ തള്ളിയിരുന്ന കാട്ടിടങ്ങളിലും അരികുവൽകൃതങ്ങളിലും അവികസിത ഭൂമികളിലുമായിരുന്നു ദൈവാനുഗ്രഹത്താൽ അതെല്ലാം ഉണ്ടായത്.

ജഗ്ദൽപൂരിലെ ബസ്തറിലെ കഥ നോക്കുക. അല്ലെങ്കിൽ ഛാന്ദായിലെ ഉൾഗ്രാമങ്ങളിലൂടെ ഫാ. തോമസ് കോയിക്കര നടത്തിയ നീണ്ടു നീണ്ടു

“ ഒരുപാട് കാലത്തെ അദ്ധ്വാനം, പ്രാർത്ഥന, ആത്മാർപ്പണം ഇവയുടെയെല്ലാം ഫലമായാണ് മുൻപറഞ്ഞ ഓരോ മിഷനുകളും ഉണ്ടായതും നിലനിന്നതും വളർന്നതും. ആരുമാരും തിരിഞ്ഞു നോക്കിടാത്ത, അവഗണനയുടെ പരകോടിയിൽ തള്ളിയിരുന്ന കാട്ടിടങ്ങളിലും അരികുവൽകൃതങ്ങളിലും അവികസിത ഭൂമികളിലുമായിരുന്നു ദൈവാനുഗ്രഹത്താൽ അതെല്ലാം ഉണ്ടായത്.




പോയ സൈക്കിൾ യാത്രകൾ. ബിജ്നോറിലെ വിദൂര വിജന ഗ്രാമങ്ങൾ താണ്ടി, ഒടുങ്ങാത്ത ക്ലേശങ്ങൾ സഹിച്ച് മനുഷ്യരിൽ നന്മയെത്തിച്ച കഥകൾ.

**ഇറാഖിന്റെ മണ്ണിലും, ഇറാനിലും**

ഛാന്ദയിലേക്കെന്ന പോലെ തന്നെ രാജ്യത്തിനു പുറത്ത് ഇറാഖിലേക്കും സി എം ഐ സഭയ്ക്ക് ആ കാലഘട്ടത്തിൽ മിഷൻ പ്രവർത്തനത്തിന് ക്ഷണം കിട്ടിയിരുന്നു. ഇറാഖിൽ അന്ന് ക്രൈസ്തവ സമൂഹത്തിനിടയിൽ ആത്മീയ ശുശ്രൂഷകൾ നടത്തുന്നതിന് ആവശ്യത്തിന് പ്രാപ്തരായ വൈദികർ തീരെ കുറവായിരുന്നു. ആ പശ്ചാത്തലത്തിലാണ് സി എം ഐ സഭയ്ക്ക് അന്ന് അവിടെ നിന്ന് ക്ഷണം കിട്ടിയത്. അത് അനുസരിച്ച് മൂന്നു വൈദികർ അന്ന് ഇറാഖിലേക്ക് പോയി. അവർ അവിടെ ഒരു ഇടവകയിൽ സേവനം ആരംഭിച്ചു. പുതിയൊരു അജപാലന ശുശ്രൂഷ കേന്ദ്രത്തിന് തുടക്കമിട്ടു. എന്നാൽ രാഷ്ട്രീയമായ പ്രതികൂല സാഹചര്യങ്ങളാൽ നേരത്തെ ഝാർഖണ്ഡിൽ ഉണ്ടായതുപോലെ തന്നെ സംഭവിച്ചു. അതോടെ അവിടത്തെ പ്രവർത്തനങ്ങൾ നിർത്തി സി എം ഐ വൈദികർക്ക് നാട്ടിലേക്കു തിരിച്ചു പോരേണ്ടിവന്നു.

ഇറാഖിൽ പ്രവർത്തിക്കുമ്പോൾ തന്നെ സി എം ഐ സഭാംഗങ്ങൾ അന്ന് തൊട്ടടുത്ത് ഇറാനിലും മിഷനറി പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

ഈ ആദ്യകാല മിഷൻ പരീക്ഷണങ്ങളാണ് സഭയ്ക്ക് പ്രേഷിതാഭിമുഖ്യവും തീക്ഷണതയും നൽകിയത്. പിന്നിടങ്ങോട്ടുള്ള മിഷൻ പരിശ്രമങ്ങൾക്ക് കരുത്തേകിയത്. പ്രേഷിത ഇടങ്ങളിലെ കഠിനവും ക്ലേശകരവുമായ സാഹചര്യങ്ങളെ ഉന്നതമായ ദർശനത്തോടെ അഭിമുഖീകരിച്ചും, ആഴമായ പ്രാർത്ഥനയോടെ സ്വീകരിച്ചുമുള്ള കാലാനുഗതമായ മിഷൻ പ്രവർത്തനങ്ങളിലൂടെയാണ് സഭാംഗങ്ങൾ ഇന്ന് 32 രാജ്യങ്ങളിലായി അതിന്റെ പ്രേഷിത പ്രവർത്തനങ്ങളിൽ വ്യാവൃതരായിരിക്കുന്നത്. വി. ചാവറ പിതാന്റെ ബേസ്റൗമ ദർശനത്തിന്റെ കാലാതീതമായ പ്രസക്തിയും കരുത്തും തന്നെയാണ് സഭാംഗങ്ങളെ പുതിയ മിഷനിടങ്ങളിലെയ്ക്ക് മടുപ്പു കൂടാതെ യാത്ര ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതും. ■

> “ ഇറാഖിൽ അന്ന് ക്രൈസ്തവ സമൂഹത്തിനിടയിൽ ആത്മീയ ശുശ്രൂഷകൾ നടത്തുന്നതിന് ആവശ്യത്തിന് പ്രാപ്തരായ വൈദികർ തീരെ കുറവായിരുന്നു. ആ പശ്ചാത്തലത്തിലാണ് സി എം ഐ സഭയ്ക്ക് അന്ന് അവിടെ നിന്ന് ക്ഷണം കിട്ടിയത്.



# സഭ പുതിയ കാലഘട്ടത്തിലേക്ക്

ജോയ് പീറ്റർ

ഓരോ കാലഘട്ടവും നവമായ ഒന്നിനെ പ്രതീക്ഷിക്കുന്നുണ്ട്. സി എം ഐ സന്യാസ സഭ കാലഘട്ടത്തിന് അനിവാര്യമായ ഒരു ദൈവീക പദ്ധതിയായിരുന്നു. വിശുദ്ധ ചാവറയച്ചനാൽ വിശേഷിതമായതുപോലെ എളിമയുടെ ഈ കൂട്ടത്തെ ദൈവമാണ് സൃഷ്ടിച്ചത്. ദൈവത്താൽ രൂപീകൃതമാണ് സി എം ഐ സഭ. ദൈവത്തിന്റെ വിളിയിൽ നിന്നാണ് അത് ഉണ്ടായിട്ടുള്ളത്.

സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായി കേരളക്കര ഏറ്റവും പിന്നിൽ നിന്നിരുന്ന ഒരു കാലഘട്ടത്തിലാണ് സി എം ഐ സന്യാസ സഭ ജന്മം കൊള്ളുന്നത്. സാമൂഹ്യമായ ഏറ്റക്കുറച്ചിലുകൾ അതിന്റെ പാരമ്യതയിൽ കത്തി നിൽക്കുന്ന കാലം.

സമസ്തരംഗങ്ങളിലും തുല്യതയില്ലായ്മയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അറിവില്ലായ്മയും സ്ത്രീകൾക്ക് സ്വാതന്ത്ര്യ നിഷേധവും അടിമുടി നിറഞ്ഞാടിയിരുന്ന ഒരു സന്ദർഭമാണ് അന്ന് കേരളത്തിൽ ഉണ്ടായിരുന്നത്. ഈ ഒരു ചരിത്ര പശ്ചാത്തലത്തിലാണ് ഒരു പ്രവാചക ദൗത്യമെന്നവണ്ണം പാലയ്ക്കൽ തോമസ് മല്പാനും പോരൂക്കര തോമസ് മല്പാനും ചാവറ കുരിയാക്കോസ് ഏലിയാസച്ചനും ചേർന്ന് പുതിയ സന്യാസ സഭയ്ക്ക് രൂപം നൽകുന്നത്.

**വിശുദ്ധ ദർശനം**

സി എം ഐ സഭയുടെ ലക്ഷ്യവും കാഴ്ചപ്പാടും

അതിന്റെ ഉത്ഭവത്തിൽ തന്നെ ദൃശ്യമാണ്. "മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു തപസ്സുഭവനമില്ലായ്കയിൽ ഏറിയ നന്മകൾക്കു വീഴ്ചയായിരിക്കകൊണ്ട് പല പ്രകാരത്തിലും പട്ടക്കാർക്കെങ്കിലും ഒരു ദർശനവീടുണ്ടാക്കണമെന്നുള്ള ആഗ്രഹത്താൽ..." എന്നാണ് അതെക്കുറിച്ച് ചാവറ പിതാവ് തന്നെ പറഞ്ഞിട്ടുള്ളത്. തീക്ഷ്ണമായ സ്വയവിശുദ്ധീകരണത്തിന്റെ സന്യാസ പാത ജീവിതവ്രതമാക്കുന്നതിനു വേണ്ടിയുള്ള തപസുഭവനമായായിരുന്നു വിഭാവനം ചെയ്തത്. അത് ആത്മാക്കളെ നേടുന്നതിനും, സഭയെ നവീകരിക്കുന്നതിനും ഭിന്നിച്ചു നിൽക്കുന്നവരെയും ചിതറിപ്പോയവരെയും ഒരുമിച്ച് കൂട്ടുന്നതിനും വേണ്ടിയായിരുന്നു. നിരക്ഷരർക്കു വിദ്യ പകർന്നു നൽകുന്നതിനും സാധുജന സംരക്ഷണത്തിനായുള്ള ഉപവി പ്രവർത്തനങ്ങൾ ചെയ്യുന്നതിനും സർവ്വോപരി രാജ്യത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കും സംരക്ഷണത്തിനും പ്രാപ്തമാകുന്ന ഒരു സന്യാസ പൗരോഹിത്യജീവിത ദർശനമായിരുന്നു വി. ചാവറ പിതാവിന്റേത്. അങ്ങനെ അന്ന് സമൂഹത്തിൽ നിലനിന്നിരുന്ന 'കുറവുകൾ' നികത്താനുള്ള ഒരു മാർഗദർശനമായിരുന്നു പുതിയ സന്യാസ സഭ. 'കുറവുകൾ' എന്നാൽ എല്ലാത്തരത്തിലുമുള്ള കുറവുകളുമായിരുന്നു, സാമൂഹ്യവും സാംസ്കാരികവും സാമുദായികവും വിദ്യാഭ്യാസപരവുമായ കുറവുകൾ ഉൾപ്പെടെ. "കാട്ടപ്പെട്ട നന്മകൾ ഒക്കെ' ചെയ്യാനുള്ള തുറവി. ഒരു കാലഘട്ടത്തിന്റെ ആവശ്യങ്ങൾ എന്തൊക്കെയാണോ, അത് പ്രവാചക ദൗത്യത്തോടെ നിറവേറ്റാനുള്ള സന്നദ്ധത. ഇങ്ങനെ വ്യക്തമായ ദർശനത്തോടെയായിരുന്നു സി എം ഐ സഭയുടെ പിറവി.

ഓരോ കാലഘട്ടവും പുതിയ പുതിയ സ്വപ്നങ്ങൾ കാണുന്നുണ്ട്. പുതിയ പുതിയ വെല്ലുവിളികൾ നേരിടുന്നുണ്ട്. അവയെ ഏറ്റെടുക്കാനും നേരിടാനും ഓരോ കാലഘട്ടത്തിലും പുതിയ പുതിയ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് വള്ളത്തിൽ യാത്ര ചെയ്തും കാൽനടയായി സഞ്ചരിച്ചും എവിടേക്കെല്ലാം നമ്മെ ആവശ്യമുണ്ടോ, അവിടേക്കെല്ലാം ചാവറ പിതാവും സഭാംഗങ്ങളും യാത്ര ചെയ്തെത്തി. സമൂഹത്തിനു ആത്മീയ ഉണർവും അറിവിന്റെ വെളിച്ചവും നൽകി. അശരണർക്കും ആലംബഹീനർക്കും അഭയവും ആശ്വാസവുമായി മാറി.

മുഖ്യമായും പമ്പാനദിയ്ക്കും ഭാരതപ്പുഴയ്ക്കും മദ്ധ്യേ ഒതുങ്ങിക്കൂടിയിരുന്ന കേരളത്തിലെ സീറോ മലബാർ സഭയ്ക്ക് ആദ്യമായി ഒരു പുതിയ മിഷനറി ചൈതന്യം പകർന്നു നൽകിയത് വാസ്തവത്തിൽ സി എം ഐ സഭയാണ്. ആദ്യം ഹൈറേഞ്ചിലേക്കും തുടർന്ന് മലബാറിലേക്കും സി എം ഐ സഭ കടന്നുചെന്നു. അവിടെയെല്ലാം ക്രൈസ്തവ സഭയ്ക്ക് ശക്തമായ വേരുകൾ സൃഷ്ടിച്ചു. തുടർന്ന് 1962 ൽ സഭയുടെ ആദ്യ നോർത്ത് ഇന്ത്യൻ മിഷൻ പ്രവർത്തനമാരംഭിച്ചു. വളർച്ചയുടെ അടുത്ത ഘട്ടത്തിൽ സി എം ഐ മിഷനറിമാർ സധൈര്യം രാജ്യത്തിനു പുറത്തേക്ക് ക്രിസ്തു സന്ദേശവുമായി ഇറങ്ങിത്തിരിച്ചു. വി. ചാവറ പിതാവിന്റെ ദർശനങ്ങളെ കാലോചിതമായി ആഴത്തിൽ ഉൾക്കൊണ്ടുകൊണ്ട് ഇന്ന് മുപ്പത്തിരണ്ടിൽപരം രാജ്യങ്ങളിലായി സഭാംഗങ്ങൾ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

### മാറ്റം വിദ്യാഭ്യാസത്തിലൂടെ

വിദ്യാഭ്യാസം ഏറ്റവും കൂടുതൽ അനിവാര്യമായിത്തീർന്ന ഒരു കാലഘട്ടത്തിലാണ് സി എം ഐ സഭ ജന്മം കൊള്ളുന്നത്. ആവശ്യം ശക്തമായപ്പോൾ സഭ അതനുസരിച്ച് മുന്നേറി. വിദ്യാഭ്യാസത്തിൽ സമഗ്രത കൊണ്ടുവരാനാണ് സി എം ഐ സഭ അന്നും എന്നും ശ്രമിച്ചിട്ടുള്ളത്; ഇന്നും ശ്രമിച്ചു കൊണ്ടിരിക്കുന്നത്. കാരണം അറിവ് വളരെ പ്രധാനപ്പെട്ടതാണ്. അറിവിന്റെ കുറവാണ് നമുക്കു മുന്നിലെ പ്രശ്നങ്ങളുടെയെല്ലാം കാതൽ. അറിവെന്നത് ഉൾവെളിച്ചം കിട്ടാൻ വേണ്ടി കൂടിയുള്ളതാണ്. അറിവില്ലെങ്കിൽ മനുഷ്യന്റെ ആത്മീയതയ്ക്ക് ആഴമുണ്ടാവില്ല.

സി എം ഐ സഭയുടെ ഏറ്റവും വലിയ സാമൂഹ്യപ്രവർത്തനമായിട്ടാണ് വിദ്യാഭ്യാസ രംഗത്തെ സേവനങ്ങൾ സഭ പരിഗണിച്ചിട്ടുള്ളത്. സി എം ഐ സഭ സാമൂഹ്യപ്രവർത്തനത്തിന്റെ മേഖലയിൽ ഏറ്റവും അടിസ്ഥാനപരമായി ഊന്നൽ നൽകുന്നത് ഓരോ തലമുറയ്ക്കും അതത് കാലഘട്ടത്തിനനുസൃതമായ വിദ്യാഭ്യാസം നൽകുന്നതിലാണ്. ശരിയായ വിദ്യാഭ്യാസ രീതികളാണ് ഏത് സമൂഹത്തെയും ക്രിയാത്മകവും പുരോഗമനാത്മകവുമായ

> “ സി എം ഐ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രത്യേകത തന്നെ ചാവറയച്ചന്റെ ഈ ദർശനങ്ങളാണ്. കുടുംബമാണ് അതിന്റെ അടിസ്ഥാനം. ഭൂമിയിലെ സ്വർഗമാണ് കുടുംബം. തിരിച്ചറിവ് ഉണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം എന്ന് ചാവറ പിതാവ് ചാവരുളിൽ പറയുന്നുണ്ട്

മാറ്റങ്ങളിലേയ്ക്ക് നയിക്കുന്നത്.

'പള്ളിക്കൊരു പള്ളിക്കൂടം' എന്ന ചാവറ പിതാവിന്റെ ഉറച്ച പ്രഖ്യാപനം ഈ മാറ്റത്തിനു നാന്ദികുറിക്കുകയായിരുന്നു. സി എം ഐ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രത്യേകത തന്നെ ചാവറയച്ചന്റെ ഈ ദർശനങ്ങളാണ്. കുടുംബമാണ് അതിന്റെ അടിസ്ഥാനം. ഭൂമിയിലെ സ്വർഗമാണ് കുടുംബം. തിരിച്ചറിവ് ഉണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം' എന്ന് ചാവറ പിതാവ് ചാവരുളിൽ പറയുന്നുണ്ട്. 'ഇതും പോരാ, അവർ (കുട്ടികൾ) പഠിക്കുന്നുണ്ടോ എന്നും, അവർ എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം. ഞായറാഴ്ച തോറും അവർ പഠിച്ചതിനെ പരിശോധിക്കണം.'

ഭാവിതലമുറ എങ്ങനെയെല്ലാം രൂപം കൊള്ളണമെന്ന് ഒന്നര നൂറ്റാണ്ടു മുൻപു തന്നെ ചാവറ പിതാവ് ചാവരുളിൽ ഇത്തരത്തിൽ അക്കമിട്ടു പറഞ്ഞിട്ടുണ്ട്. ആ കുടുംബാന്തരീക്ഷത്തിലുള്ള, കുടുംബസംസ്കാരത്തിലുള്ള വിദ്യാലയങ്ങളും വിദ്യാഭ്യാസവുമാണ് സി എം ഐ സഭ പിന്നീട് സൃഷ്ടിച്ചിട്ടുള്ളത്.

> “ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് വള്ളത്തിൽ യാത്ര ചെയ്തും കാൽനടയായി സഞ്ചരിച്ചും എവിടേക്കെല്ലാം നമ്മെ ആവശ്യമുണ്ടോ, അവിടേക്കെല്ലാം ചാവറ പിതാവും സഭാംഗങ്ങളും യാത്ര ചെയ്തെത്തി. സമൂഹത്തിനു ആത്മീയ ഉണർവും അറിവിന്റെ വെളിച്ചവും നൽകി.

ചാവറ പിതാവ് വിദ്യാഭ്യാസത്തെ നിർവചിച്ചത് 'പഠിത്വം' എന്ന പേരിലാണ്. "കണ്ണിന്റെ വെളിവു കൂടാതെ ലോകത്തുള്ള വസ്തു കാൺമാൻ വശമില്ലാത്തതുപോലെ പഠിത്വം എന്ന വെളിവു കൂടാതെ പരലോകത്തെയും അതിൽ കുടിയിരിക്കുന്ന തമ്പുരാനെയും അറിവാൻ വശമില്ലാത്തതിനാൽ, കണ്ണില്ലാത്തവർ കുരുടന്മാരായിരിക്കുന്നു എന്നതുപോലെ പഠിത്വമില്ലാത്തവർ ജ്ഞാനക്കുരുടന്മാരാകുന്നു."

കുടുംബങ്ങളെയും കുട്ടികളെയും യുവസമൂഹത്തെയും ഏറ്റവും കൂടുതൽ സ്വാധീനിക്കാൻ കഴിയുന്നത് വിദ്യാഭ്യാസ രംഗത്താണ്. ഈ രംഗത്ത് ഇനിയും ഒട്ടേറെ മുന്നേറേണ്ടതുണ്ട്. കാലത്തിനനുസരിച്ച് മാറ്റങ്ങൾ ഉണ്ടാവേണ്ടതും ഏറെ അനിവാര്യവുമാണ്.

**ദരിദ്രർക്ക് നന്മ ചെയ്യുക**

കർത്താവിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഒരു ഹീലിംഗ് ടച്ചുണ്ട്. അവിടുന്ന് കുരുടർക്കു കാഴ്ചയും ബധിരർക്ക് കേൾവിയും മൂകർക്ക് സംസാരശേഷിയും മുടന്തർക്ക് നടക്കാനുള്ള കഴിവും നൽകി.

യേശുവിന്റെ ഈ മാർഗമാണ് എന്നും സി എം ഐ സഭ ഏറ്റവും കൂടുതൽ ഉയർത്തിപ്പിടിച്ചിട്ടുള്ളതും പിന്തുടർന്നിട്ടുള്ളതും. 'അന്യർക്കു വേണ്ടി വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിങ്ങളുടെ



ആയുസിന്റെ ദിവസങ്ങളുടെ
കണക്കിൽ കൂട്ടുകയില്ല്'
എന്ന് വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്ത കാരുണ്യസ്വരൂപനായിരുന്നു ചാവറയച്ചൻ. ചെറുതും ലഘുവുമായ ഇടപെടലുകളിലൂടെ അദ്ദേഹം സമൂഹത്തിൽ അസാദ്ധ്യമായതെന്തും സാദ്ധ്യമാക്കി. അങ്ങനെ അദ്ദേഹം തുടങ്ങിവച്ച ഉപവിശാലയും നമ്മ രണ കൂട്ടായ്മയുമാണ് ഇന്ന് നാടൊട്ടുക്കും കാണുന്ന അനാഥാലയങ്ങളുടെയും പാലിയേറ്റീവ് കേന്ദ്രങ്ങളുടെയും ആദ്യ മാതൃക. ഇവയിൽ പലതും ഇന്നും
സി എം ഐ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നവയാണ്.

അനാഥർക്കും ദരിദ്രർക്കും രോഗികൾക്കും അവഗണിക്കപ്പെട്ടവർക്കും ഭിന്നശേഷികളിൽ പെട്ടവർക്കും വേണ്ടി നിരവധി സ്ഥാപനങ്ങൾ കാലങ്ങളായി സി എം ഐ സഭ നടത്തിവരുന്നുണ്ട്. 'ആകാശപ്പറവകൾ', തെരുവിൽ നിന്നുള്ള കുട്ടികൾക്കുള്ള അഭയകേന്ദ്രങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ തുടങ്ങിയവയൊക്കെ ഇതിന് ഉദാഹരണങ്ങളാണ്. ദളിതർക്കും ആദിവാസി സമൂഹങ്ങളിൽപെട്ടവർക്കും അരികുവൽകൃതർക്കും വേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന ശാക്തീകരണ പ്രവർത്തനങ്ങളാണ് മറ്റൊന്ന്.

ആതുരശുശ്രൂഷാ രംഗം നിലവിൽ ഏറെ വെല്ലുവിളികൾ നിറഞ്ഞതാണെങ്കിലും ആ രംഗത്തും സി എം ഐ സഭ പ്രവർത്തിക്കുന്നു. ഹീലിംഗ് മിനിസ്ട്രി മനുഷ്യരെ ഏറ്റവും സ്വാധീനിക്കാവുന്ന ഒരു മേഖലയാണ്. ക്രിസ്തുവിനെ ഏറ്റവും കൂടുതൽ സ്പർശിച്ച ഒരു രംഗമാണത്. മനുഷ്യരെ മാനസികമായും ശാരീരികമായും സുഖപ്പെടുത്താനാണ് അവിടുന്നു കൂടുതൽ ശ്രമിച്ചത്. ഒത്തിരി പേരെ രക്ഷിക്കാനും സേവിക്കാനും കഴിയുന്ന ഒരു മേഖലയാണ് ആതുരശുശ്രൂഷാരംഗം.

രോഗങ്ങൾക്കുള്ള ചികിത്സ മാത്രമല്ല, ഹെൽത്ത് കെയർ, ഫിസിക്കൽ ആന്റ് മെന്റൽ ഹെൽത്ത്, ഹോളിസ്റ്റിക് ട്രീറ്റ്മെന്റ്, ജീവിതരീതികൾ മൂലമുണ്ടാകുന്ന രോഗങ്ങൾക്കുള്ള ചികിത്സ തുടങ്ങി സമഗ്ര ചികിത്സയുടെ ഒരു രംഗത്തേക്കു തന്നെ ഇനിയും സഭ വളർന്നെത്തേണ്ടതുണ്ട്.

ഒരുമിച്ചുള്ള പ്രവർത്തനമാണ് പുതിയ കാലത്ത് ഏറ്റവും കൂടുതൽ വേണ്ടത്.

> അനാഥർക്കും ദരിദ്രർക്കും രോഗികൾക്കും അവഗണിക്കപ്പെട്ടവർക്കും ഭിന്നശേഷികളിൽപെട്ടവർക്കും വേണ്ടി നിരവധി സ്ഥാപനങ്ങൾ കാലങ്ങളായി സി എം ഐ സഭ നടത്തിവരുന്നുണ്ട്. ആകാശപ്പറവകൾ, തെരുവിൽ നിന്നുള്ള കുട്ടികൾക്കുള്ള അഭയ കേന്ദ്രങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ തുടങ്ങിയവയൊക്കെ ഇതിന് ഉദാഹരണങ്ങളാണ്

വിവിധ സംഘടനകളെയും സന്നദ്ധ പ്രസ്ഥാനങ്ങളെയും സർക്കാരിനെയും ഒരുമിച്ചു നിർത്തിക്കൊണ്ടാണ് സാമൂഹ്യ രംഗത്ത് സി എം ഐ സഭ എന്നും മുന്നോട്ടുപോയിട്ടുള്ളത്. എന്നും ഒരുമയുടെ ഫിലോസഫിയാണ് സിഎംഐയുടേത്. പ്രശ്നങ്ങളുണ്ടാവുമ്പോൾ ഒരുമിച്ചു നേരിടണം. 2018 ലെ പ്രളയകാലം ഇങ്ങനെ ഒരുമയുടെയും തുറവിയുടെയും കാലമായിരുന്നു.

കേരളത്തിലുണ്ടായ ആ പ്രളയത്തിൽ മനുഷ്യർ കൊടിയ ദുരിതങ്ങൾ അനുഭവിച്ചപ്പോൾ സി എം ഐ സഭ അതിന്റെ എല്ലാ സ്ഥാപനങ്ങളും ജനങ്ങൾക്കായി തുറന്നിട്ടു കൊടുത്തു. എല്ലാം എല്ലാവരുടേതുമായി. അതൊരു വലിയ വിളിയായിരുന്നു. വലിയ തുറവിയോടെ ഉണർന്നു പ്രവർത്തിക്കാൻ അക്കാലയളവിൽ സഭ സാധിച്ചു.

**വേണം സാംസ്കാരിക-മാധ്യമ രംഗത്തും മുന്നേറ്റം**

ആധുനിക കാലത്ത് ഏറ്റവും കൂടുതൽ വളർച്ച കൈവരിച്ചിട്ടുള്ള മേഖലകളിലൊന്ന് മാധ്യമ രംഗമാണ്. ഈ രംഗത്ത് സി എം ഐ സഭ കൂടുതൽ മുന്നേറ്റം നടത്തേണ്ടതുണ്ട്.

സെക്യുലറിസം വലിയ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. വിഭാഗീയതയും വർഗീയ ചിന്തകളും എക്കാലത്തെയുംകാൾ കൂടിയിരിക്കുന്നു. മറുപുറത്ത് അസമത്വവും അനീതിയും ഒപ്പം ഒട്ടുവളരെ സാമൂഹ്യതിന്മകളും ഒന്നിനൊന്ന് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെയാണ് മാധ്യമങ്ങളുടെ പ്രസക്തി. സമൂഹത്തിന്റെ മനസ്സാക്ഷിയാണ് മാധ്യമങ്ങൾ. അത് നമ്മുടെ മനസാക്ഷിയെ തൊട്ടുണർത്തണം. മാധ്യമങ്ങളിലൂടെ വർഗീയതയ്ക്കും വിഭാഗീയതയ്ക്കും സാമൂഹ്യ, സാമ്പത്തിക അസമത്വങ്ങൾക്കും തിന്മകൾക്കുമെതിരെ മനുഷ്യരെ ജാഗരൂകരാക്കണം.

വിദ്യാഭ്യാസ രംഗത്ത് വിപ്ലവം സൃഷ്ടിച്ചതു പോലെ തന്നെ മുദ്രണാലയ പ്രേഷിതത്വത്തിനും ചാവറയച്ചൻ അക്കാലത്തുതന്നെ സധൈര്യം തുടക്കം കുറിച്ചിരുന്നു. അങ്ങനെ പുതിയ പ്രസിദ്ധീകരണങ്ങളുണ്ടായി. പുസ്തകങ്ങളുണ്ടായി. അച്ചടി രംഗം വളർന്നു വികസിച്ചു. ഇന്ന് നവമാധ്യമങ്ങളാണ് രംഗത്തുള്ളത്. ഇവയെ പക്വതയോടെയും വിവേകത്തോടെയും ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം.ഈ മേഖലയിലാണ് നാം കൂടുതൽ മുന്നേറ്റം നടത്തേണ്ടത്.

**മതങ്ങളുടെ സമന്വയത**

സർവമത സമന്വയം അല്ലെങ്കിൽ മതങ്ങൾ തമ്മിലുള്ള സൗഹാർദതയാണ് സി എം ഐ സഭ എന്നും മുറുകെ പിടിച്ചു പോന്നിട്ടുള്ളത്. സഭയുടെ വികാസം എന്നും എക്കാലത്തും മതസൗഹാർദപരമായ ചിന്തകളോടും കാഴ്ചപ്പാടുകളോടെയും ആയിരുന്നു. പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ് ഈ കാഴ്ചപ്പാട്. ചുറ്റുമുള്ളവരുടെ മതവികാരങ്ങളെ വ്രണപ്പെടുത്താതെ സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാത തിരഞ്ഞെടുത്തുകൊണ്ടാണ് ചാവറ പിതാവ് മാന്നാനം കുന്നിൽ ആദ്യ ആശ്രമം സ്ഥാപിച്ചതു തന്നെ. ആ ഉദ്യമങ്ങളിലാകട്ടെ അച്ചന്മാരെ സഹായിക്കാൻ നാനാ ജാതി മതസ്ഥരായ ആളുകൾ മുന്നോട്ടുവന്നിരുന്നു. മതസൗഹാർദം അന്നു മുതൽ തുടർന്നിങ്ങോട്ട് എന്നും ഇന്നും സഭാഗാത്രത്തിൽ നിറഞ്ഞും തെളിഞ്ഞും നില്പുണ്ട്.

> “ ഹൈന്ദവരും മുസ്ലീംങ്ങളുമടക്കം എല്ലാ മതസ്ഥരുമായും മതങ്ങളുമായും ഏറ്റവും നല്ല ബന്ധമാണ് സി എം ഐ സഭ എന്നും കാംക്ഷിച്ചിട്ടുള്ളതും നിലനിർത്തിപ്പോന്നിട്ടുള്ളതും. എല്ലാ മതങ്ങളിലും പെട്ടവരുടെ സംഗമസ്ഥാനമാണ് സി എം ഐയുടെ എല്ലാ സ്ഥാപനങ്ങളും. ചാവറ കൾച്ചറൽ സെന്ററുകൾ പോലുള്ള സാംസ്കാരിക പൊതുഇടങ്ങൾ അതിന്റെ ഏറ്റവും നല്ല ഉദാഹരണങ്ങളാണ്.

ഹൈന്ദവരും മുസ്ലീംങ്ങളുമടക്കം എല്ലാ മതസ്ഥരുമായും മതങ്ങളുമായും ഏറ്റവും നല്ല ബന്ധമാണ് സി എം ഐ സഭ എന്നും കാംക്ഷിച്ചിട്ടുള്ളതും നിലനിർത്തിപ്പോന്നിട്ടുള്ളതും. എല്ലാ മതങ്ങളിലും പെട്ടവരുടെ സംഗമസ്ഥാനമാണ് സി എം ഐയുടെ എല്ലാ സ്ഥാപനങ്ങളും. ചാവറ കൾച്ചറൽ സെന്ററുകൾ പോലുള്ള സാംസ്കാരിക പൊതുഇടങ്ങൾ അതിന്റെ ഏറ്റവും നല്ല ഉദാഹരണങ്ങളാണ്.

**പുതിയ കാലഘട്ടത്തിനു വേണ്ടത് കൂടുതൽ ആഴമുള്ള ആത്മീയത**

ആത്മീയ മേഖലയിൽ പുതിയ കണ്ടെത്തലുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ആത്മീയത മതാത്മകമായ കേവല അനുഷ്ഠാനപരതയെ അതിജീവിക്കണം. അതിന് ക്രിസ്തു നമുക്കിടയിൽ, നമ്മിൽ തന്നെ ഉണ്ടെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തണം. വചനം മാംസമാകേണ്ടിയിരിക്കുന്നു. ആത്മീയത ഒരു പ്രവർത്തിയായി മാറണം. ചാവറ പിതാവ് അതാണ് ചെയ്തത്.

പക്വമായ ആത്മീയത കൊടുക്കാൻ അങ്ങനെ സിഎംഐ സഭയ്ക്ക് ഒരു കടപ്പാട് തന്നെയുണ്ട്. ചാവറയച്ചൻ പണ്ടേ അത് ചെയ്തു. കുടുംബ പ്രാർത്ഥനയും ധ്യാനവും അദ്ദേഹം സഭാഗാത്രത്തിൽ ഉൾപ്പെടുത്തി. ധ്യാനത്തിൽ ഒരു സ്വയം കണ്ടെത്തലുണ്ട്. ആ കണ്ടെത്തലാണ് നമ്മെ പിന്നീട് മുന്നോട്ടു നയിക്കുന്നത്.

ദർശന വീട്ടിലാണ് സഭ തുടങ്ങുന്നത് തന്നെ. അത് പിന്നീട് താപസ ഭവനമായി മാറി. ആത്മീയമൂല്യങ്ങളുടെ കണ്ണാടിയാവണം സഭയും സഭാംഗങ്ങളും എന്ന വലിയ സന്ദേശമാണ് അത് നൽകിയത്. ഏതെല്ലാം മൂല്യങ്ങൾ ലക്ഷ്യമിട്ടോ, അതെല്ലാം സാക്ഷാത്കരിക്കണം. ഒപ്പം കാലഘട്ടത്തിനനുസരിച്ച് മുന്നേറുകയും ചെയ്യണം. ചാവറ പിതാവ് ഊന്നൽ നൽകിയത് ഈയൊരു കാഴ്ചപ്പാടിനാണ്. സഭയിൽ ഓരോ കാലഘട്ടത്തിന് അനുസരിച്ചുള്ള ധ്യാനകേന്ദ്രങ്ങളും ധ്യാന പ്രസംഗകരും ഉയർന്നു വന്നിട്ടുണ്ട്. ഒരേ സമയം മൗനത്തിനും മനനത്തിനും ധ്യാനാത്മകതയ്ക്കും ഊന്നൽ നല്കുന്ന കണ്ടംപ്ലേറ്റീവ് ധ്യാനാശ്രമങ്ങളും, കരിസ്മാറ്റിക്ക് ധ്യാന കേന്ദ്രങ്ങളും സഭയിൽ ധാരാളമായി നിലവിൽ വന്നിട്ടുണ്ട്. അവയൊക്കെയും സഭാംഗങ്ങൾക്കും, സാധാരണക്കാർക്കും ആത്മീയ നവീകരണത്തിനും വളർച്ചയ്ക്കും വഴിയൊരുക്കിക്കൊണ്ടുമിരിക്കുന്നു. 1970 വരെ 'ചാവരുൾ' എന്തെന്ന് അധികം ആരും അറിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ അത് പ്രസിദ്ധമാണ്. അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പുതിയ കാലഘട്ടത്തിലും എത്രയോ പ്രസക്തമായി തീർന്നിരിക്കുന്നു!

**ആത്മീയ മുന്നേറ്റവും സാമൂഹ്യ മുന്നേറ്റവും;**

ഇത് രണ്ടും വേണം. ഒന്ന് മറ്റൊന്നിന് രാസത്വരകമായിരിക്കണം. ഭൂമിയുടെ ഉപ്പാകണം സഭയും സഭാംഗങ്ങളും. ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത് സമൂഹത്തെ കൂടി ഉൾപ്പെടുത്തിയുള്ള ആത്മീയതയാണ്. ആത്മീയതയ്ക്ക് കുറെ കൂടി ആഴം കൊടുക്കണം. അങ്ങനെ ആഴം കൊടുത്തുകൊണ്ടു വേണം യുവതലമുറയെ നാം മുന്നോട്ടു നയിക്കേണ്ടത്.

ക്രിസ്തു മലമുകളിലേക്ക് പ്രാർത്ഥിക്കാൻ പോകുന്നത് നോക്കുക. അതേ സമയം തന്നെ അവിടുന്ന് എല്ലാവർക്കും എപ്പോഴും സംലഭ്യനുമായിരുന്നു. രണ്ടും ഒരുപോലെ ജീവിതചര്യയാകുമ്പോഴാണ് ആത്മീയതയ്ക്ക് പൂർണത വരുന്നത്. തനിച്ചു പ്രാർത്ഥിക്കുന്ന, ധ്യാനപരത കുറഞ്ഞുവരുന്ന സമൂഹം വലിയൊരു പ്രശ്നം തന്നെയാണ്. പകരം പരസ്പരം സഹകരിച്ചു വളർത്തുന്ന, മറ്റുള്ളവരെ സ്വന്തം കാലിൽ നിൽക്കാൻ

പ്രാപ്തരാക്കുന്ന ഒരാത്മീയതയാണ് ഇന്നിന്റെ ഏറ്റവും വലിയ ആവശ്യം.

വന്ധ്യമായ ഒരു സമൂഹത്തിന് ഈ വിധം ആത്മീയത കൊടുത്തവരാണ് ചാവറയച്ചനും സി എം ഐ സഭയും. കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു അത്. അങ്ങനെ ഏറിയ നന്മകൾ, ദൈവത്താൽ കാട്ടപ്പെട്ട നന്മകളൊക്കയും സമൂഹത്തിനു നൽകിക്കൊണ്ടിരിക്കുവാൻ വി. ചാവറയച്ചൻ നമ്മെ കടപ്പെടുത്തുന്നുണ്ട്.

**ഇടയർ ആടുകളുടെ ഗന്ധമുള്ളവർ**

സി എം ഐ സഭയിലെ വൈദികർ സ്റ്റീരിയോടൈപ്പല്ല. അവർ തുറന്ന മനസും തുറന്ന സമീപനവും ഉള്ളവരാണ്. ഫോർമേഷൻ ഘട്ടത്തിൽ തന്നെ അവർ അങ്ങനെ ആയിത്തീരുകയാണ്. വൈദിക പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ഭാരതത്തിന്റെ വിവിധ ഇടങ്ങളിലായി വ്യത്യസ്തമായ മത സാംസ്കാരിക പശ്ചാത്തലങ്ങളെ കണ്ടും അറിഞ്ഞും മനസ്സിലാക്കിയുമാണ് തങ്ങളുടെ പരിശീലനകാലം പൂർത്തിയാക്കുന്നത്. അവർ ഗ്രാമങ്ങളിൽ പോയി സേവനമനുഷ്ടിക്കുന്നു. മണ്ണിനെയും മനുഷ്യരെയും അറിയുന്നു. ആടിന്റെ ഗന്ധമുള്ള ഇടയൻമാരായി സേവനം ചെയ്യാൻ പരിശീലനം നേടുന്നു. അത്തരത്തിലുള്ള ഫോർമേഷനാണ് അവർക്ക് സെമിനാരികളിൽ നൽകുന്നത്.

ആഫ്രിക്കൻ രാജ്യമായ നമീബിയയിൽ ഒരു സെമിനാരിയുടെ നടത്തിപ്പ് സി എം ഐ വൈദികരാണ് നിർവഹിക്കുന്നത്. കെനിയായിൽ നമ്മുടെ വൈദിക വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ആഫ്രിക്കയിലും റോമിലും ഓസ്ട്രേലിയയിലും നമ്മുടെ അച്ചൻമാർ സെമിനാരികളിൽ പഠിപ്പിക്കുന്നുണ്ട്.

വലിയ സാദ്ധ്യതകളുള്ള ഒരു കോൺഗ്രിഗേഷനാണ് സി എം ഐ സന്യാസ സമൂഹം. വിശാലമായ ഒരു കാൻവാസിലാണ് അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വൈദികർ പ്രവർത്തിക്കേണ്ടതും അങ്ങനെ തന്നെ. ഇനിയും കൂടുതൽ കൂടുതൽ വൈദികരെ സി എം ഐ വാർത്തെടുക്കേണ്ടതുണ്ട്.

“ ആഫ്രിക്കൻ രാജ്യമായ നമീബിയയിൽ ഒരു സെമിനാരിയുടെ നടത്തിപ്പ് സി എം ഐ വൈദികരാണ് നിർവഹിക്കുന്നത്. കെനിയായിൽ നമ്മുടെ വൈദിക വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ആഫ്രിക്കയിലും റോമിലും ഓസ്ട്രേലിയയിലും നമ്മുടെ അച്ചൻമാർ സെമിനാരികളിൽ പഠിപ്പിക്കുന്നുണ്ട്.

പുതിയ തലമുറ വൈദികർ ഏറെ പ്രോമിസിംഗാണ്. ലോകത്തിലെവിടെയും അർഹതപ്പെട്ട മേഖലകളിൽ പോയി സേവനം അനുഷ്ഠിക്കാൻ അവർ സദാ സന്നദ്ധരാണ്. നമ്മുടെ സാന്നിദ്ധ്യമില്ലാത്ത മേഖലകളിലെല്ലാം കടന്നുചെല്ലാൻ അവർ സദാ തയ്യാറായിരിക്കുന്നു. അങ്ങനെ സേവനമനുഷ്ഠിക്കാനുള്ള ഫോർമേഷൻ നിലവിൽ സെമിനാരി കാലത്തു തന്നെ അവർക്കു നൽകി വരുന്നു.

നിലവിൽ ഒന്നാം ലോകത്തും രണ്ടാം ലോകത്തും മൂന്നാം ലോകത്തും സി എം ഐ വൈദികർ സേവനം ചെയ്യുന്നുണ്ട്. ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ കൂടുതലും, പാസ്റ്ററൽ രംഗത്താണ് സേവനം. അർജന്റീന, ബ്രസീൽ, ഇക്വഡോർ, പെറു, പരാഗ്വേ എന്നിങ്ങനെ വിവിധ രാജ്യങ്ങളിലായി വൈദികർ അജപാലന ശുശ്രൂഷ നടത്തിവരുന്നു. ആഫ്രിക്കൻ രാജ്യങ്ങളിലും പ്രവർത്തനം നടത്തുന്നു. അവിടെ കെനിയയിൽ വിദ്യാഭ്യാസ രംഗത്താണ് കൂടുതലും പ്രവർത്തിക്കുന്നത്. കേരളത്തിൽ ഈ രംഗത്തു ചെയ്യുന്ന എല്ലാ സേവനങ്ങളും (റഗുലർ സ്കൂളുകൾക്കു പുറമെ ഭിന്ന ശേഷിക്കാർക്കു വേണ്ടിയുള്ള സ്കൂളുകളും ദരിദ്ര വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പഠന സഹായങ്ങളും എല്ലാം ഉൾപ്പെടെ) കെനിയ ഉൾപ്പെടെ ആഫ്രിക്കൻ രാജ്യങ്ങളായ സൗത്താഫ്രിക്ക, ഘാന, ടാൻസാനിയ, മഡഗാസ്കർ, നമീബിയ, ബോഡ്സ്വാന എന്നീ രാജ്യങ്ങളിലും സി എം ഐ സഭ മിഷൻ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പുതിയ മിഷൻ പ്രദേശമായി ഇറാഖ്, എത്യോപ്യ, ഉഗാണ്ട എന്നീ രാജ്യങ്ങളിലേയ്ക്കു പോകുവാനായി തയ്യാറെടുത്തുകൊണ്ടുമിരിക്കുന്നു.

യുഎസിലെ മാൾ മിഷൻ പുതിയ ഒന്നാണ്. മാളുകളിൽ പോയി നമ്മുടെ വൈദികർ വിശ്വാസികൾക്കായി ആത്മീയ ശുശ്രൂഷകൾ നടത്തുന്നു. വലിയ സ്വീകാര്യതയാണ് ഇതിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. സുവിശേഷത്തിൽ നമുക്ക് കാണാൻ കഴിയും, എവിടെയാണോ ജനങ്ങൾ ഉള്ളത് അവിടേക്കാണ് കർത്താവ് പോയത്. അതുപോലെ കാലാനുസൃതമായ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് നമുക്കും ജനങ്ങൾ ഉള്ളിടത്തുപോയി സേവനം അനുഷ്ഠിക്കാൻ കഴിയണം.

ഇരുപത്തിയൊന്നാം നൂറ്റാണ്ട് കേരളത്തിന്റെ, ലോകത്തിന്റെതന്നെ സാമൂഹിക, സാംസ്കാരിക, മതപരമായ പൊതു ജീവിതത്തെ പാടെ മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ്. ഈ നവ ഡിജിറ്റൽ യുഗത്തിന്റെ വേലിയേറ്റങ്ങൾക്ക്



സാക്ഷ്യം വഹിക്കുമ്പോഴും ഒട്ടൊക്കെ വിധേയപ്പെടുമ്പോഴും സി എം ഐ സഭ അതിന്റെ ആന്തരികവും ആത്മീയവുമായ നവീകരണത്തിന് കൂടുതൽ മുൻതൂക്കം കൊടുക്കുന്നു. കാലോചിതമായി സ്വയം വിശകലനത്തിനും ആന്തരീകമായ നവീകരണത്തിനും കോമ്പ്രമൈസുകളില്ലാത്ത നിലപാടുകൾ സ്വീകരിക്കുകയും അവ നടപ്പിൽ വരുത്തുന്നതിനും സസൂക്ഷ്മമായ കർമ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.

ഇങ്ങനെ ഉള്ളിൽ നിന്നു തന്നെ സ്വയം നവീകൃതരാകുവാനും എല്ലാ അതിരുകൾക്കപ്പുറത്തേയ്ക്കും ശുശ്രൂഷയുടെ തലങ്ങളെ വ്യാപിപ്പിക്കുവാനുമുള്ള ആഹ്വാനമാണ് സഭ നൽകുന്നത്. അത് ലോകത്തിന്റെ തീർത്തും തിരസ്ക്കരിക്കപ്പെട്ടു കിടക്കുന്ന അരികിടങ്ങളിലെ ജനതകളുടെ ഇടയിലേയ്ക്ക് ശുശ്രൂഷാ ദൗത്യവുമായി ഇറങ്ങിത്തിരിക്കാനുള്ള വിളികൂടിയാണ്. ആഴമുള്ള വിശ്വാസത്തിന്റെ ഉൾക്കരുത്തും ഒരു സ്നേഹ സമൂഹമായി ജീവിക്കുന്നതിന്റെ ഉത്തമ സാക്ഷ്യവും വി. ചാവറ പിതാവിന്റെ ജീവിത മാതൃകയിൽ നിന്ന് ഉൾക്കൊണ്ടു കൊണ്ടായിരിക്കണം സഭാമക്കൾ മുന്നേറേണ്ടത്. ഉദാത്തമായ ആത്മീയാനുഭവങ്ങളിലൂടെ സ്വയം ശക്തിപ്പെടുന്നതിനുള്ള ആത്മാർത്ഥമായ ദാഹത്തോടെയുള്ള പരിശ്രമങ്ങൾക്കായിരിക്കണം ഊന്നൽ നൽകേണ്ടത്.


ആത്മീയമായ മുന്നേറ്റത്തിലൂടെ പാവപ്പെട്ടവരോടും അരികുവൽക്കരിക്കപ്പെട്ടവരോടുമുള്ള അനുകമ്പാർദ്രായ സമീപനം രൂപപ്പെടുത്തിയെടുക്കുക. കുട്ടികളോടും യുവാക്കളോടും കുടുംബങ്ങളോടുമുള്ള സമഗ്രവും സഹയാത്രചെയ്യുന്നതുമായ ഒരു പുതു വീക്ഷണം വളർത്തിയെടുക്കുക. എല്ലാവരേയും ഉൾക്കൊള്ളുന്ന പുതിയ ലോകദർശനത്തിന്റെയും കാഴ്ചപ്പാടിന്റേയും ശുശ്രൂഷാ മേഖലകളിലേയ്ക്ക് സധൈര്യം ഇറങ്ങി പുറപ്പെടുക. സകലർക്കും നീതിയും സമാധാനവും പുരോഗതിയും സംജാതമാക്കുന്ന പുതുവഴികളെ തുറന്നു കൊടുക്കുന്നവരായി മാറുക, എല്ലാറ്റിനുമുപരിയായി നാം അധിവസിക്കുന്ന ഈ ഭൂമിയെ സംരക്ഷിച്ചും പരിപാലിച്ചും വരും തലമുറകൾക്കുവേണ്ടി കൂടി കാത്തുസൂക്ഷിക്കുക, പുതിയ കാലഘട്ടത്തിന്റെ നവമാധ്യമങ്ങളെയും നെറ്റ് വർക്ക് സംവിധാനങ്ങളെയും അജപാലന ശുശ്രൂഷാ മേഖലയിൽ സമർത്ഥമായി ഉപയോഗപ്പെടുത്തുക എന്നിങ്ങനെ ഉയർന്ന ചിന്തയും, ജീവിതബോധ്യങ്ങളും ആത്മീയ ദർശനവും മുന്നോട്ടു വയ്ക്കുന്ന സമഗ്രമായ വീക്ഷണത്തിന്റെ നിലപാടുകളെയാണ് സഭ മുന്നോട്ടു വയ്ക്കുന്നത്.

**ലക്ഷ്യം മൂന്നാം ലോകം**

സുവിശേഷവൽക്കരണം എവിടെയായാലും അടിസ്ഥാനപരമായി മനുഷ്യന്റെ ആത്മീയ മോചനമാണ് ലക്ഷ്യംവയ്ക്കുന്നത്. അതിലൂടെ വ്യക്തികളുടെ സർവ്വോന്മുഖമായ മോചനം സാദ്ധ്യമാകണം. രാഷ്ട്ര നിർമിതിക്കും സമൂഹ നിർമിതിക്കും സമൂഹ നവോത്ഥാനത്തിനും അത് ഉപകരിക്കണം. ചാവറയച്ചന്റെ മക്കളിൽ നിന്ന് അതാണ് ഉണ്ടാവേണ്ടത്; മനുഷ്യ മനസുകളെ സംസ്കരിക്കുന്ന മാറ്റം ഉണ്ടാവണം. ദൈവത്തിന്റെ സദ്വാർത്ത പങ്കുവയ്ക്കപ്പെടണം. ദൈവ സന്ദേശം സമൂഹത്തിലേക്ക് എത്തണം.

സുവിശേഷവത്കരണം വിവിധ പ്രവർത്തനങ്ങളിലൂടെ നാം നടത്തുന്നു. തമ്പുരാൻ തുടങ്ങിവച്ച ദൗത്യം നാം മനുഷ്യരും തുടരുന്നു. ആത്മീയവും സാമൂഹ്യവുമായ വളർച്ച കൈവരിക്കാൻ, മറ്റുള്ളവർക്ക് അത് കരഗതമാക്കാൻ നാമും അനവരതം പ്രവർത്തിക്കുന്നു.

സി എം ഐ സഭ സ്ഥാപിക്കപ്പെട്ടത് 1831 ലാണ്. അവിടെ നിന്ന് 2031 ൽ എത്തുമ്പോൾ സഭ സ്ഥാപിതമായിട്ട് 200 വർഷം തികയും. വരും വർഷങ്ങളിൽ ലോകത്തിന്റെ കൂടുതൽ അതിർത്തികളിലേക്കുള്ള ആത്മീയ മുന്നേറ്റമായി, സാമൂഹ്യ മുന്നേറ്റമായി സഭ മാറണം. ലോകത്തിൽ എല്ലായിടത്തും ഈ മിഷനറി കോൺഗ്രിഗേഷൻ എത്തിച്ചേരണം. ഗ്ലോബൽ മിഷനാണ് സി എം ഐ സന്യാസ സഭയുടെ ഭാവി ലക്ഷ്യം; വിശേഷിച്ചും മൂന്നാം ലോകരാജ്യങ്ങൾ. അതിനുള്ള നിറവിലേക്കാണ് സി എം ഐ സഭ നീങ്ങിക്കൊണ്ടിരിക്കുന്നത്; പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത്.



# വി. ചാവറ കുര്യാക്കോസച്ചൻ പൊതുസമൂഹത്തിന്റെ കാഴ്ച്ചയിൽ

ആനന്ദ് ജി.

എല്ലാ കാലവും കാത്തു വയ്ക്കാറുണ്ട് ദിവ്യ തേജസുള്ള ചില കർമധീരരെ. താൻ ജീവിക്കുന്ന കാലഘട്ടത്തെ തന്നെ പുതുചൈതന്യത്താൽ ഉദ്ദീപ്തമായ സമഗ്ര പരിവർത്തനത്തിലേയ്ക്ക് മാറ്റി പ്രതിഷ്ഠിക്കുവാൻ വേണ്ടി.നൂറ്റാണ്ടുകളുടെ സംക്രമണങ്ങളെ അതിജയിച്ച് അവർ യുഗപ്രഭാവൻമാരായങ്ങനെ തെളിഞ്ഞു നിൽക്കും, വരും തലമുറകൾക്ക് വഴിവെളിച്ചം കാട്ടാൻ. കർമധീരതയുടെ ഇത്തരം ദിവ്യതേജസ്വികളെയാണ് നമ്മൾ നവോത്ഥാന നായകന്മാർ എന്നു വിളിക്കുക.കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഈവിധം അനുസ്മരിക്കപ്പെടേണ്ട മഹത് വ്യക്തികളിലൊരാളാണ് വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്ന സത്യം നിഷ്പക്ഷമായി ചരിത്രത്തെ അപഗ്രഥിച്ചു മനസ്സിലാക്കിയിട്ടുള്ള പണ്ഡിതന്മാർ ഇതിനോടകം നിസ്തർക്കം രേഖപ്പെടുത്തിയിട്ടുണ്ട്


ജാതീയവും സാംസ്കാരികവും സാമൂഹികവുമായ ഉച്ചനീചത്വങ്ങളും അനീതികളും കൊടികുത്തിവാണിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഇരുളിലേയ്ക്ക് വന്നു ജന്മമെടുക്കുകയും താൻ ജീവിച്ച ആ കാലഘട്ടത്തെ തന്നെ അറിവിന്റേയും ആത്മബോധത്തിന്റേയും അനന്യമായ അലിവിന്റെയും ഉണർവിലേയ്ക്ക് കൈപിടിച്ചുയർത്തുകയും ചെയ്ത ദിവ്യ തേജസ്വിയായി പരിണമിക്കുകയാണ് വി. ചാവറയച്ചൻ. ഏതു ദേശത്തിന്റെയും സാംസ്കാരിക സാമൂഹിക ചരിത്രം എല്ലാകാലത്തും എഴുതപ്പെടുക നടപ്പ് രാഷ്ട്രീയ ബലങ്ങളെ പിൻപറ്റിനിന്നാകയാൽ തന്നെ ഇത്തരം ചില മഹത് വ്യക്തികൾ ദീർഘകാലത്തേയ്ക്കു തന്നെ വിസ്മരിക്കപ്പെട്ടു പോയിട്ടുണ്ട് എന്നതിൽ അത്ഭുതത്തിനു തെല്ലും വകയില്ല. എന്നാൽ ശ്രേഷ്ഠമായവയൊന്നും നിത്യകാലത്തേയ്ക്ക് മറച്ചു വയ്ക്കാനാവില്ല എന്നതിന് കാലം ഇവിടെ സാക്ഷിയാവുകയാണ്. പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളെ മറികടന്ന് നാം ജീവിക്കുന്ന ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ പണ്ഡിതശ്രേഷ്ഠരും ഏറെ അത്ഭുതത്തോടെയാണ്ചാവറയച്ചൻ എന്ന അപൂർവ്വ പ്രതിഭയെ, ദൈവീക മനുഷ്യനെ അപഗ്രഥിച്ചു മനസ്സിലാക്കുകയും ധൈര്യപൂർവ്വം പൊതുസമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുകയും ചെയ്യുന്നത്. എന്നാലോ ഇനിയും ഏറെ ആഴത്തിലും പരപ്പിലും പഠിച്ച് മനസ്സിലാക്കുകയും ചർച്ചചെയ്യപ്പെടുകയും ചെയ്യേണ്ട അതുല്യവ്യക്തിത്വമാണ് വി. ചാവറ പിതാവ് എന്നാണ് ചരിത്രകാരന്മാർ ആവർത്തിച്ചു പറഞ്ഞു കൊണ്ടിരിക്കുന്നത്.

ഒരേ സമയം ഒരു യോഗീവര്യന്റെ ആത്മനിഷ്ഠകളെ ഹൃദയത്തോട് ചേർത്തു പിടിക്കുകയും വ്യതിരിക്തമായ കർമ്മപഥത്തിലൂടെ നവോത്ഥാനത്തിന്റെ തിരിതെളിക്കുകയും കേരളസമൂഹത്തെ മാറ്റത്തിന്റെ പന്ഥാവിലൂടെ കൈപിടിച്ചു നയിക്കുകയുമാണ് ഈ പുണ്യപുരോഹിതൻ. ഈശ്വരനെ ലോകത്തിന്റെ കണ്ണിലൂടെ കാണുന്നതിനുപകരം ലോകത്തെ ഈശ്വരന്റെ കണ്ണിലൂടെ കാണാൻ പഠിപ്പിക്കുന്ന ശ്രേഷ്ഠതയാണ് അദ്ദേഹം പകർന്നു നൽകിയത്. യശശ്ശരീരനായ പ്രഗത്ഭ വാഗ്മിയും സാഹിത്യകാരനുമായ ഡോ. സുകുമാർ അഴീക്കോട് വി. ചാവറയച്ചനെ ഇപ്രകാരമാണ് അനുസ്മരിക്കുന്നത്. "വാക്ക് , മനസ്സ് , പ്രവൃത്തി എന്നീ ത്രിവിധ ഉപകരണങ്ങൾ കൊണ്ട് അദ്ദേഹം ദൈവത്തെ സ്നേഹിച്ചു. മനുഷ്യരെ സേവിച്ചു. താനിരിക്കുന്ന ഇരുട്ട് നിറഞ്ഞ ലോകത്തിൽ പ്രഭാപൂർണമായ ഒരു ജീവിതം നയിച്ചു. സ്വന്തം കുടുംബത്തെ വിശ്വകുടുംബത്തിൽ ലയിപ്പിച്ച് പ്രവർത്തിക്കുവാൻ വ്രതമെടുത്തവരാണ് സന്ന്യാസികൾ. അങ്ങനെ അവർ ദൈവത്തിന്റെ വിരലുകളായി മാറി മാനവ സേവയെ ജീവിത നിഷ്ഠയാക്കി മാറ്റുന്നു." അദ്ദേഹം നിരീക്ഷിക്കുന്നതുപോലെ ചാവറയച്ചൻ കർമ്മനിരതമായ തന്റെ ജീവിതം ഇപ്രകാരം വിശ്വകുടുംബത്തിന്റെ സമസ്ത നന്മകൾക്കുമായി ഉഴിഞ്ഞുവെയ്ക്കുന്നതായാണ് നാം കാണുന്നത്. താൻ ജീവിക്കുന്ന പൊതുസമൂഹത്തിന്റെ സമഗ്രവളർച്ചയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.വിദ്യാഭ്യാസത്തെ എല്ലാവർക്കും സംലഭ്യമാക്കാൻ, ആശാൻകുടിപ്പള്ളിക്കുടങ്ങളെ ചുറ്റിപ്പറ്റിനിന്നിരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തെ പൊതുഇടത്തിലേയ്ക്ക് സധൈര്യം പറിച്ചു നട്ടു. ജാതിമതഭേദമന്യേ ഏവർക്കും വിദ്യ അഭ്യസിക്കുവാനുള്ള അവകാശം സംജാതമാക്കിക്കൊണ്ട് പൊതു പള്ളിക്കൂടങ്ങളാരംഭിച്ചു. പരമ്പരാഗത സെമിനാരി പരിശീലനരീതികളെ മാറ്റിമറിച്ചുകൊണ്ട് മലയാളക്കരയിൽ പട്ടക്കാർക്ക് പരിശീലനം

> “ ജാതീയവും സാസ്ക്കാരികവും സാമൂഹികവുമായ ഉച്ചനീചത്വങ്ങളും അനീതികളും കൊടികുത്തിവാണിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഇരുളിലേയ്ക്ക് വന്നു ജന്മമെടുക്കുകയും താൻ ജീവിച്ച ആ കാലഘട്ടത്തെ തന്നെ അറിവിന്റേയും ആത്മബോധത്തിന്റേയും അനന്യമായ അലിവിന്റെയും ഉണർവിലേയ്ക്ക് കൈപിടിച്ചുയർത്തുകയും ചെയ്ത ദിവ്യ തേജസ്വിയായി പരിണമിക്കുകയാണ് വി. ചാവറയച്ചൻ.

> “ മതമൊ ജാതിയൊ നോക്കാതെ വിദ്യാഭ്യാസത്തിലൂടെ ഒരു സമൂഹത്തെ പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽ നിന്നു മോചിപ്പിക്കാൻ കഠിനമായും സാഹസിക മായും പരിശ്രമിച്ച ചാവറയച്ചൻ നമ്മുടെ നവോത്ഥാന നായകന്മാർക്കിടയിൽ സുപ്രധാന സ്ഥാനം അർഹിക്കുന്ന ശ്രേഷ്ഠ വ്യക്തിത്വമാണെന്നും അദ്ദേഹം സമർത്ഥിക്കുന്നു.

നേടാൻ ഏതദ്ദേശീയമായ ഒരു പൊതു സെമിനാരി മാന്നാന ത്താരംഭിച്ചു.സാധുജനസേവന ത്തിനുതകുന്ന നൂതന കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നട പ്പിൽ വരുത്തി. അന്നവും വിദ്യയും അന്തസ്സും ആത്മീയ തയും നൽകി താനുൾപ്പെട്ട സമൂഹത്തെ കാലോചിതമായ സംസ്കാരിക സമ്പന്നതയി ലേയ്ക്ക് ഈ മഹാത്മാവ് വളർത്തിയെടുക്കുകയായിരു ന്നു. തേജോമയമായ ആത്മവി ശുദ്ധിയിലേയ്ക്ക് ഒറ്റയ്ക്കു നടന്നു നീങ്ങുമ്പോഴും ചാവറയ ച്ചനെന്ന ദൈവീക മനുഷ്യന്റെ ഹൃദയം തനിക്കു ചുറ്റുമുള്ള നിരാലംബരായ ജനതയെ കാരുണ്യത്തോടെ ശുശ്രൂഷിക്കു കയും വളർത്തുകയും ചെയ്യുക യാണ്. “യഥാർത്ഥമായ ആത്മീ യത ഒരിക്കലും ഭൗതീക ജീവി തത്തെ അവഗണിക്കുന്നില്ല. നാം ജനിക്കുന്ന സമൂഹത്തിൽ നമ്മെ തൊട്ടുരുമ്മി നിൽക്കുന്ന ജീവിതവൈഷമ്യങ്ങളും പ്രശ്ന ങ്ങളും അഭിമുഖീകരിക്കേണ്ട ബാധ്യതയാണ് ദൈവം നമ്മിൽ സമർപ്പിച്ചിരിക്കുന്നത്. ഈ ബാധ്യതയെ നിറവേറ്റുന്നതിനു വേണ്ടി ചാവറയച്ചൻ സമൂഹ ത്തിന്റെ നാനാമേഖലകളിലേക്ക് തന്റെ പ്രവർത്തനങ്ങൾ വ്യാപി പ്പിച്ചു” എന്നാണ് പ്രഫ. എം. കെ സാനു ചാവറയച്ചനെന്ന പുണ്യപ്രതിഭയെകുറിച്ച് തന്റെ നിരീക്ഷണകുറിപ്പുകളിൽ പറഞ്ഞു വയ്ക്കുന്നത്. മതമോ ജാതിയോ നോക്കാതെ വിദ്യാ ഭ്യാസത്തിലൂടെ ഒരു സമൂ ഹത്തെ പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽ നിന്നു മോചിപ്പി ക്കാൻ കഠിനമായും സാഹസിക മായും പരിശ്രമിച്ച ചാവറയച്ചൻ നമ്മുടെ നവോത്ഥാന നായക ന്മാർക്കിടയിൽ സുപ്രധാന സ്ഥാനം അർഹിക്കുന്ന ശ്രേഷ്ഠ വ്യക്തിത്വമാണെന്നും അദ്ദേഹം സമർത്ഥിക്കുന്നു.



തിരുവിതാംകൂറിന്റെ ചരിത്ര ത്തിൽ താഴ്ന്ന ജാതിക്കാരെ കൊണ്ട് കഠിനമായി പണിയെടു പ്പിക്കുകയും തുച്ഛമായ കൂലി കൊടുക്കുകയും ചെയ്തിരുന്ന, മനുഷ്യനെന്ന പരിഗണന പോലും ചിലപ്പോൾ ലഭി ക്കാതെ പോയിരുന്ന ഒരു കാലത്ത് വേലക്കാരന് ന്യായ മായ കൂലി കൊടുത്തിരിക്കണം എന്ന് കർശനമായി നിഷ്കർഷി ക്കാനും അത് നടപ്പിൽ വരുത്തു വാനും ചാവറയച്ചൻ മുന്നിട്ടിറ ങ്ങുകയാണ്. ജന്മം സ്ത്രൈണ മായി പോയതുകൊണ്ട് മാത്രം വീടെന്ന നാല് ചുവരുകൾക്കു ള്ളിൽ മാത്രം ഒതുങ്ങിക്കൂടു വാൻ വിധിക്കപ്പെട്ടവർക്കു വേണ്ടി പുതിയ വിദ്യാഭ്യാസ രീതികൾ ആവിഷ്കരിക്കുകയും താൻ സ്ഥാപിച്ച പുരോഹിത ഗണത്തെപോലെ തന്നെ സമൂ ഹത്തിന്റെ നെടുംതൂണായി നിന്നുകൊണ്ട് പ്രവർത്തിക്കു വാൻ വേണ്ടി അവർക്കായി സന്ന്യാസിനി മഠം സ്ഥാപി ക്കുകയുമാണ്. സ്വാതന്ത്ര്യത്തി ലേക്കും സമത്വത്തിലേക്കും അറിവിന്റെ പുതുവെളിച്ചത്തി ലേക്കും സ്ത്രീ സമൂഹത്തെ ആ ദീർഘദർശി രൂപപ്പെടുത്തി യെടുക്കുകയായിരുന്നു. നാടിന്റെ നന്മയ്ക്കും

വളർച്ചയ്ക്കും വേണ്ടി ഉഴിഞ്ഞു വയ്ക്കപ്പെട്ട ഒരു ജീവിതം. തന തുഭാഷയിൽ സുറിയാനിക്കാർക്കും പ്രാർത്ഥനകൾ സ്വായത്തമാക്കണമെന്നാഗ്രഹിച്ച അദ്ദേഹം വലിയ ക്ലേശങ്ങൾ സഹിച്ച് മുദ്രണാലയം മാന്നാനത്തു സ്ഥാപിക്കുമ്പോൾ അത് മലയാളനാടിന്റെ മാധ്യമ വിപ്ലവത്തിന് തുടക്കം കുറിക്കുകയായിരുന്നു. പിന്നീട് ഇതേ മുദ്രണാലയത്തിൽ നിന്നുതന്നെ മലയാളികളുടെ ആദ്യ ദിനപത്രം 'നസ്രാണിദീപിക' പ്രസിദ്ധീകരിക്കപ്പെടുകയാണ്. കേരള പത്രപ്രവർത്തന ചരിത്രം ഈ ക്രാന്തദർശിയോട് അത്രമേൽ കടപ്പെട്ടിരിക്കുന്നു. താൻ ജീവിച്ചിരുന്ന കാലഘട്ടത്തെ തന്നെ അത്യപൂർവ്വമാംവിധം മാറ്റിയെടുക്കുമ്പോഴും കേരളീയജനതയുടെ തനതു സംസ്കൃതി ചോർന്നുപോകാതെ കാത്തുസൂക്ഷിക്കുന്നതിൽ അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു. അതുകൊണ്ട് ഭാരതീയമായ, കേരളീയമായ ആചാര മര്യാദകളുടെ പക്വമായ വാങ്ങലുകളെ ക്രൈസ്തവ ജീവിത ചുറ്റുപാടുകളിലേയ്ക്ക് അദ്ദേഹം പ്രാഗത്ഭ്യത്തോടെ ചേർത്തു നിർത്തുന്നുണ്ട്. മറ്റൊരു രീതിയിൽ വിലയിരുത്തുമ്പോൾ കെട്ടകാലത്തിന്റെ കെട്ടുപാടുകളിൽ നിന്നും കാലോചിതമായി തീർത്തും സംസ്കൃതമായ പൊതുസമൂഹം, ആയതിനുവേണ്ടിയായിരുന്നു അദ്ദേഹത്തിന്റെ തീവ്ര പരിശ്രമങ്ങൾ. അതുകൊണ്ടുതന്നെ ചരിത്രപണ്ഡിതനായ എ. ശ്രീധരമേനോൻ ഈ പുണ്യ വൈദികനെക്കുറിച്ച് സംശയലേശമന്യേ പറഞ്ഞു വയ്ക്കുന്നത് ഇപ്രകാരമാണ്: "ചാവറയച്ചന്റെ സന്ദേശവും ജീവിതവും നേട്ടങ്ങളും കത്തോലിക്കാ സമുദായത്തിനു മാത്രമുള്ളതല്ല മറിച്ച് എല്ലാ സമുദായങ്ങൾക്കും എല്ലാക്കാലത്തും അവ പ്രസക്തമാണ്. കാലത്തിനുമുമ്പേ ജനിച്ച മഹാനായിരുന്നു ചാവറ കുര്യാക്കോസച്ചൻ."

പുറത്ത് മാറ്റങ്ങളുടെ ഘോഷയാത്ര നടത്തി മുന്നേറുമ്പോഴും നിരന്തരം തന്നിലേക്കു തന്നെ തിരിഞ്ഞു നോക്കുകയും തന്റെ കുറവുകളേയും നിസാരതയേയും ആഴത്തിൽ മനസ്സിലാക്കുകയും ചെയ്ത തപോധനനായിരുന്നു അദ്ദേഹം. തന്റെ ആത്മബോധത്തെ ഈശ്വരനിലേക്കു ചേർത്തുനിർത്തുവാൻ ചാവറയച്ചൻ ബദ്ധശ്രദ്ധനായിരുന്നു. ഈശ്വര ധ്യാനത്തിലൂടെ അനിർവചനീയമായ അലിവോടെ കാലത്തെ മനസ്സിലാക്കുകയും മനുഷ്യരെ ശുശ്രൂഷിക്കുകയും ചെയ്ത




ദിവ്യപുരുഷൻ. അദ്ദേഹം രചിച്ച കൃതികൾ തികഞ്ഞ സാഹിത്യ സൃഷ്ടികളായി സാഹിത്യ നിപുണന്മാർ വാഴ്ത്തിപ്പറയുന്നുണ്ടെങ്കിലും ഉള്ളിലേയ്ക്ക് ഇറങ്ങുമ്പോൾ അവ നിരന്തരമായ ഈശ്വര സാധനയിലൂടെ പരമമായ സത്യത്തിലേയ്ക്ക് ലയിക്കാൻ വെമ്പുന്ന മനുഷ്യാത്മാവിന്റെ അവിരാമമായ ദാഹത്തെയാണ് മുദ്രിതമാക്കുന്നത്.

സാധാരണ ജനങ്ങൾക്കുകൂടി പരിചിതമായ കാവ്യഭാഷയിൽ വിശ്വാസത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നവയായിരുന്നു അദ്ദേഹത്തിന്റെ രചനകൾ.

എഴുത്തച്ഛൻ കാലഘട്ടം പകർന്നു നൽകിയ ഭാഷാസമൃദ്ധിയെ ചാവറയച്ചൻ വേണ്ടുംവണ്ണം മനസ്സിലാക്കുകയും കൃത്യമായി താൻ ജീവിക്കുന്ന കാലഘട്ടത്തിലെ സാമാന്യ ജനത്തിന്റെ അറിവുകൾക്ക് അനുക്രമമായി ചിട്ടപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഭാഷാ പണ്ഡിതനായ പി. കെ രാജശേഖരന്റെ വാക്കുകൾ ഈ നിരീക്ഷണത്തിനു പിൻബലമാവുന്നുണ്ട്.

“തദ്ദേശീയമായ ഭാഷയെ ഉപയോഗിച്ച് തന്റെ രചനകളെ സാധാരണക്കാരിലേക്കു സന്നിവേശിപ്പിക്കുവാൻ കഴിഞ്ഞതിനാലാണ് പാതിരി മലയാളത്തിന്റെ സ്വാധീനത്തിൽപ്പെടാതെ തനതുഭാഷയുടെ വഴിയിലൂടെ ചാവറകൃതികൾക്ക് ആസ്വാദനലബ്ധിയുണ്ടായത്” എന്നാണ് അദ്ദേഹം പറഞ്ഞു വയ്ക്കുന്നത്.

ചിട്ടയും ക്രമവും ഈശ്വര സാന്നിദ്ധ്യവും നിറഞ്ഞുനിൽക്കുന്ന കുടുംബാന്തരീക്ഷത്തിനും സാമൂഹ്യാവസ്ഥയ്ക്കും വേണ്ടിയാണ് ഈ കർമ്മയോഗി തന്റെ ജീവിതത്തെ നിരന്തര സാധനയാക്കിയത്. ഹൃദയ നിയോഗങ്ങളെ പൂർണമായും ഈശ്വരനിലർപ്പിച്ചുകൊണ്ട് മനുഷ്യരിലേക്കിറങ്ങിത്തിരിച്ചതുകൊണ്ടാണ് വിപ്ലവത്തിന്റെ ശുക്ര നക്ഷത്രമായി അദ്ദേഹം വാഴ്ത്തപ്പെടുന്നത്. പ്രഫ. എം. ലീലാവതിയുടെ വാക്കുകൾ കടമെടുത്താൽ “ഏത് ഇരുട്ടുമുറ്റിയ കഠോരകാലഘട്ടത്തിലും ആത്മബലി സന്നദ്ധതയോടുകൂടിയ ഋഷിതേജസ്വികൾ ഉദിച്ചുയരാം, പ്രഭ ചൊരിയാം, ആ പ്രകാശ പുഞ്ജങ്ങളിൽ നിന്ന് സാധാരണരായ മനുഷ്യർക്ക് ഒരു കൈത്തിരി കത്തിച്ചെടുക്കാനും അതിന്റെ പ്രകാശനാളം ഹൃദയത്തിൽ കെടാതെ സൂക്ഷിക്കുവാനും കഴിയും.” ആ പ്രകാശനാളം ഇപ്പോഴും കെടാതെ മിന്നി നിൽക്കുന്നതുകൊണ്ടുതന്നെയാണ് ഈ പുണ്യപുരുഷന്റെ പാത പിൻതുടർന്നവർ ഒരു വലിയ സന്ന്യാസ സമൂഹമായി ലോകം മുഴുവൻ പടർന്നു വളർന്നു വിവിധ ശുശ്രൂഷകളിൽ നിമഗ്നരായി ജീവിച്ചുകൊണ്ടിരിക്കുന്നത്.



ചാവറയച്ചൻ 1844-ൽ ഉണ്ടാക്കിയ മരപ്രസ്സ്

കേരളത്തിന്റെ നവോത്ഥാന നായകരിൽ മുൻനിരയിൽ തന്നെ പരിഗണിക്കപ്പെടേണ്ട വ്യക്തിത്വമാണ് ചാവറകുര്യാക്കോസച്ചന്റേത് എന്ന് നിസ്തർക്കം പറഞ്ഞുവെയ്ക്കുമ്പോൾതന്നെ ചിന്തകനും ചരിത്രകാരനുമായ പി. ഗോവിന്ദപ്പിള്ള അദ്ദേഹത്തെ സാരൂപ്യപ്പെടുത്തുന്നത് വി. ഫ്രാൻസിസ് അസ്സീസിയോടും വി. ഇഗ്നേഷ്യസ് ലയോളയോടും മറ്റുമാണ്. ജ്ഞാന കർമ്മ ധ്യാന യോഗങ്ങളെ സമ്യക്കായി സമരസപ്പെടത്തി സ്വജീവിതത്തിൽ പുതിയൊരു സന്ന്യാസ പാഠം തന്നെ രൂപപ്പെടുത്തുകയും അത് തന്നെ സ്നേഹിച്ചവർക്കും ചാരെ അനുഗമിച്ചവർക്കുമായി അദ്ദേഹം പകർന്നു നൽകുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ദീപ്തസ്മരണയുടെ ജ്വലനമായിരിക്കണം ആ പുണ്യാത്മാവിന്റെ പാത പിന്തുടരുന്ന ഈ വലിയ സി എം ഐ സമൂഹത്തിന്റെ ആത്മബലവും കർമ്മശേഷിയും. ■



# അതിർവരമ്പുകൾ കടന്ന്... പിന്നെയും...

ജെയിംസ്

ഭാരതത്തിന് പുറത്ത് സി എം ഐ സഭ പ്രവർത്തനം ആരംഭിച്ച ആദ്യ മിഷൻ പ്രദേശമായിരുന്നു ഇറാഖ് മിഷൻ. അക്കാലഘട്ടത്തിലെ ചില പ്രത്യേക സാഹചര്യം കൊണ്ട് ഇറാഖിൽ അധിക നാൾ മിഷൻ പ്രവർത്തനം നടന്നില്ലെങ്കിലും ലോകത്തിന്റെ വിവിധ ഇടങ്ങളിൽ, വിദൂരതകളിൽ വരെ സി എം ഐ സഭ എത്തിച്ചേരുന്നതായാണ് പിന്നീടു കണ്ടത്. ഇപ്പോഴാകട്ടെ ഇറാഖ് മിഷൻ വീണ്ടും പുനരാരംഭിക്കുകയുമാണ്.

വളരെ നേരത്തെ തന്നെ റോമിൽ പഠനാവശ്യങ്ങൾക്കും മറ്റുമായി പോയിരുന്ന സി എം ഐ വൈദികരെ കേന്ദ്രീകരിച്ച് വിദേശ രാജ്യങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. വിദേശത്തെ ആദ്യ മിഷൻ എന്നു വേണമെങ്കിൽ ഇതിനെ വിശേഷിപ്പിക്കാം. അങ്ങനെ ഒന്നാം ലോകത്തും ലോകത്തിന്റെ മറ്റിടങ്ങളിലും എത്തിച്ചേരുന്ന സി എം ഐ വൈദികർ അവർ ചെല്ലുന്നിടത്തെല്ലാം ആ സ്ഥലത്തെ ആവശ്യമനുസരിച്ച് അജപാലന ശുശ്രൂഷകൾ ചെയ്തു തുടങ്ങി.

യൂറോപ്പിലും അമേരിക്കയിലുമൊക്കെ നിലവിൽ ആത്മീയ ശുശ്രൂഷകൾക്ക് വൈദികർ തീരെ കുറവാണ്; എന്നല്ല ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുകയുമാണ്. വൈദികരുടെ ആവശ്യം ഇവിടെ കൂടുതൽ കൂടുതൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ആത്മീയ ശുശ്രൂഷകൾക്ക് ആവശ്യം വരുമ്പോൾ സി എം ഐ വൈദികർ അത് നിറവേറ്റിക്കൊടുക്കുന്നത്.

ഇന്ത്യയ്ക്കു പുറത്ത് 32 രാജ്യങ്ങളിലായി സി എം ഐ വൈദികർ അജപാലന ശുശ്രൂഷകളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇന്ത്യയിൽ നിന്നുള്ള സി എം ഐ വൈദികരെ അങ്ങേയറ്റം മതിപ്പോടെയാണ് പുറം രാജ്യങ്ങൾ കാണുന്നത്. വൈദികരുടെ സേവനത്തെ അവർ അങ്ങേയറ്റം അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ആത്മീയ ശുശ്രൂഷയിലെ ആത്മാർപ്പണമാണ് ഇതിനൊരു മുഖ്യകാരണം. മറ്റൊന്ന് സി എം ഐ വൈദികരെ, അവരുടെ സേവനത്തെ മുഴുവൻ സമയവും വിശ്വാസികൾക്ക് ലഭിക്കുന്നു എന്നതാണ്. ഇടവകകളിൽ തദ്ദേശ വൈദികരുടെ സേവനം അങ്ങനെ ലഭ്യമല്ല.

> ഇന്ത്യയിൽ നിന്നുള്ള സി എം ഐ വൈദികരെ അങ്ങേയറ്റം മതിപ്പോടെയാണ് പുറം രാജ്യങ്ങൾ കാണുന്നത്. വൈദികരുടെ സേവനത്തെ അവർ അങ്ങേയറ്റം അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ആത്മീയ ശുശ്രൂഷയിലെ ആത്മാർപ്പണമാണ് ഇതിനൊരു മുഖ്യകാരണം.

ഇത്തരത്തിൽ വിദേശ മിഷനുകളിൽ പോയി സേവനം അനുഷ്ഠിക്കുന്ന പല സി എം ഐ വൈദികരുടെയും പ്രവർത്തനങ്ങൾ അങ്ങേയറ്റം ശ്രദ്ധേയമാണ്. യു എസിൽ ഒരു ആശുപത്രിയിൽ ഹോസ്പിറ്റൽ ചാപ്ലിനായി ആത്മീയ ശുശ്രൂഷ നടത്തുന്ന ഒരു വൈദികൻ അവിടെ നിശ്ചിത സമയം സേവനം അനുഷ്ഠിച്ചാൽ മതി. അതിനുശേഷം തിരിച്ചു പോരാം.

എന്നാൽ നമ്മുടെ ഒരു സി എം ഐ വൈദികൻ അങ്ങനെയല്ല. അദ്ദേഹം തന്റെ സേവന സമയം കഴിഞ്ഞാലും ഹോസ്പിറ്റലിൽ തന്നെ മുഴുവൻ സമയവും ചെലവിടുന്നു. ആവശ്യമുള്ളവർക്ക് അജപാലന ശുശ്രൂഷ നൽകുന്നു. തന്മൂലം എല്ലാവർക്കും അദ്ദേഹത്തെ അങ്ങേയറ്റം ഇഷ്ടമാണ്. ഫാ.ഡേവിഡ് എന്നാണ് അദ്ദേഹത്തിന്റെ പേര്. ഹോസ്പിറ്റൽ ചാപ്ലിൻസിക്ക് ബിഷപ് അദ്ദേഹത്തെ പ്രത്യേകം തിരഞ്ഞെടുത്തു കൊണ്ടുപോയതാണ്. അതിനു മുൻപ് അവിടെ സേവനമനുഷ്ഠിച്ചിരുന്ന വൈദികൻ നിശ്ചിത സമയമേ ഹോസ്പിറ്റലിനു തന്റെ സേവനം നൽകിയിരുന്നുള്ളൂ.

**യു എസിൽ മാൾ മിഷനും**

യുഎസിൽ ഇടവകകളിലെ സേവനത്തിനു പുറമെ രണ്ടിടത്ത് രണ്ട് സ്ഥാപനങ്ങളുമുണ്ട് സി എം ഐ സഭയ്ക്ക്. ഇന്റർ റിലീജിയസിനു വേണ്ടിയുള്ള ഒരു സെന്ററാണ് അതിലൊന്ന്. അവിടെ ഇടയ്ക്ക് ആത്മീയതല ചർച്ചകളും സ്റ്റഡി ക്ലാസുകളും നടക്കുന്നു.

മറ്റൊന്ന് യു എസിലെ ശാന്തസുന്ദരമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന റിട്രീറ്റ്-കം-റിന്യുവൽ സെന്ററാണ്. ഹൈവേയിൽ നിന്ന് രണ്ടു കിലോമീറ്ററേയുള്ളൂ ഇവിടേക്ക്. അതേ സമയം നഗരത്തിന്റേതായ യാതൊരു ശബ്ദ ശല്യങ്ങളും ഇവിടെയില്ല. യുഎസിലെ സാഹചര്യമനുസരിച്ച് ശാന്തമായി ഇരുന്ന് ധ്യാനിക്കുന്നതിനു ഇവിടെ ചെറിയ കോട്ടേജുകളും മറ്റുമുണ്ട്. ആ ശാന്തതയിലിരുന്ന് ആർക്കും ദൈവത്തെ ധ്യാനിക്കാം. പ്രാർത്ഥിക്കാം.

യു എസിൽ തന്നെ മാൾ മിഷനും സി എം ഐ സഭ നടത്തുന്നുണ്ട്. അത് പുതിയ ഒന്നാണ്; മാളുകളിൽ പോയി അജപാലന ശുശ്രൂഷ ചെയ്യുക എന്നത്. ആത്മീയ ശുശ്രൂഷ



ആവശ്യമുള്ളവരെ സി എം ഐ വൈദികർ അങ്ങോട്ടു തേടിയെത്തി ശുശ്രൂഷിക്കുകയാണ്. അതാണ് മാൾ ശുശ്രൂഷ. മാളുകളാണല്ലോ ജനങ്ങൾ ഏറ്റവും കൂടുതൽ എത്തിച്ചേരുന്ന കേന്ദ്രങ്ങളിലൊന്ന്. മാൾ ശുശ്രൂഷയ്ക്ക് ജനങ്ങൾക്കിടയിൽ വലിയ സ്വീകാര്യതയാണ് ഇതിനകം ലഭിച്ചിരിക്കുന്നത്.

നോർത്ത് ഷെയർ മാൾ കേന്ദ്രീകൃതമായ അജപാലന ശുശ്രൂഷകളുടെ ഭാഗമായി ദിവസവും രണ്ടു ദിവ്യബലിക്കു പുറമെ സി എം ഐ വൈദികർ എല്ലാ ശനിയാഴ്ചയും രോഗികൾക്കു വേണ്ടിയും ദിവ്യബലി അർപ്പിക്കുന്നു. വിശ്വാസികളുടെ ആവശ്യമനുസരിച്ച് നിലവിൽ മാൾ ചാപ്പലിൽ ആരാധന, കുമ്പസാരം, രോഗീലേപന ശുശ്രൂഷകൾ എന്നിവയും നിർവഹിക്കപ്പെടുന്നു. സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന രാജ്യങ്ങളിൽ ഇത് സി എം ഐ മിഷനെ കൂടുതൽ അർത്ഥപൂർണമാക്കുകയുമാണ്. ശാലോം വേൾഡ് ചാനലിന്റെ ആത്മീയ ഉപദേഷ്ടാവായി പ്രവർത്തിക്കുന്ന ഫാ. റോയി പാലാട്ടി പങ്കുവെയ്ക്കുന്ന റെയിൽ സ്റ്റേഷനുകളിൽ കുമ്പസാര ശുശ്രൂഷയുടെ അനുഭവവും യുവാക്കളെ പാർക്കുകളിൽ സംഗീതത്തിലൂടെ ഒരിമിച്ചുകൂട്ടി അജപാലന ശുശ്രൂഷ ചെയ്യുന്ന ജോണി ചെങ്ങലനാലച്ചനും, പുതിയ കാലഘട്ടത്തിലെ മിഷൻ പ്രവർത്തനത്തിന്റെ വേറിട്ട മുഖങ്ങളായി മാറുന്നുണ്ട്.

യു എസും യൂറോപ്യൻ രാജ്യങ്ങളും കഴിഞ്ഞാൽ ഓസ്ട്രേലിയയാണ് ഒന്നാം ലോക രാജ്യങ്ങളിൽ സി എം ഐ സഭയുടെ മറ്റൊരു മിഷൻ കേന്ദ്രം. സെമിനാരി സ്റ്റാഫ്, ഇടവക വികാരി, സഹ വികാരി എന്നീ നിലകളിൽ ഓസ്ട്രേലിയയിലെ 10 രൂപതകളിലായി നിലവിൽ 22 സി എം ഐ വൈദികർ സേവനം ചെയ്തുകൊണ്ടിരിക്കുന്നു.

ഒന്നാം ലോക രാജ്യമാണെങ്കിലും പല വിധത്തിലും വെല്ലുവിളികൾ നിറഞ്ഞതാണ് ഓസ്ട്രേലിയയിലെ മിഷൻ പ്രവർത്തനം. രാജ്യത്തിന്റെ അനന്ത വിസ്തൃതിയാണ് വെല്ലുവിളികളിലൊന്ന്. ദിവ്യബലി അർപ്പിക്കാൻ വൈദികർ ദീർഘദൂരം യാത്ര ചെയ്യേണ്ടിവരുന്നു. ബിഷപ്സ് ഹൗസുകളിൽ നിന്ന് ചില ഇടവകകളിലേക്ക് ആയിരത്തിലേറെ കിലോമീറ്റർ ദൂരമുണ്ട്.

“ നോർത്ത് ഷെയർ മാൾ കേന്ദ്രീകൃതമായ അജപാലന ശുശ്രൂഷകളുടെ ഭാഗമായി ദിവസവും രണ്ടു ദിവ്യബലിക്കു പുറമെ സി എം ഐ വൈദികർ എല്ലാ ശനിയാഴ്ചയും രോഗികൾക്കു വേണ്ടിയും ദിവ്യബലി അർപ്പിക്കുന്നു. വിശ്വാസികളുടെ ആവശ്യമനുസരിച്ച് നിലവിൽ മാൾ ചാപ്പലിൽ ആരാധന, കുമ്പസാരം, രോഗീലേപന ശുശ്രൂഷകൾ എന്നിവയും നിർവഹിക്കപ്പെടുന്നു.



ബ്രിസ്ബേൻ ആർച്ച് ബിഷപ് മാർക്ക് കോളറിഡ്ജ് അദ്ദേഹത്തിന്റെ അതിരൂപതയിൽ സി എം ഐ സഭയ്ക്ക് ഒരു കോ-ഓർഡിനേറ്റിംഗ് സെന്റർ നൽകിയിട്ടുണ്ട്. ഓസ്ട്രേലിയയിൽ സി എം ഐ സഭയുടെ പൊതുപരിപാടികൾ ഇവിടെ സംഘടിപ്പിക്കുന്നു.

വിശ്വാസത്തിൽ നിന്ന് അകന്നു പോയവരെ വീണ്ടും വിശ്വാസത്തിലേക്ക് തിരിച്ചു കൊണ്ടുവരിക, അല്ലെങ്കിൽ വിശ്വാസ നവീകരണമാണ് മറ്റൊരു വെല്ലുവിളി. രാജ്യത്തെ ഏറ്റവും വലിയ മതവിശ്വാസം ക്രിസ്റ്റ്യാനിറ്റിയാണെങ്കിലും മൊത്തം ജനസംഖ്യയിൽ 25.3% മാത്രമേ നിലവിൽ കത്തോലിക്കരായുള്ളൂ. അതിൽ തന്നെ 13.8% മാത്രമാണ് ഏതെങ്കിലുമൊരു ഞായറാഴ്ച പള്ളികളിലെത്തുന്നത്.

വിശ്വാസ നവീകരണത്തിന് ഈ പശ്ചാത്തലത്തിൽ സി എം ഐ വൈദികർ പുതിയ പരിപ്രേഷ്യങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതോടെ സി എം ഐ വൈദികർ ക്രൈസ്തവ വിശ്വാസികൾക്ക്, കത്തോലിക്കർക്ക് സ്വീകാര്യരായി മാറിക്കഴിഞ്ഞിരിക്കുന്നു. സമീപ കാലത്ത് ഓസ്ട്രേലിയയിൽ പലയിടങ്ങളിലും വിശ്വാസികളുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവ് സി എം ഐ വൈദികരുടെ പുതിയ വിശ്വാസ നവീകരണ പരിപ്രേഷ്യങ്ങൾ വിജയിച്ചുകൊണ്ടിരിക്കുന്നതിന്റെ തെളിവാണ്.

> “ ത്രസിപ്പിക്കുന്നതും വിസ്മയിപ്പിക്കുന്നതും അമ്പരപ്പിക്കുന്നതും സഭയുടെ മൂന്നാം ലോകത്തെ മിഷൻ പ്രവർത്തനങ്ങളാണ്. ലാറ്റിനമേരിക്കയിലെയും ആഫ്രിക്കൻ രാജ്യങ്ങളിലെയും മിഷൻ പ്രവർത്തനങ്ങൾ. അത്യന്തം ജിജ്ഞാസാ ഭരിതവും ഉദ്വേഗജനകവും ആരെയും പിടിച്ചു നിർത്തുന്നതുമാണ് ആ മിഷൻ കഥകൾ.

ഇതാണ് ഇന്ത്യയ്ക്കു പുറത്ത് ഒന്നാം ലോകത്ത് സി എം ഐ മിഷനുകളുടെ കഥ. പക്ഷെ ത്രസിപ്പിക്കുന്നതും വിസ്മയിപ്പിക്കുന്നതും അമ്പരപ്പിക്കുന്നതും സഭയുടെ മൂന്നാം ലോകത്തെ മിഷൻ പ്രവർത്തനങ്ങളാണ്. ലാറ്റിനമേരിക്കയിലെയും ആഫ്രിക്കൻ രാജ്യങ്ങളിലെയും മിഷൻ പ്രവർത്തനങ്ങൾ. അത്യന്തം ജിജ്ഞാസാ ഭരിതവും ഉദ്വേഗജനകവും ആരെയും പിടിച്ചു നിർത്തുന്നതുമാണ് ആ മിഷൻ കഥകൾ. ലാറ്റിൻ അമേരിക്കയിലെ ബ്രസീലിലും ഇക്വഡോറിലും പെറുവിലും അർജന്റീനയിലും പരാഗ്വേയിലും തുടങ്ങി ആഫ്രിക്കൻ രാജ്യങ്ങളായ കെനിയയിലും നമീബിയയിലും, മഡഗാസ്കറിലും, ഘാന, സൗത്താഫ്രിക്ക, ബോഡ്സ്വാന എന്നിവിടങ്ങളിലുമായി വ്യാപിച്ചു കിടക്കുന്നു. ■



# പുതിയ ചക്രവാളങ്ങൾ പുതിയ കർമ്മഭൂമികൾ

**ലാലിച്ചൻ പി. വി.**

ലാറ്റിൻ അമേരിക്കയിലെയും ആഫ്രിക്കൻ രാജ്യങ്ങളിലെയും മിഷൻ പ്രവർത്തനങ്ങൾ ചരിത്രഗാഥകൾ തന്നെയാണ്. സി എം ഐ സഭയുടെ ഇനിയുള്ള ആഗോള മിഷൻ തന്നെ മുഖ്യമായും മൂന്നാം ലോകം കേന്ദ്രീകരിച്ചാണ്. ഇക്കാര്യത്തിൽ തികച്ചും അനുകൂലമായ തരംഗമാണ് നിലവിൽ സി എം ഐ സഭയിലുള്ളത്; വിശേഷിച്ചും സഭാംഗങ്ങളിലെ പുതുതലമുറയിൽ. സഭ കൂടുതൽ കൂടുതൽ പുറത്തേക്ക്, അർഹമായ ഇടങ്ങ

ളിലേക്ക് പോകണമെന്നാണ് അവരുടെ ചിന്ത. ഇതൊരു നല്ല കാഴ്ചപ്പാടു തന്നെയാണ്.

കേരളത്തിൽ തുടക്കമിട്ട സഭ ദേശീയ തലത്തിലേക്ക് വളർന്ന് ഒടുവിൽ രാജ്യാന്തര തലത്തിലെത്തിയിരിക്കുന്നു.

ആഗോള തലത്തിൽ മിഷൻ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കണമെന്ന താണ് സി എം ഐ സഭയുടെ സ്വപ്നം.

മറ്റൊന്ന്, കേരളത്തിൽ നിലവിലുള്ള സി എം ഐ സഭാംഗങ്ങളിൽ കൂടുതൽ ആളുകൾ ആഗോള മിഷനിലേക്ക്, വിശേഷിച്ച് മൂന്നാം ലോക രാജ്യങ്ങളിലെ മിഷൻ പ്രവർത്ത നങ്ങളിലേക്ക് പോകുവാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഇതോടെ ആഗോള മിഷന് കൂടുതൽ വളർച്ചയുണ്ടാകും. സഭയുടെ മിഷൻ പ്രവർത്തന ങ്ങൾ ലോകവ്യാപകമാവും.

പുതിയ സഭാംഗങ്ങൾ ഇങ്ങനെ പുറത്തുപോയി സേവനം അനുഷ്ഠിക്കാൻ താല്പര്യമുള്ളവരാണ്.

നിലവിൽ ഇന്ത്യയ്ക്കു പുറത്ത് സേവനമനുഷ്ഠിച്ചു കൊണ്ടിരിക്കുന്ന സി എം ഐ വൈദികരെല്ലാം തന്നെ അവര വരുടെ സ്ഥലങ്ങളിൽ നന്നായി സേവനം ചെയ്യുന്നവരാണ്. അവരുടെ സേവനം എവി ടെയും അംഗീകരിക്കപ്പെടു കയും അഭിനന്ദിക്കപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ വിദേശങ്ങളിൽ നിന്ന് സി എം ഐ സഭയുടെ സേവനം ആവ ശ്യപ്പെട്ടുകൊണ്ട് കൂടുതൽ കൂടുതൽ ക്ഷണങ്ങൾ വന്നു കൊണ്ടിരിക്കുകയാണ്.

ലാറ്റിനമേരിക്കൻ രാജ്യ മായ ബ്രസീലിൽ നിന്ന് അവിടെ നിലവിലുള്ള മിഷൻ പ്രവർത്തനങ്ങൾക്കു പുറമെ സമീപകാലത്ത് നാല് ക്ഷണ ങ്ങളാണ് സി എം ഐ സഭയ്ക്ക് ലഭിച്ചത്. സഭയുടെ മിഷൻ പ്രവർത്തനങ്ങൾ തദ്ദേ ശീയരായ ക്രൈസ്തവ സമൂഹ ങ്ങളും ക്രൈസ്തവ സഭാ നേതൃത്വങ്ങളും ഇതരവിഭാഗ ങ്ങളും കൂടുതൽ കൂടുതൽ അംഗീകരിക്കുന്നു എന്നാണ് ഇതിന് അർത്ഥം.

**ഇറാഖിലേക്ക് വീണ്ടും**

ബ്രസീലിൽ നിന്ന് ലഭിച്ച നാല് ക്ഷണങ്ങളിൽ ഒരെണ്ണം സാർത്ഥകമാക്കാൻ ഇപ്പോൾ ശ്രമങ്ങൾ നടക്കുകയാണ്. ഇറാ ഖിൽ നിന്ന് ഒരിക്കൽ തിരിച്ചു പോരേണ്ടി വന്നെങ്കിലും ഇപ്പോൾ ആ മിഷൻ ഉടൻ തന്നെ പുനരാരംഭിക്കുകയാണ്. അതിനുള്ള നടപടികൾ ഏക ദേശം അവസാന ഘട്ടത്തിൽ എത്തിക്കഴിഞ്ഞു. ഒപ്പം ആഫ്രി ക്കൻ രാജ്യങ്ങളായ ഉഗാണ്ട യിലും എത്യോപ്യയിലും



പുതിയ മിഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഇറാഖിൽ ഇപ്പൊഴും അജപാലന ശുശ്രൂഷയ്ക്ക് ആവശ്യത്തിന് വൈദികരില്ല. ഒട്ടു വളരെ വിശ്വാസികൾ യാതൊരു ആത്മീയ ശുശ്രൂഷകളും ലഭിക്കാതെ രാജ്യത്തിന്റെ പല ഭാഗങ്ങളിലായി ചിതറിക്കിടക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് അവിടെ നിന്നുള്ള ക്ഷണം അനുസരിച്ച് മിഷൻ പുനരാരംഭിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലെത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷം തന്നെ അവിടെ മിഷൻ പ്രവർത്തനങ്ങൾ പുനരാരംഭിക്കും. സുറിയാനിക്കു പുറമെ അവിടെ അജപാലന ശുശ്രൂഷ നടത്തുന്ന വൈദികർ അറബിക്കും പഠിക്കേണ്ടതുണ്ട്.

ഇതെല്ലാം സൂചിപ്പിക്കുന്നത് ഒട്ടനവധി പുതിയ പുതിയ സാദ്ധ്യതകളിലേക്കാണ്. സാധിക്കുന്നിടത്തോളം സമൂഹമായി മിഷൻ ചെയ്യുക എന്നതാണ് പുതിയ കാലത്ത് സി എം ഐ സഭ ലക്ഷ്യമിട്ടിട്ടുള്ളത്. രണ്ടോ മൂന്നോ വൈദികരുള്ള മിഷൻ എന്നർത്ഥം. ആഫ്രിക്കയിലും ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും ഈ സംവിധാനം നേരത്തെ തന്നെ വന്നുകഴിഞ്ഞു.

വൈദിക ഫോർമേഷനാണ് മറ്റൊന്ന്. ആഗോള തലത്തിലേക്ക് സി എം ഐ സഭ കൂടുതൽ കൂടുതൽ വ്യാപിച്ചുകൊണ്ടിരിക്കുമ്പോൾ അതനുസരിച്ച് ലോകത്തെവിടെയും പോയി സേവനം ചെയ്യുന്നതിന് പ്രാപ്തമാക്കുന്ന വിധത്തിലുള്ള ഫോർമേഷനും നൽകേണ്ടതുണ്ട്.

**ആഗോള മിഷൻ**

നിലവിൽ ബാംഗ്ലൂർ ധർമാരാം കോളേജിനു പുറമേ മഹാരാഷ്ട്രയിലെ 'ദർശന'യിലാണ് സി എം ഐ സഭ വൈദിക വിദ്യാർത്ഥികൾക്ക് ഫിലോസഫി ട്രെയിനിംഗ് നൽകുന്നത്. ഭോപ്പാൽ, ജഗ്ദൽപൂർ, ഋഷികേശ് എന്നിവിടങ്ങളിലെ 'സമന്വയ'യിൽ തിയോളജിയും പഠിപ്പിക്കുന്നു. ഇതുൾപ്പെടെ ഫോർമേഷന്റെ എല്ലാ ഘട്ടങ്ങളും ഇന്ത്യയ്ക്കകത്ത് മിഷനെ നയിക്കാൻ പ്രാപ്തമാകുന്ന വിധത്തിലാണ് സംവിധാനം ചെയ്തിട്ടുള്ളത്. ഇതിലാണ് ഇനി മാറ്റം ഉണ്ടാവേണ്ടത്. മാറ്റം എന്നാൽ, ആഗോള മിഷനിൽ പോയി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്ന വിധത്തിലുള്ള മാറ്റം.

ആഗോള മിഷൻ എന്ന സ്വപ്നം യാഥാർത്ഥ്യമാകണമെങ്കിൽ സെമിനാരി വിദ്യാർത്ഥികൾക്ക് ഇന്ത്യയ്ക്കു പുറത്തു പോയി സേവനം ചെയ്യുന്നതിനു സഹായകമായ വിധത്തിലുള്ള ഫോർമേഷൻ നൽകണം. ഗ്ലോബൽ മിഷൻ ഫോക്കസ് ചെയ്തുള്ള ഫോർമേഷൻ ഉണ്ടാകണം.

ഗ്ലോബൽ മിഷന്റെ അനിവാര്യതയും ആവശ്യകതയും സെമിനാരിയിൽ ചേരുമ്പോൾ തന്നെ വൈദികാർത്ഥികൾക്ക് വ്യക്തമാക്കിക്കൊടുത്തു തുടങ്ങണം. അങ്ങനെ അവരിൽ നിന്ന് പുതിയ ആഗോള മിഷനറിമാരെ കണ്ടെത്തണം. വൈദികാർത്ഥികളെ സെമിനാരി പഠനകാലത്തുതന്നെ ഗ്ലോബൽ മിഷൻ മുന്നിൽ കണ്ട് ഇംഗ്ലീഷിനു പുറമെ മറ്റൊരു വിദേശ ഭാഷ കൂടി പഠിപ്പിക്കണം.

ആഫ്രിക്കൻ രാജ്യമായ കെനിയയിൽ നിലവിൽ സി എം ഐ സഭയ്ക്ക് ഫോർമേഷൻ സംവിധാനമുണ്ട്. അസ്പാരൻസ് ഹൗസ്, നൊവിഷ്യേറ്റ്, സ്റ്റഡി ഹൗസ് തുടങ്ങിയവ. ഇത്തരം സംവിധാനങ്ങൾ സി എം ഐ സഭ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിദേശ രാജ്യങ്ങളിലും ഉണ്ടായാൽ അവിടങ്ങളിലെ തദ്ദേശീയ ക്രൈസ്തവ സമൂഹങ്ങളും മിഷൻ പ്രവർത്തനങ്ങളും കൂടുതൽ ശക്തമാകും. ആ രാജ്യങ്ങളിൽ നിന്നെല്ലാം കൂടുതൽ ദൈവവിളികളും ഉണ്ടാകും. ആഗോള ക്രൈസ്തവ സഭയിൽ സി എം ഐ സന്യാസ സമൂഹം അങ്ങനെ കൂടുതൽ പ്രസക്തിയും പ്രാമുഖ്യവും കൈവരിക്കും. വിശുദ്ധ ചാവറയച്ചന്റെ സ്വപ്നങ്ങളും ദർശനങ്ങളും കൂടുതൽ കൂടുതൽ ജനപഥങ്ങളിലേക്ക് എത്തിച്ചേരും.

അങ്ങനെ വീണ്ടും പറയട്ടെ; 'നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ (മനുഷ്യരുടെ) മുമ്പിൽ പ്രകാശിക്കട്ടെ.' (മത്താ 5:16). കാരണം, 'വിളവധികം; വേലക്കാരോ ചുരുക്കം.' (മത്താ 9:37). ■





# മിഷൻ മൂന്നാം ലോകം

**വരുൺ തോമസ്**

ലതസിപ്പിക്കുന്നതും വിസ്മയിപ്പിക്കുന്നതും കോരിത്തരിപ്പിക്കുന്നതുമാണ് ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ നിന്നും ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുമുള്ള സി എം ഐ സഭയുടെ മിഷൻ പ്രവർത്തനങ്ങളുടെ കഥകൾ. നമിച്ചു പോകും ആ കഥകൾ കേട്ടിരിക്കുമ്പോൾ; മൂന്നാം ലോകത്തു നിന്നുള്ള സി എം ഐ വിശേഷങ്ങൾ അറിയുമ്പോൾ, വിശേഷിച്ചും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ നിന്ന്.

സി എം ഐ സന്യാസ സഭ അവളുടെ ആഗോള മിഷൻ സ്വപ്നങ്ങളിൽ ഭാവിയിൽ ഏറ്റവും കൂടുതൽ ഊന്നൽ നൽകാൻ ഉറപ്പിച്ചിട്ടുള്ളത് ആഫ്രിക്കയും ലാറ്റിനമേരിക്കയും ഉൾപ്പെടുന്ന മൂന്നാം ലോകങ്ങളിലാണ്. അതുകൊണ്ടുതന്നെ അവിടെ ഇതിനകം നടത്തിക്കഴിഞ്ഞിട്ടുള്ള മിഷൻ പ്രവർത്തനങ്ങൾക്ക് ഏറെ പ്രാമുഖ്യവും പ്രസക്തിയുമുണ്ട്.

ആമസോൺ നദി പോലെ അഗാധവും വിസ്തൃതവുമാണ് ലാറ്റിൻ അമേരിക്കയിലെ മിഷൻ പ്രദേശങ്ങൾ. മുഖ്യ സഞ്ചാര മാർഗം ജലം വഴിയുള്ള യാത്ര മാത്രം. ഉൾപ്രദേശങ്ങളിലാകട്ടെ സഞ്ചരിക്കാൻ ചെളി നിറഞ്ഞ പാതകൾ മാത്രവും. എങ്ങും ഇടതൂർന്നു നിൽക്കുന്ന അനന്തമായ കാടുകൾ. ആയിരക്കണ



ക്കിനു കിലോമീറ്റർ നീണ്ടു കിട ക്കുന്ന ആമസോൺ ഹരിതവന ങ്ങൾ.

ആർക്കും എത്തിപ്പെടാൻ കഴിയാത്ത ഉൾപ്രദേശങ്ങളി ലാണ് വിശ്വാസികൾ ഉള്ളത്. അവർ വൈദികർക്കു വേണ്ടി കാത്തിരിക്കുകയാണ്, ജ്ഞാന സ്നാനം മുതൽ മരണാനന്തര ചടങ്ങുകൾ വരെ നിർവഹിച്ചു



കിട്ടാൻ. ആത്മീയ ശുശ്രൂഷ കൾക്ക്. ഇങ്ങനെയൊരിട ത്താണ് ഒരുപാട് ത്യാഗങ്ങളും കഷ്ടതകളും സഹിച്ച് സി എം ഐ വൈദികർ മിഷ നറി പ്രവർത്തനം നടത്തുന്നത്. വടക്ക് ബ്രസീലും ഇക്വഡോറും മുതൽ തെക്ക് പരാഗ്വേയും അർജന്റീനയും വരെ.

നമിച്ചു പോകുമെന്ന് വെറുതെ പറഞ്ഞതല്ല. ഉദാഹര ണത്തിന് ബ്രസീലിലെ സന്താരെം (Santarem) സിറ്റി. സന്താരെം രൂപതാ ആസ്ഥാ നത്തു നിന്ന് ജല മാർഗം ഒൻപതു മണിക്കൂർ സഞ്ചരി ക്കണം മുഖ്യമിഷൻ കേന്ദ്രങ്ങളി ലൊന്നായ Monte Dourado യിൽ എത്തിച്ചേരാൻ. രൂപതാ ആസ്ഥാനത്തു നിന്ന് സ്പീഡ് ബോട്ടിൽ സഞ്ചരിച്ചിട്ടാണിത്. മുഖ്യസ്റ്റേഷനിൽ നിന്ന് മറ്റു സ്റ്റേഷനുകളിലും ഉൾക്കാടു കൾക്കിടയിലെ സബ്സ്റ്റേഷനു കളിലും എത്തണമെങ്കിൽ വീണ്ടും സഞ്ചരിക്കണം ആമ സോണിലൂടെ നീണ്ട മണിക്കൂ റുകൾ. കിലോമീറ്ററുകൾ.

കൂടുതൽ വിവരിക്കുന്നില്ല. കഥ തെക്കേ അമേരിക്കയുടെ വടക്കു പടിഞ്ഞാറു ഭാഗത്ത് പസഫിക് സമുദ്രത്തോടു ചേർന്നു കിടക്കുന്ന പെറുവിൽ തുടങ്ങാം. ധാരാളം കവർച്ചകൾ നടക്കുന്ന, കവർച്ചാ ഭീഷണി യുള്ള രാജ്യം. പഴയ സ്പെയിൻ കോളനി. പ്രശസ്തമായ മാച്ചു പിച്ചു ഹെറിറ്റേജ് സ്ഥിതി ചെയ്യുന്നിടം. കവർച്ചാ ഭീഷണി ഉള്ളതിനാൽ വൈദികർ ഇവിടെ ടാക്സിയിലൊ പൊതുവാഹന ങ്ങളിലൊ ആണ് സഞ്ചരിക്കുന്ന ത്.

സി എം ഐ സഭ 1975 ലാണ് ലാറ്റിനമേരിക്കയിലെ പെറു മിഷൻ ആരംഭിക്കുന്നത്. തുടക്കത്തിൽ 14 സി എം ഐ വൈദികരാണ് പെറുവിലെത്തി മിഷൻ പ്രവർത്തനങ്ങളാരംഭി ക്കുന്നത്. തലസ്ഥാനമായ ലിമ യായിരുന്നു പ്രവർത്തന കേന്ദ്രം.

■



# പെറു മിഷൻ

സുധി സി. ജെ

തെക്കേ അമേരിക്ക?

പെറുവിലെ ഒരു വികസിത നഗര കേന്ദ്രമാണ് ലിമ. നഗരത്തിൽ രണ്ടിടങ്ങളിലായി രണ്ട് മിഷൻ സ്റ്റേഷനുകളുണ്ട് സി എം ഐ സഭയ്ക്ക്. അവ രണ്ടും വളരെ നന്നായി പ്രവർത്തിച്ചുപോകുന്നു.

ലിമയ്ക്കു പുറമെ രാജ്യത്തിന്റെ തെക്കൻ മേഖലയിലും വടക്കൻ മേഖലയിലും സി എം ഐ സഭയ്ക്ക് സജീവമായ മിഷൻ പ്രവർത്തനങ്ങളുണ്ട്. തെക്കൻ മേഖലയിലേത് അരിക്യൂപ (Arequipa) കേന്ദ്രീകരിച്ചാണ്. വടക്കൻ മേഖല പ്യൂര (Piura) കേന്ദ്രമാക്കിയും. അരിക്യൂപ വളരെ സമ്പന്ന മേഖലയാണ്. അതേസമയം പ്യൂര പെറുവിലെ ഏറ്റവും ദരിദ്രരുടെ മേഖലയും. അഗ്നിപർവതങ്ങളും ഭൂകമ്പങ്ങളും സാധാരണമായ ഇടം.

പാവപ്പെട്ട കർഷകരും മത്സ്യത്തൊഴിലാളികളുമാണ് ഇവിടെയുള്ളത്; അതേ സമയം ക്രൈസ്തവ വിശ്വാസത്തിൽ ഏറ്റവും ഉയരത്തിൽ നിൽക്കുന്നവരും. തികഞ്ഞ ദൈവഭയമുള്ളവർ. ഇവരുടെ ഉന്നമനത്തിനു വേണ്ടിയാണ് പെറുവിൽ സി എം ഐ വൈദികർ മുഖ്യമായും പ്രവർത്തിക്കുന്നത്.

പ്യൂരയിലെ പള്ളികളിൽ ദിവ്യബലിക്ക് പള്ളി നിറയെ വിശ്വാസികളുണ്ടാവും; കുട്ടികളും യുവാക്കളും മുതിർന്നവരും സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടെ. ദിവസവും അവർ പള്ളിയിലെത്തും. മുടങ്ങാതെ വിശ്വാസം പരിശീലിക്കും. വിശ്വാസത്തിന്റെ കാര്യത്തിൽ പെറുവിന്റെ ഭാവി പ്യൂരയിലാണ് കുടികൊള്ളുന്നത്. പ്യൂരയിലെ ക്രൈസ്തവ സമൂഹത്തെ വിശ്വാസത്തിൽ ആഴപ്പെടുത്തി നിർത്താൻ കഴിയും.

ദരിദ്രരായതു കൊണ്ട് അവർക്ക് പാസ്റ്ററൽ കെയർ കൂടുതൽ ആവശ്യമാണ്. പ്യൂരയിൽ സൗത്ത് അമേരുവിൽ ചെറിയൊരു സ്ഥലം സി എം ഐ സഭയ്ക്ക് സംഭാവനയായി ലഭിച്ചിട്ടുണ്ട്. അവിടെ ചില പദ്ധതികൾ താമസിയാതെ ഉണ്ടാവും.

പ്യൂരയിലേതിനു നേരെ




മരിച്ചാണ് സമ്പന്ന മേഖലയായ അരിക്യൂപയിലെ സ്ഥിതി. വിശ്വാസത്തിന് ആഴം കുറവാണ്. പങ്കാളിത്തവും കുറവ്. അരിക്യൂപയിൽ മുഖ്യമിഷൻ സ്റ്റേഷനു പുറമെ കിലോമീറ്ററുകൾ അകലെ കുന്നുകളുടെ മുകളിലും മിഷൻ സ്റ്റേഷനുകളും ഇടവകകളുമുണ്ട്. അവിടെയും സി എം ഐ വൈദികർ സേവനമനുഷ്ഠിക്കുന്നു.

> “ വളരെ വികസിതമാണ് പെറുവിലെ സി എം ഐ മിഷൻ. നാലു പതിറ്റാണ്ടിലേറെയായി സി എം ഐ വൈദികർ ഇവിടെ വിവിധ ഇടവകകളിലും മിഷൻ സ്റ്റേഷനുകളിലും പ്രവർത്തിച്ചുവരുന്നു. ഇക്കൂട്ടത്തിൽ കാലങ്ങളായി പ്രവർത്തിക്കുന്നവരുണ്ട്. സി എം ഐ വൈദികർ എവിടെയെല്ലാം പ്രവർത്തിക്കുന്നുവോ, അവിടെയെല്ലാം അവരുടെ അമൂല്യങ്ങളായ പ്രവർത്തനങ്ങളുടെ അടയാളങ്ങളുണ്ട്.

പെറുവിൽ തന്നെയാണ് ദീർഘകാലം മിഷനറിയായിരുന്ന ബഹു. മാത്യു അൽഫോൽസ് ചക്കാംകുന്നേൽ എന്ന സി എം ഐ വൈദികനെ സംസ്ക്കരിച്ചിരിക്കുന്നത്. മാന്നാനത്ത് റെക്ടറായിരുന്നിട്ടുള്ള അദ്ദേഹം പെറുവിൽ ആദ്യകാലത്ത് മിഷൻ പ്രവർത്തനങ്ങൾക്കെത്തിയ സി എം ഐ വൈദികരിലൊരാളാണ്. പെറുവിലുള്ള അദ്ദേഹത്തിന്റെ ശവകുടീരം ഇന്ത്യയ്ക്കു പുറത്ത് വിദൂരത്തുള്ള ഏക സി എം ഐ വൈദികന്റെ ശവകുടീരമാണ്.

വളരെ വികസിതമാണ് പെറുവിലെ സി എം ഐ മിഷൻ. നാലു പതിറ്റാണ്ടിലേറെയായി സി എം ഐ വൈദികർ ഇവിടെ വിവിധ ഇടവകകളിലും മിഷൻ സ്റ്റേഷനുകളിലും പ്രവർത്തിച്ചുവരുന്നു. ഇക്കൂട്ടത്തിൽ കാലങ്ങളായി പ്രവർത്തിക്കുന്നവരുണ്ട്. സി എം ഐ വൈദികർ എവിടെയെല്ലാം പ്രവർത്തിക്കുന്നുവോ, അവിടെയെല്ലാം അവരുടെ അമൂല്യങ്ങളായ പ്രവർത്തനങ്ങളുടെ അടയാളങ്ങളുണ്ട്. പ്യൂരയിലെ ഒരു ഇടവകയിലെ കഥ ഉദാഹരണം.

ഇടവകയിൽ വിശ്വാസികൾക്ക് ആഘോഷങ്ങൾക്കും മറ്റും ഒന്നിച്ചുകൂടാനുള്ള സൗകര്യങ്ങൾ കുറവ്. ഇത് തിരിച്ചറിഞ്ഞ അവിടത്തെ സി എം ഐ വൈദികനായ വികാരിയ



ച്ചൻ വളരെ പെട്ടെന്നു തന്നെ ഇടവക സമൂഹത്തിൽ നിന്നും, മറ്റിടങ്ങളിൽ നിന്നും സമാഹരിച്ചതും ഉപയോഗിച്ച് പള്ളി സ്ഥിതി ചെയ്യുന്നതിനു മുന്നിലെ റോഡിന് എതിർവശത്ത് പുതിയൊരു പാസ്റ്ററൽ സെന്റർ പണിതീർത്തു. ഇപ്പോൾ ഇടവകക്കാർക്ക് ഒന്നിച്ചുകൂടാനും ആഘോഷങ്ങൾ നടത്താനും സൗകര്യങ്ങൾ ഏറെ.

ഉദാഹരണങ്ങൾ ഇത്തരത്തിൽ നിരവധിയുണ്ട്. ഭാഷയാണ് പെറുവിലെത്തുന്ന സി എം ഐ വൈദികർ നേരിടുന്ന മുഖ്യപ്രശ്നം. സ്പാനിഷാണ് അവിടത്തെ മുഖ്യഭാഷ. വൈദികരുടെ കുറവുകൊണ്ട് പെറുവിൽ നിരവധി പള്ളികൾ സ്ഥിരമായി അടച്ചിട്ടിരിക്കുകയാണ്. വൈദികരുടെ ഈ കുറവു നികത്തുന്നതിൽ സിഎംഐ സന്യാസ വൈദികർ വലിയൊരു പങ്കുതന്നെ വഹിക്കുന്നുണ്ട്. എങ്കിൽപോലും ഇപ്പൊഴും വൈദികരുടെ കുറവ് തുടരുകയാണ്.

ചോസിക്ക (Chosica) എന്ന സ്ഥലത്ത് സി എം ഐ സഭ Villa Chavara എന്ന പേരിൽ ഒരു സബ് റീജിയനൽ ഹൗസ് പൂർത്തിയാക്കിയിട്ടുണ്ട്. തദ്ദേശീയരിൽ നിന്ന് ദൈവവിളി ഉണ്ടായാൽ അത് സ്വീകരിക്കാനും ഫോർമേഷനുമുള്ള എല്ലാ സംവിധാനങ്ങളും ഇവിടെ ഒരുക്കിയിരിക്കുന്നു. സെമിനാരി പഠനത്തിനും ഭാഷാ പഠനത്തിനു മായാണ് ഇത് സജ്ജമാക്കിയിട്ടുള്ളത്.

ചോസിക്കയിലെ ബിഷപ്പും സഹായമെത്രാനും സി എം ഐ വൈദികരുടെ ആത്മീയ ശുശ്രൂഷകളെ അങ്ങേയറ്റം അഭിനന്ദിക്കുന്നു. കൂടുതൽ യുവ സി എം ഐ മിഷനറി വൈദികരെ പെറുവിലേക്ക് അയച്ചുകിട്ടാൻ അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഫാ. ചക്കംകുന്നേലിന്റെ ശവകുടീരത്തെ കുറിച്ച് നേരത്തെ പറഞ്ഞു. സി എം ഐയുടെ ചുമതലയിലുള്ള San Mateo സബ് റീജിയൻ സ്ഥിതി ചെയ്യുന്നിടത്താണത്. അവിടെ സി എം ഐ വൈദികർ സേവനമനുഷ്ഠിക്കുന്ന San Benito ഇടവക ഏറെ സജീവമാണ്. നേരത്തെ ബനഡിക്ടൈൻ സന്യാസിമാരാണ് ഇത് നടത്തിക്കൊണ്ടിരുന്നത്. ഇവിടെ പള്ളിയോടു ചേർന്ന് ചെറിയൊരു ഹോസ്പിറ്റലും സി എം ഐ മിഷനിലുണ്ട്.

പെറുവിൽ എവിടെയും ചാവറ പിതാവിന്റെ പിന്തുടർച്ചക്കാരെ ഏറെ ഹാർദമായാണ് നാട്ടുകാരായ ജനങ്ങൾ സ്വാഗതം ചെയ്യുന്നത്. ■





# അർജന്റീനയിലൂടെ

ആനന്ദ് ജി.

ലാറ്റിനമേരിക്കയിൽ സി എം ഐയുടെ മറ്റൊരു മിഷൻ രാജ്യമാണ് അർജന്റീന. ലോകത്തിനു മുഴുവൻ പ്രിയങ്കരനായ ആഗോള കത്തോലിക്കാ സഭയുടെ തലവൻ ഫ്രാൻസിസ് പാപ്പായുടെ നാട്. ഏറെ ദൈവഭയമുള്ള ജനങ്ങളാണ് അർജന്റീനയിലേത്; ഒപ്പം കാരുണ്യശീലരും.

സി എം ഐ സഭയെ സംബന്ധിച്ച് ഒരുപാട് പ്രതീക്ഷകൾ അർജന്റീനയിലുണ്ട്. വിളവു ധാരാളം, കൊയ്ത്തുകാർ ചുരുക്കം എന്നതാണ് അർജന്റീനയിലെ സ്ഥിതി. വൈദികരുടെ കുറവ് വല്ലാതെയുണ്ട് അർജന്റീനയിൽ. പല പള്ളികളും വൈദികരുടെ കുറവുകൊണ്ട് അടച്ചിട്ടിരിക്കുകയാണ്; പ്രവർത്തിക്കുന്നവയിലാകട്ടെ ഏറെ പ്രായം ചെന്ന വൈദികരും.

ഇന്ത്യയിൽ നിന്നുള്ള വൈദികരെ വലിയ സ്നേഹവും മതിപ്പുമാണ് അർജന്റീനയിൽ; വിശേഷിച്ചും സി എം ഐ വൈദികരെ. സി എം ഐ സഭയുടെ കുറച്ചധികം വൈദികരെയും വൈദികാർത്ഥികളെയും അർജന്റീനിയൻ സംസ്കാരത്തിൽ രൂപപ്പെടുത്തിയെടുത്താൽ അർജന്റീനിയൻ മിഷന് അത് കൂടുതൽ കരുത്തേകും. സ്പാനിഷ് ഒഴുക്കോടെ സംസാരിക്കുന്ന യുവ വൈദികർ വേണം.

2004 ലാണ് സി എം ഐയുടെ അർജന്റീനിയൻ മിഷന് പ്രാരംഭം കുറിക്കപ്പെടുന്നത്, പ്രാഥമിക രൂപമുണ്ടാകുന്നത്; നോർത്ത് അർജന്റീനയിലെ Oran രൂപതയിലും മദ്ധ്യ അർജന്റീനയിലെ Lomas de Zamora രൂപതയിലും. Azul രൂപതയിൽ സി എം ഐയ്ക്ക് ഒരു പള്ളിയുണ്ട്.

Lomas de Zamora രൂപതയിൽ മൂന്നു പാരിഷുകളാണ് സി എം ഐ സഭയെ ഏല്പിച്ചിരിക്കുന്നത്. ഇതിൽ ഒരു പാരീഷിനു കീഴിൽ നാല് മിഷൻ സ്റ്റേഷനുകളുണ്ട്. അവിടെയെല്ലാം പള്ളികളുമുണ്ട്. വളരെ വലിയ സ്ഥല വിസ്തൃതിയുള്ള

> ഏറെ സജീവമാണ് ഇടവകകളിൽ സിഎംഐ വൈദിക രുടെ പ്രവർത്തനം. കരിസ്മാറ്റിക് അനുഭവത്തോടെ യുള്ള അവരുടെ ദിവ്യബലി പള്ളികളിലേക്ക് കൂടുതൽ വിശ്വാസികളെ ആകർഷിക്കുന്നു. ഭവന സന്ദർശനത്തി നെത്തുന്ന സിഎംഐ വൈദികരെ വിശ്വാസികൾ ഹൃദ യപൂർവമാണ് സ്വീകരിക്കുന്നത്.
> ആത്മീയ ശുശ്രൂഷകൾക്കു പുറമെ ദരിദ്രരെ സഹായി ക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ജന ങ്ങൾക്കിടയിൽ അവരെ കൂടുതൽ സ്വീകാര്യരാക്കുന്നു.

ഇടവകയാണിത്. 50000 വിശ്വാസികളുണ്ട് ഇവിടെ. പള്ളികളിലെത്തുന്നവർ പക്ഷെ അഞ്ചു ശതമാനം മാത്രം. ശേഷിച്ചവരെ പള്ളിയോടടുപ്പിക്കാനാണ് സി എം ഐ വൈദികർ ശ്രമിക്കുന്നത്.

ജനങ്ങൾ പൊതുവെ വളരെ ദരിദ്രരാണ്. ലഹരിമരുന്നു കച്ചവടവും അക്രമങ്ങളും കവർച്ചകളും ധാരാളം. പക്ഷെ ആരും വൈദികരെ അക്രമിക്കാറില്ല.

സി എം ഐ വൈദികരുടെ ചുമതലയിലുള്ള പള്ളികളിൽ ദിവസവും ദിവ്യബലിയുണ്ട്. വിശ്വാസികളുടെ ആത്മീയ ശുശ്രൂഷകളെല്ലാം ഇവിടെ നിർവഹിക്കപ്പെടുന്നു. വൈദികർ സ്ഥിരമായി ഭവനങ്ങൾ സന്ദർശിച്ച് വിശ്വാസികളെ പള്ളികളിലേക്ക് ക്ഷണിക്കുന്നു. ധ്യാനങ്ങൾ സംഘടിപ്പിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിക്കാത്തവരെ കൂട്ടമായി ജ്ഞാനസ്നാനം ചെയ്യിക്കുന്നു. കുട്ടികൾക്കും മുതിർന്നവർക്കും മതബോധനം നൽകുന്നു.

ഏറെ സജീവമാണ് ഇടവകകളിൽ സി എം ഐ വൈദികരുടെ പ്രവർത്തനം. കരിസ്മാറ്റിക് അനുഭവത്തോടെയുള്ള അവരുടെ ദിവ്യബലി പള്ളികളിലേക്ക് കൂടുതൽ വിശ്വാസികളെ ആകർഷിക്കുന്നു. ഭവന സന്ദർശനത്തിനെത്തുന്ന സി എം ഐ വൈദികരെ വിശ്വാസികൾ ഹൃദയപൂർവമാണ് സ്വീകരിക്കുന്നത്. ആത്മീയ ശുശ്രൂഷകൾക്കു പുറമെ ദരിദ്രരെ സഹായിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ അവരെ കൂടുതൽ സ്വീകാര്യരാക്കുന്നു. ദേവാലയങ്ങൾ പുതുക്കി നിർമിക്കാനും നവീകരിക്കാനും സി എം ഐ വൈദികർ സദാ ശ്രദ്ധിക്കുന്നു.

അർജന്റീനയിൽ തദ്ദേശീയ വൈദികരുടെ ദിവ്യബലിയിൽ പങ്കെടുക്കുന്നതിന്റെ പതിന്മടങ്ങ് വിശ്വാസികളാണ് ഇന്ത്യയിൽ നിന്നുള്ള വൈദികർ അർപ്പിക്കുന്ന ദിവ്യബലിയിൽ പങ്കെടുക്കാനെത്തുന്നത്. Monte Grande എന്ന സ്ഥലത്ത് സി എം ഐയുടെ ചുമതലയിലുള്ള പള്ളിക്ക് രണ്ട് സ്റ്റേഷനുകളുണ്ട്. 300 കുട്ടികൾ ഈ ഇടവകയിൽ മതബോധനത്തിന് എത്തുന്നു എന്നത് വലിയൊരു നേട്ടമാണ്. ഫാമിലി കാറ്റക്കിസമാണ് ഇവിടെ സി എം ഐയുടെ മറ്റൊരു നേട്ടം.



**അഭിനന്ദനങ്ങൾ പിടിച്ചുപറ്റുന്ന പ്രവർത്തനം**

വളരെ മികച്ച നിലയിലാണ് സി എം ഐ വൈദികർ ഇവിടെ ഇടവക നടത്തിക്കൊണ്ടു പോകുന്നത്. നല്ല യൂത്ത് മിനിസ്ട്രി, സജീവമായ പാരിഷ് കമ്മിറ്റി, കരിസ്മാറ്റിക് ഗ്രൂപ്പുകൾ, രോഗശാന്തി ബലിയർപ്പണങ്ങൾ ഇതെല്ലാം ഇവിടെ സി എം ഐ സംഭാവനകളാണ്. നേരത്തെ ഞായറാഴ്ച ദിവ്യബലിയിൽ 150–200 ആളുകൾ പങ്കെടുത്തിരുന്ന സ്ഥാനത്ത് ഇപ്പോൾ ആയിരത്തിലധികം പേർ പങ്കെടുക്കാനെത്തുന്നു എന്നത് സി എം ഐ വൈദികരുടെ മിഷൻ പ്രവർത്തന നേട്ടമാണ്. തദ്ദേശീയ വിശ്വാസികളുടെ അഭിനന്ദനങ്ങൾ ഇക്കാര്യത്തിൽ സി എം ഐ വൈദികർ പിടിച്ചുപറ്റുന്നു.

El Joguel ൽ അവിടത്തെ രൂപതയിലെ ഏറ്റവും ദരിദ്രമായ ഇടവകയിൽ സി എം ഐ വൈദികനാണ് വികാരിയച്ചൻ. വളരെ ചെറിയൊരു പള്ളി. നാടാകട്ടെ ലഹരിമരുന്നിന്റേയും മറ്റു സാമൂഹ്യവിരുദ്ധതയുടെയും കേന്ദ്രം. മനുഷ്യർ ബ്ലാക്ക് മാജിക്കിലും മുങ്ങി നടക്കുന്നവർ. അവിടെ സി എം ഐ വൈദികനായ ഫാ. ആന്റണി ആക്കപ്പിള്ളിയുടെ വിശ്രമമില്ലാത്ത മിഷൻ



പ്രവർത്തനങ്ങളെ തുടർന്ന് ഇപ്പോൾ സ്ഥിതിയാകെ മാറിയിരിക്കുന്നു.

ഞായറാഴ്ചകളിൽ 1500 ൽ പരം വിശ്വാസികൾ ദിവ്യബലിയിൽ പങ്കെടുക്കാനെത്തുന്നു. മറ്റു ദിവസങ്ങളിലും പള്ളിയകം മുതിർന്നവരെയും കുട്ടികളെയും കൊണ്ട് നിറയുന്നു.

ഇവിടെ തിങ്കൾ മുതൽ ശനി വരെ ദിവസങ്ങളിൽ നൂറോളം ദരിദ്രർക്കും ഉപേക്ഷിക്കപ്പെട്ടവർക്കും മദർ തെരേസയുടെ പേരിൽ ദിവസവും ഉച്ചഭക്ഷണം നൽകുന്നു. പ്രദേശത്തെ വിശ്വാസികൾ ഇതിന് ആവശ്യമായ സാധനങ്ങൾ സംഘടിപ്പിച്ചു നൽകുന്നു.

Azul രൂപതയിലെ Tandil എന്ന സ്ഥലത്തെ അവർ ലേഡി ഓഫ് കാർമൽ ദേവാലയം നേരത്തെ കാർമലൈറ്റ്സ് വൈദികരുടെ ചുമതലയിലായിരുന്നു. ഇപ്പോൾ അവർ അത് 9 വർഷത്തേക്ക് സി എം ഐ സഭയെ ഏല്പിച്ചിരിക്കുകയാണ്. സി എം ഐ വൈദികനാണ് ഇവിടെ വികാരി. അർജന്റീനയുടെ തലസ്ഥാനമായ ബ്യൂനസ് അയേഴ്സിൽ നിന്ന് 400 കിലോമീറ്റർ അകലെയാണ് ഈ ദേവാലയം; പ്രശസ്തമായ Calvario തീർത്ഥാടന കേന്ദ്രത്തിനും Tandil യൂണിവേഴ്സിറ്റിക്കും അടുത്ത്.

തീർത്ഥാടന കേന്ദ്രത്തിനു സമീപമുള്ള വലിയ പള്ളിയായതിനാൽ ഒരുപാട് വിശ്വാസികൾ ഇവിടെ എത്തുന്നു. യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ധാരാളം യുവാക്കളും ഇവിടെ കുമ്പസാരിക്കാനും ആത്മീയോപദേശം തേടിയും എത്തുന്നു. അയൽ ഇടവകകളിൽ നിന്നുപോലും ഇവിടെ വിശ്വാസികൾ വരുന്നുണ്ട്. സി എം ഐ വൈദികനെ അവർ ഭവനങ്ങൾ ആശീർവദിക്കാൻ ക്ഷണിച്ചുകൊണ്ടുപോകുന്നു.

> “ തീർത്ഥാടന കേന്ദ്രത്തിനു സമീപമുള്ള വലിയ പള്ളിയായതിനാൽ ഒരുപാട് വിശ്വാസികൾ ഇവിടെ എത്തുന്നു. യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ധാരാളം യുവാക്കളും ഇവിടെ കുമ്പസാരിക്കാനും ആത്മീയോപദേശം തേടിയും എത്തുന്നു. അയൽ ഇടവകകളിൽ നിന്നുപോലും ഇവിടെ വിശ്വാസികൾ വരുന്നുണ്ട്. സിഎംഐ വൈദികനെ അവർ ഭവനങ്ങൾ ആശീർവദിക്കാൻ ക്ഷണിച്ചുകൊണ്ടുപോകുന്നു.

Calvario തീർത്ഥാടന കേന്ദ്രത്തിനു സമീപം സി എം ഐ സഭയ്ക്ക് ഒരു ബുക്സ്റ്റാളും മിഷൻ സ്റ്റേഷനും ഉണ്ട്. ഇടവകയ്ക്കു കീഴിൽ രണ്ടിലേറെ മിഷൻ സ്റ്റേഷനുകൾ വേറെയും. അവിടെയെല്ലാം പള്ളികളുമുണ്ട്.

അർജന്റീനയിൽ സി എം ഐ സഭയ്ക്ക്, മിഷന് വലിയൊരു ഭാവിയുണ്ടെന്നതിന്റെ ചിത്രങ്ങളാണ് ഇതെല്ലാം. വിശ്വാസികൾ ഇവിടെ സി എം ഐ വൈദികരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ദിവ്യബലിയിൽ വിശ്വാസികളുടെ നീണ്ടനിരയും വർദ്ധിച്ചുവരുന്ന പങ്കാളിത്തവും ഇതിന്റെ സജീവ തെളിവുകളാണ്.

അർജന്റീനയിലെ എല്ലാ ഇടവകകളിലും 30000 മുതൽ 70000 വരെ വിശ്വാസികളുണ്ട്. ഓരോ ഇടവകയ്ക്കും നാലു മുതൽ എട്ടു വരെ സ്റ്റേഷനുകളും. ചില ഇടവകകൾക്ക് 15 വരെ സ്റ്റേഷനുകളുണ്ട്. ഒരു വൈദികന് ഒറ്റയ്ക്ക് ആത്മീയ ശുശ്രൂഷകൾ നിർവഹിക്കാനാകില്ലെന്ന് ചുരുക്കം. ചില സ്റ്റേഷനുകളിൽ മാസത്തിൽ ഒന്നോ രണ്ടോ തവണ മാത്രമാണ് ദിവ്യബലി. തലസ്ഥാനമായ ബ്യൂനസ് അയേഴ്സിൽ പോലും ഇതാണ് സ്ഥിതി.

കൂടുതൽ വിവരിക്കുന്നില്ല. Concepcion രൂപതയിലെ കഥ മാത്രം പറഞ്ഞു നിർത്തട്ടെ. അവിടെ രൂപതയിൽ ആകെ 20 വൈദികർ മാത്രമാണുള്ളത്. വിശ്വാസികൾക്ക് ദിവ്യകാരുണ്യ സ്വീകരണം ലഭിക്കുന്നത് മാസത്തിൽ രണ്ടു തവണ മാത്രം. അവിടത്തെ ബിഷപ് കൂടുതൽ സി എം ഐ വൈദികരെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. Chaco, Jujui തുടങ്ങിയ മറ്റു രൂപതകളിലും ഇതുതന്നെ സ്ഥിതി. അവിടെയെല്ലാം കൂടുതൽ സി എം ഐ വൈദികരെ തേടിക്കൊണ്ടിരിക്കുകയാണ്. അർജന്റീനയിൽ സി എം ഐ മിഷൻ വികസിപ്പിക്കാൻ അവസരങ്ങൾ മുന്നിൽ കാത്തുകിടക്കുന്നെന്നു സാരം. ■



# മിഷൻ ഇക്വഡോർ ശുശ്രൂഷയുടെ നാനാർത്ഥങ്ങൾ

ജോഷ്വ ഫിലിപ്പ്

ലാറ്റിനമേരിക്കയിലെ ഒരു പ്രധാന മിഷൻ ഭൂമികയാണ് ഇക്വഡോർ. പെറു, അർജന്റീന, ബ്രസീൽ, പരാഗ്വേ എന്നിവയാണ് ലാറ്റിനമേരിക്കയിലെ മറ്റു സി എം ഐ മിഷനുകൾ.

ഇക്വഡോർ മിഷനിൽ നിലവിൽ 17 സി എം ഐ വൈദികരാണ് ശുശ്രൂഷ ചെയ്യുന്നത് San Jacinto de Yaguachi, San Jacinto, Portoviego എന്നീ മൂന്നു രൂപതകളിലായി ഇവർ സേവനം അനുഷ്ഠിക്കുന്നു.

പൂർണമായും കേരളത്തിന്റെ ഭൂപ്രകൃതിയാണ് ഇക്വഡോറിന്. ആമസോണിന്റെ തീരം. ജല സമൃദ്ധം. തന്മൂലം ആകെ പച്ചപ്പ്. ധാരാളം കൃഷിയിടങ്ങൾ. പ്രകൃതി സമ്പത്തുകൾ അതിലേറെ. വാഴയാണ് കൃഷിയെങ്കിൽ കിലോമീറ്ററുകളോളം വാഴ മാത്രം. വലിയ വലിയ പ്ലാന്റേഷനുകൾ.

പ്ലാന്റേഷനുകൾ എല്ലാം തന്നെ രാജ്യത്തിനു പുറത്തു നിന്നുള്ളവരുടേതാണ്. അമേരിക്കയിൽ നിന്നും മറ്റുമുള്ള വൻകിട തോട്ടമുടമകൾ. തനതു വിഭവങ്ങളും കൃഷി ഫലങ്ങളുമെല്ലാം പുറത്തുനിന്നുള്ള ഈ തോട്ടമുടമകൾ കവർന്നെടുത്ത് കൊണ്ടുപോകുന്നു. നാട്ടുകാരായ സാധാരണക്കാർക്ക് ഈ തോട്ടങ്ങളിൽ ജോലി ചെയ്യാം.

കിട്ടുന്ന കൂലികൊണ്ട് അവശ്യം ആവശ്യങ്ങൾ നിറവേറ്റാം. പട്ടിണി കൊണ്ട് ആരും മരിക്കില്ല.

പക്ഷെ അതിനപ്പുറം യാതൊരു വളർച്ചയും ഇക്വ ഡോറിലെ സാമാന്യ ജന ങ്ങൾക്കില്ല. അവർ ദരിദ്രരിൽ ദരിദ്രരും പാവപ്പെട്ടവരുമായി കഴിയുന്നു. ഇക്വഡോറിലെ ജന ങ്ങൾ ഏതാണ്ട് മുഴുവനും ഇത്തരക്കാരാണ്. പെറുവിലെ പോലെ ഇവിടെയും സി എം ഐ വൈദികരുടെ ലക്ഷ്യം ഇവരുടെ ഉന്നമനമാണ്.

ഇടവക തലത്തിലെ പാസ്റ്റ റൽ സർവീസാണ് സി എം ഐ വൈദികർ ഇവിടെ മുഖ്യമായും നടത്തുന്നത്. പള്ളികളിൽ ആത്മീയ ശുശ്രൂഷയ്ക്ക് തദ്ദേ ശീയരായ വൈദികരില്ല. ദൈവ വിളിയാണെങ്കിൽ വളരെ കുറ വ്. വിരലിലെണ്ണാവുന്നതു മാത്രം. അടുത്ത കാല ത്തൊന്നും ഈ സ്ഥിതി വിശേ ഷത്തിനു മാറ്റമുണ്ടാകാനും പോകുന്നില്ല. അതുകൊണ്ടു തന്നെ ഇക്വഡോറിലെ സി എം ഐ മിഷന് പ്രസക്തി ഏറെയാണ്.

ഉൾപ്രദേശങ്ങളിലാണ് മിഷൻ സ്റ്റേഷനുകൾ ഒട്ടു മിക്ക വയും. എല്ലാം തന്നെ പല വിധ ത്തിലും പ്രശ്നബാധിത മേഖല കൾ. ജനങ്ങൾ പക്ഷെ ദരിദ്രരാ ണെങ്കിലും സ്നേഹമുള്ളവരാ ണ്. മണിക്കൂറുകളോളം അവർ മിഷൻ സ്റ്റേഷനുകളിൽ വൈദി കനു വേണ്ടി കാത്തിരിക്കും. ആത്മീയ ശുശ്രൂഷകൾക്കു വേണ്ടി ക്ഷമയോടെ കാത്തു നിൽക്കും.

> “ ജനങ്ങൾ ദരിദ്രരായതിനാൽ ഏറ്റവും കുറഞ്ഞ സൗകര്യങ്ങളിലാണ് സി എം ഐ വൈദികർ ഇവിടെ ത്യാഗപൂർണമായ സേവനം അനുഷ്ഠിക്കുന്നത്. ഒരു പാരീഷിൽ നിന്ന് മറ്റൊരു പാരീഷിലേക്ക്, അല്ലെങ്കിൽ ഒരു മിഷൻ സ്റ്റേഷനിൽ നിന്ന് മറ്റൊരു മിഷൻ സ്റ്റേഷ നിലേക്ക് കുറഞ്ഞത് 10-15 കിലോമീറ്റർ യാത്ര ചെയ്യണം; അതും ഒട്ടുമിക്കതും ചെളിമൂടിയ കാട്ടുവ ഴിയിലൂടെ തന്നെ. ദീർഘസമയവും ജലമാർഗമാണ് സഞ്ചരിക്കേണ്ടത്.

ഇക്വഡോറിൽ എല്ലായി ടത്തും തന്നെ സി എം ഐ സഭയ്ക്ക് മിഷൻ സ്റ്റേഷനുകളും സബ്സ്റ്റേഷനുകളുമുണ്ട്. കുടും ബനവീകരണത്തിനു വേണ്ടി സി എം ഐ വൈദികർ ഇവിടെ തങ്ങളാൽ കഴിയാവുന്ന തെല്ലാം ചെയ്യുന്നു. ഇക്വഡോ റിൽ കത്തീഡ്രൽ വികാരി തന്നെ സി എം ഐ വൈദികനാണ്.

ജനങ്ങൾ ദരിദ്രരായതി നാൽ ഏറ്റവും കുറഞ്ഞ സൗക ര്യങ്ങളിലാണ് സി എം ഐ വൈദികർ ഇവിടെ ത്യാഗ പൂർണമായ സേവനം അനു ഷ്ഠിക്കുന്നത്. ഒരു പാരീഷിൽ നിന്ന് മറ്റൊരു പാരീഷിലേക്ക്, അല്ലെങ്കിൽ ഒരു മിഷൻ സ്റ്റേഷ നിൽ നിന്ന് മറ്റൊരു മിഷൻ സ്റ്റേഷനിലേക്ക് കുറഞ്ഞത് 10 -15 കിലോമീറ്റർ യാത്ര ചെയ്യണം; അതും ഒട്ടുമിക്കതും ചെളിമൂടിയ കാട്ടുവഴിയിലൂടെ തന്നെ. ദീർഘസമയവും ജല മാർഗമാണ് സഞ്ചരിക്കേണ്ടത്.

Pichincha എന്ന സ്ഥലത്തു നിന്ന് 30 കിലോമീറ്റർ അകലെ ഒരു ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയ്ക്കു സമീപം മദർ ഓഫ് കാർമൽ എന്ന ദേവാ ലയം സി എം ഐ വൈദിക രുടെ ചുമതലയിലാണ്. അവി ടേക്ക് മുക്കാൽ മണിക്കൂർ വാഹനത്തിൽ സഞ്ചരിച്ച് തുടർന്ന് ഡാം മുറിച്ചുകടക്കാൻ 15 മിനിറ്റ് ബോട്ടിൽ യാത്ര ചെയ്യണം. ഇത്തരം സ്ഥലങ്ങൾ നിരവധിയാണ്.

ഒരു കൊച്ചു ദ്വീപിൽ ജന ങ്ങളുടെ ഏക ജീവനോപാധി ഞണ്ടു പിടിത്തമാണ്. നഗരങ്ങ ളിൽ നിന്നും പട്ടണങ്ങളിൽ നിന്നും ഏറെ വിദൂരത്തിലാണി ത്. ഒരു റിമോട്ട് ഏരിയ. അവി ടത്തെ ജനങ്ങൾ ഒരു ഇടയനു വേണ്ടി കാത്തിരിക്കുന്നവരാണ്. അത്തരം സ്ഥലങ്ങളിൽ മുഴു വൻ സമയവും ഒരു വൈദി കനെ നിയോഗിക്കുന്നത് അപ്രാ യോഗികമാണ്. എങ്കിലും അവി ടെയും സി എം ഐ വൈദികർ പോയി സേവനം ചെയ്യുന്നു. ആത്മീയശുശ്രൂഷ നടത്തുന്നു.

മുൻ പറഞ്ഞ കൊച്ചു ദ്വീപിൽ നേരത്തെ അവിടെ സേവനം ചെയ്തിരുന്ന സി എം ഐ വൈദികൻ അമേ രിക്കയിൽ നിന്നുള്ള അഭ്യുദയ കാംക്ഷികളുടെയും മറ്റും സഹായത്തോടെ അവിടത്തെ പള്ളി പുനരുദ്ധരിച്ചു. അല്പം





സൗകര്യമുള്ള ഒരു വൈദിക മന്ദിരവും നിർമിച്ചു. ചിലയിടങ്ങളിൽ തദ്ദേശീയമായ സ്പാനിഷ് ഭാഷയിൽ തന്നെ സി എം ഐ വൈദികർ ദിവ്യബലി അർപ്പിക്കുന്നു. ഇത് ഒരു നേട്ടമാണ്. കാരണം ജനങ്ങൾ അത് ആഗ്രഹിക്കുന്നു. അതിൽ തൃപ്തരാകുന്നു.

പെറുവിലെ അരികൃപ പോലെ ഭൂകമ്പങ്ങൾ ആവർത്തിക്കപ്പെടുന്ന മേഖലയാണ് ഇക്വഡോർ. ഒരുപാട് ദുരിതങ്ങൾ ജനങ്ങൾ ഇതുമൂലം നേരിടുന്നുണ്ട്. ജനങ്ങളുടെ ജീവിത ദുരിതങ്ങൾ ലഘൂകരിക്കാൻ സി എം ഐ സഭ ഇവിടെ Guayacan de Thchel എന്ന സ്ഥലത്ത് ഒരു പദ്ധതി തന്നെ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിക്കായി കണ്ടുവച്ച ചെറിയൊരു സ്ഥലം 20 വർഷത്തേക്ക്
സി എം ഐ സഭയ്ക്ക് പാട്ടത്തിനു നൽകാൻ സ്ഥലം മേയർ സമ്മതിച്ചിട്ടുണ്ട്. ഈ സ്ഥലത്ത് താമസിയാതെ സി എം ഐ തദ്ദേശീയർക്കായി ഒരു സ്കൂൾ സ്ഥാപിക്കും.

ഒപ്പം ടെയിലറിംഗ് സെന്റർ, കമ്പ്യൂട്ടർ ട്രെയിനിംഗ് തുടങ്ങിയവയും പദ്ധതിയിൽ ആവിഷ്കരിച്ചിട്ടുണ്ട്. സംഗീതാഭ്യസനം, ഇംഗ്ലീഷ്, സ്പാനിഷ് ഭാഷാപഠനം തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. ജനങ്ങളുടെ സാമൂഹ്യമായ ഉന്നമനത്തിനു വേണ്ടിയാണ് ഈ പദ്ധതി.

സി എം ഐയ്ക്ക് ഒരുപാട് പ്രതീക്ഷകൾ നൽകുന്ന സ്ഥലമാണ് ഇക്വഡോർ. മിഷൻ പ്രവർത്തനങ്ങൾക്ക് ഒരുപാട് സാദ്ധ്യതകളുള്ള സ്ഥലം. അജപാലന പ്രവർത്തനങ്ങൾക്കൊപ്പം സാമൂഹ്യമായും ഇവിടെ മനുഷ്യരെ ഉദ്ധരിക്കേണ്ടതുണ്ട്.

San Juan de Desvio എന്ന സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി സെന്റർ സി എം ഐ സ്ഥാപിച്ചിട്ടുണ്ട്. ഒരുപാട് വിശ്വാസികൾ എത്തുന്ന ഇവിടെയും സ്പാനിഷിൽ ദിവ്യബലി അർപ്പിക്കുന്നു. Quito ഇക്വഡോറിന്റെ തലസ്ഥാനമാണ്. ഇക്വഡോറിൽ ക്രൈസ്തവരുടെ വത്തിക്കാൻ എന്നറിയപ്പെടുന്ന സ്ഥലം. ഇവിടെയും സി എം ഐ വൈദികരുണ്ട്. ഇവർ നടത്തുന്ന ആത്മീയശുശ്രൂഷകളെ Quito മെട്രോപ്പോളിറ്റൻ ആർച്ച് ബിഷപ് മുക്തകണ്ഠം പ്രശംസിക്കുന്നു; അജപാലന ശുശ്രൂഷ ഭംഗിയായി നിർവഹിക്കുന്നെന്ന്.

ഇക്വഡോറിൽ രണ്ട് സന്യാസിനീ സമൂഹങ്ങൾ സി എം ഐ സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ സഹായിക്കുന്നുണ്ട് - ഹോളി ഫാമിലി (CHM) സമൂഹത്തിൽ നിന്ന് 14 പേരും ആരാധനാസമൂഹത്തിൽ നിന്ന് ഏഴു പേരും. ഇവർ ഇടവകകളിൽ സി എം ഐ വൈദികരെ ആത്മീയ ശുശ്രൂഷകളിൽ സഹായിക്കുന്നു. തുടർന്ന് അവർ കുടുംബങ്ങളിലേക്ക് ഇറങ്ങി ചെല്ലുന്നു. അവിടെയും പ്രവർത്തിക്കുന്നു. ■



# ആമസോൺ തീരത്ത് പ്രകാശം പരത്തുന്നവർ

**ജെയിസൺ തോമസ്**

ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ സി എം ഐ സഭ ഏറ്റവും ബുദ്ധിമുട്ടേറിയ മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നത് വിസ്തൃതിയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ബ്രസിലിലാണ്. ബുദ്ധിമുട്ടിനു കാരണം രാജ്യത്തിന്റെ ഭൂപ്രകൃതി തന്നെ. ആമസോൺ തീരത്താണ് ബ്രസീൽ. തുടക്കത്തിലെ സൂചിപ്പിച്ചപോലെ, നീളത്തിന്റെയും വീതിയുടെയും ആഴത്തിന്റെയുമെല്ലാം കാര്യത്തിൽ നമ്മുടെ സങ്കല്പങ്ങൾക്കെല്ലാം അതീതമാണ് ആമസോൺ നദി; ഒപ്പം നദി തീരവും.

സി എം ഐ ബ്രസീലിൽ സേവനമനുഷ്ഠിക്കുന്ന സന്താരെം (Santarem) രൂപത തന്നെ 171906 ചതുരശ്ര കിലോമീറ്ററിലായിട്ടാണ് വ്യാപിച്ചു കിടക്കുന്നത്. വൈദികരുടെ ക്ഷാമം മൂലം 3000 ചതുരശ്ര കിലോമീറ്ററിലെ സേവനത്തിന് ഒരു വൈദികൻ എന്നതാണ് സന്താരെമിലെ അവസ്ഥ. രൂപതയിൽ ആകെയുള്ളത് 67 വൈദികരാണ്. അവരിൽ സി എം ഐ വൈദികരെ പോലെ തന്നെ ഫ്രാൻസിസ്കൻ, എസ്‌വിഡി, ജസ്യൂട്സ് എന്നിങ്ങനെ വിവിധ സഭാ വൈദികരും ഇവിടെ സേവനം ചെയ്യുന്നു. തദ്ദേശീയരായ വൈദികർക്കാർക്കും ആമസോൺ തീരത്തെ ഇടവകകളിൽ സേവനം ചെയ്യുന്നതിന് താല്പര്യമില്ല. കാരണം ഇടവകകൾ വിസ്തൃതമാണെങ്കിലും ചെറിയ ചെറിയ തുരുത്തുകളിലേ മനുഷ്യവാസമുള്ളൂ. തുരുത്തുകൾക്ക് പിന്നിലെല്ലാം അനന്തമായി നീണ്ടുകിടക്കുന്ന ആമസോൺ വനങ്ങളാണ്. മനുഷ്യരാണെങ്കിൽ തീർത്തും അരികു

വൽകൃതരും. കൃഷി, മീൻപിടിത്തം, കന്നുകാലി വളർത്തൽ എന്നിവ കൊണ്ടൊക്കെ ജീവിക്കുന്നവർ.

ഇതൊക്കെ കൊണ്ടുതന്നെയാണ് മറ്റുള്ളവർ ഇവിടെ നിന്ന് വിട്ടുനിൽക്കുന്നത്. അവിടെയാണ് സി എം ഐ ത്യാഗപൂർവമായ സേവനത്തിനു സന്നദ്ധരാവുന്നത്. സന്താരെം രൂപത സി എം ഐ സഭയെ അങ്ങോട്ടു ക്ഷണിക്കുകയായിരുന്നു. തുടർന്ന് 2016 ജനുവരിയിൽ ബ്രസീൽ മിഷൻ (ആമസോൺ മിഷൻ) നിലവിൽ വന്നു.

പോർച്ചുഗീസാണ് ബ്രസീലിലെ മുഖ്യഭാഷ. ആ ഭാഷ പ്രാഥമികമായി പഠിച്ചുകൊണ്ടാണ് 2016 ൽ സി എം ഐ വൈദികർ ബ്രസീലിലേക്ക് തിരിച്ചത്. ഭാഷ പഠിക്കുക എന്നത് രാജ്യത്തെ സംസ്കാരം എന്തെന്ന് മനസിലാക്കുക കൂടിയാണ്. ബ്രസീലിൽ എത്തിയ ശേഷവും ആറുമാസത്തേക്ക് ഭാഷാപഠനം തുടർന്നു. പിന്നീട് ഓരോ ഇടവകയിലേയും സാഹചര്യങ്ങൾ മനസിലാക്കാൻ ഇറങ്ങിത്തിരിച്ചു. തുടർന്ന് സ്വതന്ത്രമായി ഇടവകകളുടെ ചുമതല ഏറ്റെടുത്തു.

ഇഷ്ടമുള്ള ഇടവകകൾ തിരഞ്ഞെടുത്തോളൂ എന്ന് സന്താരെം രൂപതയുടെ ബിഷപ് തുടക്കത്തിൽ തന്നെ പറഞ്ഞിരുന്നു. ആ നിലയ്ക്ക് സന്താരെം സിറ്റിയിലെ സൗകര്യങ്ങളുള്ള ഇടവകകൾ തന്നെ സി എം ഐ വൈദികർക്ക് തിരഞ്ഞെടുക്കാമായിരുന്നു. എന്നാൽ അവർ അതിനു തുനിഞ്ഞില്ല. പകരം ആമസോൺ തീരത്തെ അരികുവൽകൃതരുടെ പാവപ്പെട്ട ഇടവകകൾ മതി എന്ന് അവർ തീരുമാനിച്ചു. ഉൾക്കാടുകളിലേക്ക് സി എം ഐ വൈദികർ സേവനത്തിനെത്തിയത് പിന്നീട് ഏറെ പ്രശംസിക്കപ്പെട്ടു.

> “ അഞ്ച് പാരിഷുകളിലാണ് സി എം ഐ സഭാംഗങ്ങൾ ഇവിടെ നിലവിൽ സേവനം ചെയ്യുന്നത്. സാവോപോളോയിലാണ് കേന്ദ്ര ആസ്ഥാനം. ഇടവകകളിൽ വികാരിമാരായോ സഹവികാരിമാരായോ ആണ് സി എം ഐ വൈദികർ സേവനം അനുഷ്ഠിക്കുന്നത്. നിലവിൽ എട്ട് സി എം ഐ വൈദികർ ബ്രസീലിലുണ്ട്.

അഞ്ച് പാരിഷുകളിലാണ് സി എം ഐ സഭാംഗങ്ങൾ ഇവിടെ നിലവിൽ സേവനം ചെയ്യുന്നത്. സാവോപോളോയിലാണ് കേന്ദ്ര ആസ്ഥാനം. ഇടവകകളിൽ വികാരിമാരായോ സഹവികാരിമാരായോ ആണ് സി എം ഐ വൈദികർ സേവനം അനുഷ്ഠിക്കുന്നത്. നിലവിൽ എട്ട് സി എം ഐ വൈദികർ ബ്രസീലിലുണ്ട്.

സാവോ പോളോയിൽ നിന്ന് രൂപതാ ആസ്ഥാനമായ സന്താരത്തെത്താൻ അഞ്ചു മണിക്കൂർ വിമാനത്തിൽ പറക്കണം. സന്താരത്തു നിന്ന് വീണ്ടും അകലെയുള്ള മിഷൻ സ്റ്റേഷനിലെത്താൻ ബോട്ട് മാർഗം 24 മണിക്കൂർ യാത്ര. തുടർന്ന് ചെളിമൂടിയ കാട്ടുപാതകളിലൂടെ മണിക്കൂറുകൾ സഞ്ചരിച്ചു വേണം ഇടവകകളിലും സബ്സ്റ്റേഷനുകളിലും എത്തിച്ചേരാൻ. ആമസോൺ മിഷന്റെ, ബ്രസീൽ മിഷന്റെ ത്യാഗപൂർണമായ ചിത്രം ഇതിൽ നിന്നുതന്നെ വ്യക്തമാകും.

ബ്രസീലിൽ സന്താരെം രൂപത കേന്ദ്രീകരിച്ചാണ് സി എം ഐ സഭയുടെ മുഖ്യപ്രവർത്തനങ്ങൾ എല്ലാം തന്നെ. സന്താരെം സിറ്റിയിൽ അടുത്തടുത്താണ് മിഷൻ സ്റ്റേഷനുകൾ. എന്നാൽ ആമസോൺ തീരത്ത്, നേരത്തെ പറഞ്ഞതുപോലെ അങ്ങനെയല്ല സ്ഥിതി. ഒരു പാരീഷിനു കീഴിൽ തന്നെ 18 ഉം 46 ഉം 65 ഉം മിഷൻ സ്റ്റേഷനുകളുണ്ട്. ആഴമാർന്ന പുഴയിലൂടെയും കാടിനകത്തുള്ള ദുർഘട സഞ്ചാര പാതകളിലൂടെയും വേണം ഇവിടേക്കെല്ലാം എത്തിച്ചേരാൻ.



### ബോട്ട് മിഷൻ

Prainha എന്ന സ്ഥലത്തെ മിഷൻ സ്റ്റേഷനിലെത്താൻ സ്പീഡ് ബോട്ടിൽ 12 മണിക്കൂർ സഞ്ചരിക്കണം. അവിടെ നദിതീരത്ത് സാമാന്യം നല്ലൊരു ടൗൺഷിപ്പുണ്ട്. രണ്ട് സി എം ഐ വൈദികർ ഇവിടെ വികാരിയായും സഹവികാരിയായും സേവനം അനുഷ്ഠിക്കുന്നു.

ആമസോൺ നദി തീരത്തു



തന്നെ Almeirim എന്ന സ്ഥലത്ത് 60 സ്ക്വയർ കിലോമീറ്റർ പ്രദേശത്താണ് ഒരു ഇടവക വ്യാപിച്ചുകിടക്കുന്നത്. 60 കമ്മ്യൂണിറ്റി ചാപ്പലുകൾ, സബ്സ്റ്റേഷനുകൾ ഈ ഇടവകയ്ക്കു കീഴിലുണ്ട്. മുഴുവൻ സമയ ബോട്ട് ഡ്രൈവറുള്ള ഇടവകയാണിത്. കാരണം ഒട്ടുമിക്ക മിഷൻ സ്റ്റേഷനുകളിലും സബ്സ്റ്റേഷനുകളിലും പുഴ വഴി ബോട്ടിലൂടെ മാത്രമേ എത്തിച്ചേരാൻ കഴിയുകയുള്ളൂ. ഇടവകയ്ക്ക് സ്വന്തമായി ബോട്ടുണ്ട്.

മൂന്ന് സി എം ഐ വൈദികരാണ് ഇവിടെ സേവനം അനുഷ്ഠിക്കുന്നത്. ഇവരിൽ രണ്ടുപേർ ഒരേ സമയം മിഷൻ സ്റ്റേഷനുകളിലേക്കും സബ്സ്റ്റേഷനുകളിലേക്കും ബോട്ടുമാർഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. 20-30 സ്റ്റേഷനുകളിലെത്തി അവിടെ ഓരോ കമ്മ്യൂണിറ്റി ചാപ്പലിലും ദിവ്യബലി അർപ്പിച്ച്, ആത്മീയ ശുശ്രൂഷകൾ നടത്തി 10-14 ദിവസം കഴിഞ്ഞാണ് ഇവർ ഇടവകയിൽ തിരിച്ചെത്തുന്നത്.

ബോട്ടിനു പോയി ആദ്യ സ്റ്റേഷനിൽ ദിവ്യബലി അർപ്പിച്ച ശേഷം വൈദികർ അവിടെയുള്ള വിശ്വാസികൾ നൽകുന്ന ഭക്ഷണവും കഴിച്ച് ബോട്ടിൽ തിരിച്ചെത്തും. തുടർന്ന് രാത്രിയിൽ ബോട്ടിൽ തന്നെ കിടന്നുറങ്ങും. പിറ്റേന്ന് അടുത്ത മിഷൻ സ്റ്റേഷനിലേക്ക് അല്ലെങ്കിൽ സബ്സ്റ്റേഷനിലേക്ക് ബോട്ട് നീങ്ങും. അക്ഷരാർത്ഥത്തിൽ ബോട്ടിനെ മാത്രം ആശ്രയിച്ചുള്ള അജപാലന ശുശ്രൂഷ. കേരളം പോലെയുള്ള സ്ഥലങ്ങളിലും സമ്പന്ന വികസിത രാജ്യങ്ങളിലും കഴിയുന്നവർക്ക് സങ്കല്പിക്കാൻ പോലും കഴിയാത്ത യാഥാർത്ഥ്യമാണിത്.

ഇതൊക്കെയാണെങ്കിലും, ഏറെ കഷ്ടപ്പാടുകൾ സഹിച്ചാണെങ്കിലും, അരികുവൽകൃതരുടെയും ദരിദ്രരുടെയും ഇടയിലാണെങ്കിലും അങ്ങേയറ്റം സന്തോഷപൂർവമാണ് സി എം ഐ വൈദികർ ഇവിടെ സേവനം അനുഷ്ഠിക്കുന്നത്. പാവപ്പെട്ടവരും നിരാലംബരുമായ വിശ്വാസികളെ സേവിക്കുന്നത്. അവർക്ക് ആത്മീയ ശുശ്രൂഷകളും മറ്റു സേവനങ്ങളും നൽകുന്നത്.

സന്താരെം രൂപതയിൽ തന്നെ Monte Dourado യിലെ Para എന്ന സ്ഥലത്തെ ഇടവക വനത്തിനുള്ളിലെ ടൗൺഷിപ്പിലാണ്. ഉൾക്കാടുകളിലൂടെ, ചെളി നിറഞ്ഞ പാതകളിലൂടെ സഞ്ചരിച്ചു വേണം അവിടെ എത്താൻ. മുൻപറഞ്ഞ Almeirim -ൽ നിന്ന് 125 കിലോമീറ്റർ അകലെയാണിത്. Para ഇടവകയുടെ ചുറ്റുപാടുമായി വനമേഖലയിൽ 20 കമ്മ്യൂണിറ്റി സെന്ററുകളുണ്ട്. സെന്ററുകളി

> “ പല സബ്സ്റ്റേഷനുകളിലും പള്ളികളൊ, ചാപ്പലുകളൊ ഇല്ല. മാവിൻചുവട്ടിലും മറ്റുമാണ് ദിവ്യബലി അർപ്പിക്കുന്നത്. വിദൂരതയിലുള്ള പല ഉൾപ്രദേശങ്ങളിലും തദ്ദേശീയരായ വൈദികരെത്തിയിട്ട് കാലങ്ങൾ കഴിഞ്ഞിരിക്കും. അവിടെയെല്ലാം സി എം ഐ വൈദികർ എത്തുമ്പോൾ ഏഴും എട്ടും വയസുള്ള കുട്ടികൾ വരെ ജ്ഞാനസ്നാനം ലഭിക്കാതെ അതിനായി കാത്തിരിപ്പുണ്ടാവും.



ലൊന്ന് ഇടവക പള്ളിയിൽ നിന്ന് 68 കിലോമീറ്റർ അകലെയാണ്. ശേഷിച്ചവയും അങ്ങനെ തന്നെ. ഇവിടെയെല്ലാം സി എം ഐ വൈദികരെത്തി പതിവായി ദിവ്യബലി അർപ്പിക്കുന്നു.

പല സബ്സ്റ്റേഷനുകളിലും പള്ളികളൊ, ചാപ്പലുകളൊ ഇല്ല. മാവിൻചുവട്ടിലും മറ്റുമാണ് ദിവ്യബലി അർപ്പിക്കുന്നത്. വിദൂരതയിലുള്ള പല ഉൾപ്രദേശങ്ങളിലും തദ്ദേശീയരായ വൈദികരെത്തിയിട്ട് കാലങ്ങൾ കഴിഞ്ഞിരിക്കും. അവിടെയെല്ലാം സി എം ഐ വൈദികർ എത്തുമ്പോൾ ഏഴും എട്ടും വയസുള്ള കുട്ടികൾ വരെ ജ്ഞാനസ്നാനം ലഭിക്കാതെ അതിനായി കാത്തിരിപ്പുണ്ടാവും. അത്രയും കാലം അവിടേക്ക് തദ്ദേശീയ വൈദികർ എത്തിയിട്ടില്ലെന്ന് സാരം. സി എം ഐ വൈദികർ ഇത്തരം വിദൂര വിജന സ്ഥലങ്ങളിലേക്ക് പോകാൻ തുടങ്ങിയതോടെ സ്ഥിതി മാറി. അവിടെയൊക്കെ വിശ്വാസികളെ ഒരുമിച്ചു കൂട്ടി ഏറെ സജീവമായി വിശ്വാസ പരിശീലനം നടത്താൻ സാധിക്കുന്നു.

ബ്രസീലിൽ സി എം ഐ സഭ മിഷൻ പ്രവർത്തനം നടത്തുന്ന സ്ഥലങ്ങളിലെല്ലാം തന്നെ ഈ വിധം വിശ്വാസികളുടെ കൂട്ടായ്മകൾ ശക്തിപ്പെട്ടുവരുകയാണ്. ആത്മീയ ശുശ്രൂഷകളിൽ അവരുടെ പങ്കാളിത്തം ഒന്നിനൊന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

നേരത്തെ പറഞ്ഞപോലെ, പോർച്ചുഗീസ് അല്പം പഠിച്ചാണ് സി എം ഐ വൈദികർ ബ്രസീലിൽ എത്തിയത്. അവിടെ എത്തിയശേഷം പുസ്തകം നോക്കി കുർബാന അർപ്പിക്കാൻ പഠിച്ചു. പോർച്ചുഗീസ് ഭാഷയിൽ തന്നെ ദിവ്യബലി അർപ്പിക്കുകയായിരുന്നു ലക്ഷ്യം. തദ്ദേശീയർക്ക് അവരുടെ ഭാഷയിൽ തന്നെ ദിവ്യബലിയിൽ പങ്കെടുക്കുന്നതാണ് കൂടുതൽ ഇഷ്ടം. ഒരു വർഷം കൊണ്ടുതന്നെ സ്വയം അങ്ങനെ ദിവ്യബലി അർപ്പിക്കാനും പോർച്ചുഗീസ് ഭാഷയിൽ തന്നെ വചന സന്ദേശം നൽകാനും സി എം ഐ വൈദികർക്ക് കഴിഞ്ഞു. മിഷനെ സംബന്ധിച്ച് ഇത് വലിയൊരു നേട്ടം തന്നെയാണ്.

ആഫ്രിക്കയിൽ ഒൻപതു വർഷത്തെ സേവനത്തിനു ശേഷം ബ്രസീലിൽ എത്തിയ ഒരു സി എം ഐ വൈദികനുണ്ട്. ആഫ്രിക്കയിൽ വിശ്വാസികൾ വൈദികനരികിൽ എത്തുന്നത് തങ്ങളുടെ പലവിധത്തിലുമുള്ള ആവശ്യങ്ങളുമായി ബന്ധപ്പെട്ടാണ്; വിശ്വാസവുമായി ബന്ധപ്പെട്ടല്ല. ബ്രസീലിൽ നേരെ മറിച്ചാണ് സ്ഥിതി. തന്മൂലം അവിടെ കുറഞ്ഞതോതിലെങ്കിലും തദ്ദേശീയമായ ഭാഷാ സ്വാധീനം വേണം.

നേരത്തെ പറഞ്ഞ സി എം ഐ വൈദികൻ ഇപ്പോൾ തദ്ദേശീയ ഭാഷയിൽ കുമ്പസാരം വരെ കേൾക്കുന്നു. പാപമോചനം നൽകുന്നു. ഇത് തദ്ദേശീയരിൽ അദ്ദേഹത്തെ കൂടുതൽ സ്വീകാര്യനാക്കിയിരിക്കുകയാണ്. അയൽ ഇടവകകളിൽ നിന്നു വരെ ധാരാളം വിശ്വാസികൾ അദ്ദേഹത്തിനടുത്ത് കുമ്പസാരത്തിനെത്തുന്നു. വിശ്വാസത്തിൽ വളരാൻ അദ്ദേഹത്തെ സമീപിക്കുന്നു. ബ്രസീൽ മിഷനെ സംബന്ധിച്ച് ഇത് ഒരു പോസിറ്റീവ് സംഗതിയാണ്.

വിശ്വാസികളുടെ ഇത്തരം സമൂഹത്തെ കൂടുതൽ വിശ്വാസ പരിശീലനത്തിലേക്ക് നയിക്കാനാണ് ബ്രസീലിൽ സി എം ഐ വൈദികർ ശ്രമിക്കുന്നത്.


We Hope



# ആഫ്രിക്കൻ അരികിടങ്ങളിലേയ്ക്ക്

നിർമ്മൽ പ്രശാന്ത്

കെനിയയിലെ Mbiuni യിൽ അലക്സാണ്ടർ മുടാ മുലി (Alexander Mutua Muli) എന്ന സി എം ഐ വൈദികന്റെ പൗരോഹിത്യ സ്വീകരണം നടന്നത് ഒന്നര വർഷം മുൻപാണ്; 2017 ഒക്ടോബർ ഒന്നിന്. കെനിയയിൽ നിന്നുള്ള ഏഴാമത്തെ സി എം ഐ വൈദികൻ. ആഫ്രിക്കയിൽ സി എം ഐ സഭ പുതിയ പുതിയ അദ്ധ്യായങ്ങൾ രചിച്ചു കൊണ്ടിരിക്കുകയാണ്.

സി എം ഐ സന്യാസ വൈദികരുടെ അംഗബലത്തിൽ ആഗോളതലത്തിൽ ഏറ്റവും ശക്തമായ മൂന്നാംലോക മേഖലയാണ് ആഫ്രിക്ക. കെനിയ, നമീബിയ, മഡഗാസ്കർ, ഘാന സൗത്താഫ്രിക്ക, ബോഡ്സ്വാന, പരാഗ്വെ തുടങ്ങിയ ആഫ്രിക്കയിലെ പല രാജ്യങ്ങളിലായി നിലവിൽ 60 ൽ പരം സി എം ഐ വൈദികർ മിഷൻ രംഗത്തുണ്ട്. ഇവർ കൂടാതെ പഠനങ്ങളിലേർപ്പെട്ട് 26 പേർ വേറെയും. മൊത്തം തൊണ്ണൂറോളം പേർ.

മൂന്നാംലോക ഭൂഖണ്ഡമായ ആഫ്രിക്കയിൽ സി എം ഐ സഭയ്ക്ക് ഇത്രയും വൈദികർ മിഷൻ രംഗത്ത് ഉണ്ടെന്നത് ഏറെ ചേതോഹരവും അഭിമാനാർഹവുമായ ഒരു വസ്തുതയാണ്. കെനിയയ്ക്കും നമീബിയയ്ക്കുമൊക്കെ പുറമെ താമസിയാതെ ഉഗാണ്ടയിലും എത്യോപ്യയിലും കൂടി സി എം ഐ മിഷനുകൾ ആരംഭിക്കുകയാണ്.

കെനിയയിൽ മിഷൻ പ്രവർത്തനം തുടങ്ങുന്നത് 1981 ലാണ്. ഇതിനകം തദ്ദേശീയരായ ഏഴ് വൈദികർ അവിടെ നിന്ന് സി എം ഐ സഭയ്ക്കുണ്ടായി. ഇത് ഒരു നേട്ടം തന്നെയാണ്. മിഷൻ രംഗത്ത് കാതലായൊരു വളർച്ചയുടെ നാന്ദി. കെനിയ മിഷൻ ആഫ്രിക്കയിൽ ഏറ്റവും കൂടുതൽ വളർച്ച കൈവരിച്ചിട്ടുള്ള മിഷനാണ്. ഇതിന് പുറമെ നൈറോബിയിലും മിഷൻ യൂണിറ്റുണ്ട്.

**'കല്ലേലി' എന്ന പേര്**

കെനിയയിൽ ഉൾപ്പെടെ ആഫ്രിക്കയിൽ എവിടെയും ഗ്രാമങ്ങൾ കേന്ദ്രീകരിച്ചാണ് സി എം ഐ സഭയുടെ മിഷൻ പ്രവർത്തനങ്ങൾ. എല്ലാ മിഷൻ സ്റ്റേഷനുകളിലും സഭയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. ഒപ്പം സന്നദ്ധസേവന പ്രവർത്തനങ്ങളും പാസ്റ്ററൽ ശുശ്രൂഷയും. വേറെയും ഒരുപാട് പ്രവർത്തനങ്ങൾ. കെനിയയിലെ ബ്യൂണി എന്ന സ്ഥലത്തെ സി എം ഐ സെക്കൻഡറി സ്കൂൾ ഇന്ന് രാജ്യത്തെ തന്നെ ഏറ്റവും മികച്ച സ്കൂളുകളിൽ ഒന്നാണ്.

കെനിയ മിഷനെ ഇന്നത്തെ അവസ്ഥയിലേക്ക് വളർത്തിയത് ഫാ.ജോസ് കല്ലേലി സി എം ഐ ആണ്. കെനിയൻ സമൂഹത്തിനിടയിലും അവിടത്തെ ഔദ്യോഗിക തലങ്ങളിലും ഒരുപാട് സ്വാധീനങ്ങളുള്ള വൈദികൻ. കെനിയയിൽ മലയാളികൾക്കിടയിലും ഇന്ത്യക്കാർക്കിടയിലും തമാശയായും കാര്യമായും പറയുന്ന ഒരു വസ്തുതയുണ്ട്. ഇവിടെ നിന്നുള്ള ആരെയെങ്കിലും ട്രാഫിക് നിയമലംഘനത്തിനോ, മറ്റു കേസുകളിലോ പൊലീസ് പിടിച്ചാലും പ്രശ്നമില്ല. കല്ലേലിൽ അച്ചന്റെ പേരു പറഞ്ഞാൽ മതി, പൊലീസ് വെറുതെ വിട്ടയയ്ക്കും. കെനിയയിൽ അത്രയ്ക്ക് അറിയപ്പെടുന്നയാളും ഔദ്യോഗിക തലങ്ങളിൽ ആദരിക്കപ്പെടുന്നയാളുമാണ് കല്ലേലി അച്ചൻ.

ഇതിന് രസകരമായ ഒരു മറുപുറം കൂടിയുണ്ട്. 'കല്ലേലി' എന്ന വ്യക്തിനാമവും കുടുംബനാമവും കെനിയയിൽ തന്നെ തദ്ദേശീയമായി പല കുലീന വ്യക്തികൾക്കും ഉണ്ടെന്നതാണ് ഈ മറുവശം. ആ നാമം അവിടെ കെനിയനാണ്; തദ്ദേശീയമാണ്.

വിദേശീയനായ ഒരു സാധാരണ വൈദികന് അവിടത്തെ പ്രാദേശിക വിഷയങ്ങളും ആവശ്യങ്ങളും തിരിച്ചറിയാനും അവ സമർത്ഥമായും തന്മയത്വത്തോടെയും നിറവേറ്റാനും കഴിയുന്നു എന്നതാണ് ഫാ. ജോസ് കല്ലേലി സി എം ഐയുടെ മിഷൻ പ്രവർത്തനങ്ങളിലെ വിജയത്തിനും ജന സ്വാധീനതയ്ക്കും പിന്നിലെ മുഖ്യകാരണം. വിശേഷിച്ചും മിഷൻ പ്രവർത്തനം ഉൾപ്പെടെ എല്ലാ പ്രവർത്തനരംഗങ്ങളിലും യുവജനങ്ങളെ ആവുന്നത്ര പ്രോത്സാഹിപ്പിക്കുന്നതിലും എല്ലാവരെയും ഉൾച്ചേർത്ത് മുന്നോട്ടു പോകുന്നതിലും ജോസ് കല്ലേലിൽ അച്ചന് അസാമാന്യമായ ഒരു കഴിവു തന്നെയുണ്ട്. ഏത് രംഗത്തും അദ്ദേഹം മുന്നോട്ടു പോകുന്നത് അങ്ങനെയാണ്.

**വെല്ലുവിളികൾ ഏറെ**

സെക്കൻഡറി സ്കൂളിനോടു ചേർന്നു തന്നെ ബുദ്ധിമാന്ദ്യമുള്ളവർക്കും ഭിന്നശേഷിക്കാർക്കും ശാരീരികവൈകല്യം നേരിട്ടവർക്കും വേണ്ടിയുള്ള ഒരു സ്കൂളും കെനിയയിലെ മച്ചാക്കോസിൽ Mbiuni യിൽ സി എം ഐ സഭ വിജയകരമായി നടത്തുന്നുണ്ട് – സെന്റ് മേരീസ് ഹോം. ബുദ്ധിമാന്ദ്യവും ഇതരവൈകല്യങ്ങളും നേരിട്ട കുട്ടികളെ ഇവിടെ താമസിപ്പിച്ചു പഠിപ്പിക്കുന്നു.

ബുദ്ധിമാന്ദ്യം നേരിട്ട 80–90 കുട്ടികൾ ഇവിടെയുണ്ട്. ഡേ സ്കോളേഴ്സ് വേറെ. കെനിയയിൽ മറ്റാരും തുനിയാത്ത സേവന പ്രവർത്തനമാണ് സി എം ഐ ഇവിടെ നടത്തുന്നത്. സെക്കൻഡറി സ്കൂളും സെന്റ് മേരീസ് ഹോമും മികച്ച രീതിയിലാണ് നടത്തിക്കൊണ്ടു പോകുന്നത്.

വിദ്യാഭ്യാസ രംഗത്തു മാത്രമല്ല, ആതുരശുശ്രൂഷാരംഗങ്ങളിലും ദാരിദ്ര്യ നിർമാർജനം, അരികുവൽകൃത മേഖലകളുടെ വികസനം തുടങ്ങിയ രംഗങ്ങളിലും ആഫ്രിക്കയിൽ സി എം ഐ സഭ സ്തുത്യർഹമായ സേവനങ്ങൾ നടത്തുന്നു. ഡിസ്പെൻസറികൾ സ്ഥാപിച്ച് ആവശ്യമുള്ളവർക്ക് ചികിത്സയും മരുന്നുകളും നൽകുന്നു. തെരുവു കുട്ടികൾക്കു വേണ്ടിയും പ്രവർത്തിക്കുന്നു.

കെനിയ ഉൾപ്പെടെ ഒട്ടുമിക്ക ആഫ്രിക്കൻ രാജ്യങ്ങളിലും മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു



നേരെ ശാരീരികാക്രമണ ഭീഷണി ഏറെയാണ്. എവിടെയും ഏതു സമയത്തും ആക്രമിക്കപ്പെടാനും കവർച്ച ചെയ്യപ്പെടാനുമുള്ള സാദ്ധ്യത നിലനിൽക്കുന്നു. സി എം ഐ വൈദികർ സഞ്ചരിച്ച കാർ തടഞ്ഞ് വൈദികരെ പുറത്തിറക്കി കെട്ടിയിട്ട ശേഷം കാറുമായി കടന്നുകളഞ്ഞ സംഭവങ്ങളുണ്ട്. ഒരു അച്ചനെ പിടിച്ചു കൊണ്ടുപോയി കരിങ്കൽ ക്വാറിയിൽ പാറപൊട്ടിക്കുന്ന ജോലിക്കിട്ടു!

ദാരിദ്ര്യമാണ് ഇതിനെല്ലാം പിന്നിൽ, മുഖ്യമായും കവർച്ചയ്ക്കിരയാക്കുന്ന സംഭവങ്ങൾക്കു പിന്നിൽ. ദരിദ്രരിൽ ദരിദ്രരാണ് ആഫ്രിക്കയിലെ സാധാരണ മനുഷ്യരിൽ ബഹുഭൂരിപക്ഷവും. ജീവിക്കാൻ മറ്റു മാർഗങ്ങളില്ല. അതുകൊണ്ടാണ് അവർ കവർച്ച നടത്തുന്നത്. കഴുത്തിൽ കത്തിവച്ചും തോക്കു ചൂണ്ടിയും ഭീഷണിപ്പെടുത്തി കവർച്ചയ്ക്കിരയാക്കുന്നു.

ഇടവകകളിൽ നിന്ന് ഇടവകകളിലേക്കും സബ്സ്റ്റേഷനുകളിലേക്കും എത്തിച്ചേരാനുള്ള ദുർഘടമായ യാത്രാക്ലേശമാണ് മറ്റൊന്ന്. ഏറെ കഷ്ടമാണ് മിഷൻ പ്രദേശങ്ങളിലെ റോഡുകളുടെയും യാത്രാ മാർഗങ്ങളുടെയും സ്ഥിതി. അവികസിതങ്ങളിൽ അവികസിതമായ മേഖലകൾ. കല്ലിൻമേൽ നിന്ന് മറ്റൊരു കല്ലിലേക്കാണ് സഞ്ചരിക്കുന്ന വാഹനങ്ങൾ ചാടുന്നത്. പക്ഷെ ഇതൊക്കെയാണെങ്കിലും ഏറെ സന്തോഷത്തോടെയും സംതൃപ്തിയോടെയുമാണ് ആഫ്രിക്കയിൽ സി എം ഐ വൈദികർ തങ്ങളുടെ മിഷൻ പ്രവർത്തനം നടത്തുന്നത്. എന്തു ത്യാഗം വഹിക്കാനും അവർ തയ്യാർ. അതുതന്നെയാണ് എവിടെയും അവരെ സ്വീകാര്യരാക്കുന്നത്.

കെനിയയിൽ മൗണ്ട് മേറു പർവതത്തിനു ചുറ്റുമുള്ള പ്രദേശങ്ങളിലും സി എം ഐ വൈദികർ സേവനം നടത്തുന്നു. പാരിഷ് സെന്റർ, സ്കൂളുകൾ, കരിസ്മാറ്റിക് ധ്യാന കേന്ദ്രം ഇതെല്ലാം അവിടെ സി എം ഐയുടെ കീഴിൽ പ്രവർത്തിക്കുന്നു.

**പങ്കുവയ്ക്കപ്പെടുന്ന സ്നേഹം**

ദാരിദ്ര്യവും ഇല്ലായ്മയുമൊക്കെ മുടിചൂടി നിൽക്കുമ്പോഴും ഉള്ളതെല്ലാം പങ്കുവയ്ക്കുന്ന സ്നേഹമാണ് കെനിയയിലും മിഷൻ പ്രവർത്തനം നടക്കുന്ന മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിലും എവിടെയും കാണാൻ കഴിയുക. ദിവ്യബലിക്കിടയിൽ ആടുകയും പാടുകയും ചെയ്യുന്ന ജനത. അതാണ് അവരുടെ പ്രത്യേകത. അവർ ദൈവത്തെ സ്തുതിക്കുന്നത് അങ്ങനെയാണ്. ആട്ടവും പാട്ടും കൊണ്ട് സാധാരണ ദിവ്യബലി 2-3 മണിക്കൂർ നീളും. പെരുന്നാൾ കുർബാനയാണെങ്കിൽ നാലു മണിക്കൂർ വരെ നീണ്ടുപോകും.

ഭക്ഷണ വസ്തുക്കൾ ഉൾപ്പെടെ വൈദികനു ദൈനംദിനം ആവശ്യമുള്ളതെല്ലാം അവിടെ ദിവ്യബലിക്കു വരുമ്പോൾ വിശ്വാസികൾ വീടുകളിൽ നിന്നു കൊണ്ടുവരും.



സ്ത്രോത്ര കാഴ്ചയ്ക്കുള്ള പണം മാത്രമല്ല, വൈദികന്റെ താമസ സ്ഥലത്തെക്കു വേണ്ടി എല്ലാവിധ സാധനങ്ങളും അവർ കൊണ്ടുവരും. ഓരോ ആഴ്ചാന്ത്യത്തിലും ആവശ്യമുള്ളതെല്ലാം ഇങ്ങനെ എത്തിക്കും.

ചില സ്ഥലങ്ങളിൽ ഇത് ആവശ്യത്തിലേറെയുണ്ടാകും. അങ്ങനെയുള്ളത് വൈദികർ മിഷൻ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന മറ്റുള്ളവർക്കായി പങ്കുവയ്ക്കും. കോൺവെന്റുകളിൽ പ്രവർത്തിക്കുന്ന സന്യാസിനികൾക്ക് എത്തിക്കും.

ഉള്ളത് പങ്കുവയ്ക്കുക ആഫ്രിക്കൻ ശീലമാണ്. കെനിയയിലും മറ്റും പണ്ട് ഫ്രാൻസിസ്കൻ മിഷനറിമാരുണ്ടായിരുന്നു. പങ്കുവയ്ക്കുക എന്നത് ഫ്രാൻസിസ്കൻ ട്രെഡീഷനാണല്ലോ. അത് ഇന്നും വിശ്വാസികളും തുടരുന്നു. മറ്റൊരു ആഫ്രിക്കൻ രാജ്യമായ ഘാനയിൽ ചിലപ്പോൾ ദിവ്യബലിയ്ക്കിടെ മൂന്നു തവണ വരെ സ്ത്രോതകാഴ്ച പിരിവുണ്ട്. കാഴ്ച്ചവയ്പ് സമയത്തെ സ്ത്രോതകാഴ്ചയാണ് ഇതിലൊന്ന്. മറ്റൊന്ന് ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കു വേണ്ടിയുള്ള സംഭാവന. വേറൊന്ന് പൊതു ആവശ്യങ്ങൾക്കു വേണ്ടിയുള്ളതും.

യൂത്ത് മിനിസ്ട്രിക്ക് വലിയ പ്രാധാന്യമാണ് കെനിയയിലും മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിലും സി എം ഐ വൈദികർ നൽകി വരുന്നത്. യുവാക്കൾക്കാണ് സമകാലീന സമൂഹത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്താൻ കഴിയുക. അതുകൊണ്ട് യുവജനങ്ങളെ ആത്മീയശുശ്രൂഷയോട് കൂടുതൽ ചേർത്തുനിർത്താനാണ് സി എം ഐ ശ്രമിക്കുന്നത്. യുവാക്കൾക്ക് സംഗീതം വേണം. തന്മൂലം ആത്മീയ ശുശ്രൂഷയിൽ സംഗീതത്തിനു പ്രാധാന്യം നൽകുന്നു.

കെനിയയിൽ മച്ചോകോസ് (Machokos) രൂപതയിൽ ഡോന്യോ സബുക്ക് ഇടവക സി എം ഐ വൈദികരുടെ ചുമതലയിലാണ്. ഇവിടെ ഇപ്പോൾ ഞായറാഴ്ച കുർബാനയിൽ ധാരാളം യുവജനങ്ങൾ പങ്കെടുക്കുന്നു. ദിവ്യബലിയിൽ ഡാൻസും പാട്ടുമുണ്ട്. യുവജനങ്ങളുടെ പങ്കാളിത്തം സജീവവും. എല്ലാം സി എം ഐ അച്ചൻമാരുടെ ശ്രമഫലമായാണ്.

നേരത്തെ യുവജനങ്ങൾ ദിവ്യബലിയിൽ പങ്കെടുക്കുമെങ്കിലും അവർ ദിവ്യകാരുണ്യം സ്വീകരിക്കാറില്ലായിരുന്നു. അച്ചൻമാർ അതിന്റെ കാരണം തിരക്കി. യുവജനങ്ങളുടെ വീടുകൾതോറും കയറിയിറങ്ങി വിവരങ്ങൾ ശേഖരിച്ചു. അപ്പോഴാണ് അറിയുന്നത് യുവജനങ്ങളിൽ ബഹുഭൂരിപക്ഷവും മാമോദീസ സ്വീകരിച്ചവരല്ലെന്ന്!

തുടർന്ന് സി എം ഐ അച്ചൻമാർ അവർക്ക് മതബോധനം നൽകി. ജ്ഞാനസ്നാനം സ്വീകരിപ്പിച്ചു. പ്രഥമ ദിവ്യകാരുണ്യ സ്വീകരണം നടത്തി. ഡാൻസിനോടും പാട്ടിനോടുമുള്ള അവരുടെ പ്രിയം മനസിലാക്കി പള്ളിയിൽ അവർക്കു വേണ്ടി ആധുനിക സംഗീത സിസ്റ്റം ഒരുക്കി. വീഡിയോ പ്ലെയർ വാങ്ങിച്ചു. അങ്ങനെ പള്ളിയിലേക്ക് നൂറുകണക്കിന് യുവജനങ്ങളെ സി എം ഐ ആകർഷിച്ചു. ആത്മീയ ശുശ്രൂഷ കൂടുതൽ കൂടുതൽ യുവജനപങ്കാളിത്തമുള്ളതായി. ഏറ്റവും നല്ല പാട്ടുകാർക്കും ഡാൻസുകാർക്കും സമ്മാനങ്ങൾ കൂടി ഏർപ്പെടുത്തിയതോടെ അത് ഒന്നുകൂടി സജീവമായി.

യുവജനങ്ങളിൽ നിന്ന് കൂടുതൽ കൂടുതൽ ദൈവവിളി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ് സി എം ഐ. കെനിയയിൽ എല്ലാ തലത്തിലുമുള്ള



വൈദിക പരിശീലനത്തിനും സി എം ഐ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കെനിയയിൽ നിന്ന് തൊട്ടടുത്ത ആഫ്രിക്കൻ രാജ്യങ്ങളിലൊന്നായ താൻസാനിയയിലേക്കും സി എം ഐ മിഷൻ നീളുന്നു. ബോട്സ്വാനയിലും രണ്ട് സി എം ഐ വൈദികരുണ്ട്. സൗത്ത് ആഫ്രിക്കയിൽ ഒമ്പതു പേരും നമീബിയയിൽ നാലു പേരും മിഷൻ രംഗത്ത് സേവനം അനുഷ്ഠിക്കുന്നു.

**ഘാന, നമീബിയ, മഡഗാസ്കർ**

കെനിയ പോലെ തന്നെ സി എം ഐ മിഷൻ തഴച്ചുവളരുന്ന മറ്റൊരു ആഫ്രിക്കൻ രാജ്യമാണ് കേരളത്തിലെ പോലെ ചക്കയും മാങ്ങയും കപ്പയുമൊക്കെ ധാരാളമുള്ള ഘാന. ആറ് സി എം ഐ വൈദികരും രണ്ട് ബ്രദേഴ്സും ഇവിടെയുണ്ട്. മൂന്ന് സ്ഥലങ്ങളിൽ ഇടവകകൾ സി എം ഐ വൈദികർക്കു കീഴിലാണ്. ഒരിടത്ത് സി എം ഐ സ്കൂൾ പ്രവർത്തിക്കുന്നു. മറ്റൊരിടത്ത് പുതിയ സ്കൂളിനുള്ള ക്രമീകരണങ്ങൾ നടക്കുന്നു.

നമീബിയയിൽ സെമിനാരി അടിസ്ഥാനത്തിലുള്ള മിഷനാണ്. അവിടത്തെ നാഷണൽ സെമിനാരിയുടെ നടത്തിപ്പ് കഴിഞ്ഞ 19 വർഷമായി സി എം ഐ വൈദികരാണ് നിർവഹിക്കുന്നത്. സെമിനാരി നടത്തിപ്പ് സി എം ഐയെ ഏല്പിച്ചിരിക്കുകയാണ്. ഇവിടെ വൈദിക ഫോർമേഷൻ ഇന്ത്യയിലെ സി എം ഐ രീതിയിലാണ് നടക്കുന്നത്.

ജർമൻ കോളനിയായിരുന്നു നമീബിയ. ക്രൈസ്തവ സഭ ഇവിടെ ശക്തമല്ല. ദൈവവിളി വളരെ കുറവാണ്. സെമിനാരി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ പ്രാപ്തരായവരും കുറവ്. തന്മൂലം നമീബിയയിലെ കത്തോലിക്കാ സഭാ നേതൃത്വം സി എം ഐ സഭയെ സമീപിക്കുകയും സെമിനാരി നടത്തിപ്പ് സി എം ഐയെ ഏല്പിക്കുകയുമായിരുന്നു. ദൗത്യം പൂർത്തിയാക്കിയാൽ സെമിനാരി നമീബിയൻ കത്തോലിക്ക സഭയെ തിരിച്ചേല്പിക്കും.

മിഷനറിമാരുടെ നേർക്കുള്ള ശാരീരികാക്രമണത്തിലും കവർച്ചയിലും കെനിയയിലെ അതേ സ്ഥിതി തന്നെയാണ് സൗത്ത് ആഫ്രിക്കയിലും. ഏതു സമയത്തും കവർച്ചയും ആക്രമണവും പ്രതീക്ഷിക്കാം. കെനിയയിൽ വളർന്നതു പോലെ സൗത്ത് ആഫ്രിക്കയിൽ ഇനിയും സി എം ഐ മിഷൻ വളർന്നിട്ടില്ല.

മഡഗാസ്കറാണ് സി എം ഐ മിഷൻ പ്രവർത്തനം നടക്കുന്ന മറ്റൊരു ആഫ്രിക്കൻ രാജ്യം. കെനിയയിൽ മിഷൻ തുടങ്ങിയതിനോടൊപ്പം ആരംഭിച്ചതാണ് മഡഗാസ്കർ മിഷനും. ദാരിദ്ര്യം ഏറെയുള്ള രാജ്യമാണ് മഡഗാസ്കർ. കടുത്ത വരൾച്ചയാണെന്നും. മഴയില്ല. പച്ചപ്പില്ല. മഡഗാസ്കറിൽ ഒൻപത് സി എം ഐ വൈദികർ പ്രവർത്തിക്കുന്നു. ഇടവകകളും സ്കൂളുകളും ഇവിടെ സി എം ഐയ്ക്കു കീഴിലുണ്ട്.

ആഫ്രിക്കയിൽ സി എം ഐ സഭയുടെ പ്രവർത്തനങ്ങളോട് ചേർന്നു പ്രവർത്തിക്കുന്ന സന്യാസിനീ സമൂഹങ്ങളുണ്ട്. കുറഞ്ഞത് മൂന്ന് കോൺഗ്രിഗേഷനിൽ നിന്നുള്ള സന്യാസിനികൾ ഇവിടെ മിഷൻ പ്രവർത്തനങ്ങളിൽ സി എം ഐ സഭയെ സഹായിക്കുന്നു. കെനിയയിൽ ബുദ്ധിമാന്ദ്യമുള്ളവർക്കും ശാരീരികവൈകല്യങ്ങളുള്ളവർക്കും വേണ്ടി സി എം ഐ നടത്തുന്ന സ്കൂളിൽ മുഖ്യ സഹകാരികൾ എഫ്സിസി സിസ്റ്റേഴ്സാണ്. ■



# ഉപവിശാലയിലെ സ്നേഹഗാഥ

അരുണിമ ജോസ്

അന്യർക്കു വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ശേഷം പേർ നിന്നെ ഭയപ്പെടണം എന്നതിനേക്കാൾ നിന്നെ സ്നേഹിക്കണം എന്ന് ആഗ്രഹിക്കുക. ഭിക്ഷക്കാർ വെറും കൈയ്യോടു കൂടി നിന്റെ വീട്ടിൽ നിന്നു പോകുവാൻ നീ സമ്മതിക്കേണ്ട. കഴിവുള്ളതനുസരിച്ച് അല്പമെങ്കിലും ദാന ധർമം കൊടുക്കാതെ ഇരിക്കേണ്ടാ.

19-ാം നൂറ്റാണ്ടിന്റെ സാമൂഹിക-സാംസ്കാരിക വിദ്യാഭ്യാസ ആദ്ധ്യാത്മിക മേഖലകളിൽ തനതും വിപ്ലവകരവുമായ ഒട്ടേറെ സംഭാവനകൾ നൽകിയ, സി എം ഐ സഭാ സ്ഥാപകനായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1868 ൽ കൈനകരിക്കാർക്കു നൽകിയ 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന മാർഗരേഖയിലെ വാക്കുകളാണിത്. മാർഗരേഖയിൽ തുടർന്ന് അദ്ദേഹം ഇതുകൂടി കുറിച്ചിട്ടിരിക്കുന്നു:

'മനുഷ്യർ പരസ്പരം ഉപകാരം ചെയ്യുന്നത് സ്രഷ്ടാവിനാൽ കല്പിക്കപ്പെട്ട ഒരു പ്രമാണമാകുന്നു എന്ന് ബോധിച്ച് ഒരു മനുഷ്യൻ ദിവസന്തോറും ഒരുത്തനെങ്കിലും ഉപകാരം ചെയ്തുകൊണ്ടുവന്നു. ഒരു ദിവസം അവൻ അത്താഴത്തിനിരുന്നപ്പോൾ അന്നു ഒരുത്തർക്കും ഉപകാരം ചെയ്തില്ലെന്ന് ഓർത്തു എഴുന്നേറ്റ് ആയത് കഴിച്ചതിൽപ്പിന്നെ മാത്രമെ അത്താഴം കഴിപ്പൊള്ളു.'

ഇപ്പോൾ ആ ദർശനം, ആ മഹാമനുഷ്യസ്നേഹിയുടെ സാമൂഹിക പ്രതിബദ്ധത, അതിന്റെ അഗാധമായ നീരൊഴുക്ക് ഒന്നുകൂടി വ്യക്തമാകുന്നു. പൂർണമാകുന്നു. ചാവറപ്പിതാവ് ജീവിച്ചിരുന്നപ്പോൾ തന്നെ ആ നീരൊഴുക്ക് ഒരുപാടു പേർക്ക്, നാനാജാതി മതസ്ഥരായ മനുഷ്യസമൂഹത്തിന് ശാന്തിയും ആശ്വാസവും സമൃദ്ധിയും പകർന്ന് ഒഴുകി തുടങ്ങിയിരുന്നു.

ജാതിയോ മതമോ ഏതായാലും നന്നായി ജീവിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ടെന്ന് ചാവറയച്ചൻ വിശ്വസിച്ചിരുന്നു. വാർധക്യം, അനാരോഗ്യം, ദാരിദ്ര്യം, അനാഥത്വം മുതലായവകൊണ്ടൊന്നും സന്തോഷത്തോടെ ജീവിക്കാനും സമാധാനത്തോടെ മരിക്കാനുമുള്ള അവസരം ആർക്കും നിഷേധിക്കപ്പെടരുതെന്ന് അദ്ദേഹം ആഗ്രഹിച്ചു. അങ്ങനെ അദ്ദേഹം തുടങ്ങിവച്ച ഉപവിശാലയും നന്മരണ കൂട്ടായ്മയുമാണ് ഇന്നു നാടൊട്ടുക്കു കാണുന്ന അനാഥാലയങ്ങളുടെയും പാലിയേറ്റീവ് കെയർ കേന്ദ്രങ്ങളുടെയും ആദ്യ മാതൃക.

ചാവറ പിതാവ് 1869 ഒക്ടോബർ 15 ന് കൈനകരിക്കാർക്കെഴുതിയ കത്താണ് നന്മരണ കൂട്ടായ്മയ്ക്കും ഉപവിശാലയ്ക്കും നിദാനമായത്. നിരാലംബരെ പരിപാലിക്കാനുള്ള ഒരു കൂട്ടായ്മ കെട്ടിപ്പടുക്കാൻ ആ കത്തിൽ അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഉപവിശാല എങ്ങനെ നടത്തിക്കൊണ്ടു പോകണമെന്നും അദ്ദേഹത്തിനു കൃത്യമായ പദ്ധതികളുണ്ടായിരുന്നു.

സ്വന്തമായി വേണം ധർമശാലയ്ക്ക് പണം കണ്ടെത്തേണ്ടത്. 'നന്മരണത്തിനുള്ള സംഭാവനപ്പെട്ടി' എന്ന് അടയാളപ്പെടുത്തിയ ഒരു പെട്ടിയുമായി സ്വദേശത്ത് അപമാനം വിചാരിക്കാതെ ഭിക്ഷയെടുക്കണം. അങ്ങനെ സ്വന്തമായി പണം കണ്ടെത്തി പള്ളിയുടെ സമീപത്ത് മിതമായ സൗകര്യങ്ങളോടെ ഒരു ഉപവിശാല (പരസ്പര സ്നേഹധർമശാല) തുടങ്ങണം. ആരോരുമില്ലാത്ത ഒന്നോ രണ്ടോ പേരെയെങ്കിലും അവിടെ താമസിപ്പിച്ചു പരിചരിക്കണം. അങ്ങനെ ചെയ്യാനായാൽ അത് എല്ലാവർക്കും മാതൃകയാകും; ആ സ്നേഹദൗത്യം പടരും.

> ❝ ജാതിയോ മതമോ ഏതായാലും നന്നായി ജീവിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ടെന്ന് ചാവറയച്ചൻ വിശ്വസിച്ചിരുന്നു. വാർധക്യം, അനാരോഗ്യം, ദാരിദ്ര്യം, അനാഥത്വം മുതലായവകൊണ്ടൊന്നും സന്തോഷത്തോടെ ജീവിക്കാനും സമാധാനത്തോടെ മരിക്കാനുമുള്ള അവസരം ആർക്കും നിഷേധിക്കപ്പെടരുതെന്ന് അദ്ദേഹം ആഗ്രഹിച്ചു.

ഉപവിശാലയിലും നന്മരണ കൂട്ടായ്മയിലും ആരംഭിച്ച സി എം ഐ സഭയുടെ സാമൂഹിക പ്രവർത്തനങ്ങൾ ഇതിനകം എത്രയോ മേഖലകളിലേക്ക് വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. സ്ത്രീ ശാക്തീകരണവും ഗ്രാമ വികസനവും ദാരിദ്ര്യ നിർമാർജനവും മുതൽ ആരോഗ്യ, വിദ്യാഭ്യാസ, കുടുംബക്ഷേമ രംഗങ്ങളിലെ സേവന പ്രവർത്തനങ്ങളും കുട്ടികളുടെയും വൃദ്ധരുടെയും അനാഥരുടെയും തെരുവിൽ ഉപേക്ഷിക്കപ്പെട്ടവരുടെയും അംഗവിഹീനരുടെയും ഭിന്നശേഷിക്കാരുടെയും സംരക്ഷണവും പുനർജീവനവും പ്രകൃതിദുരന്തങ്ങൾക്കിരയാകുന്നവരുടെ പുനരധിവാസവും വീണ്ടെടുപ്പും വരെ അത് നീണ്ടുകിടക്കുന്നു.

ദളിതരും ആദിവാസികളും ദരിദ്രരും നിരാലംബരും പാർശ്വവത്കൃതരുമാണ് ഇതിന്റെയെല്ലാം ബഹുഭൂരിപക്ഷം പ്രയോക്താക്കളും. ഒപ്പം സമൂഹം മൊത്തത്തിലും. കോടിക്കണക്കിനു രൂപയാണ്

സി എം ഐ സോഷ്യൽ അപ്പ സ്തൊലേറ്റ് ഈ രംഗങ്ങളി ലെല്ലാം നേരിട്ടും വിവിധ സന്നദ്ധ സംഘടനകൾ വഴിയും ഇതിനകം ചെലവഴിച്ചിട്ടുള്ളത്; ഇപ്പൊഴും ചെലവഴിച്ചുകൊണ്ടി രിക്കുന്നത്.

അനേകായിരങ്ങൾക്ക് ഇതു വഴി തൊഴിലും ഉപജീവന മാർഗവുമായിട്ടുണ്ട്. സ്വയം പര്യാപ്തത കൈവന്നിട്ടുണ്ട്. ജീവിതം തിരിച്ചു പിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയറിക്കിട ക്കാൻ കിടപ്പാടമുണ്ടായിട്ടുണ്ട്. ഗ്രാമങ്ങൾ വികസിച്ചിട്ടുണ്ട്. വിശപ്പടക്കിയിട്ടുണ്ട്. മൂല്യങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. മനഃസംസ്കരണം നടന്നിട്ടുണ്ട്. പ്രതീക്ഷാനിർഭരമായ തലമുറ കൾ രൂപം കൊണ്ടിട്ടുണ്ട്. സമൂഹം മൊത്തത്തിൽ മെച്ച പ്പെടാൻ ഇടയാക്കിയിട്ടുണ്ട്. പുതിയ സംരംഭങ്ങൾ ജനിച്ചിട്ടു ണ്ട്. സാമൂഹിക നീതി കൈവരി ച്ചിട്ടുണ്ട്.

ഒട്ടനവധി മൂല്യവത്തായ മാതൃകകളും മാർഗങ്ങളുമാണ് സി എം ഐ സോഷ്യൽ അപ്പ സ്തൊലേറ്റ് ഇതിനകം രാജ്യ ത്തെമ്പാടുമായി വിവിധ രംഗ ങ്ങളിൽ ഇതിനകം സംഭാവന ചെയ്തിട്ടുള്ളത്; ഇപ്പൊഴും നൽകിക്കൊണ്ടിരിക്കുന്നത്. തുടക്കം മുതലെ സി എം ഐ സഭയുടെ ആശ്രമങ്ങൾ പ്രാർത്ഥിക്കുന്നിടം മാത്രമായിരു ന്നില്ല. മനുഷ്യരുടെ ഒരു സാമൂ ഹിക സംഗമ വേദി കൂടിയായി രുന്നു. വിപുലമായും ശാസ്ത്രീ യമായും കൃഷി ചെയ്ത് അന്നവും ധാന്യവിളകളും ഉല്പാദിപ്പിച്ച് ജാതിമതഭേദ മന്യെ ഉപജീവനത്തിനുള്ള വഴി സംഘമായി കണ്ടെത്തുന്ന വേദി. അതുതന്നെയാണ് സി എം ഐ സഭ തുടർന്നും സാമൂ ഹിക പ്രവർത്തനരംഗത്ത് തുടർന്നത്. മറ്റുള്ളവരെ സേവി ക്കുന്നതിൽ ആനന്ദം കണ്ടെ ത്താൻ കഴിയുന്നതിന്റെ സുന്ദര മായ ജീവിതത്തിന്റെ സത്ത എന്നു പറയുന്ന രീതി.

ചാവറ പിതാവിന്റെ സാമൂ ഹ്യസേവന ദർശനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സി എം ഐ സഭയുടെ സോഷ്യൽ അപ്പസ്തൊലേറ്റിനു കീഴിൽ 1987 ൽ രൂപം കൊണ്ട സേവ (CEVA - Cyriac Elias Volundary Association) എന്ന സന്നദ്ധ സംഘടനയാണ് സഭ യുടെ സാമൂഹ്യപ്രവർത്തന ങ്ങൾക്കെല്ലാം ചുക്കാൻ പിടി ക്കുന്നതും പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതും. രാജ്യത്തെ ദരിദ്ര ലക്ഷങ്ങളുടെ ഉന്നമനത്തിനായി സുമനസുക ളായ ഒട്ടനവധി ആളുകളുടെ സഹകരണത്തോടെ തുടക്കം കുറിച്ച 'സേവ' ഇതിനകം സാമൂഹിക പ്രവർത്തന രംഗത്ത് മൂന്നു പതിറ്റാണ്ടിലേറെ ലക്ഷ്യങ്ങൾ. സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ചുമതല വഹിക്കു ന്നത് സഭയുടെ വികാരി ജനറാ ളുകൂടിയായ വർഗീസ് വിതയ ത്തിൽ സി എം ഐ യും സേവ യുടെ സാരഥിയായി വർഗീസ് കോക്കാടൻ സി എം ഐ യും നിസ്തുലമായ സേവനമനുഷ്ഠി ക്കുന്നു.

2012 ൽ 'സേവ' 25 വർഷം പൂർത്തിയാക്കിയപ്പോഴത്തെ കണക്കനുസരിച്ചു മാത്രം രാജ്യ ത്തെമ്പാടുമായി 28 സംസ്ഥാന ങ്ങളിൽ 'സേവ', 250 ൽ പരം സന്നദ്ധ സംഘടനകളിലൂടെ

> “ അനേകായിരങ്ങൾക്ക് ഇതുവഴി തൊഴിലും ഉപജീവന മാർഗവുമായിട്ടുണ്ട്. സ്വയം പര്യാപ്തത കൈവന്നിട്ടു ണ്ട്. ജീവിതം തിരിച്ചു പിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയറി ക്കിടക്കാൻ കിടപ്പാടമുണ്ടായിട്ടുണ്ട്. ഗ്രാമങ്ങൾ വികസി ച്ചിട്ടുണ്ട്. വിശപ്പടക്കിയിട്ടുണ്ട്. മൂല്യങ്ങൾ സംരക്ഷിക്ക പ്പെട്ടിട്ടുണ്ട്. മനഃസംസ്കരണം നടന്നിട്ടുണ്ട്. പ്രതീക്ഷാ നിർഭരമായ തലമുറകൾ രൂപം കൊണ്ടിട്ടുണ്ട്.

പിന്നിട്ടു കഴിഞ്ഞു.

കൊച്ചി കേന്ദ്രമാക്കി ദൽഹി, കൊൽക്കത്ത എന്നിവി ടങ്ങളിലെ പ്രാദേശിക ഓഫീ സുകൾ വഴി 'സേവ' രാജ്യത്തെ മ്പാടും രാജ്യത്തിനു പുറത്തു മുള്ള സി എം ഐ സോഷ്യൽ അപ്പസ്തൊലേറ്റിന്റെ സാമൂ ഹിക പ്രവർത്തനങ്ങളെ ഏകോ പിപ്പിക്കുന്നു. വിവിധ പ്രോവിൻസുകളിലുള്ള സന്നദ്ധ സംഘടനകളെ പരിപോഷിപ്പി ക്കുക, സാമൂഹികരംഗത്ത് സംഘടിതമായ ഇടപെടലുകൾ നടത്തുക, പ്രവർത്തന ങ്ങൾക്കായി രാജ്യത്തിനകത്തു നിന്നും പുറത്തു നിന്നും വിഭവ സമാഹരണം നടത്തുക, ഗുണ ഭോക്താക്കളിലേക്ക് കാര്യക്ഷമ തയോടെ പ്രവർത്തനങ്ങൾ എത്തിച്ചേരുന്നതിന് മാർഗ നിർദേശങ്ങൾ നൽകുക, അവയെ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക ഇതൊക്കെയാണ് 'സേവ'യുടെ ദരിദ്രരുടെ വികസനത്തിനാ യുള്ള പ്രവർത്തനങ്ങൾ നടത്തു ന്നുണ്ട്. 350 ൽ പരം സമർപ്പിത രുടെ നേതൃത്വത്തിൽ 2500 ഉദ്യോഗസ്ഥർ ഈ പ്രവർത്തന ങ്ങളെയെല്ലാം ഏകോപിപ്പിക്കു ന്നു. ഗ്രാമങ്ങളിൽ പ്രവർത്തി ക്കുന്ന SHG ഗ്രൂപ്പുകൾ മാത്രം നൂറു കണക്കിനുണ്ട്

**'സേവ'യ്ക്കു കീഴിൽ**

ബുദ്ധിമാന്ദ്യമുള്ളവരെ സഹായിക്കുന്നതിനും സംരക്ഷി ക്കുന്നതിനുമായി 14 ഉം, ശാരീ രിക വൈകല്യമുള്ളവർക്കും അന്ധർക്കും രണ്ടുവീതവും വയോധികരും അനാഥരുമായ വർക്ക് 10 ഉം HIV/AIDS ബാധി തരെ സംരക്ഷിക്കുന്നതിനായി അഞ്ചും സ്ഥാപനങ്ങൾ സി എം ഐ സഭ നടത്തുന്നുണ്ട്.

ഇതര ആരോഗ്യപരിപാലന കേന്ദ്രങ്ങൾ ഏഴും രണ്ട് ലഹരി മുക്ത കേന്ദ്രങ്ങളും 24 ചെറു കിട വ്യവസായ യൂണിറ്റുകളും 45 അംഗൻവാടികളും 42



സാക്ഷരതാ കേന്ദ്രങ്ങളും 55 തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങളും 'സേവ'യ്ക്കു കീഴിൽ സി എം ഐ സോഷ്യൽ അപ്പസ്തൊലേറ്റിനുണ്ട്. ഗ്രാമവികസനം, സ്ത്രീശാക്തീകരണം, കുട്ടികളുടെ അവകാശസംരക്ഷണം, ആദിവാസി വികസനം, ആരോഗ്യ പദ്ധതികൾ, ഭവന നിർമാണ പദ്ധതികൾ, ജലസംരക്ഷണം, കൃഷി വികസനം, പരിസ്ഥിതി സംരക്ഷണം ഇതെല്ലാം 'സേവ'യുടെ കീഴിൽ സി എം ഐ സോഷ്യൽ അപ്പസ്തൊലേറ്റിന്റെ സാമൂഹിക പ്രവർത്തനങ്ങളായി നടക്കുന്നു. പ്രാദേശിക സന്നദ്ധ സംഘടനകളെ സുസ്ഥിര വികസനത്തിനായി പരിപോഷിപ്പിച്ചുകൊണ്ടുള്ള മാതൃകാപരമായ പ്രവർത്തനരീതിയാണ് സേവയുടേത്. യാതൊരു ജാതിമതഭേദവുമില്ലാതെയാണ് സാമൂഹിക രംഗത്ത് സി എം ഐ സഭയുടെ പ്രവർത്തനം.

2012 ൽ അവസാനിച്ച 25 വർഷത്തിനിടയിൽ മാത്രം മൂന്നു മുതൽ അഞ്ചു വർഷം വരെ നീണ്ടുനിൽക്കുന്ന 200 വലിയ പദ്ധതികൾക്ക് ഏകദേശം രണ്ടു കോടി രൂപവീതം 400 കോടിയോളം രൂപയും ഒരു വർഷം മുതൽ രണ്ടു വർഷം വരെ നീണ്ടുനിൽക്കുന്ന 800 ചെറുകിട പദ്ധതികൾക്ക് 10 ലക്ഷം രൂപ വീതം 80 കോടി രൂപയും 'സേവ' ചെലവഴിച്ചു എന്നു പറയുമ്പോൾ സി എം ഐ സോഷ്യൽ അപ്പസ്തൊലേറ്റിന്റെ സാമൂഹിക പ്രവർത്തനങ്ങളുടെ വ്യാപ്തി മനസ്സിലാകും. 2019 ൽ എത്തുമ്പോൾ അത് കൂടുതൽ കൂടുതൽ വിപുലമായിരിക്കുകയാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളടക്കം സി എം ഐ സഭയുടെ കീഴിലുള്ള ഓരോ സ്ഥാപനവും ഓരോ ആശ്രമവും സാമൂഹിക പ്രവർത്തന രംഗത്തും സജീവമാണ്. രാജ്യത്തിനും സമൂഹത്തിനും മാതൃകയാണ് ഈ സ്ഥാപനങ്ങളും 'സേവ'യും ഇതിനെല്ലാം നേതൃത്വം നൽകുന്ന സി എം ഐ സോഷ്യൽ അപ്പസ്തൊലേറ്റും. ■



# ഭവനങ്ങളുണ്ടാകുന്നത്...

സി.എ. പ്രമോദ് ബാബു

2014 ൽ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനോടനുബന്ധിച്ച് സി എം ഐ സഭ ആവിഷ്കരിച്ച ഒരു വർഷം നീണ്ടുനിന്ന കർമപരിപാടികളിൽ മുന്നോട്ടുവച്ചിരുന്ന ഏറ്റവും സുപ്രധാനമായ മൂന്നു പദ്ധതികളിലൊന്ന് സഭയ്ക്കു കീഴിലുള്ള ഓരോ സ്ഥാപനവും ഓരോ ഭവനവും ഭവനരഹിതർക്ക് ഒരു വീടു വീതം നിർമിച്ചുകൊടുക്കുക എന്നതായിരുന്നു. 'A house for a house'. 'Home for the homeless'.

ചാവറ ആവാസ് യോജന, ചാവറ ഹൗസിംഗ് സ്കീം എന്നീ പേരുകളിൽ അറിയപ്പെട്ട ഈ പദ്ധതിയനുസരിച്ച് കേരളത്തിലും കേരളത്തിനു പുറത്തും രാജ്യത്തെമ്പാടുമായി നൂറു കണക്കിനു വീടുകൾ നിർമിക്കപ്പെട്ടു. സി എം ഐ സഭ മുഴുവനും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കി എന്നു മാത്രമല്ല, സഭയുടെ കീഴിലുള്ള നിരവധി സ്ഥാപനങ്ങൾ പ്രഖ്യാപിത ലക്ഷ്യമായ ഒരു വീടിനു പകരം ഒന്നിലേറെ വീടുകൾ വരെ ഭവനരഹിതർക്കായി നിർമിച്ചു നൽകുകയും ചെയ്തു.

സ്കൂളുകളും കോളെജുകളും വരെ ഈ മഹത് സംരംഭത്തിൽ സർവാത്മനാ ഉത്സാഹപൂർവം പങ്കാളികളായി. ലക്ഷക്കണക്കിനു രൂപ വീടില്ലാത്തവർക്ക് വീട് നിർമിക്കാനായി സംഭരിച്ച് വിനിയോഗിക്കപ്പെട്ടു. വിദ്യാർത്ഥികൾ ഉൾപ്പെടെ ഇതിനു പണം സംഭരിച്ചു നൽകി. ഒട്ടനവധി ഉദാരമതികളും സഹായവുമായി മുന്നോട്ടെത്തി. എല്ലാറ്റിനും നേതൃത്വവും മാർഗദർശനവും പ്രചോദനവും നൽകി സോഷ്യൽ അപ്പസ്തൊലേറ്റും.

മറ്റ് ഏത് സാമൂഹ്യപ്രവർത്തനങ്ങളെക്കാളും വിശുദ്ധ വർഷത്തിൽ (തുടർന്നും) ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെട്ടതും സമൂഹമനസിൽ സ്ഥാനം പിടിച്ചതുമായ ഒന്നായിരുന്നു Home for the homeless അല്ലെങ്കിൽ house for a house എന്ന പദ്ധതി. കാലങ്ങളായി സ്വന്തമായി വീടില്ലാതെ വാടകവീടുകളിലും പ്ലാസ്റ്റിക് - ടാർപ്പോളിൻ

മേൽക്കൂരകൾക്കു കീഴിലും കഴിഞ്ഞിരുന്നവർക്കാണ് പദ്ധതിയനുസരിച്ച് വീടുകൾ നൽകപ്പെട്ടത്; അതും ദളിതരുൾപ്പെടെ സാമൂഹ്യവും സാമ്പത്തികവുമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന നാനാജാതി മതസ്ഥരിൽപെട്ടവർക്ക്.

ഭവനരഹിതർക്ക് വീടുവച്ചു കൊടുക്കുന്ന പല പദ്ധതികളും നിലവിൽ നമ്മുടെ സമൂഹത്തിലുണ്ട്. ആധുനിക കാലത്ത് കോർപ്പറേറ്റുകളും ബിസിനസ് സ്ഥാപനങ്ങളും വരെ തങ്ങൾ ജീവകാരുണ്യ പ്രവർത്തനങ്ങളിലും തല്പരരാണെന്നു കാണിക്കാൻ ചിലപ്പോൾ ഈ രംഗത്തേക്ക് സഹായവുമായി കടന്നുവരാറുണ്ട്. തുടക്കം മുതൽ ഒടുക്കം വരെ അവ വാർത്തകളിൽ സ്ഥാനം പിടിക്കുന്നു. സർക്കാർ പദ്ധതികളിലാവട്ടെ ഇടയ്ക്കുവച്ച് വീട് പണി മുടങ്ങിയതും വർഷങ്ങളായി ഫണ്ട് കിട്ടാതെ പണി പൂർത്തീകരിക്കാതെ കിടക്കുന്നതും നിരവധി കടമ്പകൾ കടന്നിട്ടും അനുവദിച്ച ഫണ്ട് കിട്ടാത്തതുമൊക്കെയാണ് വാർത്തകൾ.

അങ്ങനെയൊരിടത്താണ് തികച്ചും നിശ്ശബ്ദമായി, ആരോരുമറിയാതെ സി എം ഐ സഭയുടെ കാരുണ്യം, അർപ്പിത മനസ്, സഹജീവിസ്നേഹം സമൂഹത്തിലെ ഒട്ടനവധി ഭവനരഹിതരിലേക്ക് കാലങ്ങളായി ഒഴുകിയെത്തിക്കൊണ്ടിരിക്കുന്നത്. നേരത്തെ പറഞ്ഞപോലെ, ഇക്കാലത്തിനകം നൂറു കണക്കിനു വീടുകളാണ് സി എം ഐ സോഷ്യൽ അപ്പസ്തൊലേറ്റ് നേരിട്ടും അല്ലാതെയും ഭവനരഹിതരായ ദരിദ്രരും സാമൂഹ്യ പിന്നോക്കാവസ്ഥയിൽ കഴിയുന്നവരുമായ ദളിതരും ആദിവാസികളുമടക്കമുള്ള നാനാജാതി മതസ്ഥരായ മനുഷ്യർക്ക്, കുടുംബങ്ങൾക്ക് നിർമിച്ചു നൽകിയിട്ടുള്ളത്.

> “ ഭവനരഹിതർക്ക് വീടുവച്ചുകൊടുക്കുന്ന പല പദ്ധതികളും നിലവിൽ നമ്മുടെ സമൂഹത്തിലുണ്ട്. ആധുനിക കാലത്ത് കോർപ്പറേറ്റുകളും ബിസിനസ് സ്ഥാപനങ്ങളും വരെ തങ്ങൾ ജീവകാരുണ്യ പ്രവർത്തനങ്ങളിലും തല്പരരാണെന്നു കാണിക്കാൻ ചിലപ്പോൾ ഈ രംഗത്തേക്ക് സഹായവുമായി കടന്നുവരാറുണ്ട്.

രാജ്യമെമ്പാടും ഭവനരഹിതർക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും ഇക്കൂട്ടത്തിലുണ്ട്. കൊച്ചിയിലെ സഹൃദയ പാർപ്പിട പദ്ധതി, കോഴിക്കോട് സ്നേഹവീട് പദ്ധതി, മഹാരാഷ്ട്രയിൽ ജൂബിലി ഹൗസിംഗ് പ്രോജക്ട്, ഛാന്ദയിൽ തന്നെ നടപ്പിലാക്കിയിട്ടുള്ള കുവൈറ്റ് ഹൗസിംഗ് സ്കീം, ഭൂതത്താൻകെട്ട് നിർമൽഗ്രാം വെൽഫെയർ സെന്ററിന്റെ ഭവന നിർമാണ പദ്ധതി, കോയമ്പത്തൂരിൽ ആദിവാസികൾക്കു വേണ്ടി നടപ്പിലാക്കിയ ആനമലൈ ഹൗസിംഗ് പ്രോജക്ട്, മൈസൂരിലെ ഒൺടു ശാലെ ഒൺടു മനെ (One school one home) പദ്ധതി തുടങ്ങിയവ ഉദാഹരണങ്ങളാണ്.

### സഹൃദയ മുതൽ സ്റ്റാർസ് വരെ

കൊച്ചിയിലെ സഹൃദയ പാർപ്പിട പദ്ധതിയിൽ 2014–17 കാലയളവിൽ മാത്രം ഭവനരഹിതർക്കായി 45 വീടുകൾ നിർമിച്ചു നൽകി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സി എം ഐ ആശ്രമങ്ങളുടെയും ഉദാരമനസ്കരുടെയും പ്രദേശത്തെ ജനങ്ങളുടെയും സഹായ സഹകരണങ്ങളോടെയാണ് ഇത്. തിരുവനന്തപുരത്ത് ഈ കാലയളവിൽ 24 വീടുകൾ നിർമിച്ചു; സമഗ്രവികാസ് സോഷ്യൽ സർവീസ് സൊസൈറ്റി 37 വീടുകളും. ബിജ്നോറിൽ ഇതേ കാലയളവിൽ 49 വീടുകളാണ് നിർമിച്ചു നൽകിയത്.

കോട്ടയത്ത് 2014–17 ൽ ഭവനരഹിതർക്കായി 55 വീടുകൾ നിർമിച്ചു; മൂവാറ്റുപുഴയിൽ 31 വീടുകളും. 95 വീടുകളുടെ



ഭാഗിക നിർമാണവും കാർമൽ പൂർത്തിയാക്കി. ഇടുക്കിയിൽ പല പ്രദേശങ്ങളിലായി വിവിധ ആശ്രമങ്ങലുടെ ശ്രമ ഫലമായി 13 വീടുകളും നിർമ്മിച്ചു നൽകാനായി.

കോയമ്പത്തൂരിൽ 41 പേർക്ക് ഭവന നിർമാണ സഹായം നൽകി. ഭാരതത്തിന്റെ വിവിധ ഇടങ്ങളിലായി ചെയ്തിട്ടുള്ള ഇത്തരം ഭവന നിർമ്മാണ പ്രവർത്തനങ്ങളുടെ ഈ കണക്കുകൾ അവസാനിക്കുന്നില്ല. 2014-17 ൽ മാത്രമല്ല, അതിനു മുൻപും പിൻപും നാളിതുവരെയുള്ള കാലയളവിൽ, നേരത്തെ പറഞ്ഞപോലെ രാജ്യത്തെമ്പാടും വിവിധ സംസ്ഥാനങ്ങളിലായി നൂറു കണക്കിനു വീടുകളാണ് ദരിദ്രരും നിരാലംബരുമായ ഭവനരഹിതർക്കായി സി എം ഐ സോഷ്യൽ അപ്പസ്തൊലേറ്റ് നിർമിച്ചു നൽകിയിട്ടുള്ളത്.

ഭവനരഹിതരോടുള്ള സി എം ഐ സോഷ്യൽ അപ്പസ്തൊലേറ്റിന്റെ അർപ്പിത സേവനം തിരിച്ചറിഞ്ഞ് വിവിധ സർക്കാർ ഏജൻസികളും ഭവനരഹിതർക്കായുള്ള തങ്ങളുടെ പദ്ധതികൾ നടപ്പിലാക്കാൻ പലപ്പോഴും സോഷ്യൽ അപ്പസ്തൊലേറ്റിനെയാണ് ചുമതലപ്പെടുത്തുന്നത്. പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകാനും കോ-ഓർഡിനേറ്റിംഗ് ഏജൻസിയായി വർത്തിക്കാനും മാർഗദർശനം നൽകാനും അങ്ങനെ വിവിധ തലങ്ങളിൽ ചുമതല നിർവഹിക്കാൻ സോഷ്യൽ അപ്പസ്തൊലേറ്റിനു കീഴിലുള്ള സംവിധാനങ്ങളെ പ്രയോജനപ്പെടുത്തുന്നു. കെ സി ബി സിയുമായി സഹകരിച്ച് 100-ൽ അധികം വീടുകളാണ് ദളിത് ക്രിസ്ത്യൻസിനായി സി എം ഐ സഭയ്ക്ക് നിർമ്മിച്ച് നല്കാൻ കഴിഞ്ഞത്.

ഹൗസിംഗ് ബോർഡിന്റെ 1998-2002 ലെ കുട്ടനാട് ഹൗസിംഗ് പ്രോജക്ട് അത്തരത്തിലൊന്നായിരുന്നു. 120 വീടുകളാണ് അന്ന് ഭവനരഹിതർക്കായി നിർമിക്കപ്പെട്ടത്. 2005-2008 കാലയളവിൽ ആലപ്പുഴയിലെ ആറാട്ടുപുഴയിൽ കേന്ദ്രസർക്കാരിന്റെ സുനാമി സ്പെഷ്യൽ പാക്കേജ് ഹൗസിംഗ് പ്രോജക്ട് നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയതും സി എം ഐ സോഷ്യൽ അപ്പസ്തൊലേറ്റിനെയാണ് - 345 വീടുകൾ. ഉദാഹരണങ്ങൾ വേറെയുമുണ്ട്.

കോവിൽപുതൂർ ആദിവാസി കോളനി മാരപ്പഗൗണ്ടന്നൂർ പഞ്ചായത്തിലെ ഒരു പുതിയ സെറ്റിൽമെന്റായിരുന്നു. സവർണ ജാതിയിൽപെട്ട സമ്പന്നരുടെ തോട്ടങ്ങളിൽ പണിയെടുക്കുന്നതിന് പണയത്തിനെടുത്ത ആദിവാസി തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയുമാണ് അവിടെ പുനരധിവസിപ്പിച്ചിരുന്നത്; അറുപത് പുല്ലുമേഞ്ഞ കുടിലുകളിൽ. അവർക്കു വേണ്ടിയായിരുന്നു ടോയിലറ്റ് ഉൾപ്പെടെ 225 സ്ക്വയർഫീറ്റ് വീതം വരുന്ന 15



പുതിയ കോൺക്രീറ്റ് വീടുകൾ നിർമിക്കാൻ സർക്കാർ കരാർ കൊടുത്തിരുന്നത്; പണി പൂർത്തിയാകാതെ തുടർന്ന് അപൂർണമായി കിടന്നിരുന്നത്. 15 വീടുകളിൽ അഞ്ചു വീടുകളേ സർക്കാരിനു പൂർത്തിയാക്കാൻ സാധിച്ചിരുന്നുള്ളൂ.

അന്നവിടെ ആ കുഗ്രാമത്തിൽ ആദിവാസികളിൽ ചിലർ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. ഇതിൽ പ്രകോപിതരായ സമീപത്തെ ഹൈന്ദവ സമൂഹം ഏതെങ്കിലും ക്രിസ്ത്യൻ ഏജൻസികൾ അവിടേക്കുവന്ന് ആദിവാസികളുടെ വീടു പൂർത്തീകരണ പദ്ധതി ഏറ്റെടുക്കുന്നതിനെ ശക്തമായി എതിർത്തു. പ്രേഷിത സർവ്വീസ് സൊസൈറ്റിയെ പക്ഷെ ഇത് ഒട്ടും തന്നെ തളർത്തിയില്ല.

2010-11 ൽ തമിഴ്നാട് പൊള്ളാച്ചി താലൂക്കിലെ 200 -ൽ അധികം ഗ്രാമങ്ങളിൽ സി എം ഐ സഭയുടെ പ്രേഷിത സർവീസ് സൊസൈറ്റി നടത്തി വന്നിരുന്ന പ്രവർത്തനങ്ങൾ അതിനകം വൻവിജയമാണ് കൈവരിച്ചിരുന്നത്. ജനങ്ങളിൽ അത് വൻവിശ്വാസ്യതയ്ക്ക് കാരണമായി തീർന്നു. പ്രേഷിതയ്ക്ക് അങ്ങനെ ജനങ്ങളിൽ നിന്ന് വലിയ പിൻബലമാണ് അവിടെ ഉണ്ടായിരുന്നത്. ആ പിൻബലത്തിൽ 2017 ലെ നോമ്പ് കാലത്ത് ആദിവാസികളുടെ പൂർത്തിയാകാതെ കിടന്നിരുന്ന വീടുകളുടെ പണി പ്രേഷിത ഏറ്റെടുത്തു.

കുറഞ്ഞ സമയം കൊണ്ട് 10 വീടുകളുടെയും പണി പൂർത്തീകരിച്ചു; ഉദാര മനസ്കരായ വ്യക്തികളുടെയും സന്നദ്ധ ഏജൻസികളുടേയും സഹകരണത്തോടെയാണ് പ്രേഷിത അത് പൂർത്തീകരിച്ചത്, പണിതു നൽകിയത്. കോവിൽപുതൂരിലെ ആദിവാസി കുടുംബങ്ങൾക്ക് അങ്ങനെ നല്ല പാർപ്പിട സൗകര്യമായി.

ഇന്ത്യയിലുടനീളം ഇങ്ങനെ നൂറുകണക്കിനു വീടുകൾ സി എം ഐ സഭ നിർമിച്ചു നൽകിയിട്ടുണ്ട്, സമൂഹത്തിലെ ദരിദ്രരുടെയും അരികുവൽകൃതരുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ചാവറ പിതാവ് കൊളുത്തിവച്ച ദീപത്തിന്റെ വെളിച്ചത്തിൽ നിന്ന്.

> രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ആയിരക്കണക്കിനു വീടുകളുടെ നിർമാണത്തിൽ പൂർണമായോ, ഭാഗികമായോ സാമ്പത്തികമായും മറ്റു വിധത്തിലും സഭ പങ്കാളിയായിട്ടുണ്ട്. അതിന്റെ പല മടങ്ങ് വീടുകളുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനും സോഷ്യൽ അപ്പസ്തൊലേറ്റ് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

പൂഞ്ചേരി ആദിവാസി മേഖലയിൽ ഭവന രഹിതരായ ആദിവാസി സമൂഹത്തിന് 27 വീടുകൾ സി എം ഐ നിർമിച്ചു നൽകി. കടലുണ്ടിയിൽ 27 വീടുകൾ നിർമിക്കപ്പെട്ടു. 2011-12 ൽ ഛാന്ദാ പ്രോവിൻസിൽ ജൂബിലി ഹൗസിംഗ് പ്രോജക്ട് സ്വന്തം ഫണ്ടുപയോഗിച്ചാണ് സി എം ഐ നിർവഹിച്ചത്. ജഗ്ദൽപൂർ, ഭോപ്പാൽ, രാജ്കോട്ട്, ഭവനഗർ എന്നിവിടങ്ങളിലും ഭവനരഹിതർക്ക് വീടുകൾ വച്ചു കൊടുത്തിട്ടുണ്ട്.

### വീടുവയ്ക്കാൻ ഭൂമിയും

ഇതിനെല്ലാം പുറമെയാണ് ആയിരക്കണക്കിനു വീടുകളുടെ പുനരുദ്ധാരണത്തിനും റിപ്പയറിംഗിനും സി എം ഐ സോഷ്യൽ അപ്പസ്തൊലേറ്റ് സഹായം നൽകിയിട്ടുള്ളത്. ഭവനരഹിതർക്ക് വീട് മാത്രമല്ല, വീടുവയ്ക്കാൻ ഭൂമിയും സി എം ഐ സഭ പലപ്പോഴായി ലഭ്യമാക്കിയിട്ടുണ്ട്. തൃശൂരിൽ 2014-17 ൽ 80 ലക്ഷം രൂപ മുടക്കിയാണ് 40 ഭവനരഹിതർക്ക് ഭൂമി ലഭ്യമാക്കിയത്. ഉദാഹരണങ്ങൾ അത്തരത്തിൽ വേറെയുമുണ്ട്.

പലപ്പോഴും ഭവനരഹിതരെ തേടി അവരുടെ ദുഃഖമകറ്റാൻ സഭാംഗങ്ങൾ അങ്ങോട്ടു ചെല്ലുകയാണ്. ഭവന സന്ദർശനത്തിനെത്തുമ്പോഴാണ് കുടുംബത്തിന് വീടില്ലെന്നറിയുന്നത്. കൊച്ചിക്കടുത്ത് കൂനമ്മാവിൽ 2014-17 കാലയളവിൽ ഒരു ദരിദ്ര കുടുംബത്തിന് സ്വന്തമായി വീടുണ്ടായത് അങ്ങനെയാണ്. പാസ്റ്ററൽ വിസിറ്റിംഗിനെത്തിയതായിരുന്നു ഫാ.സിറിയക് മുരിക്കൻ എന്ന സി എം ഐ വൈദികൻ. അപ്പൊഴാണ് കുടുംബത്തിന് വീടില്ലെന്ന കദനകഥ അറിയുന്നത്. ഒട്ടും താമസിച്ചില്ല, ഫാ.സിറിയക് മുരിക്കൻ ആ കുടുംബത്തിന് കേറിക്കിടക്കാൻ ഒരു വീടുണ്ടാക്കാൻ തീരുമാനിച്ചു.

തുടർന്ന് ഉദാരമനസ്കരുമായി അദ്ദേഹം തന്റെ ലക്ഷ്യം പങ്കുവച്ചു. അദ്ദേഹം തന്നെ മുൻകൈ എടുത്ത് 4.5 ലക്ഷം രൂപ സമാഹരിച്ചു. ഒപ്പം പഞ്ചായത്തിന്റെയും സഹായം ലഭ്യമായി. താമസിയാതെ 5.5 ലക്ഷത്തിന് ഒരു വീട് പൂർത്തിയായി. ഭവനമില്ലാത്ത കുടുംബത്തിന് എന്നന്നേക്കുമായി കേറിക്കിടക്കാൻ, അന്തിയുറങ്ങാൻ സ്വന്തമായി ഒരിടമായി. ആശ്വാസമായി. ഇങ്ങനെയൊക്കെയാണ് മനുഷ്യകാരുണ്യത്തിന്റെ വലിയ ദൈവിക മാതൃകകൾക്ക് വഴിയൊരുക്കിയ ചാവറപ്പിതാവിന്റെ സഭാംഗങ്ങൾ സ്വന്തമായി വീടില്ലാത്ത ഭവനരഹിതർക്ക് കൂടുകളൊരുക്കുന്നത്. അവരുടെ ദുഃഖത്തിനും കണ്ണീരിനും പരിഹാരമുണ്ടാക്കുന്നത്; അതും തികച്ചും നിശ്ശബ്ദമായിത്തന്നെ.

■



# മനസ്സ് തൊട്ടപ്പോൾ മാഞ്ഞ മൂടൽമഞ്ഞ്

ഡോ. ശ്രീജിത് ജി.

*യഹൂദരുടെ ഒരു തിരുനാളിൽ യേശു ജറുസലേമിലേക്കു പോയി. ജറുസലേമിൽ അജകവാടത്തിനടുത്ത് ഹെബ്രായ ഭാഷയിൽ ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളമുണ്ടായിരുന്നു. അതിന് അഞ്ചു മണ്ഡപങ്ങളും. അവിടെ കുരുടരും മുടന്തരും തളർവാതക്കാരുമായ അനേകം രോഗികൾ കിടന്നിരുന്നു. മുപ്പത്തിയെട്ടു വർഷമായി രോഗിയായിരുന്ന ഒരുവൻ അവിടെയുണ്ടായിരുന്നു. അവൻ അവിടെ കിടക്കുന്നത് യേശു കണ്ടു. അവൻ വളരെ നാളായി കിടപ്പിലാണെന്ന് അറിഞ്ഞ് യേശു ചോദിച്ചു: സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ? അവൻ പറഞ്ഞു: കർത്താവേ, വെള്ളമിളകുമ്പോൾ എന്നെ കുളത്തിലേക്കിറക്കാൻ ആരുമില്ല. ഞാൻ എത്തുമ്പോഴേക്കും മറ്റൊരുവൻ വെള്ളത്തിൽ ഇറങ്ങിക്കഴിഞ്ഞിരിക്കും. യേശു അവനോടു പറഞ്ഞു: എഴുന്നേറ്റ് കിടക്കയെടുത്ത് നടക്കുക. അവൻ തത്ക്ഷണം സുഖം പ്രാപിച്ച് കിടക്കയെടുത്തു നടന്നു. (യോഹ 5:1–9).*

1970 കളിലായിരുന്നു അത്. ഫാ.തോമസ് ഫെലിക്സ് എന്ന സി എം ഐ വൈദികൻ കോട്ടയത്തെ സാമൂഹ്യപ്രവർത്തനങ്ങൾക്കിടയിൽ ഒരു ദിവസം തന്റെ പതിവു ഭവന സന്ദർശനത്തിനിടയിൽ ഇത്തമ്മ എന്നു പേരുള്ള ഒരു സ്ത്രീയെയും അവരുടെ രണ്ടു കുരുന്നു മക്കളെയും കണ്ടുമുട്ടി. റിറ്റിയെന്നു പേരുള്ള രണ്ടു വയസുകാരിയും റോയി എന്ന നാലു വയസുകാരനും. ഇരുവരും മനോവൈകല്യം ബാധിച്ചവർ.

കുട്ടികൾ രണ്ടുപേരെയും മുന്നോട്ടു നീക്കി നിർത്തിയിട്ട് ഇത്തമ്മ, തോമസ് അച്ചനോടു പറഞ്ഞു: “ഇതുകണ്ടോ അച്ചോ, അച്ചന് നാട്ടുകാർക്കു വേണ്ടി പ്രവർത്തിക്കാൻ ഒരുപാട് സമ

യമുണ്ട്. പക്ഷെ ഇതുപോലുള്ള തുങ്ങളെ ഭൂമിയിൽ ഉപേക്ഷിച്ചിട്ട് എന്ത് സേവനം അച്ചോ?!"

ഫാ.തോമസ് ഫെലിക്സിന്റെ ഹൃദയത്തെ വല്ലാതെ ഉലച്ചുകളഞ്ഞ ഒരു ചോദ്യവും കാഴ്ചയുമായിരുന്നു അത്. ഒപ്പം, മറ്റൊരു ചിത്രവും അദ്ദേഹത്തിന്റെ മനസിലൂടെ അപ്പോൾ കടന്നുപോയി; മനോവൈകല്യം മൂലം ബുദ്ധിമാന്ദ്യം സംഭവിച്ച മെസ് ആന്റണി എന്ന മറ്റൊരാളുടെ ചിത്രം. കുട്ടിക്കാലത്ത് അമ്മ എപ്പൊഴും പറയുമായിരുന്നു, 'മക്കളേ നിങ്ങൾ എല്ലാവിധത്തിലും അനുഗൃഹീതരാണ്. പക്ഷെ ചിലർ അങ്ങനെയല്ല. അവർ ശാരീരികമായും മാനസികമായും വൈകല്യമുള്ളവരും ബുദ്ധിമാന്ദ്യം സംഭവിച്ചവരുമാണ്. അവരോട് നിങ്ങൾ അനുകമ്പ കാണിക്കുകയും അവരെ സഹായിക്കുകയും ചെയ്യണം.'

തന്റെ തുടർന്നുള്ള ജീവിതം മുഴുവൻ ഈവിധം വൈകല്യങ്ങൾ മൂലം കഷ്ടതയനുഭവിക്കുന്നവർക്കുവേണ്ടി നീക്കിവയ്ക്കാൻ ഫാ.തോമസ് ഫെലിക്സ് ആ നിമിഷം തീരുമാനിച്ചു. തന്റെ പുതിയ ആഗ്രഹവും ആശയവും അന്ന് ചങ്ങനാശ്ശേരി സെന്റ് ബർക്കുമെൻസ് കോളെജിൽ ഇക്കണോമിക്സ് പ്രൊഫസറായിരുന്ന ഫാ.ജോസഫ് പവ്വത്തിലുമായി (പിന്നീട് ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പായ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ്) അദ്ദേഹം തുടർന്ന് പങ്കുവച്ചു. ഫാ.പവ്വത്തിൽ ആ തീരുമാനത്തെ അപ്പോൾ തന്നെ സ്വാഗതം ചെയ്യുകയും അഭിനന്ദിക്കുകയും ചെയ്തു. മാത്രമല്ല, മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് സഹായവും വാഗ്ദാനം ചെയ്തു.

**പുതിയ തുടക്കം**

അതൊരു പുതിയ തുടക്കമായിരുന്നു. തികച്ചും ധീരവും സാഹസികവുമായ പുതിയൊരു സംരംഭം. മനോവൈകല്യം മൂലം ബുദ്ധിമാന്ദ്യം സംഭവിച്ചവരെ ഏറ്റെടുത്തു സംരക്ഷിക്കാനും അവർക്കും മറ്റുള്ളവരെ പോലെ തന്നെ സാധാരണ ജീവിതം നയിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനുമുള്ള തീരുമാനം. തുടർന്ന് അതിനുള്ള അന്വേഷണത്തിലായി ഫാ.തോമസ് ഫെലിക്സ്.

> കേരളത്തിലെ നിരവധി സന്യാസ സഭകൾ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് അദ്ദേഹത്തിന് സഹായം വാഗ്ദാനം ചെയ്തു. സന്യാസിനികളിൽ ചിലർ പുതിയ സംരംഭത്തിൽ സേവനമർപ്പിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. അവരിൽ ചിലരെ അദ്ദേഹം മുൻകൈ എടുത്ത് ചെന്നൈയിലെയും മുംബൈയിലെയും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കായുള്ള കേന്ദ്രങ്ങളിൽ പരിശീലനത്തിന് അയച്ചു.

അന്ന്, മനോവൈകല്യവും മൂലം ബുദ്ധിമാന്ദ്യവും സംഭവിച്ചവരെയും ഭിന്നശേഷിക്കാരെയും പാർപ്പിക്കുന്ന, സംരക്ഷിക്കുന്ന ഒരേയൊരു സ്ഥാപനമേയുള്ളൂ കേരളത്തിൽ. അതിനപ്പുറം മറ്റൊരു കേന്ദ്രവും സംസ്ഥാനത്തില്ല. ശാരീരിക വൈകല്യമുള്ളവരുടെയും അന്ധ-ബധിര-മൂകരുടെയുമൊക്കെ സ്ഥിതിയും ഏകദേശം അത്തരത്തിലൊക്കെ തന്നെയായിരുന്നു.

ഫാ.തോമസ് ഫെലിക്സ് കേരളത്തിനു പുറത്തു പോയി അത്തരം നിരവധി സ്ഥാപനങ്ങൾ സന്ദർശിച്ച് തന്റെ ലക്ഷ്യസാക്ഷാത്കാരത്തിനായുള്ള വിവരങ്ങൾ ശേഖരിച്ചു. കേരളത്തിലെ നിരവധി സന്യാസ സഭകൾ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് അദ്ദേഹത്തിന് സഹായം വാഗ്ദാനം ചെയ്തു. സന്യാസിനികളിൽ ചിലർ പുതിയ സംരംഭത്തിൽ സേവനമർപ്പിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. അവരിൽ ചിലരെ അദ്ദേഹം മുൻകൈ എടുത്ത് ചെന്നൈയിലെയും മുംബൈയിലെയും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കായുള്ള കേന്ദ്രങ്ങളിൽ പരിശീലനത്തിന് അയച്ചു.

അധികം വൈകാതെ ഫാ. തോമസ് ഫെലിക്സ് ചങ്ങനാശ്ശേരിയിൽ സി എം സി സിസ്റ്റേഴ്സിന്റെ ഒരു താൽക്കാലിക ക്വാർട്ടേഴ്സിൽ ബുദ്ധിമാന്ദ്യമുള്ളവർക്കായുള്ള ആദ്യ പുനരധിവാസ, പരിശീലന കേന്ദ്രം ആരംഭിച്ചു; 1974 ൽ. അത് പിന്നീട് ചങ്ങനാശ്ശേരിയിൽ തന്നെ ഇത്തിത്താനത്തേക്ക് മാറ്റി. അവിടെ അതിരൂപതയുടെ കീഴിലുള്ള ഒരു പ്ലോട്ട് വാങ്ങി അതിൽ അത്യാവശ്യ സൗകര്യങ്ങളൊരുക്കി. തുടർന്ന് അവിടെ മാനസിക വൈകല്യമുള്ളവരെ സംരക്ഷിക്കാനും പുനരധിവസിപ്പിക്കാനുമുള്ള ആദ്യ സെന്റർ, 'ആശാഭവൻ' എന്ന പേരിൽ 1976 ൽ ഫാ.തോമസ് ഫെലിക്സ് ആരംഭിച്ചു.

തുടർന്നുള്ളത് വലിയൊരു ചരിത്രഗാഥയാണ്. ആരെയും വിസ്മയിപ്പിക്കുന്ന, ആയിരം വട്ടം കൈകൂപ്പി ആദരമർപ്പിക്കാൻ തോന്നിപ്പിക്കുന്ന ഒരു മഹാ ചരിത്രഗാഥ. 1994 ൽ ആദ്യ രാജീവ്ഗാന്ധി മാനവ് സേവാ പുരസ്കാരം നേടിയ ഫാ.തോമസ് ഫെലിക്സിന് 1998 ൽ നടന്ന ഗ്ലോബൽ നിർമിതി നെറ്റിന്റെ രണ്ടാമത് വാർഷിക സമ്മേളനത്തിൽ നൽകിയ ആദരപത്രത്തിൽ കുറിച്ചിട്ടിരുന്ന 'living legend in the field of Mental Retardation' എന്ന മഹനീയ വിശേഷണ വാക്കുകളിൽ വരെ അത് എത്തിനിൽക്കുന്നു.

**കേരളത്തിലും പുറത്തും**

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ബുദ്ധിമാന്ദ്യമുള്ളവർക്കും ഭിന്നശേഷിക്കാർക്കും വേണ്ടി കേരളത്തിൽ മാത്രം ഒരു ഡസനോളം സജീവ കേന്ദ്രങ്ങൾ സി എം ഐ സഭയ്ക്കു കീഴിലുണ്ട്. അടൂരിലെ സ്നേഹഭവൻ, കോട്ടയത്ത് വികാസ് വിദ്യാലയ, ഏറ്റുമാനൂരിൽ വെട്ടിമുകളിലെ സി എം ഐ സേവാഗ്രാം, തിരുവനന്തപുരം മുറിഞ്ഞപാലത്തെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓൺ മെന്റൽ റിട്ടാർഡേഷൻ (CIMR), ഇടുക്കിയിൽ അയ്യപ്പൻകോവിലിലെ വികാസ് ഭവൻ, ആലുവ ചുണങ്ങുംവേലിയിലെ കൃപാസ് പ്രോവിഡൻസ് ഹോം, മാള കുരുവിളശ്ശേരിയിലെ സ്നേഹഗിരി മിത്രാലയം, കോഴിക്കോട്ടെ ആശാകിരൺ സ്പെഷ്യൽ സ്കൂൾ തുടങ്ങിയവയാണവ.

കേരളത്തിനു പുറത്ത് ബാംഗ്ളൂർ ധർമാരാം കോളെജിനു കീഴിലുള്ള 'ആശ്വാസ്', ഗുജറാത്തിലെ വിഞ്ചിയയിൽ ജസ്ധൻ വികാസ് ട്രസ്റ്റ് നടത്തുന്ന സി എം ഐ കർമ യോഗ് ആശ്രമം, ജഗ്ദൽപൂർ ബസ്തറിലെ വിയാനി ഭവൻ, തമിഴ്നാട്ടിൽ ഈറോഡ് ചെന്നിമലയിലെ ഉദയം സ്പെഷ്യൽ സ്കൂൾ, ജമ്മു-കശ്മീരിൽ സഹാറ-സ്കൂൾ ഫോർ മെന്റലി ചലഞ്ചഡ്, ആഫ്രിക്കൻ രാജ്യമായ കെനിയയിൽ സെന്റ് മേരീസ് ഹോം തുടങ്ങിയവയാണ് മറ്റുള്ളവ.

മാനസിക വൈകല്യം നേരിട്ട, ഭിന്നശേഷിക്കാരായ നൂറുകണക്കിനു കുട്ടികൾക്കും മുതിർന്നവർക്കുമാണ് ഈ കേന്ദ്രങ്ങളിലെല്ലാമായി സി എം ഐ സഭാ സമൂഹം ആശ്രയവും അഭയവും സംരക്ഷണവും പുനരധിവാസവും നൽകിയിട്ടുള്ളത്. വീടുകളിൽ നിന്നും സമൂഹത്തിൽ നിന്നും പുറന്തള്ളപ്പെട്ട, ആരോരുമില്ലാതെ, ആർക്കും വേണ്ടാതെ തെരുവുകളിൽ അലഞ്ഞുനടന്നിരുന്നവർ വരെ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

ജന്മം നൽകിയ മാതാപിതാക്കളിൽ നിന്ന് ലഭിച്ചിരുന്നതിനേക്കാൾ പതിന്മടങ്ങ് സ്നേഹവും കരുണയും കരുതലും വാത്സല്യവുമാണ് ഇവർക്ക് ഇവിടെ ലഭിക്കുന്നത്, ഒപ്പം ചികിത്സയും വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും. ഭിന്നശേഷിക്കാരായ കുട്ടികളെ പ്രത്യേക പരിശീലനം നൽകി സാധാരണ കുട്ടികളോടൊപ്പം തന്നെ സ്കൂളുകളിൽ അയച്ച് പഠിപ്പിക്കുന്നു. അല്ലാത്തവർക്ക് സ്പെഷ്യൽ ട്യൂഷൻ നൽകുന്നു. സ്പെഷ്യൽ സ്കൂളുകളിൽ അയച്ച് പഠിപ്പിക്കുന്നു. തുടർന്ന് വിവിധ തരത്തിൽ തൊഴിൽ പരിശീലനം നൽകി സ്വയം പര്യാപ്തരാക്കുന്നു. സ്വന്തം കാലിൽ നിൽക്കാനും സ്വയം ജീവിച്ചു മുന്നേറാനും കെല്പുള്ളവരും പ്രാപ്തരുമാക്കുന്നു.

സി എം ഐയുടെ എല്ലാ പ്രധാന പ്രദേശങ്ങളിലും മാനസിക വൈകല്യം നേരിട്ട, ഭിന്നശേഷിയിൽപെട്ട കുട്ടികളുടെ വികസനത്തിനും ശാക്തീകരണത്തിനും പുനരധിവാസത്തിനും സംരക്ഷണത്തിനുമായി കാലങ്ങളായി ഒട്ടനവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നേരത്തെ പറഞ്ഞപോലെ നൂറുകണക്കിനു കുട്ടികളാണ് (മുതിർന്നവരും) സഭയുടെ കീഴിലുള്ള സ്ഥാപനങ്ങളിലും പുറത്തുമായി ഇങ്ങനെ സംരക്ഷിക്കപ്പെടുന്നത്.

ലക്ഷക്കണക്കിനു രൂപ സഭ സ്വന്തം നിലയിലും വിവിധ ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും സന്നദ്ധ സാമൂഹ്യ പ്രസ്ഥാനങ്ങളുടെയും ഉദാരമനസ്കരുടെയും സഹായ സഹകരണങ്ങളോടെയും ഈ രംഗത്ത് കാലങ്ങളായി ചെലവഴിക്കുന്നുണ്ട്. തിരുവനന്തപുരത്ത് സമഗ്ര വികാസ് സോഷ്യൽ സർവീസ് സൊസൈറ്റി അടൂരിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കു വേണ്ടി പുതിയൊരു കെട്ടിടം നിർമിച്ചത് അടുത്തിടെയാണ്. ഇവിടെ 20 കുട്ടികൾ അന്തേവാസികളായുണ്ട്.

ഭിന്നശേഷിക്കാർക്ക് തിരുവനന്തപുരത്ത് പ്രത്യേക വൊക്കേഷൻ ട്രെയിനിംഗ് നൽകുന്നു; ഭിന്നശേഷിക്കാരായവർക്ക് തൊഴിലും നൽകുന്നുണ്ട് സി എം ഐ സഭ. കൊച്ചിയിലും ഭിന്നശേഷിയിൽപെട്ടവർക്ക് പ്രത്യേകം തൊഴിൽ പരിശീലനം നൽകുന്നു.

> "ജന്മം നൽകിയ മാതാപിതാക്കളിൽ നിന്ന് ലഭിച്ചിരുന്നതിനേക്കാൾ പതിന്മടങ്ങ് സ്നേഹവും കരുണയും കരുതലും വാത്സല്യവുമാണ് ഇവർക്ക് ഇവിടെ ലഭിക്കുന്നത്, ഒപ്പം ചികിത്സയും വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും. ഭിന്നശേഷിക്കാരായ കുട്ടികളെ പ്രത്യേക പരിശീലനം നൽകി സാധാരണ കുട്ടികളോടൊപ്പം തന്നെ സ്കൂളുകളിൽ അയച്ച് പഠിപ്പിക്കുന്നു.

**ആശാകിരൺ**

കോഴിക്കോട് ആശാകിരൺ സ്പെഷ്യൽ സ്കൂളിൽ 18 ക്ലാസുകളിലായി ഭിന്നശേഷിക്കാരായ 200-ൽ പരം കുട്ടികളാണുള്ളത്; വിശേഷിച്ചും ഓട്ടിസം ബാധിച്ചവർ. ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള രാജ്യത്തെ തന്നെ ഏറ്റവും മികച്ച സ്കൂളുകളിലൊന്നാണ് കോഴിക്കോട്ടെ ആശാകിരൺ.

കോയമ്പത്തൂരിലെ 'ആകാശപ്പറവകൾ' ആണ് മറ്റൊന്ന്. ഇവിടെ മാനസിക വൈകല്യമുള്ളവർക്ക് അഭയം നൽകുന്നു. ഇവിടത്തെ തന്നെ ഉദയം സ്പെഷ്യൽ സ്കൂൾ ഭിന്നശേ

ഷിക്കാർക്കു വേണ്ടിയുള്ളതാണ്. 2003 ൽ സ്ഥാപിതമായ ഇവിടെ 30 അന്തേവാസികളും 7 സ്റ്റാഫുമുണ്ട്. മാനസിക വെല്ലുവിളികൾ നേരിട്ട 35 കുട്ടികളെ അഭയവും സംരക്ഷണവും നൽകി മറ്റു കുട്ടികളോടൊപ്പം വിവിധ സ്കൂളുകളിൽ അയച്ചു പഠിപ്പിക്കുന്നു.

ജഗ്ദൽപൂരിലെ ആശാ ആശ്രമം ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടിയുള്ളതാണ്. ഇവിടെ 20 കുട്ടികളുണ്ട്. അവരുടെ എല്ലാ ആവശ്യങ്ങളും ആശ്രമം നിറവേറ്റുന്നു. മറ്റു കുട്ടികളോടൊപ്പം അവരേയും സ്കൂളിൽ അയച്ചു പഠിപ്പിക്കുന്നു. കുട്ടികളെ നോക്കാൻ എട്ട് സ്റ്റാഫുകളെയാണ് ഇവിടെ നിയോഗിച്ചിട്ടുള്ളത്. മറ്റിടങ്ങളിലും ഇത്തരത്തിൽ തന്നെയാണ് പ്രവർത്തനം. ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെയാണ് ജഗ്ദൽപൂരിൽ ആശാ ആശ്രമം പ്രവർത്തിക്കുന്നത്.



> ബാംഗ്ളൂർ ധർമാരാം കോളെജിനു കീഴിലുള്ള ആശ്വാസിൽ ഭിന്നശേഷിക്കാരെ മാത്രമല്ല കാഴ്ച വൈകല്യമുള്ളവരെയും സംരക്ഷിച്ചിരിക്കുന്നു. കെനിയയിലെ സെന്റ് മേരീസ് ഹോമിൽ ഇതുപോലെ ശാരീരിക വൈകല്യമുള്ളവർക്കും അഭയം നൽകിയിരിക്കുന്നു.

**ബസ്തറിലെ കഥ; വികലാംഗർക്കും സാന്ത്വനം**

ജഗ്ദൽപൂരിൽ തന്നെ ബസ്തറിൽ ശാരീരിക, മാനസിക വൈകല്യങ്ങൾ നേരിട്ട നൂറോളം പേരെയാണ് സി എം ഐ സഭ സംരക്ഷിച്ചുകൊണ്ടിരിക്കുന്നത്. ബുഡാപൂരിൽ ദോദ്രാജ്പൂരിലുള്ള സി എം ഐ പ്രോവിഡൻസ് ഹൗസ് ഭിന്നശേഷിക്കാരുടെ ഒരു ആശ്രയ കേന്ദ്രം തന്നെയാണ്.

ഗുജറാത്തിലെ കച്ചിൽ ഈ രംഗത്ത് മറ്റൊരു ഇതിഹാസം തന്നെ സി എം ഐ സഭ രചിച്ചിരിക്കുന്നു. അവിടെ കുന്നത്തച്ചൻ നടപ്പിലാക്കിയിട്ടുള്ള ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് പ്രോജക്ട് രാജ്യത്തിനു തന്നെ മാതൃകയാണ്. മുഖ്യമായും ഭിന്നശേഷിക്കാരെ പുനരധിവസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയുള്ളതാണത്.

ഭിന്നശേഷിക്കാരെ മാത്രമല്ല, നൂറു കണക്കിനു ശാരീരിക വൈകല്യം നേരിട്ടവരെയും അന്ധ-ബധിര-മൂകരെയും കാഴ്ച വൈകല്യം നേരിട്ടവരെയും സമാനാവസ്ഥകളിലുള്ള മറ്റുള്ളവരെയും സി എം ഐ സോഷ്യൽ അപ്പസ്തൊലേറ്റിനു കീഴിൽ വിവിധ സ്ഥാപനങ്ങളിലായി രാജ്യത്തെമ്പാടും സംരക്ഷിക്കുന്നുണ്ട്. കേരളത്തിൽ പത്തനംതിട്ട ജില്ലയിൽ അടൂരിൽ ഏനാത്തുള്ള ശാന്തിഭവൻ ബധിരർക്കും മൂകർക്കും വേണ്ടിയുള്ളതാണ്. 1990 ൽ സ്ഥാപിതമായ ഇവിടെ 100 അന്തേവാസികളുണ്ട്. ഇവരെ പരിചരിക്കാൻ 16 പേരും. ബാംഗ്ളൂർ ധർമാരാം കോളെജിനു കീഴിലുള്ള ആശ്വാസിൽ ഭിന്നശേഷിക്കാരെ മാത്രമല്ല കാഴ്ച വൈകല്യമുള്ളവരെയും സംരക്ഷിച്ചിരിക്കുന്നു. കെനിയയിലെ സെന്റ് മേരീസ് ഹോമിൽ ഇതുപോലെ ശാരീരിക വൈകല്യമുള്ളവർക്കും അഭയം നൽകിയിരിക്കുന്നു.

ദരിദ്ര വിഭാഗത്തിൽപെട്ട വികലാംഗരായ ആൺകുട്ടികൾക്കു വേണ്ടിയുള്ള ക്രൈസ്റ്റ് ക്രാഫ്റ്റ് ട്രെയിനിംഗ് സെന്റർ ഉൾപ്പെടുന്ന ഇരിങ്ങാലക്കുട സ്നേഹഭവൻ 1978 ൽ സ്ഥാപിക്കപ്പെട്ടതാണ്. 46 വികലാംഗ കുട്ടികൾക്കാണ് ഇവിടെ അഭയം നൽകിയിട്ടുള്ളത്. 1993 ൽ സ്ഥാപിക്കപ്പെട്ട വഴിത്തല ശാന്തിഗിരി റിഹാബിലിറ്റേഷൻ സെന്ററിലും അത്രയും തന്നെ വികലാംഗ അന്തേവാസികളുണ്ട്.

ആലുവ ചുണങ്ങുംവേലിയിലുള്ള കൃപാസ് പ്രോവിഡൻസ് ഹോമിൽ ശാരീരിക വൈകല്യമുള്ള 30 പേർക്കാണ് സംരക്ഷണം നൽകിയിരിക്കുന്നത്. 1983 മുതൽ ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നതാണ് കൃപാസ് പ്രോവിഡൻസ് ഹോം. മൂവാറ്റുപുഴയിലെ ശാന്തിഗിരി ഹോസ്റ്റലിൽ വികലാംഗരായ അൻപതോളം വിദ്യാർത്ഥികൾക്ക് അഭയവും സംരക്ഷണവും നൽകി



യിരിക്കുന്നു.

കാഴ്ച വൈകല്യമുള്ള വർക്കു വേണ്ടി ചാവറ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷലി ചാലഞ്ച്ഡ് (CIIVC) എന്നൊരു പ്രസ്ഥാനം തന്നെ പ്രവർത്തിക്കുന്നു. സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് വിഷലി ചാലഞ്ച്ഡ് (SRVC)മായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള ഈ പ്രസ്ഥാനം കാഴ്ച വൈകല്യമുള്ളവർക്ക് കമ്പ്യൂട്ടറിലും സോഫ്റ്റ് സ്കിൽസിലും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വ്യക്തിത്വവികസനം തുടങ്ങിയവയിലും പരിശീലനം നൽകുന്നു.

കാഴ്ച വൈകല്യമുള്ള വർക്ക് സ്മാർട്ട് കെയ്ൻ നൽകുന്ന സേവന പദ്ധതി യാണ് മറ്റൊന്ന്. ദൽഹി ഐ ഐ ടി വികസിപ്പിച്ചെടുത്ത 3000 രൂപ വിലവരുന്ന സെൻസർ ഡിവൈസുള്ള സ്മാർട്ട് കെയ്ൻ സ്പോൺസർഷിപ്പിൽ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. കേരളത്തിൽ ഇത് വിതരണം ചെയ്യുന്നതിനുള്ള ഏജൻസി സി എം ഐ സോഷ്യൽ അപ്പസ്തൊലേറ്റിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളാണ്. നൂറു കണക്കിനു സ്മാർട്ട് കെയ്നുകളാണ് സ്പോൺസർഷിപ്പിൽ ഇതിനകം കേരളത്തിൽ കാഴ്ച വൈകല്യമുള്ളവർക്കു വേണ്ടി സി എം ഐ വിതരണം ചെയ്തിട്ടുള്ളത്.

**കഥ വീണ്ടും തോമസ് അച്ചനിൽ**

കഥ വീണ്ടും ഫാ.തോമസ് ഫെലിക്സിലേക്കു വരാം. ഭിന്നശേഷിക്കാരായ കുട്ടികളെ കുറിച്ച് അനവധി വർഷത്തെ പഠനങ്ങളുടെയും നിരീക്ഷണങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ഫാ. തോമസ് ഫെലിക്സ് ഇവരെ പരിശീലിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി പുതിയൊരു തിയറിയും മെത്തേഡും തന്നെ കണ്ടെത്തി. മൂന്ന് Rs അടങ്ങിയിട്ടുള്ളതാണത് – റീഡിംഗ്, റൈറ്റിംഗ്, അരിത്തമാറ്റിക്.

ഒപ്പം മൂന്ന് Cs – Dw ഉണ്ട തിൽ – കോംപ്രിഹെൻഷൻ അഥവ ധാരണാശക്തി, കോംപിറ്റൻസി (കഴിവ് അല്ലെങ്കിൽ സാമർത്ഥ്യം), പിന്നെ സർഗശക്തിയും (ക്രിയേറ്റിവിറ്റി). ഇവയെല്ലാം ചേർന്നുള്ള ഒരു പഠന രീതിയാണ് ഫാ.തോമസ് ഫെലിക്സ് ഭിന്നശേഷിക്കാർക്കു വേണ്ടി കണ്ടെത്തിയത്, ആവിഷ്കരിച്ചത്. 1986 ൽ ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ഇത് അംഗീകരിച്ചു. ഫാ.തോമസ് ഫെലിക്സ് ആവിഷ്കരിച്ച ഈ തിയറിയിലും മെത്തേഡിലുമാണ് ഇന്ന് ഭിന്നശേഷിക്കാരെ പരിശീലിപ്പിക്കുന്നത്. അദ്ദേഹം ഇതിനായി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ ഇന്ത്യയിലും പുറത്തുമായി 17 ഭാഷകളിലേക്ക് പിന്നീട് മൊഴിമാറ്റം ചെയ്യപ്പെട്ടു.

പ്രായാധിക്യം കണക്കിലെടുക്കാതെ തോമസ് ഫെലിക്സ് അച്ചൻ ഈ വേഖലയിൽ ഇപ്പോഴും കർമനിരതനായി പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു.



# പ്രളയകാലം പഠിപ്പിച്ചത്

ജോസഫ് കെ

*'മനുഷ്യജീവിതം പുല്ലുപോലെയാണ്; വയലിലെ പൂപോലെ അതു വിരിയുന്നു; എന്നാൽ, കാറ്റടിക്കുമ്പോൾ അതു കൊഴിഞ്ഞുപോകുന്നു; അതു നിന്നിരുന്ന ഇടം പോലും അതിനെ ഓർക്കുന്നില്ല.'* (സങ്കീ. 103: 15-16). ഈ സങ്കീർത്തനം ഉയിരാർന്ന പോലെ 2018 ലെ മൺസൂൺ കാല പ്രളയം.

പക്ഷെ തൊട്ടുപിന്നാലെ മറ്റൊന്നു കൂടി സങ്കീർത്തനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്; *'കർത്താവിന്റെ കാരുണ്യം അവിടുത്തെ ഭക്തരുടെ മേൽ എന്നേക്കുമുണ്ടായിരിക്കും'* എന്ന്. പ്രളയം മനുഷ്യരെ ഒന്നടങ്കം ദുരിതങ്ങളുടെയും ദുരന്തങ്ങളുടെയും ആഴങ്ങളിലേക്കും അവസാനമില്ലായ്മയിലേക്കും അനിശ്ചിതമായി ഒഴുക്കിക്കൊണ്ടുപോയപ്പോൾ അത് അക്ഷരാർത്ഥത്തിൽ അനുഭവവേദ്യമായി. God does not abandon his children during the storm. ഒപ്പം മറ്റൊരു മഹത് വചനം കൂടി അപ്പോൾ അന്തരീക്ഷത്തിൽ സാർത്ഥകരൂപം കൊണ്ടിരുന്നു: Alone we can do so little, together we can do so much!

പ്രളയകാലത്ത് സി എം ഐ സഭയും സഭയുടെ കീഴിലുള്ള സ്ഥാപനങ്ങളും സഭയുടെ ആഭിമുഖ്യത്തിലുള്ള സന്നദ്ധ, സാമൂഹ്യ പ്രസ്ഥാനങ്ങളും ഒത്തുചേർന്നു നിർവഹിച്ച രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളും തുടർന്നുണ്ടായ പുനരധിവാസ യത്നങ്ങളും അവയുടെ പ്രയോജകരിലും ഒപ്പം സമൂഹ മനസിലും എക്കാലവും ഓർമിക്കപ്പെടുന്നവയാണ്. സമൂഹത്തിനെന്നും മാതൃകയാണ്. പക്ഷെ സഭയെ സംബന്ധിച്ച് അത് ഒരു പുതിയ അനുഭവമല്ല. കാരുണ്യവും, സഹജീവിസ്നേഹവും എന്നും സഭയുടെ മുഖമുദ്രയായിരുന്നു.

**2018 ലെ കഥ**

കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ ഉണ്ടായ ഏറ്റവും വലിയ പ്രകൃതിദുരന്തത്തിനാണ്, മഹാപ്രളയത്തിനാണ് 2018 ൽ കേരളം സാക്ഷ്യം വഹിച്ചത്. ചരിത്രത്തിൽ നിലയുറപ്പിച്ചു നിന്നു പറഞ്ഞാൽ, '99 ലെ (AD 1924) വെള്ളപ്പൊക്കത്തിനു ശേഷം കേരളം ദർശിച്ച ഏറ്റവും വലിയ പ്രളയം. കേരള ചരിത്രത്തിലെ തന്നെ ഇരുണ്ട മാസങ്ങളായിരുന്നു 2018 ലെ മൺസൂൺ കാലം; വിശേഷിച്ചും 2018 ഓഗസ്റ്റ് മാസം.

വാക്കുകളിൽ വിവരിക്കാനാവാത്ത വിധം മഹാദുരിതങ്ങളും അതിലേറെ നാശനഷ്ടങ്ങളുമാണ് പ്രളയകാലം സംസ്ഥാനത്തെ മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും ഒപ്പം പ്രകൃതിക്കു തന്നെയും ഇനിയൊരിക്കലും മറക്കാൻ കഴിയാത്തവിധം സമ്മാനിച്ചത്. കേരളത്തെ മൂടിയ പ്രളയം അന്ന് രാജ്യത്തിന്റെ മാത്രമല്ല, ലോകത്തിന്റെ തന്നെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റി.

വാസ്തവത്തിൽ മൺസൂണിന്റെ തുടക്കം മുതൽ തന്നെ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജന്മഗേഹം സ്ഥിതി ചെയ്യുന്ന കൈനകരി ഉൾപ്പെടെയുള്ള കുട്ടനാടൻ മേഖല പതിവുപോലെ പ്രളയത്തിന്റെ പിടിയിലമർന്നു തുടങ്ങിയിരുന്നു. തുടർന്ന് അങ്ങോട്ട് മൺസൂൺ അതിന്റെ സർവ പ്രതാപവുമെടുത്ത് പെയ്ത് നിറഞ്ഞപ്പോൾ നാടും നഗരവും ഒരുപോലെ വിറകൊണ്ടു; പ്രളയജലത്തിൽ മുങ്ങിത്താണു - വിശേഷിച്ചും കുട്ടനാട് ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയും എറണാകുളം, തൃശൂർ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് തുടങ്ങിയ ജില്ലകളും. സമാനതകളില്ലാത്ത പ്രകൃതിദുരന്തത്തിന്റെ ദൃശ്യങ്ങളായിരുന്നു ഈ ജില്ലകളിൽ പലതിലും. നാശനഷ്ടങ്ങളുടെ കരൾ പിടയുന്ന കാഴ്ചകളായിരുന്നു എങ്ങും.

യോഗ്യമല്ലാതായി. അവയിലെ ഉപകരണങ്ങളെല്ലാം ചെളിയിലും വെള്ളത്തിലും മുങ്ങി നശിച്ചു. ജനങ്ങൾ തങ്ങളുടെ ആയുഷ്കാല സമ്പാദ്യം കൊണ്ട് നിർമിച്ചവയാണ് ഈ വീടുകൾ: ഒപ്പം ജീവിത സാമഗ്രികളും. ഇരച്ചുകയറുകയായിരുന്നു പ്രളയജലം സാഗര

> "രക്ഷപ്പെടാൻ കഴിയാത്തവർ വീടുകൾക്കും കെട്ടിടങ്ങൾക്കും മുകളിൽ മേൽക്കൂരകളിലും ടെറസുകളിലും മട്ടുപ്പാവുകളിലുമിരുന്ന് ജീവനുവേണ്ടി വിലപിച്ചു. ഒരു നേരത്തെ ഭക്ഷണത്തിനും കുടിവെള്ളത്തിനും വേണ്ടി യാചിച്ചു. നിലയ്ക്കാതെ കേണു; ഒന്നല്ല, ദിവസങ്ങളോളം. ഒരു പക്ഷെ ആഴ്ചകൾ തന്നെ.

തുടർച്ചയായ മഴപ്പെയ്ത്തിൽ നദികളും അണക്കെട്ടുകളും ഒരുപോലെ കരകവിഞ്ഞൊഴുകി. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി 27 അണക്കെട്ടുകൾ ഒരേ സമയം തുറന്നുവിട്ടതോടെ നദികൾ പലതും ഗതിമാറി ഒഴുകി. അതോടെ ഒട്ടുമിക്ക ജനാധിവാസ കേന്ദ്രങ്ങളും അതുവരെ കാണാത്ത പ്രളയത്തിന്റെ പിടിയിലമർന്നു. ജീവന്റെ അടയാളമായ ജലം നശീകരണത്തിന്റെ പ്രതീകമായി മാറുന്ന കാഴ്ചയായിരുന്നു തുടർന്നങ്ങോട്ട്.

ആയിരക്കണക്കിനു വീടുകളും കെട്ടിടങ്ങളും പ്രളയത്തിൽ പൂർണമായോ, ഭാഗികമായോ നശിച്ചു. പലതും വാസ



സമാനം സർവ ഇടത്തേക്കും സംഹാരരുദ്രയായ്. ഇരുനില കെട്ടിടങ്ങൾ വരെ ആഴ്ചകളോളം വെള്ളത്തിൽ മുങ്ങിക്കിടന്നു. ജനം ഉടുതുണിയൊഴികെ സർവവും ഉപേക്ഷിച്ച് ജീവനും കൊണ്ട് ഓടി. മഹാപ്രളയത്തിൽ മുങ്ങിയും പൊങ്ങിയും നീന്തിയും തുഴഞ്ഞും തളർന്ന് അവശരായി. രക്ഷപ്പെടാൻ കഴിയാത്തവർ വീടുകൾക്കും കെട്ടിടങ്ങൾക്കും മുകളിൽ മേൽക്കൂരകളിലും ടെറസുകളിലും മട്ടുപ്പാവുകളിലുമിരുന്ന് ജീവനുവേണ്ടി വിലപിച്ചു. ഒരു നേരത്തെ ഭക്ഷണത്തിനും കുടിവെള്ളത്തിനും വേണ്ടി യാചിച്ചു. നിലയ്ക്കാതെ കേണു; ഒന്നല്ല, ദിവസങ്ങളോളം. ഒരു പക്ഷെ ആഴ്ചകൾ തന്നെ.

**പ്രളയത്തിന്റെ ഭീതിതമുഖം**

വെള്ളം പൊങ്ങിയതുമൂലം ഒരുപാടിടത്ത് വഴികളൊ, അടയാളങ്ങളൊ ദൃശ്യമായിരുന്നില്ല. പ്രളയത്തിൽ മുങ്ങി ഒറ്റപ്പെട്ടുപോയ വീടുകളിലും കെട്ടിടങ്ങളിലും നിന്ന് രക്ഷയ്ക്കുള്ള ഏക മാർഗം മൊബൈൽ ഫോണുകൾ മാത്രം. വൈദ്യുതിബന്ധങ്ങൾ നിലച്ചതോടെ ആ വഴിയും അടഞ്ഞു. കനത്ത



മഴയും മണ്ണിടിച്ചിലും മൂലം നദികൾ കരകവിഞ്ഞു. സംസ്ഥാനത്തെമ്പാടും ഗതാഗത സംവിധാനങ്ങൾ പാടെ നിശ്ചലമാക്കി. തകരാറിലാക്കി. സമാനതകളില്ലാത്ത പ്രകൃതി ദുരന്തം.

അഞ്ഞൂറോളം പേർക്ക് പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടു. അനേകം പേർക്ക് പരുക്കേറ്റു. പലരെയും കാണാതായി. മരിച്ചവരെ സംസ്കരിക്കാൻ പോലും കഴിയാത്ത സ്ഥിതിയായിരുന്നു പലയിടത്തും. കന്നുകാലികളടക്കം ആയിരക്കണക്കിനു വളർത്തുമൃഗങ്ങൾ പ്രളയത്തിൽ ചത്തൊടുങ്ങി. കൃഷി നശിച്ചു; ഒന്നല്ല, പതിനായിരക്കണക്കിനു ഹെക്ടർ സ്ഥലത്തെ കൃഷിയാണ് ഒറ്റയടിക്ക് പ്രളയത്തിൽ മുങ്ങി നശിച്ചത്. കൃഷി ഉൾപ്പെടെ ജനങ്ങളുടെ ഉപജീവനമാർഗങ്ങളടഞ്ഞു. അനേകർ തൊഴിൽരഹിതരായി. ദുരന്തം മനുഷ്യരെ നിരാശയിലേക്കും ഭയത്തിലേക്കും നയിച്ചു.

സംസ്ഥാനത്തെമ്പാടുമായി 215 ഇടത്താണ് പ്രളയകാലത്ത് ഉരുൾപൊട്ടിയത്. അവിടെയും ഡസൻ കണക്കിന് മനുഷ്യർക്ക് ജീവൻ നഷ്ടമായി. കൃഷിയും ജീവജാലങ്ങളും വീടുകളും നശിച്ചു. പ്രളയം ഏറ്റവും മാരകമായി ബാധിച്ച സ്ഥലങ്ങളിലൊന്നായ കുട്ടനാട്ടിൽ മാത്രം 99% ആളുകൾക്ക് പ്രളയം മൂലം വീടുകൾ വിട്ട് മറ്റു സ്ഥലങ്ങളിലേക്ക് പലായനം ചെയ്യേണ്ടിവന്നു. മട വീണ് വെള്ളം കയറി കുട്ടനാട്ടിലെ നിരവധി സ്ഥലങ്ങളിൽ വീടുകളും കൃഷിയിടങ്ങളും നശിച്ചു. കൈനകരി ഉൾപ്പെടുന്ന കുട്ടനാടൻ മേഖല മൂന്നു തവണയാണ് 2018 ലെ മൺസൂൺ പ്രളയത്തിനിരയായത്. ഏകദേശം 90 ദിവസത്തോളം മേഖല മുഴുവൻ പ്രളയത്തിന്റെ പിടിയിലമർന്നു.

ഓണക്കാലത്തു പോലും ലക്ഷക്കണക്കിന് ആളുകൾ വീടുകളിലേക്ക് പോകാൻ കഴിയാതെ വിവിധ സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയായിരുന്നു. പ്രളയ പാരമ്യതയിൽ നാലായിരത്തിലേറെ വരുന്ന ക്യാമ്പുകളിൽ ഉണ്ടായിരുന്നത് എട്ടുലക്ഷത്തിലേറെ പേരാണ്. അതിനെല്ലാം പുറമെ ബന്ധുവീടുകളിലും മറ്റു സുരക്ഷിത ഇടങ്ങളിലും പള്ളികളിലും ആരാധനാലയങ്ങളിലുമൊക്കെയായി അഭയം തേടിയിരുന്ന ആയിരങ്ങൾ വേറെയും.

2018 ഓഗസ്റ്റ് 20 ന് പുറത്തുവന്ന പ്രാഥമിക വിലയിരുത്തലുകളനുസരിച്ചുമാത്രം 11000 വീടുകൾ പ്രളയത്തിൽ തകർന്നിരുന്നു. 46000 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചു. വീട്-കൃഷി നഷ്ടം മാത്രം 1100 കോടി രൂപയായിരുന്നു. ഓഗസ്റ്റ് 20 ന് തൊട്ടു മുൻപുള്ള ആറു ദിവസങ്ങളിൽ മാത്രം പ്രളയക്കെടുതിയിൽ 251 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. ഒരു ദിവസം മാത്രം മരിച്ചത് 31 പേർ!

സർക്കാരിന്റെ പ്രാഥമിക കണക്കനുസരിച്ച് 55 ലക്ഷം പേരെ പ്രളയം നേരിട്ടു ബാധിച്ചു. കേരളത്തിന്റെ അഞ്ചിലൊന്ന് ഭൂവിഭാഗം പ്രളയത്തിനിരയായി. മൊത്തം 26000 കോടി രൂപയുടെ നഷ്ടം നേരിട്ടു. ജീവനുകൾ, വീടുകൾ, ജീവിതമാർഗങ്ങൾ, ബിസിനസ്, വാണിജ്യ സ്ഥാപനങ്ങൾ എല്ലാം പ്രളയത്തിൽ നശിച്ചു. പതിനായിരത്തോളം കിലോമീറ്റർ റോഡുകൾ തകർന്നു. പ്രാദേശിക റോഡുകളും പാലങ്ങളും വേറെ. മഹാപ്രളയത്തിന്റെ പാരമ്യത, രൂക്ഷത ഇതിൽ നിന്നെല്ലാം വ്യക്തം. നഷ്ടത്തിന്റെ യഥാർത്ഥ കണക്ക് ഇതിന്റെയെല്ലാം പതിന്മടങ്ങാണ്. മനുഷ്യർ അനുഭവിച്ച ദുരിതങ്ങളും വേദനകളും, നേരത്തെ പറഞ്ഞതുപോലെ, വാക്കുകളിൽ വിവരിക്കാവുന്നതായിരുന്നില്ല. മനുഷ്യത്വവും മാനുഷിക മൂല്യങ്ങളും ഉണർന്നു പ്രവർത്തിക്കേണ്ട കാലമായിരുന്നു പ്രളയകാലം. ■

“ ഓണക്കാലത്തു പോലും ലക്ഷക്കണക്കിന് ആളുകൾ വീടുകളിലേക്ക് പോകാൻ കഴിയാതെ വിവിധ സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയായിരുന്നു. പ്രളയ പാരമ്യതയിൽ നാലായിരത്തിലേറെ വരുന്ന ക്യാമ്പുകളിൽ ഉണ്ടായിരുന്നത് എട്ടുലക്ഷത്തിലേറെ പേരാണ്. അതിനെല്ലാം പുറമെ ബന്ധുവീടുകളിലും മറ്റു സുരക്ഷിത ഇടങ്ങളിലും പള്ളികളിലും ആരാധനാലയങ്ങളിലുമൊക്കെയായി അഭയം തേടിയിരുന്ന ആയിരങ്ങൾ വേറെയും.



# ആശ്വാസത്തിന്റെ സ്നേഹത്തുരുത്തുകൾ

**കിരൺ വി.**

ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നതെന്നാണ് സുവിശേഷത്തിൽ പറഞ്ഞിട്ടുള്ളത്; കർത്താവ് അരുൾ ചെയ്തിട്ടുള്ളത്. (മത്താ. 12:7). കാരുണ്യത്തിന്റെ, സഹജീവി സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ അനന്തമായൊരു നീരൊഴുക്കു തന്നെ കഴിഞ്ഞ പ്രളയകാലത്തുണ്ടായി. അനേകർ അവരുടെ സമയവും ഊർജവും സന്മനസും ഉദാരതയും ഭൗതികവസ്തുക്കളും ധനവും പ്രളയത്തിൽപെട്ടവരുടെ രക്ഷയ്ക്കും ദുരിതാശ്വാസത്തിനുമായി പകുത്തു നൽകി. കാരുണ്യത്തിന്റെ അതുവരെ ദർശിച്ചിട്ടില്ലാത്ത ഒരു ഇതിഹാസം തന്നെ നാടെമ്പാടും സൃഷ്ടിക്കപ്പെട്ടു.

അങ്ങേയറ്റം ദുഷ്കരവും വെല്ലുവിളി നിറഞ്ഞതുമായിരുന്നു പ്രളയകാലത്തെ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ. സി എം ഐ സഭയെ സംബന്ധിച്ച്, സഭയുടെ പ്രിയോർ ജനറലിന്റെ വാക്കുകളിൽ പറഞ്ഞാൽ സഭയെ സമൂഹത്തിനു മുന്നിൽ ഒന്നുകൂടി ആഴത്തിൽ വെളിപ്പെടുത്താൻ കിട്ടിയ സന്ദർഭമായിരുന്നു 2018 ലെ പ്രളയകാലം. മൺസൂൺ മലയാളിയെ കണ്ണീരണിയിച്ചപ്പോൾ, ഭയത്തിലേക്കും നിരാശയിലേക്കും തള്ളി വീഴ്ത്തിയ

പ്പോൾ സഭയും സഭാംഗങ്ങളും സഭാസ്ഥാപനങ്ങളും തെല്ലും സമയം പാഴാക്കാതെ സമൂഹത്തിലേക്ക്, ജനങ്ങൾക്കരികിലേക്ക് ഓടിയെത്തി. അവർക്ക് രക്ഷയും ആശ്വാസവും പകർന്നു.

സഭയുടെ എല്ലാ സ്ഥാപനങ്ങളും, എല്ലായിടവും ജാതിമത ഭേദമന്യെ എല്ലാവർക്കുമായി തുറന്നിടപ്പെട്ടു; എല്ലാവരുടേതുമായി. സമൂഹത്തിനു മുഴുവൻ മാതൃകയായ വലിയൊരു തുറവിയാണ് അന്ന് സഭയുടെ ഭാഗത്തുനിന്ന് എവിടെയും ദൃശ്യമായത്. അതൊരു വലിയ 'വിളി' തന്നെയായിരുന്നു; പ്രളയാനന്തരകാലത്തും തുറന്നിടപ്പെടേണ്ട ദൈവകരുണയുടെ വിളി.

നാലു ഘട്ടങ്ങളിലായിട്ടാണ്, അല്ലെങ്കിൽ തലങ്ങളിലായിട്ടാണ് പ്രളയകാലത്ത് സി എം ഐ സഭയുടെ ഭാഗത്തുനിന്ന് വിപുലമായ സാമൂഹിക ഇടപെടലുകളും പ്രവർത്തനങ്ങളുമുണ്ടായത്. സഭയുടെയും സഭാസ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളും കമ്യൂണിക്കേഷൻ നെറ്റ്‌വർക്കും ഉപയോഗിച്ചുള്ള അത്യന്തം ദുഷ്കരമാർന്ന, അതിലേറെ സാഹസികതയാർന്ന രക്ഷാ പ്രവർത്തനങ്ങളായിരുന്നു ഇതിൽ ആദ്യത്തേത്. വിവിധ ദുരിതാശ്വാസ ക്യാമ്പുകൾ വഴിയും നേരിട്ടും പ്രളയബാധിതർക്ക് കുടിവെള്ള മടക്കം ഭക്ഷ്യവസ്തുക്കളും ഇതര ജീവനോപാധികളും എത്തിക്കലായിരുന്നു രണ്ടാമത്തേത്.

പ്രളയത്തിൽ പെട്ട് എല്ലാം തകർന്നവരുടെ താൽക്കാലിക പുനരധിവാസവും വീടുകളുടെ ശുചീകരണവും കൗൺസലിംഗും മറ്റുമായിരുന്നു അടുത്ത തലം. തകർന്ന വീടുകളുടെ പുനർനിർമാണം, സാമ്പത്തിക നഷ്ടം നികത്തൽ തുടങ്ങിയവ തുടർന്നുള്ള ഘട്ടത്തിലും. അനേകലക്ഷങ്ങളുടെ സാമ്പത്തിക-സാമ്പത്തികേതര സഹായങ്ങൾ ഈ നാലുഘട്ടങ്ങളിലുമായി സി എം ഐ സഭ ഇതിനകം വിവിധ രീതിയിൽ പ്രളയബാധിതർക്കായി വിനിയോഗിച്ചു കഴിഞ്ഞു. വിവിധ സന്നദ്ധസംഘടനകളെയും വ്യക്തികളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള രക്ഷാ-ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ ഇതിനെല്ലാം പുറമെയാണ്.

സഭയുടെ സോഷ്യൽ അപ്പസ്തൊലേറ്റ് മുഖേനയും 'സേവ'യുടെ ആഭിമുഖ്യത്തിലും വിവിധ സ്ഥലങ്ങളിലെ പല സംഘടനകളും സ്ഥാപനങ്ങളും വഴിയും രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സി എം ഐ സഭ തുടക്കം മുതൽ തന്നെ ആദ്യന്തം സജീവമായി പങ്കെടുത്തു. പ്രളയം അതിരൂക്ഷമായി ബാധിച്ച കൈപ്പട്ടൂർ, കാലടി, കുത്തിയതോട്, പരിയാരം തുടങ്ങിയ സ്ഥലങ്ങളിലെ ഒട്ടനവധി കുടുംബങ്ങൾക്ക് തുടക്കത്തിൽ തന്നെ അടിയന്തര സഹായം എത്തിച്ചു; വിശേഷിച്ചും പ്രളയത്തിനിരയായ വീടുകളുടെ പുനരുദ്ധാരണത്തിന്.



ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും വീടുകളുടെ പുനരുദ്ധാരണത്തിനും 'സേവ' ഇതിനകം ലക്ഷക്കണക്കിനു രൂപയാണ് സഹായമായി വിതരണം ചെയ്തിട്ടുള്ളത്. നേരത്തെ സൂചിപ്പിച്ച പോലെ, പ്രളയം ഏറ്റവും കൂടുതൽ മാരകമായി ബാധിച്ച കുട്ടനാടൻ മേഖലയിൽ ആയിരങ്ങൾ പ്രളയകാലത്ത് കുടിവെള്ളം പോലും കിട്ടാത്ത ദുരിതാവസ്ഥയിലായിരുന്നു. ചാവറ പിതാവിന്റെ ജന്മഗേഹം സ്ഥിതിചെയ്യുന്ന കൈനകരിയിലെ ചാവറ ഭവനോടു ചേർന്നുള്ള RO പ്ലാന്റ് അടിയന്തരമായി പുനരുദ്ധരിച്ചാണ് കൈനകരിയിലും സമീപ പ്രദേശങ്ങളിലും തുടർന്ന് ജനങ്ങളുടെ ദാഹമകറ്റിയത്; കുടിനീർ ലഭ്യത പുന:സ്ഥാപിച്ചത്.

പ്രദേശത്ത് പ്രളയത്തിനിരയായ നൂറുകണക്കിനു കുടുംബങ്ങൾക്ക് ഉദാരമനസ്കരുടെ സഹായത്തോടെ ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും ഇതര ജീവനോപാധികളും സംഭരിച്ച് വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ച് വിതരണം ചെയ്തു. പ്രളയത്തിൽ പഠനോപകരണങ്ങൾ നശിച്ച വിദ്യാർത്ഥികൾക്ക് പകരം പഠനോപകരണങ്ങൾ വരെ ഇങ്ങനെ വിതരണം ചെയ്യപ്പെട്ടു. കൈനകരിയിൽ 'സർഗക്ഷേത്ര'യുടെയും റെഡ്ക്രോസിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരാഴ്ചയിലേറെ നീണ്ടുനിന്ന സഞ്ചരിക്കുന്ന സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. അതുവഴി അത്യാവശ്യ മരുന്നുകളും ചികിത്സയും പ്രളയബാധിതർക്ക് എത്തിച്ചു. കുട്ടനാട്ടിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പ്രളയകാലം മുഴുവൻ തുടർന്നു. പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു; വീടുകളുടെ പുനർനിർമാണം തുടങ്ങിയവ. ■



# സ്നേഹം ഒരു നദിപോലെ

**സോളമൻ സേവ്യർ**

സേവനത്തിന് ഒരു മുഖമെയുള്ളൂ. സ്നേഹത്തിന്റെ. ദുരിതകാലങ്ങളിൽ ഈ ഭാവത്തിന് കൂടുതൽ ദീപ്തി കൈവരുന്നു. കൊച്ചിയിൽ ചാവറ കൾച്ചറൽ സെന്ററിൽ നിന്നു മാത്രം

'സേവ'യുടെയും ഉദാരമതികളായ വ്യക്തികളുടെയും സഹായത്തോടെ 20,000 ഫുഡ് പാക്കറ്റുകളാണ് 2018 ലെ പ്രളയകാലത്ത് തൃശൂർ, എറണാകുളം, ആലപ്പുഴ ജില്ലകളിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചത്. തുടർച്ചയായി എട്ടു ദിവസം ഇവിടെ നിന്ന് വിവിധ ക്യാമ്പുകളിലേക്ക് ഭക്ഷണവിതരണം നടന്നു. ഒപ്പം കുടിവെള്ളവും വസ്ത്രങ്ങളുമടക്കം അത്യാവശ്യ ജീവനോപാധികൾ തുടർച്ചയായി എത്തിച്ചുകൊണ്ടിരുന്നു.

പ്രളയബാധിതർക്കുള്ള ഭക്ഷണവും മറ്റും തയ്യാറാക്കുന്നത് സെന്ററിൽ കാരുണ്യത്തിന്റെയും സഹജീവിസ്നേഹത്തിന്റെയും ഒരു മഹായജ്ഞം തന്നെയായിരുന്നു. ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസിലെ ഹോട്ടൽ മാനേജ്മെന്റ് ടീമും ഇടവകാംഗങ്ങളും സമീപവാസികളും വിദ്യാർത്ഥികളുമൊക്കെ ഈ മഹായജ്ഞത്തിൽ ഒരുപോലെ പങ്കാളികളായി; ഒപ്പം മറ്റു ദുരിതാശ്വാസ പ്രവർത്തനങ്ങളിലും. സി എം ഐ സഭയുടെ കീഴിലുള്ള പള്ളികളും സ്കൂൾ-കോളജ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതര ഇൻസ്റ്റിറ്റ്യൂഷനുകളുമടക്കം നാല്പതോളം സ്ഥാപനങ്ങളാണ് പ്രളയകാലത്ത് ദുരിതങ്ങളനുഭവിച്ചവർക്ക് താൽക്കാലിക അഭയകേന്ദ്രങ്ങളായി തുറന്നുകൊടുത്തത്. വിവിധ സ്ഥാപനങ്ങളിലായി 12000-ത്തിലധികം പ്രളയബാധിതർക്ക് അഭയം നൽകി. സഭയുടെ കേരളത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളിലും പ്രളയബാധിത പ്രദേശങ്ങളിൽ സമാനമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടന്നു.

**പുനരധിവാസവും പുനർനിർമാണവും**

പ്രളയത്തിനിരയായവരുടെ പുനരധിവാസത്തിനും പുനർനിർമാണത്തിനും വിപുലമായ മാർഗദർശനങ്ങളും പദ്ധതികളുമാണ് ആവിഷ്കരിച്ചത്. ദുരിതാശ്വാസപ്രവർത്തനങ്ങളുടെ രണ്ടാംഘട്ടമായി പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമാണം, പുനരുദ്ധാരണം, ശുചീകരണം, കുടിവെള്ള ലഭ്യത, കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം, ജീവനോപാധികളുടെ ലഭ്യത, രോഗപ്രതിരോധ സംവിധാനങ്ങൾ, കൃഷിഭൂമികൾ പൂർവസ്ഥിതിയിലാക്കൽ, വിത്തും വളവും കാർഷികോപകരണങ്ങളും വിതരണം, ഉപജീവനത്തിനും വരുമാന വർദ്ധനയ്ക്കുമുള്ള സംവിധാനങ്ങൾ, പ്രളയത്തിനിരയായവർക്ക് മാനസിക സാന്ത്വനം ഇവയെല്ലാം സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്നതിന് മാർഗദർശനവും പദ്ധതികളും ലക്ഷ്യമിട്ടിരുന്നു.

കോട്ടയത്തും മറ്റ് ഇതര സ്ഥലങ്ങളിലും പ്രളയബാധിതർക്കായി ഇത്തരത്തിൽ പ്രളയാനന്തരം പുനരധിവാസാനുബന്ധ കർമപദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. പ്രളയകാലത്ത് ദുരിതാശ്വാസ ക്യാമ്പുകളിൽ ഭക്ഷണകിറ്റുകൾ എത്തിച്ചു മടങ്ങുക മാത്രമായിരുന്നില്ല സി എം ഐ സഭയുടെ ഭാഗത്തുനിന്ന് ഉണ്ടായ പ്രളയകാല ദുരിതാശ്വാസ പ്രവർത്തനങ്ങളെന്നു സാരം. അത് സർവതല സ്പർശിയായിരുന്നു. ഇടുക്കിയിൽ VOSARD അത്തരത്തിലാണ് പദ്ധതികൾക്ക് ലക്ഷ്യമിട്ടിരുന്നത്. പ്രളയകാലത്ത് മാധ്യമങ്ങളും ദുരിതാശ്വാസ രംഗത്തുണ്ടായിരുന്ന മറ്റുള്ളവരും കാണാതെ പോയ, അല്ലെങ്കിൽ ശ്രദ്ധയിൽപെടാതിരുന്ന നിരവധി അരികുവൽകൃത പ്രളയബാധിത പ്രദേശങ്ങൾ വരെ VOSARD കണ്ടെത്തിയിരുന്നു.

**അഭിനന്ദനീയം ദുരിതകാല സേവനങ്ങൾ**

മൂവാറ്റുപുഴ നഗരസഭയുടെ സഹകരണത്തോടെ ശാന്തിഗിരി കോളജ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ കോളജിലെ നൂറുകണക്കിനു വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും മറ്റു സ്റ്റാഫംഗങ്ങളെയും പങ്കെടുപ്പിച്ചു നടത്തിയ പ്രളയാനന്തര ശുചീകരണപ്രവർത്തനങ്ങൾ ഏറെ പ്രശംസ പിടിച്ചുപറ്റി. ബ്രദർമാരുടെ സംഘവും ഇതോടൊപ്പം പങ്കുചേർന്നു.

പ്രളയകാലത്ത് കാൽവരി മൗണ്ടിലും കാർമൽ ഹൗസിലും ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കപ്പെട്ടു. വാഴക്കുളം ചാവറ ഇന്റർനാഷണൽ സ്കൂൾ അവരുടെ എല്ലാ വാഹനങ്ങളും രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിട്ടു കൊടുത്തു. സാൻജോ പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ, കാർമൽഗിരി പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ, സോപാനം ഡയറക്ടർ, ഉപാസന ഡയറക്ടർ, നിർമൽഗ്രാം റിട്രീറ്റ് സെന്റർ ഡയറക്ടർ, N W C ഡയറക്ടർ, ഗിരിജ്യോതി കോളജ് പ്രിൻസിപ്പൽ, ജ്യോതിദർശൻ ഡയറക്ടർ തുടങ്ങി നിരവധി സി എം ഐ വൈദികർ പ്രളയാനന്തര ശുചീകരണ, പുനരധിവാസ



പ്രവർത്തനങ്ങളിൽ ഏറെ സജീവമായി പങ്കെടുത്തു; ഒപ്പം ഇവരുടെയെല്ലാം നേതൃത്വത്തിൽ അസംഖ്യം വിദ്യാർത്ഥികളും.

**അഭയം നൽകിയത് ആയിരങ്ങൾക്ക്**

എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിൽ സഭ പ്രളയ കാലത്ത് വ്യാപകമായ ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് നടത്തിയത്. പ്രളയം ബാധിച്ച നിരവധി സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. പ്രളയത്തിനിരയായ 12000-ത്തിലേറെ പേർക്ക് രണ്ടാഴ്ചയിലധികം ഈ ക്യാമ്പുകളിൽ അഭയം നൽകപ്പെട്ടു. പ്രളയം ഏറ്റവും കൂടുതൽ മാരകമായി ബാധിച്ച ഇടങ്ങളിലൊന്നായിരുന്നു എറണാകുളം ജില്ല; ഒപ്പം സമീപ പ്രദേശങ്ങളും.

സഭയുടെ കീഴിലുള്ള കറുകുറ്റി ക്രൈസ്റ്റ് കിങ് ആശ്രമം, അങ്കമാലി ജ്യോതിസ് ഭവൻ, മണപ്പുറം ലിറ്റിൽ ഫ്ളവർ ആശ്രമം, വല്ലകം ജീവനിലയം, നീലീശ്വരം അസംപ്ഷൻ ആശ്രമം, രാജഗിരി പ്രൊവിൻഷ്യൽ ഹൗസ്, തേവര എസ്എച്ച്, കൂനമ്മാവ് സെന്റ് ജോസഫ്സ് ആശ്രമങ്ങൾ, കൊട്ടാരപ്പിള്ളി കാർമൽ ഹൗസ് എന്നിവിടങ്ങളെല്ലാം പ്രളയകാലത്ത് ദുരിതാശ്വാസ ക്യാമ്പുകളായി മാറി. ആയിരങ്ങൾ ഈ ക്യാമ്പുകളിൽ അഭയം പ്രാപിച്ചു.

നീറിക്കോട്, ആലങ്ങാട്, കുട്ടമ്പുഴ, ഐരൂർ, ചെങ്ങന്നൂർ, ചുണങ്ങുംവേലി വൃദ്ധസദനം എന്നിവിടങ്ങളിൽ 'സഹൃദയ' രണ്ടായിരത്തോളം അവശ്യസാധന കിറ്റുകൾ എത്തിച്ചു. പ്രളയത്തിനിരയായവരെയും നാശനഷ്ടങ്ങളെയും കുറിച്ച് വലിയൊരു സർവെ തന്നെ 'സഹൃദയ' സംഘടിപ്പിക്കുകയുണ്ടായി. സർവെയുടെ അടിസ്ഥാനത്തിൽ പ്രളയത്തിൽപെട്ടവരുടെ പുനരധിവാസത്തിനും മറ്റുമായി ഒരു പ്രോജക്ട് തന്നെ തയ്യാറാക്കപ്പെട്ടു.

പ്രളയബാധിതരെ എല്ലാവിധത്തിലും - സാമ്പത്തികമായും മറ്റു വിധത്തിലും - സഭ സഹായിച്ചു. സാന്ത്വനപ്പെടുത്തി. പ്രൊഫഷണൽ വൊളന്റിയർമാർ ഉൾപ്പെടുന്ന ഒരു ഐടി സെൽ തന്നെ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 24 മണിക്കൂറും ആഴ്ചയിൽ മുഴുവൻ ദിവസവും സദാ കർമനിരതരായി പ്രവർത്തിച്ചു.

തൃശൂരിൽ പാട്ടുരായ്ക്കൽ ദേവമാതാ സ്കൂൾ, തലോർ ഇൻഫന്റ് ജീസസ് ആശ്രമം, ഇരിങ്ങാലക്കുട ക്രൈസ്റ്റ് മൊണാസ്ട്രി, പാവറട്ടി സെന്റ് ജോസഫ്സ് ആശ്രമം, സ്നേഹഗിരിയിലെ സ്നേഹഗിരി ഭവൻ, വരന്തരപ്പിള്ളി ഇമ്മാക്കുലേറ്റ് ഹാർട്ട് ആശ്രമം, കോട്ടയ്ക്കൽ സെന്റ് തെരേസാസ് മൊണാസ്ട്രി, പുല്ലൂർ സെന്റ് സേവ്യേഴ്സ്, കോർമല കാർമൽഗിരി, അഴീക്കോട് സെന്റ് തോമസ് ആശ്രമങ്ങൾ, ചിയ്യാരം ഗലീലി, പോട്ട കുര്യാക്കോസ് ഏലിയാസ് ചാവറ യുപി സ്കൂൾ തുടങ്ങി ഒരു ഡസനിലേറെ സ്ഥലങ്ങളിൽ പ്രളയകാലത്ത് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 15000-ത്തിലേറെ പ്രളയബാധിതർക്ക് ഈ ക്യാമ്പുകളിൽ അഭയം നൽകി. തലോരിലെ ജറുസലേം ധ്യാനകേന്ദ്രവും, ചാലക്കുടി സി എസ് ആർ ധ്യാനകേന്ദ്രവും, ആലുവ ബിജ്നോർ ഹൗസും പോലുള്ള സഭയുടെ ചില ഭവനങ്ങൾ തന്നെ വെള്ളത്തിനടിയിൽ പ്പെട്ടിരുന്നു.

പ്രളയകാലത്തും പ്രളയാനന്തരവും 200-ലേറെ വരുന്ന സന്നദ്ധ പ്രവർത്തകർ സജീവമായി ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പ്രളയബാധിതരെ സഹായിക്കാൻ ഒരു ഹെൽപ് ഡസ്ക് സംവിധാനം തന്നെ സഭ ഒരുക്കിയിരുന്നു.

കോഴിക്കോട് സഭ പ്രളയത്തിനിരയായ മൂന്നു ജില്ലകളിൽ അടിയന്തര സഹായം എത്തിച്ചു. രക്ഷാ-ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ നടത്തി. സഭയുടെ കീഴിലുള്ള ഇടവകകളും ആശ്രമങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതര ഇൻസ്റ്റിറ്റ്യൂഷനുകളും ഒരുപോലെ പ്രളയബാധിതർക്ക് സഹായ ഹസ്തം നീട്ടി.

ദേവഗിരി സെന്റ് ജോസഫ്സ് കോളെജ്, കൂടത്തായി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ,

> “ പ്രളയകാലത്തും പ്രളയാനന്തരവും 200-ലേറെ വരുന്ന സന്നദ്ധ പ്രവർത്തകർ സജീവമായി ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പ്രളയബാധിതരെ സഹായിക്കാൻ ഒരു ഹെൽപ് ഡസ്ക് സംവിധാനം തന്നെ സഭ ഒരുക്കിയിരുന്നു.

വിവിധ ഫോർമേഷൻ ഹൗസുകൾ ഇവയെല്ലാം സജീവമായി ദുരിതാശ്വാസ പ്രവർത്തനരംഗങ്ങളിലെത്തി; ഒപ്പം STARS-ന്റെ നേതൃത്വത്തിൽ വിവിധ സന്നദ്ധ സംഘടനകളും. ഇവയെല്ലാം ചേർന്ന് ദുരിതബാധിതർക്കായി ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും സ്റ്റേഷനറി സാധനങ്ങളുമടക്കം ജീവനോപാധികൾ സംഭരിച്ച് വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചു.

പ്രളയബാധിതർക്കായി മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു. NIMHANS-ന്റെ സഹായത്തോടെ കൗൺസലിംഗും നടത്തി.

**Together We live...**



'ടുഗദർ വി ലിവ്' എന്ന ആപ്തവാക്യവുമായാണ് ബെല്ലാംപിള്ളിയിലെ സി എം ഐ വൈദീകർ കേരളത്തിലെ പ്രളയബാധിതരോട് ഐക്യ ദാർഢ്യം പ്രഖ്യാപിച്ചത്. മേരി മാത ആശ്രമം ഡയറക്ടർ ഫാ. ജെയ്ക് ചിറ്റേത്ത് എറണാകുളം ജില്ലയിലെ ചൊവ്വര, മറ്റൂർ, ആലുവ എന്നിവിടങ്ങളിലെ പ്രളയബാധിത പ്രദേശങ്ങൾ നേരിട്ടു തന്നെ സന്ദർശിച്ചു. പ്രളയക്കെടുതികൾ സംബ ന്ധിച്ച് സർവെ നടത്തി.

ചൊവ്വരയിലും പരിസരപ്ര ദേശങ്ങളിലും പ്രളയത്തിനിര യായവർക്ക് ബെല്ലാംപിള്ളി യിൽ നിന്ന് വന്ന വൈദികർ ഭക്ഷ്യവസ്തുക്കളും കുടിവെ ള്ളവും വിതരണം ചെയ്തു. താമസിക്കാൻ താൽക്കാലിക ഷെൽട്ടറുകളൊരുക്കി. ചൊവ്വര യിൽ തന്നെ പാലാ കണ്ടനാട് സെന്റ് അഗസ്റ്റിൻ ഇടവകാംഗ ങ്ങളും വികാരി ഫാ.അഗസ്റ്റിൻ കുറ്റിയാനിയിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കെത്തി. പ്രള യബാധിതർക്ക് ഭക്ഷ്യവസ്തു ക്കളും പലചരക്കും വിതരണം ചെയ്തു. ഫാ. ആന്റണി മാങ്കുരി യിലിന്റെ നേതൃത്വത്തിലുള്ള രക്ഷാസംഘം മറ്റൂർ ഇടവക യിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങളിൽ സജീവ മായി പങ്കാളികളായി.

ബെല്ലാംപിള്ളിയിൽ നിന്നുള്ള സി എം ഐ വൈദി കർ കുട്ടനാട്, ഇടുക്കി, തൃശൂർ എന്നിവിടങ്ങളിലെ പ്രളയബാ ധിത പ്രദേശങ്ങളിലും സാന്ത്വന വുമായി എത്തി.

പ്രളയകാലത്ത് സി എം ഐ സഭ നടത്തിയ ഈ മഹ ത്തായ കാരുണ്യ പ്രവൃത്തികൾ, രക്ഷാ-ദുരിതാശ്വാസ-പുനരധി വാസ പ്രവർത്തനങ്ങൾ, സാന്ത്വ നങ്ങൾ എന്നിവ പൊതുസ മൂഹം എത്രത്തോളം അറിഞ്ഞി രിക്കുന്നു എന്നത് അവ്യക്തമാ ണ്. പക്ഷെ ആയിരക്കണക്കിനു പ്രളയബാധിതർ ആ കാരുണ്യ ത്തിന്റെ പ്രയോജകരായി എന്ന താണ് യാഥാർത്ഥ്യം.

പ്രളയകാല ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മാത്രമല്ല, പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളിലും സഭ വലിയ തോതിൽ പങ്കാളികളാ ണ്. പ്രളയത്തിനു തൊട്ടുപി ന്നാലെ തന്നെ സഭയുടെ സാമൂഹിക സേവാ വിഭാഗം പുനരധിവാസത്തെ കുറിച്ച് ഗൗരവമായി ചിന്തിക്കുകയും പ്ലാനുകളൊരുക്കുകയും ചെയ്തിരുന്നു, അതിന്റെ തുടർപ്രവർത്തനങ്ങൾ നാടിന്റെ വിവിധ ഭാഗങ്ങളിലായി ഇപ്പൊഴും നടന്നുകൊണ്ടിരിക്കു കയാണ്.

■



# ലത്തൂർ മുതൽ ഓഖി വരെ

**സുദീപ് കെ.**

പ്രളയവും ഭൂകമ്പവും അടക്കം പ്രകൃതിക്ഷോഭങ്ങൾ മനുഷ്യരെ കണ്ണീരിലാഴ്ത്തുമ്പോൾ സഹായഹസ്തവുമായി ഓടിയെത്താൻ സി എം ഐ സഭ ഒരിക്കലും മടിച്ചുനിന്നിട്ടില്ല. 2015 ലെ ചെന്നൈ പ്രളയകാലത്തും അതിനു മുൻപ് ഓഖി ദുരന്തത്തിലും സുനാമി ദുരന്തകാലത്തും സഭയും സഭാംഗങ്ങളും സഭാസ്ഥാപനങ്ങളും സജീവമായി രംഗത്തിറങ്ങി.

2013 ലെ ഉത്തരാഖണ്ഡ് മിന്നൽ പ്രളയവും 2001 ലെ ഗുജറാത്ത് ഭൂകമ്പവുമൊക്കെ ഈ പട്ടികയിലെ മറ്റു ചിലതാണ്. ഗുജറാത്ത് ഭൂകമ്പമുണ്ടായപ്പോൾ ബാംഗ്ളൂരിലെ ധർമാരാം കോളജ് വൈദിക വിദ്യാർത്ഥികളടക്കം ദുരന്തസ്ഥലത്തേക്ക് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പോയതും അപകടത്തിൽപെട്ടവരുടെ കണ്ണീരൊപ്പിയതും ചരിത്രമാണ്. 2015 ൽ നേപ്പാൾ ഭൂകമ്പമുണ്ടായപ്പോൾ അവിടെയും സി എം ഐ സഭാംഗങ്ങൾ എത്തി; വിശേഷിച്ചും ഭൂകമ്പം ഏറ്റവും കൂടുതൽ നാശങ്ങൾ വിതച്ച പശ്ചിമ നേപ്പാളിലെ ദുഷ്കരമായ കാഞ്ചൻപൂരിൽ.

'സേവ'യുടെ 2012 വരെയുള്ള 25 വർഷത്തെ പ്രവർത്തന ചരിത്രത്തിനിടയിൽ രാജ്യത്തെ ഏഴ് സംസ്ഥാ

നങ്ങളിലായി 113 വില്ലേജുക ളിൽ സഭയുടെ ('സേവ'യുടെ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ എത്തിയിട്ടു ണ്ട്. പതിനായിരങ്ങൾക്ക് ഒൻപത് മേജർ പ്രോജക്ടുകളും ആറ് മൈനർ പ്രോജക്ടുകളും പ്രകൃതിക്ഷോഭങ്ങൾക്കിരയായ വർക്കു വേണ്ടി 'സേവ' നടപ്പി ലാക്കി. കോടിക്കണക്കിനു രൂപ

> "പ്രളയത്തിൽ 800 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. 1.8 മില്യൻ ആളുകളെ മാറ്റി പാർപ്പിച്ചു. അനേകായിരം വീടു കൾക്ക് തകർച്ചയും കേടുപാടുകളുമുണ്ടായി. ചെന്നൈ നഗരത്തിന്റെ 40 ശതമാനം വെള്ളത്തിൽ മുങ്ങി. അനൗ ദ്യോഗിക കണക്കുകളനുസരിച്ച് ലക്ഷം കോടി രൂപയുടെ നാശനഷ്ടങ്ങളാണ് അന്ന് നേരിട്ടത്. സി എം ഐ സഭ യുടെ സോഷ്യൽ അപ്പസ്തൊലേറ്റ് വിഭാഗം സജീവമായി രംഗത്തെത്തി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെ ടുത്തു;

ഇതിന്റെ പ്രയോജനം ലഭിച്ചു. പ്രത്യക്ഷപ്രയോജനം ലഭിച്ചവ രുടെ പലമടങ്ങാണ് പരോക്ഷ മായി പ്രയോജനം ലഭിച്ചവരുടെ എണ്ണം. നേരിട്ട് 10500 പേർക്ക് സഹായം കിട്ടിയപ്പോൾ പരോ ക്ഷമായി 42000 പേർക്ക് സഹായം ലഭിച്ചു. തുടർന്നി ങ്ങോട്ടുള്ള ചരിത്രവും കണക്കു കളും വേറെ.

മുൻപറഞ്ഞ ഏഴ് സംസ്ഥാ നങ്ങളിലായി 2012 വരെയുള്ള 25 വർഷക്കാലയളവിനിടയിൽ യാണ് വിവിധ സന്നദ്ധ സംഘട നകളുടെ സഹായസഹകരണ ങ്ങളോടെ ഈ വിധത്തിൽ ദുരി തബാധിതരുടെ കണ്ണീരൊ പ്പാനും അവരുടെ പുനരധിവാ സത്തിനും മറ്റുമായി ഇതിനകം സി എം ഐ സഭ ചെലവഴിച്ചി ട്ടുള്ളത്.

**അന്നൊരു പ്രളയകാലത്ത്**

2015 നവംബർ-ഡിസംബർ മാസങ്ങളിലെ ചെന്നൈ പ്രളയം തമിഴ്നാട്ടിലെ സാധാരണ ജന ജീവിതത്തെ പാടെ തകിടം മറിച്ച ഒന്നായിരുന്നു; വിശേ ഷിച്ചും ചെന്നൈ നഗരത്തിലും കാഞ്ചീപുരം, തിരുവള്ളൂർ, കട ലൂർ പ്രദേശങ്ങളിൽ.

പ്രളയത്തിൽ 800 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. 1.8 മില്യൻ ആളുകളെ മാറ്റി പാർപ്പിച്ചു. അനേകായിരം വീടുകൾക്ക് തകർച്ചയും കേടുപാടുകളുമു ണ്ടായി. ചെന്നൈ നഗരത്തിന്റെ 40 ശതമാനം വെള്ളത്തിൽ മുങ്ങി. അനൗദ്യോഗിക കണ ക്കുകളനുസരിച്ച് ലക്ഷം കോടി രൂപയുടെ നാശനഷ്ടങ്ങളാണ് അന്ന് നേരിട്ടത്. സി എം ഐ സഭയുടെ സോഷ്യൽ അപ്പ സ്തൊലേറ്റ് വിഭാഗം സജീവ മായി രംഗത്തെത്തി ദുരിതാ ശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുത്തു; വിശേഷിച്ചും ചെന്നൈയിലെ സാന്തോം കമ്മ്യൂണിറ്റിയും കോയമ്പ ത്തൂരിലെയും തൃശൂരിലെയും സാമൂഹ്യസേവന വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങ ളും.

സഭാംഗങ്ങളും സഭാ സ്ഥാപനങ്ങളും അന്ന് ഉദാര മായി ദുരിതാശ്വാസ പ്രവർത്ത നങ്ങളെ സഹായിച്ചു. ഒൻപത് ട്രക്ക് നിറയെ ഭക്ഷ്യവസ്തു ക്കളും പലചരക്ക്, സ്റ്റേഷനറി, കുടിവെള്ളം, വസ്ത്രം, മരുന്നു



കൾ തുടങ്ങിയവയുമാണ് പ്രളയബാധിത മേഖലയിൽ സി എം ഐ സഭ അന്ന് സംഭരിച്ച് എത്തിച്ചത്. ചെന്നൈയിലെയും സമീപ പ്രദേശങ്ങളിലെയും നിരവധി ഹൗസിംഗ് കോളനികളിലെ ആയിരക്കണക്കിനു കുടുംബങ്ങൾക്കും 20 സ്കൂളുകളിലെ 15000 ത്തിൽപരം കുട്ടികൾക്കുമായി ഇവ വിതരണം ചെയ്തു. ലക്ഷക്കണക്കിനു രൂപ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ചെലവിട്ടു.

കോയമ്പത്തൂരിലെ സി എം ഐ വൈദികരുടെ നേതൃത്വത്തിൽ പ്രളയത്തിൽ ഏറ്റവും കൂടുതൽ ദുരിതം അനുഭവിച്ചവരെ കണ്ടെത്തി അടിയന്തര സഹായങ്ങൾ എത്തിച്ചു നല്കുകയായിരുന്നു. ചെന്നൈയിലെ സാന്തോം കമ്മ്യൂണിറ്റിയെ കൂടാതെ കോയമ്പത്തൂരിലെ കരുണൈ ഇല്ലം, പൊള്ളാച്ചിയിലെ വിഎസ്എസ് തുടങ്ങിയവയും നിരവധി വിദ്യാലയങ്ങളും ആശ്രമങ്ങളും 2015 ലെ ചെന്നൈ പ്രളയത്തിൽ ദുരിതബാധിതർക്ക് സാന്ത്വനവും സഹായവുമേകാൻ പ്രേഷിത പ്രോവിൻസിനു കീഴിൽ സജീവമായി കൈകോർത്തു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കിറങ്ങി.

**സുനാമിയും ഓഖിയും**

2004 ൽ കേരള, തമിഴ്നാട്, ആന്ധ്രാ തീരങ്ങളെ തകർത്തെറിഞ്ഞ സുനാമി ദുരന്തത്തിൽപെട്ടവരെ പുനരധിവസിപ്പിക്കാനും ആശ്വസിപ്പിക്കാനും സഹായിക്കാനും വർഷങ്ങൾ നീണ്ട പദ്ധതികൾക്കാണ് സി എം ഐ സഭ രൂപം നൽകിയത്. അടിയന്തര ദുരിതാശ്വാസത്തിനു പുറമെയായിരുന്നു ഇത്.

സുനാമി ഏറ്റവും കൂടുതൽ ബാധിച്ച തമിഴ്നാട്ടിലെ നാഗപട്ടണം, നാഗർകോവിൽ പ്രദേശങ്ങളിലും ഈ മേഖലയിലെ വേളാങ്കണ്ണി, സെർത്തൂർ തുടങ്ങിയ മത്സ്യബന്ധന ഗ്രാമങ്ങളിലും ദുരിതബാധിതരുടെ പുനരധിവാസത്തിനായി പ്രത്യേക പദ്ധതികൾ തന്നെ സി എം ഐ സഭ ആവിഷ്കരിച്ചു. സുനാമിയിൽ എല്ലാം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളടക്കമുള്ള ദരിദ്രജനസമൂഹത്തിന് സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരാനുള്ള വഴികളാണ് സഭ ഒരുക്കിയത്.

ഇതിനായി ഈ പ്രദേശങ്ങളിൽ നിരവധി എസ്എച്ച്ജികൾ തന്നെ സൃഷ്ടിച്ചു – സ്വയം സഹായ ഗ്രൂപ്പുകൾ. ഇതുവഴി സമഗ്ര സമൂഹവികസനത്തിനു വഴിയൊരുക്കി. നാഗപട്ടണം ജില്ലയിൽ സെർത്തൂർ ഗ്രാമത്തിലും മറ്റും പീസ് ട്രസ്റ്റിനു കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. ഇവിടെ സുനാമിയിൽ വീടു തകർന്ന നിരവധി പേർക്ക് ഈ പ്രവർത്തനങ്ങളുടെ ഭാഗമായി പുതിയ വീടുകൾ നിർമിച്ചുകൊടുത്തിട്ടുണ്ട്.

നാഗർകോവിലിൽ ഹെലൻ കോളനിയിലും മറ്റു തീരഗ്രാമങ്ങളിലുമൊക്കെ സമാന പുനരധിവാസ പ്രവർത്തനങ്ങൾ പീസ് ട്രസ്റ്റിനു കീഴിൽ ഇതിനകം നടത്തി. ഇപ്പൊഴും അത് തുടരുന്നു. വെറുതെ വീടുവച്ചുകൊടുക്കുക മാത്രമല്ല സി എം ഐ ഇവിടെയൊക്കെ നേതൃത്വം നൽകിയിട്ടുള്ള പുനരധിവാസം. വീടിനൊപ്പം അടിസ്ഥാന ജീവിത സൗകര്യങ്ങൾക്കും വഴി തുറക്കുന്നു.

"നാഗർകോവിലിൽ ഹെലൻ കോളനിയിലും മറ്റു തീരഗ്രാമങ്ങളിലുമൊക്കെ സമാന പുനരധിവാസ പ്രവർത്തനങ്ങൾ പീസ് ട്രസ്റ്റിനു കീഴിൽ ഇതിനകം നടത്തി. ഇപ്പൊഴും അത് തുടരുന്നു. വെറുതെ വീടുവച്ചുകൊടുക്കുക മാത്രമല്ല സി എം ഐ ഇവിടെയൊക്കെ നേതൃത്വം നൽകിയിട്ടുള്ള പുനരധിവാസം. വീടിനൊപ്പം അടിസ്ഥാന ജീവിത സൗകര്യങ്ങൾക്കും വഴി തുറക്കുന്നു.

ഇന്റഗ്രേറ്റഡ് കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോജക്ടാണ് ഇവിടെയൊക്കെ സുനാമി ബാധിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കു വേണ്ടി നടപ്പിലാക്കിയിട്ടുള്ളത്. സ്വയം സഹായ സംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് വല, കട്ടമരം, ബോട്ട് തുടങ്ങിയ മത്സ്യബന്ധനോപകരണങ്ങൾ ലഭ്യമാക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസം വരെ ഉൾപ്പെടുത്തിയാണ് പുനരധിവാസ – വികസന പരിപാടികൾ. രാത്രി സമയങ്ങളിൽ കുട്ടികൾക്ക് സൗജന്യമായി ട്യൂഷൻ വരെ നൽകുന്നു.

2017 ലെ ഓഖി ദുരന്തത്തിൽ മൂന്നു തലങ്ങളിലാണ് സി എം ഐ സഭയുടെ സാമൂഹിക ഇടപെടലുകൾ ഉണ്ടായത്. ദുരന്തത്തിൽപെട്ടവർക്ക് അടിയന്തരമായി സാമ്പത്തിക-സാമ്പത്തികേതര സഹായങ്ങളും ആശ്വാസവും എത്തിക്കലായിരുന്നു ആദ്യത്തേത്. പുനരധിവാസവും തുടർനടപടികളുമായിരുന്നു അടുത്ത രണ്ടു തലങ്ങൾ.

ഓഖി തകർത്തെറിഞ്ഞത് മുഖ്യമായും തിരുവനന്തപുരം, കന്യാകുമാരി തീരങ്ങളെയാണ്. സോഷ്യൽ അപ്പസ്തൊലേറ്റ് ഈ ഘട്ടത്തിൽ ഉണർന്നു തന്നെ പ്രവർത്തിച്ചു. തിരുവനന്തപുരം, കൊച്ചി, കോട്ടയം, തൃശൂർ എന്നീ പ്രദേശങ്ങളിലെ സി എം ഐ വൈദികർ ദുരിതാശ്വാസവുമായി രംഗത്തെത്തി. തിരുവനന്തപുരം ലത്തീൻ രൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ് ഡോ.എം. സൂസപാക്യത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഓഖി ദുരിതാശ്വാസ നിധിയിലേക്ക് അന്ന് കോട്ടയത്ത് നിന്ന് പത്ത് ലക്ഷം രൂപ നൽകി. ഓഖി ദുരിതാശ്വാസത്തിനായി ഒരു പ്രത്യേക സഹാ

യനിധി തന്നെ രൂപീകരിച്ചു.

ദുരന്തമുണ്ടായ ഉടൻ തന്നെ സഭയുടെ തിരുവനന്തപുരത്തെ സാമൂഹ്യസേവന വിഭാഗം ദുരിതമേഖലയിൽ ദുരിതാശ്വാസവുമായി ഓടിയെത്തി. കന്യാകുമാരി, കുളച്ചൽ, വിഴിഞ്ഞം, പൂന്തുറ, അഞ്ചുഗ്രാമം തുടങ്ങി ഓഖി തകർത്തെറിഞ്ഞ പ്രദേശങ്ങളിലെല്ലാം അരിയും ധാന്യങ്ങളും ചായപ്പൊടിയും പഞ്ചസാരയും പാൽപ്പൊടിയുമൊക്കെ അടങ്ങുന്ന ഭക്ഷ്യകിറ്റുകളും മറ്റ് അവശ്യസാധനങ്ങളും ഒട്ടനവധി ദുരിതബാധിത കുടുംബങ്ങളിൽ എത്തിച്ചു.

ദുരിതാശ്വാസത്തിന്റെ ഒരു പരമ്പര തന്നെയായിരുന്നു സഭയുടെ സാമൂഹ്യസേവന വിഭാഗം അന്ന് തീരത്ത് നിർവഹിച്ചത്. വാഹനങ്ങളിൽ കയറ്റിയ പ്ലാസ്റ്റിക് വാട്ടർ ടാങ്കുകളിൽ വരെ കുടിവെള്ളമെത്തിച്ച് അന്ന് തീരത്തെ ജനങ്ങളുടെ ദാഹമകറ്റി. ഒപ്പം ഭക്ഷ്യവസ്തുക്കളും നൽകി. വീട് തകർന്നവർക്കും മറ്റും പുനരധിവാസത്തിനും വഴിയൊരുക്കി. വീടുകൾ നിർമിച്ചു നൽകി.

കൊച്ചിയിലും സഭ ഓഖി ദുരന്തകാലത്ത് സജീവമായി രംഗത്തെത്തി. സാമൂഹ്യസേവന വിഭാഗമായ 'സഹൃദയ'യും രാജഗിരി കോളെജ് ഓഫ് സോഷ്യൽ സയൻസിലെ ബിഎസ്ഡബ്ളിയു, ബികോം ഡിപ്പാർട്ടുമെന്റുകളും ചേർന്ന് കൊച്ചിയിൽ ചെല്ലാനത്ത് ഓഖി ചുഴലിക്കാറ്റിൽ മരിച്ച റെക്സൻ എന്നയാളുടെ പുരയിടത്തോട് ചേർത്ത് കടൽഭിത്തി പുനർനിർമിച്ച് കടലാക്രമണത്തിൽ നിന്ന് റെക്സന്റെ നിരാധാര കുടുംബത്തെ രക്ഷിച്ചു.

ഓഖിയിൽ കടൽ കയറിയും കാറ്റിൽ പെട്ട് ദുരിതത്തിലായ ഒട്ടേറെ കുടുംബങ്ങളിൽ കൊച്ചിയിലെ സി എം ഐ വൈദീകരുടെ നേതൃത്വത്തിൽ കിടക്കകളും പുതപ്പുകളും വസ്ത്രങ്ങളും ഭക്ഷണസാധനങ്ങളുമടക്കം അടിയന്തര ദുരിതാശ്വാസം എത്തിച്ചു. ചെല്ലാനത്തെ ഒട്ടേറെ കുടുംബങ്ങൾക്ക് പോർട്ടബിൾ സിലിണ്ടർ ആകൃതിയിലുള്ള വൈദീകർ ആർസിസി സെപ്റ്റിക് ടാങ്കുകൾ നൽകി. ലക്ഷങ്ങളാണ് ഇതിനായി ചെലവിട്ടത്. കോയമ്പത്തൂരിലെ സി എം ഐ വൈദീകർ ഓഖി ദുരന്തബാധിതർക്ക് ദുരിതാശ്വാസ സഹായവുമായി എത്തി. തൃശൂരിൽ ഏറിയാട് കടപ്പുറത്ത് അടിയന്തരമായി ഭക്ഷ്യപാക്കറ്റുകൾ എത്തിച്ചു. ദുരന്തബാധിതർക്ക് ആശ്വാസവും കൗൺസലിംഗും നൽകി. ഏറിയാടും കന്യാകുമാരി ജില്ലയിലെ കീഴിദളത്തും പുനരധിവാസത്തിനായുള്ള പ്രാഥമിക പദ്ധതികൾ ആവിഷ്കരിച്ചു.

ദുരന്തത്തിൽ പെട്ടവരുടെ പുനരധിവാസത്തിനായി സി എം ഐ സഭ വിപുലമായ പുനരധിവാസപദ്ധതിക്കു തന്നെയാണ് രൂപം നൽകിയത്. ആവിഷ്കരിക്കപ്പെട്ട പല കർമപദ്ധതികളും പിന്നീട് പ്രാവർത്തിക തലങ്ങളിലെത്തി.



### ഉത്തരാഖണ്ഡ് പ്രളയകാലത്ത്

2013 ലെ ഉത്തരാഖണ്ഡ് പ്രളയകാലത്തും ദുരിതബാധിതരെ തേടി സി എം ഐ സഭയുടെ സഹായം എത്തിയിരുന്നു. വിവിധ സി എം ഐ സ്ഥാപനങ്ങൾ ലക്ഷക്കണക്കിനു രൂപ ദുരിതാശ്വാസത്തിനായി സംഭരിച്ചു നൽകി. പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമാണം, അറ്റകുറ്റപ്പണികൾ, ദുരന്തബാധിതർക്ക് ഭക്ഷണം, പോഷകാഹാരം, കുടുംബങ്ങൾക്ക് തുടർന്ന് ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ജീവനോപാധികൾ, വരുമാന ലഭ്യതയ്ക്കുള്ള സംവിധാനങ്ങൾ തുടങ്ങിയവയ്ക്കെല്ലാം ഇങ്ങനെ സംഭരിച്ചു നൽകിയ തുക വിനിയോഗിക്കപ്പെട്ടു.

പതിനായിരത്തിൽപരം ജീവനുകളെടുത്ത 2015 ലെ നേപ്പാൾ ഭൂകമ്പത്തിൽ ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ നേരിട്ട കാഞ്ചൻപൂരിലാണ് സി എം ഐ സഭാംഗങ്ങൾ ദുരന്തബാധിതർക്ക് സാന്ത്വനവുമായെത്തിയത്. അവിടെ സിഎസ്ടി വൈദികർക്കൊപ്പം സി എം ഐയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കിറങ്ങി.

ബിജ്നോറിലെ മിഷൻ സെന്റർ വഴിയായിരുന്നു നേപ്പാളിലെ സി എം ഐയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ. ലാമിദാദയിൽ സ്കൂൾ പുനർനിർമിച്ചു നൽകിയതിനു പുറമെ, ബിജ്നോർ സി എം ഐ സ്ഥാപനങ്ങളും ആശ്രമങ്ങളും സമാഹരിച്ചു നൽകിയ ലക്ഷക്കണക്കിനു രൂപയുടെ സാമ്പത്തിക - സാമ്പത്തികേതര സഹായങ്ങളും സഭ നേപ്പാളിൽ ദുരന്തബാധിതർക്ക് എത്തിച്ചുകൊണ്ട് കാരുണ്യത്തിന്റെ നീർച്ചാലായി ഒഴുകിയെത്തി.

■



# ആത്മീയതയുടെ നിരവ്

ഷിനു ജോൺ

Slant of light
on winter afternoons
that oppresses
like cathedral tunes...

എമിലി ഡിക്കൻസിന്റെ ഒരു കവിതയിലെ അതിസുന്ദരവും ചിന്തോദ്ദീപകവുമായ വരികളാണിത്.

Sorrow remarries you to God (ദുഃഖം നിങ്ങളെ ദൈവവുമായി പുനർബാന്ധവത്തിൽ ഏർപ്പെടുത്തുന്നു.) എന്ന ഡാന്റെയുടെ വരികളും ഓർമിക്കാം.

ഇതെല്ലാം, ഈ ചിന്തകളെല്ലാം ഉയർന്നു പൊങ്ങുന്നത്, ഉണർന്നു വീഴുന്നത് ധ്യാനനിമഗ്നമാർന്ന മനസിലാണ്. നിശ്ശബ്ദവും ധ്യാനപൂർണവുമായ അന്തരീക്ഷത്തിൽ.

ധ്യാനം അങ്ങനെ ഒരുപാട് ജപമന്ത്രങ്ങളുരുവിടുന്നുണ്ട്. അവയത്രയും ജീവിതത്തെ സംബന്ധിച്ച ആത്യന്തിക സത്യങ്ങളാണ്. ആ സത്യങ്ങളാണ് മനുഷ്യനെ പിന്നീട് ധർമവും സ്നേഹവും നിറഞ്ഞ കർമ മാർഗങ്ങളിലേക്ക് നയിക്കുന്നത്.

ധ്യാനം എന്നത് ആത്മീയതയാണ്: ഏറ്റവും പരമമായ ആത്മീയത. ഈശ്വരനിലേക്കുള്ള നേർവഴി. ക്രിസ്തു തന്നെ മലമുകളിൽ പ്രാർത്ഥിച്ചിട്ടാണ് (ധ്യാനിച്ചിട്ടാണ്) ജനമദ്ധ്യത്തിലേക്കിറങ്ങുന്നത്. അങ്ങനെയുള്ള ആത്മീയ ജീവിതത്തിന്റെ അവസാനമില്ലാത്ത ആനന്ദത്തെ കുറിച്ച് ഏറ്റവുമധികം ബോധവാന്മാരായിരുന്ന മനസുകളാണ് സി എം ഐ സഭയുടെ സ്ഥാപക പിതാക്കൾ. അവരുടെ ധ്യാന നിമഗ്നമായ ആത്മീയ ചിന്തകളിൽ നിന്നും ധ്യാനവഴികളിൽ നിന്നും ധ്യാന പ്രസംഗങ്ങളിൽ നിന്നും ഒപ്പം ആത്മീയ ശുശ്രൂഷകളിൽ നിന്നുമാണ് സി എം ഐ സഭ സ്ഥാപിക്കപ്പെടുന്നതും തുടർന്ന് ജനഹൃദയങ്ങളെ സ്പർശിച്ച് വളർന്നു വികസിക്കുന്നതും.

**ധ്യാനവഴിയിൽ**

അടിസ്ഥാനപരമായി ചാവറയച്ചൻ മനസുകൊണ്ട് ഒരു സന്യാസി തന്നെയായിരുന്നു. സത്തയിലും അച്ചടക്കത്തിലും അനുസരണത്തിലും ധ്യാനസമാനമായ സന്യാസ മനസിനെ സമ്പൂർണമായി സാക്ഷ്യപ്പെടുത്തിയ ഒരു ജീവിതമായിരുന്നു ചാവറയച്ചന്റേത്. ആ ധ്യാന നിമഗ്നതയാണ്, ഉണർന്നുവീണ ധ്യാനസ്വരങ്ങളാണ് ചാവറയച്ചനെ ഒരുപാട് അനന്യവും ചരിത്രപരവുമായ കർമ മാർഗങ്ങളിലേക്ക് നയിച്ചത്. സമൂഹത്തിൽ മാറ്റത്തിന്റെ വിപ്ലവങ്ങൾക്ക് തിരികൊളുത്തപ്പെട്ടത്.

ആത്മീയമായ മനസില്ലാതെ ഒന്നും നേടുന്നില്ല. ഒന്നും ജനിക്കുന്നില്ല. ഒരു കർമവും അർത്ഥപൂർണമാകുന്നില്ല. പൂർണതയിലേക്ക് നീങ്ങുന്നില്ല. ദൈവത്തോട് അടുക്കുക, പ്രാർത്ഥനാപൂർണമായ ജീവിതം നയിക്കുക; അതുവഴിയാണ് മനുഷ്യരെ, സമൂഹത്തെ കൂടുതൽ അടുത്തറിയാനും വിലയിരുത്താനും അതനുസരിച്ച് കർമപഥത്തിൽ മുന്നേറാനും കഴിയുക. അതുവഴിയാണ് ദൈവജനത്തിന് പ്രചോദനമാകാനും നേർവഴിയിലൂടെ നയിച്ച് അവരെ അത്ഭു

തപ്പെടുത്താനും ഒന്നിച്ചുകൂട്ടാനും യഥാർത്ഥ ലക്ഷ്യം കൈവരിക്കാനും കഴിയുക. ചാവറ പിതാവിനു ശേഷം സി എം ഐ സഭയിലുണ്ടായ പിന്തുടർച്ചക്കാരും ആത്മീയതയുടെ, ധ്യാന നിമഗ്നതയുടെ അതേ കർമജീവിതം തന്നെയാണ് പിന്തുടർന്നത്; ഇന്നും പിന്തുടർന്നുകൊണ്ടിരിക്കുന്നത്.

പുതിയ തലമുറയിലെ ഒരുപാട് സി എം ഐ വൈദികർ അവരുടെ നിരന്തര കർമങ്ങൾക്കിടയിലും കൂടുതൽ കൂടുതൽ ധ്യാനവഴികളിലൂടെ സഞ്ചരിക്കുകയും ദൈവമക്കൾക്ക് ആ ധ്യാനഫലം പകർന്നുകൊടുക്കുകയും ചെയ്യുന്നു എന്നത് ഏറെ സവിശേഷമാർന്ന ഒന്നാണ്. സി എം ഐ വൈദികരുടെ കരിസ്മാറ്റിക് ധ്യാനങ്ങൾ അതുകൊണ്ടു തന്നെ ദൈവജനത്തിന് ഒന്നിനൊന്ന് സ്വീകാര്യമായി കൊണ്ടിരിക്കുന്നു; ഒപ്പം അവരുടെ കൂദാശ കർമങ്ങളും. ദൈവജനം ഇക്കാര്യങ്ങളിൽ സി എം ഐ വൈദികരെ അങ്ങോട്ടു തേടിയെത്തുന്നു.

ഒരുപാട് കർമപഥങ്ങളിൽ സി എം ഐ വൈദികർ വ്യാപരിക്കുന്നുണ്ട്. വിദ്യാഭ്യാസം, സാമൂഹ്യം, സാംസ്കാരികം, സേവനരംഗങ്ങൾ, ആതുരശുശ്രൂഷ അങ്ങനെ നിരവധി രംഗങ്ങൾ; അതും ബന്ധപ്പെട്ട രംഗങ്ങളിലെ സ്ഥാപനങ്ങളുടെ ഉന്നത തലങ്ങളിൽ വരെ. പക്ഷെ അങ്ങനെ കർമപഥങ്ങളിൽ നിരന്തരം ചലിച്ചുകൊണ്ടിരിക്കുമ്പോഴും ആത്മീയതയുടെ തലം അവർ മുറുകെ തന്നെ നെഞ്ചോടു ചേർത്തു പിടിച്ചിരിക്കുന്നു.

എത്ര വേണമെങ്കിലും ധ്യാനപ്രസംഗങ്ങൾ നടത്താനും കൂദാശകർമങ്ങൾ നിർവഹിക്കാനും എത്ര സമയം വേണമെങ്കിലും യാതൊരു മടുപ്പുമില്ലാതെ കുമ്പസാരം എന്ന കൂദാശ കേൾക്കാനുമൊക്കെ സന്നദ്ധരായ നിരവധി സി എം ഐ വൈദികരുണ്ട്. എത്ര തിരക്കിനിടയിലും അവർ നിലകൊള്ളുന്ന സ്ഥാപനങ്ങളിൽ നിന്ന് മാറി നിന്ന് ധ്യാനത്തിൽ മുഴുകാനും ആത്മീയ ശുശ്രൂഷകളിൽ ഏർപ്പെടാനും സ്വയം ആത്മീയതയിൽ നിറയാനും അവർ സദാ ജാഗരൂകരും ബദ്ധശ്രദ്ധരുമാണ്. വാസ്തവത്തിൽ അവർ ആത്മനിർവൃതിയും സംതൃപ്തിയും കണ്ടെത്തുന്നത് അത്തരം ആത്മീയചര്യകളിലും സന്ദർഭങ്ങളിലും നിമിഷങ്ങളിലുമാണ്. ആഴ്ചയിലൊരിക്കൽ ഒന്നിച്ചു കൂടാനും ഒരുമിച്ച് പ്രാർത്ഥിക്കാനും എത്ര തിരക്കിനിടയിലും അവർ ശ്രദ്ധിക്കുന്നു. എല്ലാവരിലും ഈ ആത്മീയ പ്രവണതയുണ്ട്.

ഇടവക ധ്യാനങ്ങളും കരിസ്മാറ്റിക് ധ്യാനങ്ങളും നടത്തുന്നതിൽ ആധുനിക വിദ്യാഭ്യാസം നേടിയ, യുവാക്കളായ സി എം ഐ വൈദികർ ഇന്ന് കൂടുതൽ തല്പരരും അതിന്റെ പ്രാധാന്യത്തെ കുറിച്ച് കൂടുതൽ ബോധവാന്മാരുമാണ്. അവർ വളരെ പക്വതയോടെ അത്തരം കർമങ്ങളും ശുശ്രൂഷാ ജോലികളും ചെയ്യുന്നു.

**വ്യത്യസ്ത ശുശ്രൂഷകൾ**

വളരെ വ്യത്യസ്ത രീതിയിൽ ആത്മീയശുശ്രൂഷ നടത്തുന്ന സി എം ഐ വൈദികരും നിരവധി.

കോട്ടയത്തിനടുത്ത് ഒരിടത്ത് ഒന്നര കിലോമീറ്റർ കാട്ടിലൂടെ സഞ്ചരിച്ചെത്തിയാൽ അവിടെ മിണ്ടാവ്രതത്തിലേർപ്പെട്ടിരിക്കുന്ന മൂന്ന് സി എം ഐ സന്യാസ വൈദികരെ കാണാം. അവിടെ കുന്നിനു മുകളിൽ പാറക്കല്ലുകൾ നിറഞ്ഞിടത്ത് അവർ സ്വയം കൃഷി ചെയ്യുന്നു. അതിന്റെ ഫലം കൊണ്ട് ജീവിക്കുന്നു. ധ്യാനിക്കുന്നു. ആ ധ്യാനത്തിന്റെ പ്രകാശം ചുറ്റിലും പരത്തുന്നു.

കക്കാടംപൊയിൽ എന്നിടത്ത് രാവിലെ മൂന്നു മണിക്ക് ഉണരുകയും ഇന്ത്യൻ രീതിയിൽ ധ്യാനിക്കുകയും ചെയ്യുന്ന സി എം ഐ വൈദികരുണ്ട്. അധികമൊന്നും പുറംലോകവുമായി ബന്ധപ്പെടാതെ നാട്ടുകാർ കൊടുക്കുന്നതു കൊണ്ട് ഉപജീവനം കഴിക്കുന്നവർ. അവർ തങ്ങളുടെ ധ്യാനഫലം, ജീവിതോപദേശങ്ങൾ, ആത്മീയോപദേശങ്ങൾ ആവശ്യമുള്ളവർക്കെല്ലാം നിർലോപം നൽകുന്നു.

ആത്മീയ മേഖലയിൽ ചാവറയച്ചന്റെ പിന്തുടർച്ചക്കാർ എത്രയേറെ വ്യാപൃതരാണെന്നതിന് ഉദാഹരണങ്ങൾ ഇങ്ങനെ എത്ര വേണമെങ്കിലും ഉണ്ട്. ഹിമാലയത്തിലേക്കുള്ള യാത്രയിൽ ഋഷികേശിലെത്തിയാൽ അവിടെയും സി എം ഐ വൈദികരെ കാണാം. അവിടെ അവർ ഹൈന്ദവമതത്തിലും മറ്റുമുള്ള സന്യാസിമാരുമായി ആത്മീയ ചിന്തകൾ പങ്കുവയ്ക്കുകയും മതപരമായി കൂടുതൽ അറിവുകൾ നേടുകയും ധ്യാനത്തിലേർപ്പെടുകയും ചെയ്യുന്നു.

ബിജ്നോറിൽ ഹിമാലയത്തിലേക്കുള്ള മാർഗത്തിൽ നിരവധി സി എം ഐ മിഷൻ സ്റ്റേഷനുകളുണ്ട്. അവിടെയെല്ലാം മുൻപറഞ്ഞ വിധത്തിൽ ആത്മീയമായ പ്രവർത്തനങ്ങളും ആശയ കൈമാറ്റങ്ങളും പങ്കുവയ്ക്കലുകളും നടക്കുന്നു. അവിടെ മാത്രമല്ല, എവിടെയും ഇതുണ്ട്. ആത്മീയമായ സംവാദങ്ങളുടെയും കൈമാറ്റങ്ങളുടെയും ഏറെ ശ്രദ്ധേയമായ മറ്റൊരു കേന്ദ്രമാണ് ചാവറ കൾച്ചറൽ സെന്ററുകൾ. ബാംഗ്ളൂർ ധർമാരാം കോളെജിൽ ദലൈലാമ വരെ ഇടയ്ക്കിടെ വന്നുപോകുന്നു.

ആത്മീയതയെ കൂടുതൽ കൂടുതൽ ചേർത്തുപിടിച്ചും ആത്മീയ ശുശ്രൂഷകളിൽ കൂടുതൽ കൂടുതൽ ഏർപ്പെട്ടുമാണ് ആധുനിക കാലത്ത് സി എം ഐ സഭ നിരന്തരം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒന്നു രണ്ടു പതിറ്റാണ്ടുകളായി മുൻപത്തേതിനെക്കാളും ആത്മീയമായ കൂടുതൽ മുന്നേറ്റത്തിന്റെയും നവീകരണത്തിന്റെയും പാതയിലാണ് സി എം ഐ സഭ. സഭയുടെ തന്നെ നിയമാവലി ധ്യാനത്തിലൂടെ കൂടുതൽ നവീകരിക്കുന്ന പ്രക്രിയയ്ക്കാണ് സഭ ഇപ്പോൾ തുടക്കമിട്ടിരിക്കുന്നത്. ■

# സി എം ഐ സഭ പുതിയ
# കർമപഥങ്ങളിലൂടെ

**ഗ്ലോബൽ മിഷൻ:**
ആമസോൺ, എത്യോപ്യ ഉഗാണ്ട, ഇറാഖ്

**സമഗ്രവിദ്യാഭ്യാസം:**
ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ മിഷനുകളിലേക്കും ദളിത് ആദിവാസി മേഖലകളിലേക്കും

**ഉന്നത വിദ്യാഭ്യാസ മേഖല:**
പഠന ഗവേഷണ രംഗങ്ങളിൽ പുതിയ മുന്നേറ്റം

**ആകാശപറവകൾ:**
അനാഥർക്കും അവശത അനുഭവിക്കുന്നവർക്കും സംരക്ഷണം

**സ്ത്രീ ശാക്തികരണം:**
സ്ത്രീകളുടെ ഉന്നമനത്തിനും സാമൂഹ്യസുരക്ഷയ്ക്കും

**ഗ്രാമങ്ങളുടെ സമഗ്ര വികസനം:**
കൃഷി, ആരോഗ്യം, കുടിവെള്ളം, പരിസ്ഥിതി സംരക്ഷണം

**വിശക്കുന്നവർക്ക് ഭക്ഷണം:**

**പാർപ്പിടം:**
ഭവനരഹിതർക്കും അനാഥർക്കും

**എച്ച് ഐ വി / എയ്ഡ്സ്/ കാൻസർ:**
സാന്ത്വനവും ചികിൽസയും സംരക്ഷണവും


**ലഹരി വിമുക്ത യുവത്വവും കാമ്പസും:**
ബോധവൽക്കരണം, കൗൺസിലിങ്, പുനരധിവാസം

**ഭിന്നശേഷിക്കാർ വികലാംഗർ:**
വിദ്യാഭ്യാസവും, സംരക്ഷണവും ചികിത്സയും

# Is It Right or Privilege ?







# ചരിത്രം സൃഷ്ടിച്ച വിദ്യാഭ്യാസ വിപ്ലവം

ദീപക് ജോയ്

"അസതോമാ സത്ഗമയാ
തമസോമാ ജ്യോതിർഗമയാ
മൃത്യോർമാ അമൃതംഗമയാ"

അസത്യത്തിൽ നിന്ന് സത്യത്തിലേക്കും ഇരുളിൽ നിന്ന് പ്രകാശത്തിലേക്കും മരണത്തിൽ നിന്ന് മരണമില്ലായ്മയിലേക്കും നയിച്ചാലും, എന്ന് വേദകാലം മുതൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഒരു ജനതയാണ് ഭാരതത്തിലേതും കേരളത്തിലേതും. പക്ഷെ 19-ാം നൂറ്റാണ്ടിന്റെ പകുതിവരെ നമ്മുടെ സാമൂഹ്യവ്യവസ്ഥിതി ഇതിനെല്ലാം നേർവിപരീതമായിരുന്നു. അയിത്തവും തൊട്ടുകൂടായ്മയും ജാതി വ്യവസ്ഥകളുമെല്ലാം അതിന്റെ പാരമ്യതയിൽ എത്തി നിന്നിരുന്ന കാലമായിരുന്നു അത്.

വിദ്യാഭ്യാസ രംഗത്തും ഇതുതന്നെയായിരുന്നു സ്ഥിതി. കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം ഇന്നത്തെ രീതികളിൽ നിന്നും തികച്ചും വിഭിന്നമായിരുന്നു 19-ാം നൂറ്റാണ്ടിന്റെ പാതിവരെ. സർക്കാർ തലത്തിൽ പോലും അംഗീകൃത സ്കൂളുകൾ തുടങ്ങിവരുന്നതേ ഉണ്ടായിരുന്നുള്ളൂ അന്ന്. അവിടെ പോലും ജാതിയിൽ താണവർക്ക്, അവർണർക്ക് മേൽജാതിക്കാർക്കൊപ്പം ഇരുന്ന് പഠിക്കുവാൻ അവകാശമോ അവസരങ്ങളോ ഉണ്ടായി

രുന്നില്ല.

അന്നുണ്ടായിരുന്ന പ്രാഥമിക വിദ്യാഭ്യാസ സാദ്ധ്യത കളരികളിലൂടെയും ആശാന്മാരിലൂടെയും മാത്രം പരിചിതമായിരുന്നു. സംസ്കൃതവും തമിഴും മലയാളവും കണക്കും അത്യാവശ്യമറിയാവുന്നവരായിരുന്നു അവിടെ ആശാന്മാർ. ഈ പ്രാഥമിക വിദ്യാഭ്യാസം പോലുമാണ് സമൂഹത്തിലെ ബഹുഭൂരിപക്ഷം വരുന്ന അവർണർക്കും പിന്നോക്കവിഭാഗങ്ങളിലുള്ളവർക്കും നിഷേധിക്കപ്പെട്ടിരുന്നത്. പെൺകുട്ടികളെ പഠിപ്പിക്കുവാൻ വിടുന്ന രീതിയാവട്ടെ അന്ന് തീരെ ഇല്ലായിരുന്നു എന്നുതന്നെ പറയാം.

ഈ ദുരന്ത സ്ഥിതിയിൽ നിന്ന് കേരളത്തെ മുന്നോട്ടു നയിച്ചത്, ഇന്നു കാണുന്ന വിധത്തിൽ അറിവിന്റെ ലോകത്തേക്കും കേരളത്തെ എത്തിച്ചതിൽ വി.ചാവറയച്ചന്റേയും സി എം ഐ സഭയുടേയും പങ്ക് നിസ്തുലങ്ങളാണ്. 1846 ൽ മാന്നാനത്ത് ആശ്രമത്തോട് ചേർന്ന് ചാവറയച്ചൻ ഒരു സംസ്കൃത സ്കൂൾ സ്ഥാപിച്ചു. കേരളത്തിൽ പിൽക്കാലത്തുണ്ടായ വിദ്യാഭ്യാസ വിപ്ലവത്തിനും കേരളീയ നവോത്ഥാനത്തിനു തന്നെയും നാന്ദികുറിച്ച സംഭവമായിരുന്നു അത്.

ഭാഷ, വർഗവിവേചനത്തിന്റെയല്ല വർഗസമന്വയത്തിന്റെ ഉപകരണമാണെന്ന് സംസ്കൃത സ്കൂൾ സ്ഥാപിക്കുക വഴി ചാവറയച്ചൻ അന്ന് സമൂഹത്തെ പഠിപ്പിച്ചു. വേദഭാഷയായ സംസ്കൃതം ജാതിഭേദമില്ലാതെ അന്ന് അവിടെ പഠിപ്പിക്കാനാരംഭിച്ചു. ആശ്രമത്തിലുള്ള അന്തേവാസികൾക്കു പുറമെ സമീപ പ്രദേശങ്ങളിലുള്ളവർക്കും സംസ്കൃത സ്കൂളിൽ പ്രവേശനം നൽകി. തൃശൂരിൽ നിന്ന് വാര്യർ സമുദായത്തിൽപെട്ട ഒരു വാദ്ധ്യാരെ വരുത്തിയായിരുന്നു സ്കൂളിൽ അദ്ധ്യാപകനായി നിയമിച്ച് നാനാജാതി മതസ്ഥരെ ആ ഭാഷ പഠിപ്പിച്ചത്.

വിപ്ലവകരമായ ഈ നടപടിയുടെ തുടർച്ചയായിരുന്നു പിന്നീട് 'പള്ളിക്കൊരു പള്ളിക്കൂടം' എന്ന ചാവറയച്ചന്റെ ചരിത്രപ്രസിദ്ധവും ചരിത്രം സൃഷ്ടിച്ചതുമായ പ്രഖ്യാപനം. കേരളത്തിൽ പിന്നീട് ഉണ്ടായ വിദ്യാഭ്യാസ വിപ്ലവത്തിനും ഈ രംഗത്ത് നേരത്തെ പറഞ്ഞ പോലെ ഇന്നു കാണുന്ന വളർച്ചയ്ക്കും പുരോഗതിക്കും തുടക്കമിട്ടതും കാരണമായി തീർന്നതും അന്നത്തെ ആ പ്രഖ്യാപനവും അതേ തുടർന്നുള്ള നടപടികളുമാണ്.

സംസ്കൃത സ്കൂളിന്റെ പ്രവർത്തനം പിന്നീട് പലവിധ കാരണങ്ങളാലും നിലച്ചുപോയെങ്കിലും (അന്നത്തെ സ്കൂൾ കെട്ടിടം ഇന്നും അവിടെ സംരക്ഷിക്കപ്പെടുന്നുണ്ട്.) അത് സമൂഹത്തിൽ സൃഷ്ടിച്ച ഗുണപരമായ മാറ്റങ്ങൾ ഒരിക്കലും വാക്കുകളിൽ വിവരിച്ചുതീർക്കാവുന്നതല്ല.

**ദളിതർക്ക് വിദ്യാഭ്യാസം**

മാന്നാനം ആശ്രമത്തോട് ചേർന്ന് ദളിതർക്ക് കൂടുതൽ വിദ്യാഭ്യാസം നൽകാനും ഈ കാലഘട്ടത്തിൽ ശ്രമങ്ങളുണ്ടായി. അധഃകൃതരുടെയും പിന്നോക്കസമുദായക്കാരുടെയും യിരുന്നു.

വിദ്യാഭ്യാസത്തിലൂടെ മാത്രമേ അധഃകൃതർക്കും ഇതര പിന്നോക്കവിഭാഗങ്ങൾക്കും അവർ നിലവിൽ കഴിഞ്ഞിരുന്ന അധമാവസ്ഥയിൽ നിന്ന് മോചനമുണ്ടാവുകയുള്ളൂ. ചവിട്ടിമെതിക്കപ്പെട്ട അവരുടെ മനുഷ്യത്വത്തെ ആ അപകർഷതയിൽ നിന്ന് പുനരുദ്ധരിക്കുകയും മറ്റുള്ളവർ അവരോട് പുലർത്തുന്ന ധാർഷ്ട്യത്തെ അതിജീവിക്കുവാൻ ശക്തി കൈവരിക്കുകയും ചെയ്യണമെങ്കിൽ സാക്ഷരതയും അതിലൂടെ സംസ്കാരവും അവരിലേക്കു പകരണമായിരുന്നു. ഇത് വ്യക്തമായ പശ്ചാത്തലത്തിലാണ് ദളിതർക്കും ഇതര പിന്നോക്ക വിഭാഗങ്ങൾക്കും കൂടുതൽ വിദ്യാഭ്യാസം നൽകുന്നതിലേക്ക് ചാവറയച്ചനും സി എം ഐ സഭയും ഇറങ്ങിത്തിരിച്ചത്.

മാന്നാനത്തു മാത്രമല്ല, ആർപ്പൂക്കരയിലും അന്ന് സ്കൂൾ സ്ഥാപിച്ചിരുന്നു. പട്ടിണിയും ദാരിദ്ര്യവും കേരളീയ സമൂഹത്തിൽ നിത്യസാന്നിദ്ധ്യമായിരുന്ന കാലമായിരുന്നു

> “ ഭാഷ, വർഗവിവേചനത്തിന്റെയല്ല വർഗസമന്വയത്തിന്റെ ഉപകരണമാണെന്ന് സംസ്കൃത സ്കൂൾ സ്ഥാപിക്കുക വഴി ചാവറയച്ചൻ അന്ന് സമൂഹത്തെ പഠിപ്പിച്ചു. വേദഭാഷയായ സംസ്കൃതം ജാതിഭേദമില്ലാതെ അന്ന് അവിടെ പഠിപ്പിക്കാനാരംഭിച്ചു. ആശ്രമത്തിലുള്ള അന്തേവാസികൾക്കു പുറമെ സമീപ പ്രദേശങ്ങളിലുള്ളവർക്കും സംസ്കൃത സ്കൂളിൽ പ്രവേശനം നൽകി.

ശോചനീയാവസ്ഥയ്ക്ക് പരിഹാരം സാമ്പത്തിക സഹായം കൊണ്ടു മാത്രം സാധ്യമാകുന്നതല്ലെന്ന് കാലത്തിനു മുൻപെ ചിന്തിക്കുന്നതിൽ അതീവ ധിക്ഷണാശാലിയായിരുന്ന ചാവറയച്ചൻ വളരെ നേരത്തെ തന്നെ തിരിച്ചറിഞ്ഞിരുന്നു. രോഗലക്ഷണത്തെയല്ല, രോഗത്തെയാണ് ചികിത്സിക്കേണ്ടതെന്നും അദ്ദേഹം മനസിലാക്കി അത്. സ്കൂൾ നടത്തിപ്പ് അത്ര എളുപ്പമല്ലെന്നു സാരം. അതിനും ചാവറയച്ചൻ മാർഗം കണ്ടു. പള്ളികളിൽ നിന്ന് പിരിവെടുത്ത് പതിനേഴു പറയ്ക്ക് നിലം വാങ്ങി അതിൽ നിന്നുള്ള വരുമാനം കൊണ്ട് മാന്നാനത്തെ സ്കൂൾ മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹം മാന്നാനം കൊവേന്തയെ ഏല്പിച്ചു. പാവപ്പെട്ടവർക്കും

പഠിക്കാൻ അവസരം ലഭിക്കണമെന്ന് അദ്ദേഹം പ്രത്യേകം നിഷ്കർഷിച്ചു.

വിശക്കുന്ന വയറുമായി, കീറിയ വസ്ത്രങ്ങളോടെ, പാഠപുസ്തകം വാങ്ങാൻ പണമില്ലാതെ അപമാനം സഹിച്ച് ക്ലാസ്മുറികളിൽ വന്നിരിക്കാൻ കുട്ടികൾക്ക് സാധിക്കില്ലെന്ന് ചാവറയച്ചന് അറിയാമായിരുന്നു. ക്ലാസിൽ വരാതെ പാടത്ത് പണിക്കു പോകുന്ന മാതാപിതാക്കൾക്കൊപ്പം പോയാൽ അവിടെ അവർക്ക് അച്ഛനമ്മമാരുടെ ഓഹരിയായി കുമ്പിളിൽ കഞ്ഞി കിട്ടും. പാടത്ത് അവർ വെറുതെ അലഞ്ഞുതിരിഞ്ഞു നടക്കാനിടയാകും.

ഇതൊക്കെ ചാവറ പിതാവ് മുൻകൂട്ടി കണ്ടു. കുട്ടികളുടെ ജീവിതം അങ്ങനെ പാഴായി പോകാതിരിക്കാൻ വസ്ത്രവും ഭക്ഷണവും പുസ്തകവും സൗജന്യമായി നൽകി പാവപ്പെട്ട കുട്ടികളെ വിദ്യാഭ്യാസത്തിനു പ്രേരിപ്പിക്കുക മാത്രമാണ് കരണീയമെന്നും അദ്ദേഹം മനസിലാക്കി. തുടർന്ന് നാട്ടിലാദ്യമായി അങ്ങനെയൊരു പദ്ധതി തന്നെ അദ്ദേഹം നടപ്പിലാക്കി. അന്ന് ചാവറയച്ചൻ തുടക്കം കുറിച്ച സൗജന്യ കഞ്ഞി വിതരണത്തിൽ നിന്ന് പ്രചോദനം സ്വീകരിച്ചുകൊണ്ടാണ് പിൽക്കാലത്ത് സർക്കാർ സ്കൂളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി നൽകാനുള്ള നടപടി ആരംഭിച്ചത്. ഇതിനുള്ള ശുപാർശയായി തിരുവിതാംകൂറിൽ അന്ന് ദിവാനായിരുന്ന സർ സി.പി രാമസ്വാമി അയ്യർ 1936 നവംബർ 26ന് തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ച കുറിപ്പിൽ ക്രൈസ്തവ സ്ഥാപനങ്ങളിലെ ഈ പതിവ് മാതൃകയായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

സമൂഹത്തിന്, ഭാവിതലമുറകൾക്ക് വിദ്യാഭ്യാസം അല്ലെങ്കിൽ അറിവിന്റെ വെളിച്ചം പകർന്നുനൽകുന്നതിൽ ചാവറ പിതാവ് എത്രത്തോളം ക്രാന്തദർശിയായിരുന്നു എന്ന് കൂടുതൽ വിവരിക്കേണ്ടതില്ല. കാലങ്ങൾക്കു ശേഷം ഇന്നു തിരിഞ്ഞുനോക്കുമ്പോൾ, വിദ്യാഭ്യാസം നൽകുന്നതിലൂടെ ദളിത് വിഭാഗങ്ങളുടെ സമൂഹോദ്ധാരണം ഇന്നു നാം ആഗ്രഹിക്കുന്ന വിധത്തിൽ അന്ന് സാദ്ധ്യമായോ എന്ന് ചിലരെങ്കിലും സംശയിച്ചേക്കാം. അസ്ഥാനത്തല്ല ആ സംശയം. പക്ഷെ ഇന്നത്തെ അവസ്ഥയല്ല അന്നത്തേത്. വിദ്യാഭ്യാസമുള്ള ആരും തന്നെ അന്ന് ഗ്രാമങ്ങളിൽ ഇല്ല, വിദ്യാഭ്യാസപരമായി ഒന്നും തന്നെ തങ്ങൾക്ക് പ്രാപ്യമായി നാട്ടിലൊരിടത്തും ഇല്ല എന്നതായിരുന്നു അന്ന് ദളിതരുടെയും ഇതര പിന്നോക്ക വിഭാഗങ്ങളുടെയും അവസ്ഥ.

മുതിർന്നവരാകട്ടെ തങ്ങളുടെ ഇളംതലമുറകൾ വിദ്യ അഭ്യസിക്കുന്നതിൽ എടുത്തുപറയാവുന്ന ഒരു താല്പര്യവും കാണിച്ചിരുന്നില്ല. ഉയർന്ന ജാതിക്കാരുടെ എതിർപ്പുകളെ അക്കാര്യത്തിൽ അവർക്കു ഭയവുമായിരുന്നു. ഇത്തരം ഒരു പശ്ചാത്തലത്തിലാണ് ദളിതരെയും ഇതര പിന്നോക്കവിഭാഗങ്ങളെയും വിദ്യാഭ്യാസപരമായി മുന്നിലെത്തിക്കാൻ സി എം ഐ സഭയും ചാവറയച്ചനും അന്ന് ശ്രമങ്ങൾ നടത്തിയത്.

ഇന്ന് 'സാക്ഷരത' എന്നു പറയുന്നതാണ് അന്ന് ദളിതരിലേക്ക് മുഖ്യമായും പകർന്നു നൽകപ്പെട്ടത്.

ദളിതരെ അത് എഴുതാനും വായിക്കാനും പ്രാപ്തിയുള്ളവരാക്കി. അവരിൽ അറിവിന്റെ അടിത്തറ സൃഷ്ടിച്ചു. അത് വലിയൊരു നേട്ടം തന്നെയായിരുന്നു. വിപ്ലവകരമായിരുന്നു. അന്ന് സി എം ഐ സഭയും ചാവറയച്ചനും കൈക്കൊണ്ട ശ്രമങ്ങളുടെ പ്രതിഫലനമാണ് ഇന്ന് ദളിത് സമൂഹത്തിൽ കാണാൻ കഴിയുന്ന വിദ്യാഭ്യാസ, സാമൂഹ്യരംഗങ്ങളിലെ ഉയർച്ചയും വളർച്ചയും.

**പള്ളിയ്ക്കൊപ്പം പള്ളിക്കൂടം**

ദളിതർക്ക് അക്ഷരജ്ഞാനം നൽകാൻ ആരംഭം കുറിച്ചത് അക്കാലത്തെ ദളിത് പീഡനത്തിനെതിരെയുള്ള ഏറ്റവും ശക്തവും ഫലപ്രദവുമായ പ്രതിഷേധവും അതിനാൽ സാമൂഹിക സാംസ്കാരിക വിപ്ലവത്തിന്റെയും നവോത്ഥാന യജ്ഞത്തിന്റെയും തുടക്കവുമാണെന്ന് പിന്നീട് ചരിത്രം തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പിൽക്കാലത്ത്

'പള്ളിയ്ക്കൊപ്പം പള്ളിക്കൂടം' എന്ന ചാവറയച്ചന്റെ ചരിത്രപ്രസിദ്ധമായ പ്രഖ്യാപനം വരുകയും അത് നടപ്പിലാവുകയും ചെയ്തതോടെ ഒരു പുതുയുഗ





പിറവിയ്ക്കാണ് കേരളത്തിൽ തുടക്കമായത്.

ഇന്ന് കേരളം അഭിമാന പൂർവം ഘോഷിക്കുന്ന നൂറു ശതമാനം സാക്ഷരതയുടെയും വിദ്യാഭ്യാസ പുരോഗതിയുടെയും മുഖ്യസ്രോതസ് അല്ലെങ്കിൽ മുഖ്യ അടിത്തറ. 1864 ൽ അന്ന് വികാരി ജനറാളായിരുന്ന ചാവറയച്ചൻ എല്ലാ പള്ളികളിലേക്കും അയച്ച 'പള്ളിക്കൊരു പള്ളിക്കൂടം' എന്ന സർക്കുലർ അല്ലെങ്കിൽ കല്പനയാണ്. തൽഫലമായി സൃഷ്ടിക്കപ്പെട്ട പള്ളിക്കൂടങ്ങളാണ് പിന്നീട് കേരളത്തിലെ പൊതുസമൂഹ സൃഷ്ടികളുടെ കളരികളായി പരിണമിച്ചത്. കേരളത്തിൽ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിന് വഴിയൊരുക്കുകയും അതിന് അടിത്തറ സൃഷ്ടിക്കുകയും ഈ രംഗത്ത് മാതൃകയാവുകയും ചെയ്തത്.

കാലടി സംസ്കൃത വാഴ്സിറ്റി മുൻ വൈസ്ചാൻസലർ ഡോ. കെ. എസ് രാധാകൃഷ്ണന്റെ വാക്കുകളിൽ പറഞ്ഞാൽ "ജാതി മത വ്യത്യാസമില്ലാതെ സർവർക്കും വിദ്യാലയ പ്രവേശനം ലഭിച്ച ആ ദിവസമാണ് (ചാവറയച്ചന്റെ 'പള്ളിയ്ക്കൊരു പള്ളിക്കൂടം' സർക്കുലർ വന്ന ദിവസം) കേരളത്തിലെ പൊതുസമൂഹസൃഷ്ടിയുടെ ഹരിശ്രീ കുറിക്കപ്പെട്ടത്. മാധവനും മത്തായിയും മുഹമ്മദും ചാത്തനും ഒരേ വിദ്യാലയത്തിൽ ഒരുമിച്ചു ചേരുകയും ഒരേ ക്ലാസ് മുറിയിൽ ഒരേ അദ്ധ്യാപകരിൽ നിന്ന് ഒരേ പാഠം പഠിച്ചുതുടങ്ങുകയും ചെയ്തതോടെയാണ് തങ്ങൾക്കിടയിൽ പൊതുവിൽ പലതും ഉണ്ടെന്നും തങ്ങൾക്കും ഒത്തുകൂടി പ്രവർത്തിക്കാൻ കഴിയുമെന്നും അവരെല്ലാം തിരിച്ചറിഞ്ഞത്.

തുടർന്നുള്ളത് ചരിത്രമാണ്. കേരളം വിദ്യാഭ്യാസ രംഗത്ത് മുന്നേറിയ ചരിത്രം. ആരെയും വിസ്മയിപ്പിക്കുകയും ത്രസിപ്പിക്കുകയും ചെയ്യുന്ന ഒന്നാണത്. അവിടെയും സി എം ഐ സഭയുടെ പങ്ക് വളരെ വളരെ വലുതാണ്. അനേകായിരങ്ങളാണ് കേരളത്തിലും രാജ്യം എമ്പാടുമായി സി എം ഐ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ഓരോ വർഷവും പഠിച്ചിറങ്ങുന്നത് – അതും പ്രാഥമിക വിദ്യാഭ്യാസം മുതൽ ഏറ്റവും ഉയർന്ന, ഏറ്റവും ആധുനികമായ അക്കാദമികതല വിദ്യാഭ്യാസം വരെ.

പൊതുവിദ്യാലയത്തിലൂടെ പൊതുവിദ്യാഭ്യാസം എന്ന ആശയത്തിന് ചാവറയച്ചനും അദ്ദേഹത്താൽ സ്ഥാപിതമായ സി എം ഐ സഭയും കർമ രൂപം നൽകിയതിലൂടെ അധികാരത്തിന്റെയും സമ്പത്തിന്റെയും പദ്ധതികളുടെയും പങ്കാളികളാക്കി പാർശ്വവൽകൃത സമൂഹത്തെ മാറ്റി എന്ന ഏറെ ശ്രദ്ധേയമായ ചരിത്ര ദൗത്യമാണ് നിർവഹിക്കപ്പെട്ടത്. പൊതുവിദ്യാഭ്യാസം ലഭിച്ചവരിൽ നിരവധി പേർ രാജ്യത്തിന്റെ രാഷ്ട്രീയാധികാര കേന്ദ്രങ്ങളിൽ വരെ എത്തിച്ചേർന്നു.

പൊതുവിദ്യാഭ്യാസത്തിലൂടെ പൊതുസമൂഹ സൃഷ്ടി നടന്നപ്പോൾ കേരളം കൈവരിച്ച ഏറ്റവും മികച്ച നേട്ടങ്ങളിലൊന്ന് സംസ്കൃതമായ മനുഷ്യവിഭവശേഷിയാണ്. ഡോ. കെ.എസ് രാധാകൃഷ്ണൻ ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ കേരളത്തിലെ പട്ടിണി മാറ്റിയ ഘടകങ്ങളിൽ ഒന്ന് ഈ മനുഷ്യവിഭവശേഷിയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കിയ പ്രവാസിസമൂഹത്തിന് ആ നേട്ടം കൈവരിക്കാനായത് അവർക്ക് ലഭിച്ച സാമാന്യ വിദ്യാഭ്യാസം മൂലമാണ്.

അധികാരത്തിലും സമ്പത്തിലും പങ്കാളിത്തമുള്ള ശക്തമായൊരു മധ്യവർഗം കേരളത്തിൽ രൂപപ്പെട്ടതും പൊതുവിദ്യാഭ്യാസത്തിലൂടെയാണ്. അറിവിന്റെ വികേന്ദ്രീകൃതമായ വിതരണത്തിലൂടെ അധികാരത്തിലും സമ്പത്തിലും മധ്യവർഗത്തിലെ എല്ലാ വിഭാഗങ്ങൾക്കും പങ്കാളിത്തം ലഭിച്ചു. കുറവുകളും ദൗർബല്യങ്ങളും ചൂണ്ടിക്കാണിക്കപ്പെടുമ്പോഴും കേരളത്തിൽ സുശക്തമായ ഒരു ജനാധിപത്യ സമ്പ്രദായം വികസിക്കാൻ ഇടയാക്കിയതും ചാവറയച്ചനിലൂടെയും സി എം ഐ സഭയിലൂടെയും കൈവന്ന പൊതുവിദ്യാഭ്യാസത്തിലൂടെയാണ്. കേരളം ഒരു മതേതര സമൂഹമായി മാറിയതിനു പിന്നിലെ മുഖ്യഘടകങ്ങളിലൊന്നും അതുതന്നെ.

വിദ്യാഭ്യാസരംഗത്ത് അങ്ങനെ സി എം ഐ സൃഷ്ടിച്ചത് ഒരു ചരിത്രവിപ്ലവം തന്നെയാണ്. തുടർന്നിങ്ങോട്ട് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതും അതുതന്നെ. അത് കേരളത്തിൽ മാത്രമല്ല, രാജ്യമെമ്പാടും പടർന്നുവ്യാപിച്ചിരിക്കുന്നു. അവിടെ നിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും. ആഫ്രിക്കൻ രാജ്യമായ കെനിയയിൽ വരെ സി എം ഐ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ■



# വിദ്യാഭ്യാസ വളർച്ചയിലെ
# നാഴികക്കല്ലുകൾ

**ജിതിൻ ജെ.**

1846 ൽ മാന്നാനത്ത് തുടക്കമിട്ട സി. എം. ഐ സഭയുടെ വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ ഇന്ന് ആഗോളതലത്തിലെ ഏറ്റവും പുതിയ ഡിജിറ്റൽ യുഗം വരെ എത്തി നിൽക്കുന്നു. ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ യൂണിവേഴ്സിറ്റികളിൽ ഒന്നായ ബാംഗ്ലൂരിലെ ക്രൈസ്റ്റ് യുണിവേഴ്സിറ്റിലെ പഠന സൗകര്യങ്ങളും അവിടെ നടക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വ്യാപ്തിയും യുണിവേഴ്സിറ്റി ഇതിനോടകം കൈവരിച്ചു കഴിഞ്ഞിട്ടുള്ള നേട്ടങ്ങളും മാത്രം മതി സി എം ഐ സഭ ഈ രംഗത്ത് എത്ര കണ്ട് മുന്നേറി കഴിഞ്ഞുവെന്നും സഭയുടെ ഈ രംഗത്തെ സേവനങ്ങളുടെ ആഴവും പരപ്പും എത്രയെന്ന് വ്യക്തമാകുവാൻ.

തുടക്കത്തിൽ പ്രാഥമിക വിദ്യാഭ്യാസരംഗത്ത് പ്രവർത്തനം ആരംഭിച്ച സി എം ഐ സഭയുടെ എജ്യുക്കേഷൻ

മിനിസ്ട്രി 1940 കളുടെ ആദ്യ പാതിയിൽ തന്നെ സ്കൂൾത ലവും പിന്നിട്ട് ഉന്നത വിദ്യാ ഭ്യാസ രംഗത്തേക്ക് കടന്നു. 1944 ൽ ഇന്നത്തെ പ്രശസ്ത മായ തേവര സേക്രഡ് ഹാർട്ട് കോളെജ് സ്ഥാപിച്ചു കൊണ്ടാ യിരുന്നു അതിന്റെ തുടക്കം. തു ടർന്ന് 1956 ൽ കോഴിക്കോട് നഗരത്തിൽ ദേവഗിരി സെൻറ് ജോസഫ് കോളെജും ഇരിങ്ങാ ലക്കുട ക്രൈസ്റ്റ് കോളെജും നിലവിൽ വന്നു. അധികം താമ സിയാതെ തന്നെ മാന്നാനം കെ ഇ കോളെജും കളമശ്ശേരി രാജ ഗിരി കോളെജും മറ്റു കോളെജു കളും നിലവിൽ വന്നു. തുടർന്നിങ്ങോട്ടുള്ള കാലയള വിൽ സി എം ഐ എജ്യുക്കേ ഷൻ മിനിസ്ട്രിക്ക് കീഴിൽ എഞ്ചിനീയറിങ്ങ് കോളെജു കളും മെഡിക്കൽ കോളെജും സ്ഥാപിക്കപ്പെട്ടു.

ബാംഗ്ലൂരിൽ സി എം ഐ സഭയുടെ വൈദിക പഠനത്തി നുള്ള ധർമ്മാരാം കോളെജി നോടു ചേർന്ന് 1969 ൽ ആണ് ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയുടെ പൂർവ്വ രൂപമായ ക്രൈസ്റ്റ് കോളെജ് ബാംഗ്ലൂർ യുണിവേ ഴ്സിറ്റിക്കു കീഴിൽ സ്ഥാപിക്ക പ്പെടുന്നത്. ആർട്സ്, സയൻസ്, കോമേഴ്സ് എന്നി വിഷയങ്ങ ളിൽ പ്രീ യുണിവേഴ്സിറ്റി പഠ നത്തോടെയായിരുന്നു തുടക്കം. 1988 ൽ സ്വാശ്രയ കോഴ്സുകൾ ആരംഭിച്ചു തുടർന്ന് അങ്ങോട്ട് പടിപടിയായി കോളെജ് വളരു

> ബാംഗ്ലൂരിൽ സി എം ഐ സഭയുടെ വൈദിക പഠന ത്തിനുള്ള ധർമ്മാരാം കോളെജിനോടു ചേർന്ന് 1969 ൽ ആണ് ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയുടെ പൂർവ്വ രൂപ മായ ക്രൈസ്റ്റ് കോളെജ് ബാംഗ്ലൂർ യുണിവേഴ്സിറ്റിക്കു കീഴിൽ സ്ഥാപിക്കപ്പെടുന്നത്. ആർട്സ്, സയൻസ്, കോമേഴ്സ് എന്നി വിഷയങ്ങളിൽ പ്രീ യുണിവേഴ്സിറ്റി പഠനത്തോടെയായിരുന്നു തുടക്കം.

കയായിരുന്നു. ഒടുവിൽ ഡീംഡ് യൂണിവേഴ്സിറ്റി തലത്തി ലെത്തി. ക്രൈസ്റ്റ് ഡീംഡ് യൂണിവേഴ്സിറ്റി രാജ്യം മാത്രമ ല്ല, ലോകവും ശ്രദ്ധിക്കുന്ന ഒന്നായി.

1940 കൾ മുതൽ മൂന്ന് ഘട്ട ങ്ങളായിട്ടാണ് സി എം ഐ സഭയുടെ വിദ്യാഭ്യാസ മിനി സ്ട്രി വളർച്ചയുടെ പടവുകൾ കയറിയത്. 1990 കളിലെത്തു മ്പോൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ഒരു വൻ നിര തന്നെ രാജ്യവ്യാപകമായി സി എം ഐ സഭയ്ക്കു കീഴിൽ സ്ഥാപിക്കപ്പെടുകയുണ്ടായി. 2000ത്തിനു ശേഷം ഈ വളർച്ച ഉന്നത വിദ്യാഭ്യാസ രംഗത്തെ ഏറ്റവും ഉന്നത തലങ്ങളിലായി. സ്വാശ്രയ വിദ്യാഭ്യാസവും പുതിയ കോഴ്സുകളും സി എം ഐ യുടെ കീഴിലുള്ള കോളെ ജുകളെ ഏറ്റവും ഉന്നതമായ തലങ്ങളിൽ എത്തിച്ചു. കളമശ്ശേരി രാജഗിരിയും തേവര സേക്രഡ് ഹാർട്ടും കോഴി ക്കോട് ദേവഗിരിയും ഇരിങ്ങാല ക്കുട ക്രൈസ്റ്റുമൊക്കെ അങ്ങനെ വിദ്യാഭ്യാസ രംഗത്ത്





ഏറ്റവും ശ്രദ്ധേയങ്ങളായി തീർന്നു. അക്കാദമിക രംഗങ്ങളിൽ സി എം ഐ വൈദികരുടെ കൂട്ടായ ആലോചനകളുടേയും ചർച്ചകളുടേയും പ്രവർത്തനങ്ങളുടേയും ഫലമായിരുന്നു അത്. പുതു തലമുറ വൈദികർ അക്കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് സി എം ഐ സഭ ഇതിനകം കൈവരിച്ച വളർച്ചയുടേയും കേരളം ഉൾപ്പടെ രാജ്യവ്യാപകമായും രാജ്യത്തിനു പുറത്തും അർപ്പിച്ചു കൊണ്ടിരിക്കുന്ന സേവനങ്ങളുടേയും ഏകദേശ ചിത്രം അറിയണമെങ്കിൽ അല്പം സ്ഥിതിവിവര കണക്കുകൾ കൂടി നോക്കണം. നേഴ്സറി സ്ക്കൂൾ മുതൽ ബാംഗ്ലൂരിലെ ഡീംഡ് യുണിവേഴ്സിറ്റിവരെ അത് നീണ്ടു കിടക്കുന്നു.

സ്കൂൾ തലത്തിലെ ഏറ്റവും ഒടുവിലത്തെ കണക്കുകൾ നോക്കുക. 140 നഴ്സറി സ്കൂളുകൾ, 160 എൽ പി സ്കൂളുകൾ 140 യു പി സ്കൂളുകൾ, 150 ഹൈസ്കൂളുകൾ, 100 ഹയർ സെക്കന്ററി സ്കൂളുകൾ, 14 സ്പെഷ്യൽ സ്കൂളുകൾ എന്നിങ്ങനെയാണ് രാജ്യവ്യാപകമായ ആ കണക്കുകൾ. ഇവയ്ക്കു പുറമേ ആഫ്രിക്കൻ രാജ്യങ്ങളിലും ദുബായ്, ദോഹ എന്നിങ്ങനെയുള്ള അറബ് രാജ്യങ്ങളിലും സി എം ഐ സഭയുടെ സ്കൂളുകൾ പ്രവർത്തിക്കുന്നു. നേപ്പാളും ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും ഈ രംഗത്ത് സി എം ഐ സഭയുടെ അടുത്ത ലക്ഷ്യങ്ങളാണ്.

ഇനി ഉന്നത വിദ്യാഭ്യാസ രംഗത്തെ കണക്ക്. കേരളത്തിലും പുറത്തുമായി 40 ആർട്ട്സ് ആന്റ് സയൻസ് കോളെജുകളും തൃശൂരിൽ ഒരു മെഡിക്കൽ കോളെജും നാല് എഞ്ചിനിയറിങ്ങ് കോളെജുകളും സിഎം ഐ സഭയ്ക്കു കീഴിൽ നിലവിലുണ്ട്. എഞ്ചിനിയറിംഗ് കോളെജുകളിൽ ഒരെണ്ണം ഈ രംഗത്തെ യൂണിവേഴ്സിറ്റി ഫാക്കൽറ്റിയോടുകൂടിയുള്ളതാണ്. ഇതിനെല്ലാം

> “ സ്കൂൾ തലത്തിലെ ഏറ്റവും ഒടുവിലത്തെ കണക്കുകൾ നോക്കുക. 140 നേഴ്സറി സ്കൂളുകൾ 160 എൽ പി സ്കൂളുകൾ 140യു പി സ്കൂളുകൾ 150 ഹൈസ്കൂളുകൾ, 100 ഹയർ സെക്കന്ററിസ്കൂളുകൾ 14 സ്പെഷ്യൽ സ്കൂളുകൾ എന്നിങ്ങനെയാണ് രാജ്യവ്യാപകമായ ആ കണക്കുകൾ. ആഫിക്കൻ രാജ്യമായ കെനിയയിൽ വരെ സി എം ഐ സഭക്ക് മൂന്ന് സ്കൂളുകളുണ്ട് ഘാന ദുബായ് ദോഹ തുടങ്ങിയ ഇടങ്ങളിലും സ്കൂളുകൾ പ്രവർത്തിക്കുന്നു.

പുറമെയാണ് ആഗോള തല ത്തിലെ ഏറ്റവും പുതിയ പഠന സൗകര്യങ്ങൾ വരെയുള്ള കോഴ്സുകൾ അഭ്യസിപ്പിക്കുന്ന ബാംഗ്ലൂരിലെ ക്രൈസ്റ്റ് ഡീംഡ് യുണിവേഴ്സിറ്റി.

എഞ്ചിനീയറിംഗ് കോളെജു കൾ എന്നത് തൊഴിൽ അധി ഷ്ഠിതമാണ്. മെഡിക്കൽ കോളേജ് കൂടാതെ ഏഴ് നഴ്സിംഗ് സ്കൂൾ / കോളെജു കൾ സി എം ഐ സഭയ്ക്കു കീഴിലുണ്ട്. അധ്യാപക പരിശീ ലനത്തിനുള്ള 10 കോളെജുകൾ രണ്ട് ഫിസിക്കൽ എജ്യുക്കേ ഷൻ കോളെജുകൾ, മൂന്ന് നിയമ പഠന കലാലയങ്ങൾ എന്നിവ വേറെയും. അനൗപചാ രിക വിദ്യാഭ്യാസത്തിനുള്ള ഒട്ട നവധി സെന്ററുകളും റിസർച്ച് സെന്ററുകളും ഇതിനെല്ലാം പുറ മെയാണ്.

> “ സി എം ഐ സഭയ്ക്കു കീഴിലുള്ള സ്കൂളുകളിൽ നിന്നു കോളെജുകളിൽ നിന്നും. ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമായി പ്രതി വർഷം പതിനായിര ക്കണക്കിനു വിദ്യാർത്ഥികളാണ് രാജ്യമെങ്ങുമായി വിദ്യ നേടി പുറത്ത് വരുന്നത്. കേരളത്തിൽ മാത്രം 5 ലക്ഷ ത്തോളം വിദ്യാർത്ഥികൾ സി എം ഐ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ട്: കേരളത്തിനു പുറത്ത് മൂന്നര നാല് ലക്ഷത്തോളവും.

സി എം ഐ സഭയ്ക്കു കീഴിലുള്ള സ്കൂളുകളിൽ നിന്നും കോളെജുകളിൽ നിന്നും ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമായി പ്രതിവർഷം പതിനായിരക്കണ ക്കിനു വിദ്യാർത്ഥികളാണ് രാജ്യമെങ്ങുമായി വിദ്യ നേടി പുറത്തു വരുന്നത്. കേരള ത്തിൽ മാത്രം 5 ലക്ഷത്തോളം വിദ്യാർത്ഥികൾ സി എം ഐ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ട്; കേരളത്തിനു പുറത്ത് മൂന്നര നാല് ലക്ഷ ത്തോളവും.

ബാംഗ്ലൂർ ക്രൈസ്റ്റ് യുണി വേഴ്സിറ്റിയിൽ മാത്രം 21000 വിദ്യാർത്ഥികളുണ്ട്. അവിടെ യുള്ള മൂന്ന് സ്കൂളുകളിലായി മാത്രം 6000 കുട്ടികൾ പഠിക്കു ന്നു. കൂടാതെ ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള മിഷൻ സ്ഥലങ്ങളിലും സി എം ഐ സഭയുടെ ധാരാളം സ്കൂളുകളും മറ്റു വിദ്യാഭ്യാസ



സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നഗരങ്ങളിലെ സ്കൂളുകൾ മാത്രമല്ല ഗ്രാമങ്ങളിലെ സ്കൂളുകളും പഠനത്തിലെന്നപോലെ പാഠ്യേതര വിഷയങ്ങളിലും ഏറ്റവും ഉന്നത നിലയിൽ പ്രവർത്തിക്കുന്ന

കൊണ്ടിരിക്കുന്നത്. അനഅധ്യാപക വിഭാഗത്തിന്റെ എണ്ണം 20000ത്തിനു മേൽ വരും. ഇത്രയും പേർക്ക് വിദ്യാഭ്യാസ രംഗത്ത് സി എം ഐ സഭ തൊഴിൽ നൽകുന്നു എന്നർത്ഥം. കലാലയങ്ങൾ ഒട്ടു

> "നാടിനും രാജ്യത്തിനും മാതൃകയാണ് വിദ്യാഭ്യാസ രംഗത്ത് സിഎം ഐ സ്ഥാപനങ്ങൾ. ഏറ്റവും മികച്ച വിദ്യാഭ്യാസത്തിനു പുറമെ , അത് തികച്ചും മൂല്യാതിഷ്ഠിതമാണെന്നതാണ് സവിശേഷത. ഒരെ സമയം കുടുംബത്തോടും സമൂഹത്തോടും രാജ്യത്തോടും പ്രതിബദ്ധതയുള്ള തലമുറകളാണ് അവിടെ വാർത്തെടുക്കപ്പെടുന്നത്.

മാതൃകാ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്.

നിലവിൽ രാജ്യമെമ്പാടുമുള്ള സി എം ഐ സ്കൂളുകളിലും കോളെജുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമായി 40000 ത്തിലേറെ അധ്യാപകർ പ്രവർത്തിച്ചു

മിക്കതും സ്വാശ്രയ സ്ഥാപനങ്ങളാണെന്നതും സ്കൂളുകൾ ഏറെയും അൺ എയ്ഡഡ് ആണെന്നതും ഓർക്കുക.

നാടിനും രാജ്യത്തിനും മാതൃകയാണ് വിദ്യാഭ്യാസ രംഗത്ത് സി എം ഐ സ്ഥാപനങ്ങൾ. ഏറ്റവും മികച്ച വിദ്യാഭ്യാസത്തിനു പുറമെ, അത് തികച്ചും മൂല്യാധിഷ്ഠിതമാണെന്നതാണ് സവിശേഷത. ഒരേ സമയം കുടുംബത്തോടും സമൂഹത്തോടും രാജ്യത്തോടും പ്രതിബദ്ധതയുള്ള തലമുറകളാണ് അവിടെ വാർത്തെടുക്കപ്പെടുന്നത്. സി എം ഐ സംസ്കൃതിയും സാഹോദര്യവും സഹജീവി സ്നേഹവും പേറുന്നവർ. അതിന്റെ ഉദാഹരണങ്ങളും ചരിത്രവും ഒട്ടേറെയുണ്ട് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം പറയാൻ. ഒരുപാട് മനുഷ്യ സ്നേഹത്തിന്റെ, സഹജീവി സ്നേഹത്തിന്റെ കഥകൾ.

എൽ കെ ജി തലത്തിൽ അല്ലെങ്കിൽ നഴ്സറി തലത്തിൽ എത്തുന്ന ഒരു കുട്ടിക്ക് ഏറ്റവും ഉയർന്ന അക്കാദമിക തലം വരെ പഠനം പൂർത്തിയാക്കി പോകാവുന്ന സംവിധാനങ്ങളും സൗകര്യങ്ങളുമാണ് സി എം ഐ യുടെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമുള്ളത്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എത്രത്തോളം എത്തുന്നുണ്ടെന്ന് അതിൽ നിന്നു തന്നെ വ്യക്തമാ





ണ്.

രാജ്യമെമ്പാടും ഒട്ടനവധി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയാണ് സി എം ഐ സഭ വിദ്യ അഭ്യ സിപ്പിക്കുന്നത്; ദരിദ്ര കുടുംബ ങ്ങളിൽ നിന്നുള്ളവർക്കും പിന്നോക്ക വിഭാഗങ്ങളിൽ നിന്നുള്ളവർക്കും വിശേഷിച്ചും പ്രൊഫഷണൽ വിദ്യാഭ്യാസങ്ങ ളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക്. ഇതിനായി ഒട്ടനവധി സ്കോളർഷിപ്പ് പദ്ധതികളും ആവിഷ്ക്കരിച്ചിരിക്കുന്നു. അല്ലാത്തവർക്ക് പഠനോപകര ണങ്ങളടക്കം സൗജന്യ സഹാ യങ്ങൾ നൽകുന്നു; ഫീസ് സൗജന്യവും ഫീസിളവുകളും വരെ.

**അക്കാദിമക രംഗത്തെ**

**കുതിച്ചു കയറ്റങ്ങൾ**

അക്കാദമിക തലത്തിലെ സി എം ഐ സഭയുടെ വിദ്യാ ഭ്യാസ സ്ഥാപനങ്ങളിലെ സൗകര്യങ്ങളും സംവിധാന ങ്ങളും ആരെയും വിസ്മയിപ്പി ക്കുന്നതാണ്. ബാംഗ്ലൂരിലെ ക്രൈസ്റ്റ് ഡീംഡ് യൂണിവേ ഴ്സിറ്റി തന്നെ ഉദാഹരണം. ഏറ്റവും പുതിയ കോഴ്സുകൾ ഉൾപ്പടെ ഏറ്റവും മികച്ച ഫാക്കൽറ്റികൾ, കാമ്പസുകൾ, ലോകോത്തര നിലവാരങ്ങളി ലുള്ള അധ്യാപകർ, പഠനാന്തരീ ക്ഷം, എൽ കെ ജി യിലെ ത്തുന്ന വിദ്യാർത്ഥിക്ക് ഒടുവിൽ ഡോക്ടറേറ്റു വരെ നേടി പോകാനുള്ള സംവിധാനങ്ങൾ. ക്രൈസ്റ്റ് യുണിവേഴ്സിറ്റിയെ വാക്കുകളിൽ വിശേഷിപ്പിക്കുക അസാധ്യം.

1969 ൽ 318 വിദ്യാർത്ഥിക ളോടെ തുടങ്ങിയ ഈ മഹാ വിദ്യാലയത്തിൽ ഇന്ന് നേരത്തെ പറഞ്ഞ പോലെ 21000 വിദ്യാർത്ഥികളുണ്ട്. നാനാ ജാതി മതസ്ഥരായ വിദ്യാർത്ഥികൾ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വർ മാത്രമല്ല ലോകത്തിന്റെ തന്നെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ ഇന്ത്യക്ക് പുറത്ത് 60 രാജ്യങ്ങളിൽ നിന്നുള്ള 600 വിദ്യാർത്ഥികൾ നിലവിൽ സുവർണ ജൂബിലി പിന്നിട്ട ക്രൈസ്റ്റിലുണ്ട്. ഈ മഹാ കലാ ലയത്തിന് ആഗോള തലത്തി ലുള്ള സ്വീകര്യതയും അംഗീകാ രവും ഇതിൽ നിന്നു തന്നെ വ്യക്തം.

1990 കളുടെ തുടക്കത്തിൽ തന്നെ സോഷ്യൽ



സയൻസിലും സയൻസ്, മാനേജ്മെന്റ് വിഷയങ്ങളിലും ഇവിടെ ഏറ്റവും ഉന്നത തലത്തിലുള്ള കോഴ്സുകൾ ആരംഭിക്കപ്പെട്ടിരുന്നു. ലോകത്തെ മറ്റു യൂണിവേഴ്സിറ്റുകളുമായി ബന്ധപ്പെട്ടുള്ള കോഴ്സുകൾ. 2005 ൽ കർണാടകത്തിൽ ആദ്യത്തെ ഓട്ടോണമസ് കോളെജായി ക്രൈസ്റ്റ് യൂണിവേഴ്സിറ്റി അംഗീകരിക്കപ്പെട്ടു. 2016 ൽ ഡീംഡ് യൂണിവേഴ്സിറ്റിയായി.

48 ബിരുദ കോഴ്സുകൾ നിലവിൽ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നടത്തപ്പെടുന്നു: അത്രയും തന്നെ ബിരുദാനന്തര ബിരുദ കോഴ്സുകളും. 16 എം ഫിൽ, 17 പി എച്ച് ഡി പ്രോഗ്രാമുകൾ എന്നിവ വേറെയും. ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസസ്, സയൻസ് വിഷയങ്ങൾ, എഞ്ചിനീയറിംഗ്, നിയമം, അധ്യാപനം, കൊമേഴ്സ്, മാനേജ്മെന്റ് ഇതെല്ലാം ക്രൈസ്റ്റിൽ പഠിപ്പിക്കുന്നു; അതും നേരത്തെ പറഞ്ഞ പോലെ ലോകോത്തര നിലവാരമുള്ള അധ്യാപകർ. അധ്യാപനത്തിന്റെ കഴിവ് അതിൽനിന്നു തന്നെ വ്യക്തമാകും.

ഹൊസൂർ റോഡിലെ പ്രധാന ക്യാമ്പസ് തന്നെ ഏക്കറുകണക്കിന് സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. അച്ചടക്കത്തിന്റെ കാര്യത്തിൽ ഏറ്റവും മികച്ച ക്യാമ്പസുകളിലൊന്നാണ് ക്രൈസ്റ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ്. വിദ്യാർത്ഥികൾക്ക് തങ്ങളുടെ കോഴ്സുമായി ബന്ധപ്പെട്ട് ഏത് പ്രോജക്ട് ചെയ്യാനും ഇവിടെ സംവിധാനങ്ങളുണ്ട്.

യൂണിവേഴ്സിറ്റിയുടെ കെങ്കേരി ക്യാമ്പസിൽ ബി ടെക്, ബി ആർക്, എം ടെക് കോഴ്സുകളും സ്പെഷ്യലൈസ്ഡ് കോഴ്സുകളും ഇന്റേൺഷിപ്പുകളും തുടങ്ങാൻ യു ജി സി യുടെയും ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്ക്നിക്കൽ എജ്യുക്കേഷന്റേയും അനുമതി നേരത്തെ തന്നെ ലഭിച്ചു കഴിഞ്ഞു. ഇതോടെ കൂടുതൽ ഉയരങ്ങളിലേയ്ക്കു നീങ്ങുകയാണ് കെങ്കേരി ക്യാമ്പസ്. യൂണിവേഴ്സിറ്റിയുടെ മറ്റ് ക്യാമ്പസുകളും ഇത്തരത്തിൽ തന്നെ.

ആഗോളതലത്തിൽ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും പുതിയ അധ്യയന വിഷയങ്ങൾക്കും അധ്യയന രീതികൾക്കും വേദിയൊരുക്കുകയാണ് ക്രൈസ്റ്റ് യൂണിവേഴ്സിറ്റി. ക്രൈസ്റ്റ് ഉൾപ്പടെ സി എം ഐ സഭയുടെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും കൂടുതൽ ഡിജിറ്റൽ യുഗത്തിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ആ രംഗത്ത് കൂടുതൽ ഉയരങ്ങളിലേക്ക്. കൂടുതൽ വളർച്ചയിലക്ക്. ആഗോള മിഷൻ പോലെ സി എം ഐ വിദ്യാഭ്യാസ രംഗത്ത് ഭാവി ലക്ഷ്യം വയ്ക്കുന്നത് അവിടേയ്ക്കാണ്; ഒപ്പം തന്നെ എല്ലാവരേയും ഉൾക്കൊണ്ടുകൊണ്ട് എല്ലാവർക്കുമായി തുറന്നിട്ടുകൊണ്ടുള്ള, പാവപ്പെട്ടവരേയും അരികുവൽക്കരിക്കപ്പെട്ടവരെയും കൈപിടിച്ചുയർത്തുന്ന ഒരു സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ് സഭ ലക്ഷ്യം വയ്ക്കുന്നതും സ്വപ്നം കാണുന്നതും. ■


ഉത്ഥാന തിരുനാൾ
ആശംസകൾ




Private Circulation only

*Owner, Printed and Published by: Chavara Hills, Kakkanad, Post Box 3105*
*Kochi, 682 030, Kerala, India.*